കേരളത്തിലെ ആന്ധ്ര–കുംഭാരന്മാരുടെ ഭാഷാപരിരക്ഷണവും മാറ്റവും

LANGUAGE MAINTENANCE AND SHIFT AMONG

ANDHRA-KUMBHARAS IN KERALA

കാലിക്കറ്റ് സർവ്വകലാശാലയിൽ
എം.ഫിൽ/പി.എച്ച്.ഡി സംയോജിത കോഴ്സിന്റെ
പൂരണത്തിനായി സമർപ്പിക്കുന്ന പ്രബന്ധം

ശ്രീപ്രിയ. കെ

മലയാള കേരള പഠനവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

2009

കൃതജ്ഞത

പ്രബന്ധരചനയുടെ എല്ലാ ഘട്ടങ്ങളിലും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കിയ ഗുരുനാഥൻ ഡോ.ജി.ബാലസുബ്രമണിയനോടുള്ള ആദരവും നന്ദിയും ഇവിടെ രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ പ്രോത്സാഹനവും കൃത്യനിഷ്ഠയോടെയുള്ള നിർദ്ദേശവും മൂലമാണ് എനിക്ക് ഗവേഷണം പൂർത്തിയാക്കാൻ സാധിച്ചത്. ഗവേഷണത്തിന്റെ ആരംഭത്തിൽ വകുപ്പദ്ധ്യക്ഷന്മാരായിരുന്ന ടി.ബി.വേണുഗോപാലപ്പണിക്കർ, എൻ. ഗോപിനാഥൻ നായർ, പി.എം.വിജയപ്പൻ എന്നിവരേയും ആദരവോടെ ഓർക്കുന്നു. ഇപ്പോഴത്തെ വകുപ്പദ്ധ്യക്ഷൻ ടി.പവിത്രനോടും എനിക്ക് നന്ദിയു്.

പഠനത്തിനാവശ്യമായ മറ്റു സഹായസഹകരണങ്ങൾ ചെയ്തുതന്ന ഓഫീസ് ജീവനക്കാരോടും ഗവേഷണത്തിനാവശ്യമായ പുസ്തകങ്ങൾ തന്നുസഹായിച്ച മുൻ ലൈബ്രേറിയന്മാരായ ഷമ്മിരാജ്, സുമതി എന്നിവരോടും ഇപ്പോഴത്തെ ലൈബ്രേറിയന്മാരായ ഷാജി, അയിഷ എന്നിവരോടും ഉള്ള നന്ദി അറിയിക്കുന്നു.

പ്രബന്ധം വായിച്ച് തിരുത്തുകയും വേ നിർദ്ദേശങ്ങൾ നല്കുകയും ചെയ്ത ടി.ശ്രീവത്സനുള്ള നന്ദി ഇവിടെ രേഖപ്പെടുത്തുന്നു. ദത്തശേഖരണത്തിനുവേി സഹായിച്ച ചാക്കോമാഷ്, അഗസ്റ്റിൻ മാഷ്, അമ്മുക്കുട്ടി ടീച്ചർ എന്നിവരേയും അജീഷ്, ശാന്തി, ബിജോയി, ഭായി, രാധിക, പുഷ്പലത എന്നിവരേയും നന്ദിയോടെ സ്മരിക്കുന്നു.

പ്രബന്ധവിഷയവുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ പറഞ്ഞുതന്ന ഹെൽപിങ്ങ് ഹാൻഡ്സിലെ മോഹനൻ, നാരായണൻ എന്നിവരോടും കേരള സംസ്ഥാന കളിമൺപാത്രനിർമ്മാണ തൊഴിലാളി സംഘത്തിലെ കുട്ടമണി, മണി എന്നിവരോടും എനിക്ക് കൃതജ്ഞതയു്.

പ്രബന്ധരചനയ്ക്കാവശ്യമായ വിവരങ്ങൾ തന്നുസഹായിച്ച പാലക്കാട്, തൃശൂർ, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലെ നല്ലവരായ ആവേദകരെ ഹൃദയപൂർവ്വം സ്മരിച്ചുകൊ് അവർക്കുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു. ഗവേഷണത്തിന്റെ ആരംഭം മുതൽ അവസാനംവരെ എനിക്ക് തുണയായിത്തീർന്ന കുടുംബാംഗങ്ങളോടും നിഷ, പ്രസീത, ഷിജി, രാജശ്രീ, ബിജുജോസഫ്, രഘുവാസ് എന്നിവരോടും മറ്റെല്ലാ പ്രിയ സുഹൃത്തുക്കളോടും ഉള്ള സ്നേഹവും മനസ്സിൽ സൂക്ഷിക്കുന്നു. പ്രബന്ധം ടൈപ്പുചെയ്തുതന്ന ലാലി പ്രശാന്തിനോടും എനിക്ക് നന്ദിയു്.

ഡോ. ബാലസുബ്രമണിയൻ
പ്രൊഫസർ ആൻഡ് ഹെഡ്
ദ്രവീഡിയൻ സർവ്വകലാശാല
കുപ്പം, ആന്ധ്രപദേശ്

സാക്ഷ്യ പത്രം

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനു വേി സമർപ്പിക്കുന്ന *'കേരളത്തിലെ ആന്ധ്ര-കുംഭാരന്മാരുടെ ഭാഷാപരിരക്ഷണവും മാറ്റവും'* എന്ന പ്രബന്ധം ശ്രീപ്രിയ. കെ. എന്റെ നിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി

ഡോ. ജി. ബാലസുബ്രമണിയൻ

Dr.G.Balasubramanian
Prof. & Head
Department of of Dravidain & Computational Linguistics
Dravidian University
Kuppam
Andhra Pradesh

സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനു വേി സമർപ്പിക്കുന്ന *'കേരളത്തിലെ ആന്ധ്ര-കുംഭാരന്മാരുടെ ഭാഷാപരിരക്ഷണവും മാറ്റവും'* എന്ന പ്രബന്ധം ശ്രീപ്രിയ. കെ. എന്റെ നിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി   ഡോ. ജി. ബാലസുബ്രമണിയൻ

പ്രസ്താവന

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി ഡോ. ജി. ബാലസുബ്രമണിയന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർമ്മിച്ച ഈ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും പരീക്ഷയ്ക്കോ ബിരുദത്തിനോ ഫെല്ലോഷിപ്പിനോ അസോസിയേറ്റ്ഷിപ്പിനോ അതുപോലുള്ള മറ്റേതെങ്കിലും അംഗീകാരത്തിനോവേ എഴുതപ്പെട്ടതല്ല എന്ന് ഇതിനാൽ സത്യബോധപ്പെടുത്തുന്നു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി ശ്രീപ്രിയ. കെ

Dr.G.Balasubramanian
Prof. & Head
Department of of Dravidain & Computational Linguistics
Dravidian University
Kuppam
Andhra Pradesh

CERTIFICATE

This is to certify that the Thesis entitled "LANGUAGE MAINTENANCE AND SHIFT AMONG ANDHRA KUMBHARAS IN KERALA" is a written account, submitted to the University of Calicut by **Sreepriya. K**, fulfillment of the MPhil/Ph.D Integrated Course in Malayalaം.

Kuppam Dr.G.Balasubramanian

Date:

□□□□□□□□□□□

ഉപോദ്ഘാതം

ഭാഷാസമ്പർക്കം

കുംഭാരന്മാരുടെ കുടിയേറ്റചരിത്രവും സാംസ്കാരിക പശ്ചാത്തലവും

കുംഭാരന്മാരുടെ ഭാഷാ സവിശേഷതകൾ

[illegible]

ഭാഷാപരിരക്ഷണ/മാറ്റവും മനോഭാവവും

ഉപസംഹാരം

ഗ്രന്ഥസൂചി

അനുബന്ധം

ഉള്ളടക്കം

			പേജ് നമ്പർ
അധ്യായം ഒന്ന്	**ഉപോദ്ഘാതം**		1 18
	1.1.	പഠനോദ്ദേശ്യം	
	1.2.	പഠനപ്രസക്തി	
	1.3.	പരികല്പനകൾ	
	1.4.	പഠനമേഖല	
	1.5.	പൂർവ്വപഠനങ്ങൾ	
	1.6.	രീതിശാസ്ത്രം	
	1.6.1.	ചോദ്യാവലി	
	1.6.2.	അഭിമുഖം	
	1.6.3.	നിരീക്ഷണം	
	1.6.4.	ആവേദകർ	
	1.6.5.	സാമൂഹിക ചരങ്ങൾ	
	1.6.5.1.	പ്രായം	
	1.6.5.2.	ലിംഗഭേദം	
	1.6.5.3.	വിദ്യാഭ്യാസം	
	1.6.5.4.	തൊഴിൽ	
	1.6.5.5.	പ്രാദേശിക മേഖല	
	1.6.6.	സ്ഥിതിവിവരക്കണക്കുകളുടെ അപഗ്രഥനം	
	1.7.	പരിമിതികൾ	
	1.8.	പ്രബന്ധ സ്വരൂപം	
അധ്യായം ര്	**ഭാഷാസമ്പർക്കം**		19 34
	2.1.	സാമ്രാജ്യത്വം	
	2.2.	സംയുക്തഭരണം	
	2.3.	അതിർത്തികളിലെ ബഹുഭാഷാത്വം	
	2.4.	കുടിയേറ്റം	
	2.5.	ദ്വിഭാഷാത്വം/ബഹുഭാഷാത്വം	
	2.5.1.	നിർവ്വചനങ്ങൾ	
	2.6.	ഭാഷാതെരഞ്ഞെടുപ്പ്	
	2.6.1.	മൊഴിമാറ്റൽ	
	2.6.2.	മൊഴിമിശ്രണം	
	2.6.3.	ആദാനം	
	2.7.	ഭാഷാസംവ്രജനം	
	2.8.	ഭാഷാപരിരക്ഷണവും മാറ്റവും	
	2.9.	ഭാഷാപ്രയോഗ തലം	

2.10. ഭാഷാമനോഭാവം

2.11. ഭാഷയും സ്വത്വവും

2.1.2 ഭാഷാപരിരക്ഷണ ഘടകങ്ങൾ

അധ്യായം മൂന്ന് **കുംഭാരന്മാരുടെ കുടിയേറ്റചരിത്രവും സാംസ്കാരിക പശ്ചാത്തലവും** 35 73

3.1. കുംഭാരന്മാർ – പൊതുവിവരണം
3.2. കുടിയേറ്റ ചരിത്രം
3.2.1. വിദേശ സഞ്ചാരികളുടെ കുറിപ്പുകൾ
3.2.2. ചരിത്രകാരന്മാരുടെ പരാമർശങ്ങൾ
3.2.3. ടിപ്പുസുൽത്താനുമായി ബന്ധപ്പെട്ട പരാമർശങ്ങൾ
3.2.4. മൈസൂർ രാജകുടുംബവുമായുള്ള ബന്ധം
3.2.5. സാമൂതിരിയുമായി ബന്ധപ്പെട്ട അഭിപ്രായങ്ങൾ
3.2.6. സംഘകാലത്തിനു മുമ്പുതന്നെ തമിഴകത്തേക്ക് കുടിയേറിയതാവാം എന്ന സൂചന
3.3. കുടിയേറ്റ മാർഗ്ഗം
3.4. കുംഭാരന്മാരുടെ സാംസ്കാരിക പശ്ചാത്തലം
3.4.1. അധിവാസമാതൃക
3.4.2. സാമൂഹിക ഘടന
3.4.3. ജീവിതരീതി
3.4.4. തൊഴിൽ
3.4.5. ജീവിതാചാരങ്ങൾ
3.4.5.1. ജനനം
3.4.5.2. ഋതുമതിയാകുന്ന ചടങ്ങ്
3.4.5.3. വിവാഹം
3.4.5.4. മരണാനന്തര ചടങ്ങുകൾ
3.4.5.5. ആരാധനകൾ
3.4.5.6. ഉത്സവങ്ങൾ

അധ്യായം നാല് **കുംഭാരന്മാരുടെ ഭാഷാ സവിശേഷതകൾ** 74 116

4.1. സ്വരങ്ങൾ
4.2 വ്യഞ്ജനങ്ങൾ
4.3. വ്യാകരണ സവിശേഷതകൾ
4.3.1. സർവ്വനാമങ്ങൾ
4.3.2. ലിംഗപ്രത്യയം
4.3.3. വചനപ്രത്യയം
4.3.4. വിഭക്തി
4.3.4.1. നിർദ്ദേശിക
4.3.4.2. പ്രതിഗ്രാഹിക
4.3.4.3. ഉദ്ദേശിക
4.3.4.4. പ്രയോജിക
4.3.4.5. സംയോജിക
4.3.4.6. ആധാരിക
4.3.4.7. സംബന്ധിക
4.3.5. സംഖ്യാനാമങ്ങൾ
4.3.6. നാമവിശേഷണങ്ങൾ

4.3.7. ക്രിയ
4.3.8. ക്രിയാവിശേഷണങ്ങൾ
4.3.9. പ്രകാരങ്ങൾ
4.3.10. നിഷേധ പ്രത്യയങ്ങൾ
4.4. തെലുഗു ഭാഷ: സാമാന്യ വിവരണം
4.4.1. സ്വരങ്ങൾ
4.4.2. വ്യഞ്ജനങ്ങൾ
4.4.3. നാമങ്ങൾ
4.4.4. സർവ്വനാമങ്ങൾ
4.4.5. വചനവ്യവസ്ഥ
4.4.6. ലിംഗവ്യവസ്ഥ
4.4.7. വിഭക്തി
4.4.7.1. പ്രതിഗ്രാഹിക
4.4.7.2. ഉദ്ദേശിക
4.4.7.3. പ്രയോജിക
4.4.7.4. സംയോജിക
4.4.7.5. സംബന്ധിക
4.4.7.6. സംഖ്യാനാമങ്ങൾ
4.4.7.7. നാമവിശേഷണങ്ങൾ
4.4.7.8. ക്രിയ
4.4.7.9. കാലപ്രത്യയങ്ങൾ
4.4.7.9.1. ഭൂതകാലം
4.4.7.9.2. വർത്തമാനകാലം
4.4.7.9.3. ഭാവികാലം
4.4.7.10. നിഷേധരൂപങ്ങൾ
4.4.7.11. ക്രിയാവിശേണഷങ്ങൾ
4.5. തെലുഗുവുമായുള്ള സാജാത്യ-വൈജാത്യങ്ങൾ
4.6. വാക്യങ്ങൾ
4.7. വാക്കുകൾ

അധ്യായം അഞ്ച് **ഭാഷാപരിരക്ഷണ/മാറ്റവും മനോഭാവവും** 117 163

5.1. ഭാഷാപരിരക്ഷണവും മാറ്റവും
5.1.1. സാമൂഹികചരങ്ങൾക്കനുസരിച്ച് ഭാഷാപരിരക്ഷണത്തിൽ സംഭവിക്കുന്ന വ്യതിയാനങ്ങൾ
5.1.1.1. ലിംഗഭേദം
5.1.1.1.2. പ്രായഭേദം
5.1.1.1.3. വിദ്യാഭ്യാസം
5.1.1.1.4. തൊഴിൽ
5.1.1.1.5. പ്രാദേശികമേഖല

5.2. ഭാഷാമനോഭാവം
5.2.1. സാമൂഹികചരങ്ങൾക്കനുസരിച്ച് ഭാഷാമനോഭാവത്തിൽ സംഭവിക്കുന്ന വ്യതിയാനങ്ങൾ
5.2.1.1. പ്രായം
5.2.1.2. ലിംഗഭേദം
5.2.1.3. വിദ്യാഭ്യാസം
5.2.1.4. തൊഴിൽ
5.2.1.5. പ്രാദേശിക മേഖല
5.3. ഭാഷാപുനരുദ്ധാരണ പ്രവർത്തനങ്ങൾ

ഉപസംഹാരം 164169

ഗ്രന്ഥസൂചി 170175

അനുബന്ധം

ഉപോദ്ഘാതം

ഭാഷയും സമൂഹവും തമ്മിലുള്ള ബന്ധം പരസ്പരപൂരകവും പരസ്പരാശ്രിതവുമാണ്. ഒന്ന് ഇതര ഘടകത്തെ സ്വാധീനിക്കുകയും മാറ്റങ്ങൾ വരുത്തുകയും ചെയ്യും. സാമൂഹിക-സാംസ്കാരിക സവിശേഷതകൾ ഭാഷയെ പ്രത്യക്ഷമായി ബാധിക്കുന്നു. ഇത്തരത്തിൽ സങ്കീർണ്ണമായ ഭാഷാസാംസ്കാരിക സവിശേഷതകൾ ചേർത്തു നിർമ്മിക്കപ്പെടുന്ന ഒരു ജനതയുടെ സംഘത്തെ 'ഭാഷകസമൂഹം' എന്നു പൊതുവിൽ പറയാം. ഭാഷക സമൂഹത്തിന്റെ ഭാഷയെ സംരക്ഷിക്കുന്നതും സജീവമായി നിലനിർത്തുന്നതും ഭാഷകരാണ്.

കുടിയേറ്റം മൂലമോ മറ്റേതെങ്കിലും കാരണങ്ങൾ കൊാോ ഒരു സമൂഹത്തിനിടയിൽ ന്യൂനപക്ഷഭാഷകസമൂഹങ്ങൾ സൃഷ്ടിക്കപ്പെടുന്നു. കേരളത്തിൽ ഇപ്രകാരം സൃഷ്ടിക്കപ്പെട്ട ഭാഷകസമൂഹമായ കുംഭാരസമുദായത്തെ കേന്ദ്രീകരിച്ച് നടത്തുന്ന പഠനമാണ് ഇത്. കേരളത്തിന്റെ മധ്യ-ഉത്തര ഭാഗങ്ങളിലായി അധിവസിക്കുന്നവരും മലയാളത്തിൽ നിന്നും വ്യത്യസ്തമായ ഭാഷാസംസ്കാരികതകൾ അനുവർത്തിച്ചു വരുന്നതുമായ കുംഭാരസമുദായത്തിന്റെ ഭാഷാപരിരക്ഷണ/മാറ്റ അവസ്ഥകൾ അപഗ്രഥിക്കുകയാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്.

1.1. പഠനോദ്ദേശ്യം

ഭൂരിപക്ഷഭാഷയായ മലയാളവുമായുള്ള സമ്പർക്കഫലമായി കുംഭാരന്മാരുടെ മാതൃഭാഷയ്ക്ക് സംഭവിച്ച പരിരക്ഷണ/മാറ്റ അവസ്ഥകളെക്കുറിച്ചുള്ള അന്വേഷണമാണ് പഠനത്തിന്റെ പ്രധാനലക്ഷ്യം. ഉപലക്ഷ്യങ്ങളായി ഭാഷാമനോഭാവം, ഭാഷാസവിശേഷതകൾ, കേരളത്തിലേക്കുള്ള കുടിയേറ്റസാഹചര്യം എന്നിവ അന്വേഷിക്കുന്നു.

1.2. പഠനപ്രസക്തി

ഭൂരിപക്ഷ സമൂഹങ്ങൾക്കിടയിൽ സ്ഥിതിചെയ്യുന്ന ന്യൂനപക്ഷ സമൂഹങ്ങളെ കണ്ടെത്താനും അവയുടെ പ്രത്യേകതകൾ മനസ്സിലാക്കാനും ഇത്തരം പഠനങ്ങളിലൂടെ സാധിക്കുന്നു. കുംഭാരന്മാരുടെ സാമൂഹിക-സാംസ്കാരിക പശ്ചാത്തലങ്ങൾ വിവരിക്കുന്ന പഠനങ്ങൾ നടന്നിട്ടുണ്ടെങ്കിലും ന്യൂനപക്ഷഭാഷകസമൂഹം എന്നനിലയിൽ ഇവരുടെ ഭാഷാപ്രത്യേകതകൾ വിശദമാക്കുന്ന പഠനങ്ങളൊന്നും ഇതുവരെ നടന്നിട്ടില്ല. 'കേരളത്തിലെ ആന്ധ്ര-കുംഭാരന്മാരുടെ ഭാഷാപരിരക്ഷണവും മാറ്റവും' എന്ന ഈ പഠനം ആ നിലയ്ക്ക് പ്രസക്തമെന്നു കരുതുന്നു. കേരളത്തിലെ മറ്റുമൺപാത്ര നിർമ്മാതാക്കളിൽനിന്ന് വ്യത്യസ്തരാണെന്ന് തിരിച്ചറിയാനും ആന്ധ്രപ്രദേശിൽനിന്ന് കുടിയേറിയവരാണ് എന്ന് കരുതപ്പെടുന്നതിനാലും പ്രബന്ധത്തിൽ ആന്ധ്രകുംഭാരന്മാർ എന്ന് പരാമർശിച്ചിരിക്കുന്നു.

1.3. പരികല്പനകൾ

സാമൂഹികഭാഷാശാസ്ത്രത്തിന്റെ രീതിശാസ്ത്രത്തിൽ ഉൾപ്പെടുന്ന സാമൂഹികചരങ്ങളായ പ്രായഭേദം, ലിംഗഭേദം, തൊഴിൽ, വിദ്യാഭ്യാസം, പ്രാദേശികമേ

ഖല എന്നിവയ്ക്കനുസരിച്ച് ഭാഷാപരിരക്ഷണ/മാറ്റ, മനോഭാവങ്ങളിൽ വ്യത്യാസങ്ങൾ സംഭവിക്കുന്നു എന്ന പരികല്പനയുടെ അടിസ്ഥാനത്തിലാണ് പഠനം നിർവ്വഹിച്ചിരിക്കുന്നത്.

1.4. പഠനമേഖല

കേരളത്തിൽ ആന്ധ്ര–കുംഭാരന്മാർ കൂടുതലായി അധിവസിക്കുന്ന തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ അഞ്ചു ജില്ലകളെയാണ് പഠനമേഖലയായി തെരഞ്ഞെടുത്തിരിക്കുന്നത്. കണ്ണൂർ, ഇടുക്കി എന്നീ ജില്ലകളിൽ കുംഭാരന്മാർ അധിവസിക്കുന്നുങ്കിലും ആ പ്രദേശങ്ങളിൽ ഇവർ എണ്ണത്തിൽ കുറവാണ്.

1.5. പൂർവ്വപഠനങ്ങൾ

രോ അതിലധികമോ ഭാഷകൾ തമ്മിൽ സമ്പർക്കത്തിലിരിക്കുന്ന ഭാഷാസമ്പർക്ക സാഹചര്യത്തെക്കുറിച്ചും അതിന്റെ ഫലമായി ഉാകുന്ന ദ്വിഭാഷാത്വം/ബഹുഭാഷാത്വം, ഭാഷാപരിരക്ഷണം/മാറ്റം, ഭാഷാസംവ്രജനം തുടങ്ങിയ അവസ്ഥകളെയും സംബന്ധിച്ച് അന്താരാഷ്ട്ര തലത്തിൽ നിരവധി പഠനങ്ങൾ നടന്നിട്ടു്. ന്യൂനപക്ഷഭാഷകസമൂഹങ്ങളുടെ ഭാഷാപരിരക്ഷണ/മാറ്റ, സമ്പർക്ക, മനോഭാവങ്ങളെ സംബന്ധിച്ച് ഇന്ത്യയിലും അനവധി പഠനങ്ങൾ ഉായിട്ടു് ചിലമാതൃകാ പഠനങ്ങൾ താഴെ പറയുന്നവയാണ്.

ദ്വിഭാഷാത്വ/ബഹുഭാഷാത്വത്തെയും അവയോടനുബന്ധിച്ച് സംഭവിക്കുന്ന പ്രശ്നങ്ങളെയും കുറിച്ച് ഇന്ത്യയിൽ നടന്നിട്ടുള്ള പ്രധാന പഠനങ്ങളിൽ ഒന്നാണ് ജോൺ ജെ. ഗുംപെർസും, റോബർട്ട് വിൽസണും 1971–ൽ നടത്തിയ ‘Convergence

and Creolization; a case study from the Indo-Aryan/Dravidian border' മഹാരാഷ്ട്ര, കർണ്ണാടക, ആന്ധ്രാപ്രദേശ് സംസ്ഥാനങ്ങളുടെ അതിർത്തി പങ്കിടുന്ന 'കുപ്വാർ' വില്ലേജിലെ ബഹുഭാഷാത്വ അവസ്ഥയും അതുമൂലം സൃഷ്ടിക്കപ്പെടുന്ന ഭാഷാ സംവ്രജനവും ആണ് ആ പഠനത്തിന്റെ കേന്ദ്രം. കുപ്വാറിലെ കന്നഡ ഭാഷ സംസാരിക്കുന്ന ജോയ്ൻ വിഭാഗം, ലിംഗായത്ത് വിഭാഗം, ഉറുദു സംസാരിക്കുന്ന മുസ്ലീംകൾ, മറാഠി സംസാരിക്കുന്ന പിന്നോക്ക വിഭാഗക്കാർ, തെലുഗു ഭാഷ സംസാരിക്കുന്ന കയർ തൊഴിലാളികൾ എന്നീ വിഭാഗങ്ങളുടെ ഭാഷയിൽ സംഭവിച്ചിട്ടുള്ള ഘടനാപരമായ മാറ്റങ്ങൾ കത്തെിയിരിക്കുന്നു.

മൈസൂർ നഗരത്തിലെ ദഖിനി–ഉറുദു ഭാഷകസമൂഹത്തിന്റെ ഭാഷാ പ്രയോഗത്തെക്കുറിച്ചും ഭാഷാമനോഭാവത്തെക്കുറിച്ചും 1979ൽ ഹാൻസ് ആർ. ദുവ നടത്തിയ പഠനം പ്രധാനപ്പെട്ട ഒന്നാണ്. (Language Use, Language Attitude, and Language Identities Among Linguistic Minorities: A case study of Dakhini-Urdu speakers in Mysore city) മൈസൂരിലെ ദഖിനി ഉറുദു (ഇത് ഉറുദു ഭാഷയുടെ ഒരു പ്രാദേശിക ഭേദമാണ്) ഭാഷ സംസാരിക്കുന്ന ന്യൂനപക്ഷ സമൂഹത്തിനെ കേന്ദ്രമാക്കി നടത്തിയ പഠനമാണ് ഇത്. വിദ്യാഭ്യാസം, സാഹിത്യം, മാധ്യമങ്ങൾ തുടങ്ങിയ രംഗങ്ങളിൽ മാനക ഉറുദു (Standard Urdu) ഭാഷ മാത്രം ഉപയോഗിക്കുകയും ഭൂരിപക്ഷഭാഷയായ കന്നഡത്തിന് പഠനവിഷയം എന്നനിലയിൽ പ്രാധാന്യം നല്കുകയും ഭാഷാപ്രയോഗം, സാമൂഹികവികസനം, സ്വത്വം എന്നിവയിൽ ഒന്നാം ഭാഷയായ ദഖിനി–ഉറുദു ഭാഷയോട് അനുകൂലമനോഭാവം പ്രകടിപ്പിക്കുകയും ചെയ്യുന്നതായും ഈ പഠനത്തിൽ കത്തിയിരിക്കുന്നു.

സാമൂഹിക ഭാഷാശാസ്ത്രത്തിന്റെ പശ്ചാത്തലത്തിൽ ഡൽഹിയിൽ അധിവസിക്കുന്ന പഞ്ചാബി-ബംഗാളി ഭാഷാ സമൂഹങ്ങൾക്കിടയിലെ ഭാഷാമാറ്റ/പരിരക്ഷണ സാഹചര്യങ്ങളെപ്പറ്റി 1980-ൽ അദിതി മുഖർജി ഡൽഹി സർവ്വകലാശാലയിൽ ഗവേഷണം നടത്തിയിട്ടു് (Language Maintenance & Language Shift Among Panjabis and Bengalis in Delhi: A sociolinguistic perspective) ഇതേ വർഷം തന്നെ ജന്നിഫർ മേരി ബെയർ മൈസൂരിലെ ഇംഗ്ലീഷ് സംസാരിക്കുന്ന ആംഗ്ലോ ഇന്ത്യക്കാർക്കിടയിൽ ഒരു സാമൂഹികഭാഷാശാസ്ത്രാന്വേഷണം എന്ന വിഷയത്തെ ആസ്പദമാക്കി ഗവേഷണം നടത്തിയിട്ടു്. (A Socio-Linguistic Investigation of the English Spoken by the Anglo Indians in Mysore city) ഒരു ബഹുഭാഷകസമൂഹത്തിൽ ഉൾപ്പെടുന്ന സമൂഹങ്ങൾ തമ്മിൽ അതാതു ഭാഷക അതിർത്തികൾ സംരക്ഷിക്കാൻ വേ അനുകൂല മനോഭാവം പ്രകടിപ്പിക്കുന്നു എന്നും ആംഗ്ലോ ഇന്ത്യക്കാർ ഭാഷയിലും സംസ്കാരത്തിലും അടുത്തുള്ള മറ്റു സമൂഹങ്ങളിൽ നിന്നും കൃത്യമായ അകലം സംരക്ഷിക്കുന്നവരാണെന്നും കത്തെിയിരിക്കുന്നു. അതുപോലെ തന്നെ ഇന്ത്യൻ ഭാഷകൾ മാധ്യമമായി പഠിപ്പിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുട്ടികളെ അയക്കാതിരിക്കുകയും ഇംഗ്ലീഷ് മാധ്യമ വിദ്യാലയങ്ങൾ തെരഞ്ഞെടുക്കുകയും ദൃശ്യ-മാധ്യമ രംഗങ്ങളിൽ ഇംഗ്ലീഷ് ഭാഷയ്ക്ക് പ്രാമുഖ്യം നൽകുകയും ചെയ്യുന്ന രീതിയിലുള്ള മനോഭാവമാണ് ഇവർ പ്രകടിപ്പിക്കുന്നത് എന്ന നിഗമനത്തിൽ ഈ പഠനത്തിലൂടെ എത്തിച്ചേരുന്നു.

ഭാഷാ ന്യൂനപക്ഷങ്ങൾക്കിടയിലെ ഭാഷാപരിരക്ഷണ ശ്രമങ്ങളെ സംബന്ധിച്ച് 1986-ൽ മറ്റൊരു പ്രധാന പഠനം കൂടി ബെയർ നടത്തുകയുായി.(Dynamics of Language Maintenance of the Tamil Communities in Bangalore) ബാംഗ്ലൂർ പോലുള്ള

വ്യവസായവൽകൃത തലസ്ഥാന നഗരങ്ങളിൽ ഒരു ന്യൂനപക്ഷഭാഷകസമൂഹ ത്തിന്റെ (തമിഴ് ഭാഷകസമൂഹം) ഭാഷാമാറ്റ/പരിരക്ഷണ ശ്രമങ്ങൾ എപ്രകാരം നട ക്കുന്നു എന്ന് അപഗ്രഥിക്കുകയാണ് പഠനത്തിൽ ചെയ്തിരിക്കുന്നത്. ഭാഷാ സ്വഭാവത്തിൽ വ്യതിയാനം വരുത്താൻ കഴിയുന്ന ഘടകമാണ് ജാതി (Caste) എന്ന പരികല്പനയുടെ അടിസ്ഥാനത്തിൽ ബാംഗ്ലൂരിലെ തമിഴരെ നിരീക്ഷിച്ചിരി ക്കുന്നു. ഇതിനുവേി ജാതി ശ്രേണീകരണത്തിനനുസരിച്ച് ബ്രാഹ്മണരിൽ 'അയ്യ ങ്കാർ', അബ്രാഹ്മണരിൽ 'മുതലിയാർ', മറ്റു വിഭാഗങ്ങളിൽ നിന്നും 'ക്രിസ്ത്യാനി കൾ' എന്നീ ജാതി സമൂഹങ്ങളിൽ നിന്നും ആവേദകരെ തെരഞ്ഞെടുത്തിരി ക്കുന്നു. ഭാഷ പരിരക്ഷിക്കപ്പെടുന്ന വിവിധ മേഖലകൾ വിശദമായി പഠനവിധേയ മാക്കിയതിന്റെ അടിസ്ഥാനത്തിൽ അയ്യങ്കാർ പല തലങ്ങളിലും ഭാഷാമാറ്റം പ്രകടി പ്പിക്കുന്നുവെന്നും മുതലിയാർമാരും ക്രിസ്ത്യാനികളും ഭാഷാപരിരക്ഷണത്തിന് ശ്രമിക്കുന്നുവെന്നുമുള്ള കത്തെലിൽ എത്തിച്ചേരുന്നു.

ഈ മേഖലിൽ ഉായ മറ്റൊരു പഠനമാണ് 1986-ൽ സാം മോഹൻലാൽ നട ത്തിയ Convergence and Language Shift in a Linguistic Minority. ബാംഗ്ലൂരിലെ തമിഴ് ഭാഷക സമൂഹങ്ങളായ മുതലിയാർ, അയ്യങ്കാർ എന്നീ വിഭാഗങ്ങളെ പഠനവിധേയ മാക്കിയിരിക്കുന്നു. പഠനത്തിന്റെ അവസാനത്തിൽ, മുതലിയാർ വിഭാഗം എല്ലാ ഭാഷാപ്രയോഗമേഖലകളിലും തമിഴ് സംരക്ഷിക്കുകയും അനുകൂലമനോഭാവം ഭാഷയോട് പ്രകടിപ്പിക്കുകയും ചെയ്യുന്നുവെന്നും അയ്യങ്കാർ സമുദായം ഭാഷ യോട് ശൂന്യമനോഭാവം (neutral attitude) കാണിക്കുന്നതോടൊപ്പംതന്നെ കൂടുത ലായി ഭാഷാസ്വാംശീകരണം നടത്തിയിട്ടുന്നെും വ്യക്തമാകുന്നു.

സി. വി. ഭുവനേശ്വരി 1984-ൽ നടത്തിയിട്ടുള്ള ദ്വിഭാഷാത്വത്തെ അടിസ്ഥാന മാക്കിയുള്ള പഠനം ശ്രദ്ധേയമായ ഒന്നാണ്. (Bilingual Behaviour of the Naikan Community in Kerala) തെലുഗു സംസാരിക്കുന്ന കേരളത്തിലെ നായ്ക്കൻ ജാതിസ മൂഹത്തെ കേന്ദ്രീകരിച്ച് നടത്തിയ ഈ പഠനത്തിൽ ആ സമൂഹത്തിൽ നിലനിൽക്കുന്നത് സ്ഥിര ദ്വിഭാഷാത്വം (Stable bilingualism) ആണെന്നും പ്രായം, ലിംഗം തുടങ്ങിയ സാമൂഹികാചാരങ്ങൾ ഇവരുടെ ഭാഷാപരിരക്ഷണ മനോഭാവ ത്തിലേക്ക് നയിക്കുന്നുവെന്നും നിഗമനത്തിലെത്തിയിരിക്കുന്നു.

ഭാഷാന്യൂനപക്ഷങ്ങളുടെ പ്രധാന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന പഠന ങ്ങൾ കേരളത്തിൽ ഉായിട്ടു്. വ്യത്യസ്തമായ ഒന്നാണ് മലബാറിലെ തിരുവിതാം കൂർ കുടിയേറ്റക്കാരുടെ വാമൊഴിയിലെ സംരക്ഷണവും പരിണാമവും – ഒരു സാമൂഹിക ഭാഷാശാസ്ത്ര പഠനം എന്ന സി. ജെ. ജോർജ്ജിന്റെ (1991) പഠനം. തിരുവിതാംകൂറിൽനിന്നും മലബാറിലേക്കു കുടിയേറിയവരുടെ കുടിയേറ്റ ചരി ത്രവും ഭാഷ എപ്രകാരം സംരക്ഷിക്കുന്നുവെന്നും മാറ്റം നടന്നത് ഏതളവിലാ ണെന്നും അപഗ്രഥിച്ചിരിക്കുന്നു ഈ പഠനത്തിൽ.

കോഴിക്കോട് നഗരത്തിലെ തമിഴ് ബ്രാഹ്മണരുടെ ഭാഷാപരിരക്ഷണവും ഭാഷാമാറ്റവും എന്ന വിഷയത്തെ അധികരിച്ച് നടത്തിയ മാർക്കോസ് വി. പിയുടെ (1992) പഠനം ശ്രദ്ധേയമാണ്. തമിഴ് ബ്രാഹ്മണർ ഭാഷ സംരക്ഷിക്കുന്ന മേഖലകൾ ഏതൊക്കേയെന്ന് കൃത്യമായി കത്തൊൻ ശ്രമിച്ചിട്ടു്. ഏകമുഖദ്വിഭാഷാത്വം പ ുലർത്തുന്ന ഈ ഭാഷകസമൂഹം ജാതിസ്വത്വം സംരക്ഷിക്കുന്നതിനുവേി സംഘ വ്യക്തിത്വത്തിന്റെ ഭാഗം എന്ന നിലയ്ക്കാണ് ഭാഷ സംരക്ഷിക്കുന്നത് എന്ന നിഗ മനത്തിലേക്കാണ് പഠനം എത്തിച്ചേരുന്നത്.

ഭാഷാപരിരക്ഷണ/മാറ്റ സാഹചര്യങ്ങൾ കൂടാതെ ദ്വിഭാഷാത്വ സമൂഹങ്ങളിൽ സംഭവിക്കുന്ന ഭാഷാസംവ്രജനത്തെ സംബന്ധിച്ചും പ്രധാനപ്പെട്ട പഠനം ഉായിട്ടു്. ടി. ശ്രീവത്സന്റെ Linguistic Convergence Konkani-Malayalam a Contact Situation (1999) എന്ന ഗവേഷണ പ്രബന്ധത്തിൽ ഇന്തോ–ആര്യൻ ഗോത്രഭാഷയായ കൊങ്കിണിയും ദ്രാവിഡ ഭാഷയായ മലയാളവും തമ്മിലുള്ള സമ്പർക്ക സാഹചര്യ പശ്ചാത്തലത്തിൽ ആ ഭാഷകളുടെ ആഭ്യന്തരഘടനയിലുാകുന്ന മാറ്റത്തിന്റെ സ്വഭാവം എപ്രകാരമാണ് എന്ന് അന്വേഷിക്കുകയാണ് ചെയ്തിരിക്കുന്നത്.

കേരളത്തിലെ നായ്ക്കൻ, കുശവൻ, പാരം, ചെട്ടി, ക്ഷത്രിയരാജു എന്നീ അഞ്ചു ജാതിസമൂഹങ്ങളെക്കുറിച്ച് 'ചിറ്റൂരിലെ തെലുങ്കരുടെ ഭാഷാ സാമൂഹികഭാഷാശാസ്ത്ര ദൃഷ്ടിയിലൂടെ എന്ന വിഷയത്തിൽ കെ. ധനലക്ഷ്മി (2006) എം. ജി. സർവ്വകലാശാലയിൽ ഒരു പഠനം നടത്തിയിട്ടു്.

കേരളത്തിലെ തമിഴ്ചെട്ടികളുടെ ഭാഷാപരിരക്ഷണവും ഭാഷ ആദേശവും എന്ന വിഷയത്തിൽ എസ്. മുരുകേശൻ (2007) നടത്തിയ പഠനം ഇത്തരത്തിലുള്ള മറ്റൊരു പഠനമാണ്. ഈ പ്രബന്ധത്തിൽ തമിഴ് ചെട്ടികൾ പല ഭാഷാമേഖലകളിലും ഭൂരിപക്ഷഭാഷയെ ആദേശിച്ചിരിക്കുന്നതായി കത്തെിയിരിക്കുന്നു.

പാലക്കാട് ജില്ലയിലെ ചിറ്റൂരിൽ അധിവസിക്കുന്ന ചെട്ടി, പാരം, നായ്ക്കൻ, കുശവൻ, ക്ഷത്രിയരാജു എന്നീ അഞ്ച് ജാതിസമൂഹങ്ങളെ കേന്ദ്രീകരിച്ച് നടത്തിയ ഈ പഠനം സാമൂഹിഭാഷാശാസ്ത്രത്തിന്റെ രീതിശാസ്ത്രം അനുസരിച്ച് തയ്യാറാക്കിയിട്ടുള്ളതാണ്. സാമൂഹിക ഭാഷാശാസ്ത്രത്തിന്റെ ഉത്ഭവം, വളർച്ച തുടങ്ങിയ സൈദ്ധാന്തിക വശങ്ങൾ ചർച്ചചെയ്യുകയും പിന്നീട് ചിറ്റൂർ തെലുങ്കിന്റെ വ്യാകരണ രൂപിമപരമായ സവിശേഷതകൾ കത്തെുകയും ചെയ്തിരിക്കുന്നു. ചിറ്റൂർ

തെലുങ്കിന്റെ പ്രധാന സവിശേഷതയായി കത്തെിയിരിക്കുന്നത് മാനകതെലുഗു വിൽ ഇല്ലാത്ത 'ദനുവ' (അവൾ എന്നർത്ഥം) എന്ന അനൗദ്യോഗിക സർവ്വനാമ ത്തിന്റെ ഉപയോഗമാണ്. പഠനത്തിനായി അഞ്ചു സമുദായങ്ങളെ തെരഞ്ഞെടു ത്തെങ്കിലും ചെട്ടിവിഭാഗത്തിന്റെ ഭാഷാസാംസ്കാരിക പ്രത്യേകതകൾക്കാണ് പ ഠനം ഊന്നൽ നൽകിയിരിക്കുന്നത്. വില്യം ലോബോവിന്റെ പഠനങ്ങളെ ആധാര മാക്കി നാലു ഭാഷാചരങ്ങൾ നിർണ്ണയിക്കുകയും സാമൂഹിക ചരങ്ങളായ പ്രായം, ലിംഗം, മേഖല, ജാതി എന്നിവയ്ക്കനുസരിച്ച് ഈ ഭാഷാചരങ്ങൾക്ക് സംഭവി ക്കുന്ന വ്യതിയാനങ്ങളും പഠനവിധേയമാക്കിയിരിക്കുന്നു. സാമൂഹികഭാഷാശാ സ്ത്രത്തിന്റെ മിക്ക മേഖലകളും സ്പർശിച്ചുകൊ് ചിറ്റൂർ തെലുങ്കിന്റെ സവിശേഷ തകൾ വ്യക്തമാക്കിയിരിക്കുന്നതിനാൽ ഓരോ മേഖലയും കൃത്യമായി എടുത്ത് പ ഠനം നടത്താൻ സാധിച്ചിട്ടില്ല.

ജാതി എന്ന സാമൂഹികചരത്തെ അടിസ്ഥാനമാക്കി നടത്തപ്പെട്ട ഒരു പഠന മാണിത്. കേരളത്തിലെ കുംഭാരരെ പരാമർശിക്കുന്ന ഗ്രന്ഥങ്ങളും പഠനങ്ങളും പ ൂർവ്വപഠനങ്ങളിൽ ഉൾപ്പെടുന്നു. കുംഭാരന്മാരെക്കുറിച്ച് പരാമർശിക്കുന്ന ഗ്രന്ഥ ങ്ങൾ താഴെ പറയുന്നു.

കുംഭാര സമുദായത്തെക്കുറിച്ച് ആദ്യമായി ലഭിക്കുന്ന പഠനം ഇ. തേഴ്സ്റ്റന്റെ 'Caste and Tribes of Southern India (1909/1975)' ആണ്. പുസ്തകത്തിന്റെ 4-ാം വാല്യത്തിൽ കുംഭാരൻ, കുശവൻ എന്ന രു തലക്കെട്ടുകൾക്കു കീഴിൽ ഇവ രുടെ പശ്ചാത്തലം ചുരുക്കി വിവരിക്കുന്നു. എച്ച്. എ. സ്റ്റ്യൂവർട്ട് മദ്രാസ് സെൻസസ് റിപ്പോർട്ടിൽ കുശവരെപ്പറ്റി പരാമർശിച്ചുട്ടുള്ളതായി തേഴ്സ്റ്റൺ പറയുന്നു. ജി. യു. പോപ്പ് Royal Asiatic Society ജേർണലിൽ (1899) കുശവൻ രാജാക്കന്മാരുടേയും വീരപുരു

ഷന്മാരുടേയും ശവസംസ്കാരത്തിനായി മൺപാത്രങ്ങൾ നിർമ്മിച്ചിരുന്നുവെന്ന് തമിഴ് നാടോടിപ്പാട്ടിനെ ആധാരമാക്കി എടുത്തുകാണിച്ചിരുന്നതായി തേഴ്സ്റ്റൺ ചൂീ ക്കാട്ടുന്നു.

പൂന യൂണിവേഴ്സിറ്റിയിൽ എം. ഫിൽ ഡിഗ്രിയുടെ ഭാഗിക പൂരണ ത്തിനായി സമർപ്പിക്കപ്പെട്ട 'A Sociological Enquiry into the Educational Problems of Telugu Potters in Kerala' എന്ന പ്രബന്ധത്തിൽ ബി. വിജയകൃഷ്ണൻ (1991) മല പ്പുറം ജില്ലയിലെ നിലമ്പൂർ പ്രദേശത്തെ കുംഭാരന്മാരുടെ വിദ്യാഭ്യാസ പ്രശ്നങ്ങ ളെക്കുറിച്ച് ചർച്ചചെയ്യുന്നു. ആദി-ആന്ധ്രയും കുംഭാരനും ഒരു വിഭാഗമാണോ എന്ന അന്വേഷണത്തിന്റെ ഭാഗമായി 'കിർട്ടാഡ്സ്' (Kerala Institute for Research Training and Development studies of Scheduled Castes and Scheduled Tribes) നട ത്തിയ സർവ്വെയുടെ പൂരണം എന്ന നിലയിൽ സുകുമാരൻനായർ (1994) എഡിറ്റു ചെയ്തു പ്രസിദ്ധീകരിച്ച ഗ്രന്ഥമാണ് 'സമുദായനിർണയ പഠനങ്ങൾ.' ഈ സമൂഹ ത്തിന്റെ സാമൂഹിക-സാംസ്കാരിക-പരിതസ്ഥിതികളെക്കുറിച്ചും ഇന്നത്തെ അവ സ്ഥയെക്കുറിച്ചും മിതമായ രീതിയിൽ ഗ്രന്ഥത്തിൽ അവതരിപ്പിക്കുന്നു. കുംഭാര ന്മാരെ മറ്റുപിന്നോക്ക സമുദായങ്ങളുടെ ഗണത്തിലാണ് പരിഗണിക്കേത് എന്ന് ജാതി പശ്ചാത്തലം വിവരിച്ച് കത്തെിയിരിക്കുന്നു.

കെ. എസ്. സിംഗ് (2002) എഡിറ്റുചെയ്ത് പ്രസിദ്ധീകരിച്ച People of India യുടെ 27-ാം വാല്യമായ ജലീുഹല ീള ഗലൃമഹമയിൽ കുംഭാരന്മാരുടെ സാംസ്കാരിക ചുറ്റുപാടുകളെക്കുറിച്ച് സാമാന്യമായി വിവരിക്കുന്നു. 'Hand book of Kerala' യുടെ രാം വാല്യത്തിൽ ടി. മാധവമേനോൻ (2002) കുംഭാരൻമാരെക്കുറിച്ച് ചെറിയ പരാ മർശം നൽകുന്നു. നാട്ടറിവുകളുടെ 'നാടോടിക്കൈവേല' എന്ന പതിപ്പിൽ

'മൺപാത്രനിർമ്മാണം: കൈവേലയിലെ ഭാവഗീതം' എന്ന ലേഖനത്തിൽ ഇ. കെ. പ്രേമരാജൻ (2004) കുംഭാരന്മാരുടെ മൺപാത്രനിർമ്മാണത്തിന്റെ ശാസ്ത്രീയവശങ്ങൾ ചർച്ചചെയ്യുന്നു. 2004-ൽ തന്നെ പുറത്തിറങ്ങിയ 'ജീവിതവും സംസ്കാരവും' എന്ന പുസ്തകത്തിൽ കുംഭാരന്മാരുടെ ജീവിതത്തെയും സാംസ്കാരിക പശ്ചാത്തലത്തെയും കുറിച്ച് വിവരിക്കുന്ന ഒരു ലേഖനം ഇ. കെ. പ്രേമരാജൻ എഴുതിയിട്ടു്.

2006- സെപ്തംബർ ലക്കം 29ൽ 'മണ്ണും മനുഷ്യനും' എന്ന പേരിൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എൻ. പി. വിജയകൃഷ്ണൻ ഒരു ലേഖനം പ്രസിദ്ധീകരിച്ചിട്ടു്. കുംഭാരന്മാരുടെ കുലത്തൊഴിലായ മൺപാത്രനിർമ്മാണത്തിന്റെ ആധുനികാവസ്ഥ അതായത് തൊഴിലിന്റെ അപചയവും അതുമൂലം ആ ജനതയ്ക്ക് സംഭവിച്ചുകൊിരിക്കുന്ന സാമൂഹിക-സാമ്പത്തിക അധ:പതനവും വ്യക്തമാക്കുന്ന ലേഖനമാണ് ഇത്.

'മലബാറിലെ കുംഭാരന്മാരുടെ നാട്ടറിവുകളെ' സംബന്ധിച്ചുള്ള ഗവേഷണ പ്രബന്ധം എം. കെ. പ്രേമരാജൻ 2006-ൽ കേരളവർമ്മ കോളേജ്, തൃശ്ശൂരിൽ സമർപ്പിച്ചിട്ടു്. ഫോക്‌ലോറിന്റെ പഠനരീതിശാസ്ത്രം ഉപയോഗിച്ച് രചിക്കപ്പെട്ട പ്രബന്ധമാണിത്. പ്രത്യേകമായ ഭാഷയും ആചാരാനുഷ്ഠാനങ്ങളും അനുവർത്തിക്കുന്നതുകൊ് കുംഭാരന്മാരെ പ്രത്യേക 'ഫോക്' ആയി പരിഗണിച്ച് കൂട്ടായ്മയുടെ ജീവിതമേഖലകളുമായി ബന്ധപ്പെടുത്തിക്കൊ് നടത്തുന്ന സംസ്കാര പഠനമാണ് ഇത്. കുംഭാരസമുദായത്തിന്റെ വ്യത്യസ്ത ആചാര അനുഷ്ഠാനങ്ങളും പാട്ടുകളും ഭാഷയും രേഖപ്പെടുത്തിവെയ്ക്കുക എന്ന ലക്ഷ്യത്തോടെ നിർവ്വഹിച്ചിരിക്കുന്ന പ്രബന്ധമാണ് ഇത്.

പതിനാറ് അദ്ധ്യായങ്ങളായി തിരിച്ചിട്ടുള്ള പ്രബന്ധത്തിന്റെ ആദ്യ അധ്യായത്തിൽ കുംഭാരന്മാരെക്കുറിച്ചുള്ള അടിസ്ഥാനവിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ കുംഭാര പദനിഷ്പത്തി, കുടിയേറ്റം, അധിവാസസ്ഥാനങ്ങൾ എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു. കുടിയേറ്റം നടന്ന കാലം കൃത്യമായി കണക്കാക്കാൻ സാധ്യമല്ലെന്നും 14–ാം നൂറ്റാിനു മുമ്പ് തമിഴകത്തേക്കു കുടിയേറിയ ഈ വിഭാഗം അതിനുശേഷം കേരളത്തിലേക്ക് താമസം മാറ്റിയതാവാമെന്നും ഊഹിക്കുന്നു. രു മുതൽ ആറുവരെ അദ്ധ്യായങ്ങളിൽ കുംഭാരന്മാരുടെ സംസ്കാരത്തെക്കുറിച്ച് വിവരിക്കുന്നു. സാമൂഹ്യഘടന, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, വിശ്വാസങ്ങൾ, വിലക്കുകൾ, വിഷചികിത്സ, മന്ത്രവാദചികിത്സ തുടങ്ങിയ നാട്ടുവൈദ്യ പ്രയോഗങ്ങൾ, ജ്യോതിഷ സമ്പ്രദായം, എന്നിവ ഈ അദ്ധ്യായങ്ങളിൽ പഠനവിധേയമാക്കിയിരിക്കുന്നു.

ഏഴുമുതൽ പതിനാറുവരെ അദ്ധ്യായങ്ങളിൽ കുംഭാരന്മാരുടെ വാങ്മയ സംസ്കാരത്തെ വിശകലനം ചെയ്യുന്നു. തൊഴിൽ പാട്ടുകൾ കുംഭാരന്മാർക്ക് ഇല്ല എന്നും വിനോദത്തിനുവേി പാടുന്ന അപൂർവ്വം പാട്ടുകളും ദേവതാസ്തുതികളും ആണ് ഇവരുടെ നാടൻ വാമൊഴി വഴക്കമെന്നും വാമൊഴിവഴക്കം എന്ന അദ്ധ്യായത്തിൽ അഭിപ്രായപ്പെട്ടിരിക്കുന്നു. പൂജാസന്ദർഭത്തിൽ പാടുന്ന പാട്ടുകളോരോന്നും താളം, പ്രമേയം എന്നിവയെ അടിസ്ഥാനമാക്കി വിശകലനം ചെയ്തിരിക്കുന്നു. തമിഴ്–മലയാളം, തമിഴ്–തെലുങ്ക് മിശ്രണമാണ് കൂടുതൽ പാട്ടുകളും. തമിഴ് മാത്രം പ്രയോഗിച്ച പാട്ടുകളും തെലുങ്കിന് പ്രാമുഖ്യമുള്ള പാട്ടുകളും ഉ്.

കുംഭാരസമുദായം നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന പഴഞ്ചൊല്ലുകളും കടങ്കഥകളും രേഖപ്പെടുത്തി വിശകലനം ചെയ്യുന്നതാണ് അടുത്ത അദ്ധ്യായം.

സ്വന്തമായ പഴഞ്ചൊല്ലുകൾ ഈ സമുദായത്തിന് ഇല്ല എന്നും മലയാളത്തിലെ ചൊല്ലുകളോട് സാമ്യമുള്ളവയും മലയാളത്തിൽ നിന്ന് ഭാഷാന്തരം ചെയ്ത ചൊല്ലുകളും ആണ് ഈ സമുദായത്തിലുള്ളതെന്ന് വിലയിരുത്തുന്നു.

കുംഭാരന്മാരുടെ ഭാഷാപരമായ സവിശേഷതകൾ വിവരിക്കുന്നതായ അടുത്ത അദ്ധ്യായത്തിൽ ഭാഷാപ്രയോഗം ഇന്നത്തെ തലമുറയിൽ കുറഞ്ഞുവരിക യാണെന്നും സമീപഭാവിയിൽ ഈ ഭാഷ വിസ്മൃതമായിപ്പോകാൻ ഇടയുന്നെും ഭാഷയുടെ ചില പ്രത്യേകതകളും കൊടുത്തിരിക്കുന്നു. കുംഭാരന്മാർക്കിടയിലുള്ള നാടോടിക്കഥകളുടെ ഘടനാപര വിശകലനമാണ് അടുത്ത അദ്ധ്യായത്തിൽ. പര മ്പരാഗത ചികിത്സാ വിദ്യകളുമായി ബന്ധപ്പെട്ടുത്തിയുള്ളതാണ് പതിനൊന്നാം അദ്ധ്യായം.

പന്ത്രു മുതൽ പതിനഞ്ചു വരെ അദ്ധ്യായങ്ങളിൽ കുംഭാരന്മാരുടെ ഭൗതികജീവിതം പരാമർശിക്കുന്നു. മൺപാത്ര നിർമ്മാണത്തിന്റെ ചരിത്രം, നിർമ്മാ ണോപകരണങ്ങൾ, നിർമ്മാണപ്രക്രിയ, വിവിധതരം മൺപാത്രങ്ങൾ എന്നിവ വിശ ദമായി വിവരിക്കുന്നതാണ് തൊഴിൽ എന്ന തലക്കെട്ടിനു താഴെ എഴുതിച്ചേർത്തിരി ക്കുന്ന പന്ത്രാം അദ്ധ്യായം. തൊഴിലിന്റെ ഇന്നത്തെ പ്രതിസന്ധി ഘട്ടത്തെക്കു റിച്ചും ഈ അദ്ധ്യായത്തിൽ സൂചിപ്പിക്കുന്നു. കുംഭാരന്മാരുടെ വസ്ത്രധാരണ രീതി, ആഭരണങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരണമാണ് പതിമൂന്നാം അദ്ധ്യാ യം.

കുംഭാരന്മാരുടെ ഭക്ഷണരീതിയെക്കുറിച്ച് വിവരിക്കുന്നതാണ് അടുത്ത അദ്ധ്യായം. ഗൃഹനിർമ്മാണ വിദ്യയിലെ സവിശേഷതകൾ, കലാപരമായ കഴിവു കൾ, കരകൗശലസാമഗ്രികളുടെ നിർമ്മാണം എന്നിവ അപഗ്രഥന വിധേയമാക്കു

ന്നതാണ് പതിനഞ്ചാം അദ്ധ്യായം. കുംഭാര സമുദായത്തിന് സ്വന്തമായ കലാരൂപങ്ങളൊന്നുമില്ല എന്ന് കത്തെുന്നു. കരകൗശലവിദ്യയിലെ ഇവരുടെ പാരമ്പര്യത്തെക്കുറിച്ചും വിവരിക്കുന്നു. പതിനാറാം അദ്ധ്യായത്തിൽ മുകളിൽ പറഞ്ഞ അദ്ധ്യായങ്ങളുടെ ക്രോഡീകരണം എന്ന നിലയ്ക്ക് ഉപസംഹാരം നല്കിയിരിക്കുന്നു.

2008 മാർച്ച് ലക്കം 3, വിജ്ഞാന കൈരളിയിൽ 'കുംഭാരൻമാർ' എന്ന തലക്കെട്ടിൽ പ്രമോദ്കുമാർ ഈ സമുദായത്തെക്കുറിച്ചുള്ള ഒരു പൊതുവിവരണം ലേഖനമായി പ്രസിദ്ധീകരിച്ചിരിക്കുന്നു. ഇത്രയുമാണ് കുംഭാരന്മാരെക്കുറിച്ച് ഇതുവരെ നടന്നിട്ടുള്ള പഠനങ്ങൾ.

1.6. രീതിശാസ്ത്രം

കുംഭാരന്മാരുടെ ഭാഷാ പരിരക്ഷണ/മാറ്റത്തെക്കുറിച്ചും ഭാഷാമനോഭാവത്തെക്കുറിച്ചും വിശകലനം നടത്തുന്ന ഈ പഠനം സാമൂഹികഭാഷാശാസ്ത്രത്തിന്റെ രീതിശാസ്ത്രമനുസരിച്ചാണ് നിർവ്വഹിച്ചിട്ടുള്ളത്. ചോദ്യാവലി, അഭിമുഖം, നിരീക്ഷണം എന്നീ മൂന്നു രീതികളും ദത്തശേഖരണത്തിനുവേി ഉപയോഗിച്ചിരിക്കുന്നു.

1.6.1. ചോദ്യാവലി

പ്രാഥമിക ദത്തശേഖരണം (preliminary survey) നടത്തുന്നതിനുവേി ഒരു ചോദ്യാവലി തയ്യാറാക്കുകയും അതിനനുസരിച്ച് പ്രാഥമികസർവ്വേ നടത്തുകയും ചെയ്തു. ആ ചോദ്യാവലിയിൽ മാധ്യമങ്ങളുടെ ഉപയോഗങ്ങളുമായി ബന്ധപ്പെടുത്തിയും ഭാഷാപ്രയോഗവുമായി ബന്ധപ്പെടുത്തിയും അധികം ചോദ്യങ്ങൾ ഉൾപ്പെടുത്തിയിരുന്നു. പ്രാഥമികസർവ്വേയിൽ നിന്നുതന്നെ കുംഭാരന്മാർക്ക് മാധ്യമ

ങ്ങളുമായുള്ള ബന്ധം വളരെ പരിമിതമാണെന്നു ബോധ്യമായതിന്റെയും ഭൂരിപക്ഷ സമൂഹവുമായുള്ള ഭാഷാപ്രയോഗമേഖലകളിൽ ഭൂരിപക്ഷഭാഷതന്നെ ഉപയോഗിക്കുന്നു എന്നു മനസ്സിലായതിന്റെയും അടിസ്ഥാനത്തിൽ ചോദ്യാവലിയെ പരിഷ്കരിച്ച് ഇത്തരം ചോദ്യങ്ങൾ കുറയ്ക്കുകയും ചെയ്തു.

ഇത്തരത്തിൽ തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ചാണ് ദത്തശേഖരണം നടത്തിയിരിക്കുന്നത്. ചോദ്യാവലി ആവേദകർക്ക് നേരിട്ടു നൽകാതെ സന്ദർഭത്തിനനുസരിച്ച് ചോദ്യങ്ങൾ ചോദിച്ച് പ്രതികരണങ്ങൾ രേഖപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്. ആവേദകരുടെ ഭാഷാപ്രയോഗ താല്പര്യവും ഭാഷാമനോഭാവവും കണ്ടെത്തുന്നതിനും ചോദ്യാവലിയുടെ കൃത്രിമത്വം ഇവരിൽനിന്നും ഒഴിവാക്കുന്നതിനും സ്വാഭാവിക പ്രതികരണങ്ങൾ ലഭിക്കുന്നതിനും വേിയാണ് ഇത്തരം ഒരു രീതി സ്വീകരിച്ചത്.

ചോദ്യാവലിയെ നാലു ഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു.

1. ആവേദകന്റെ വൈയക്തിക ദത്തങ്ങൾ ശേഖരിക്കുന്നതിനുവേിയുള്ള ചോദ്യങ്ങൾ
2. സാമുദായിക ദത്തങ്ങൾ ശേഖരിക്കുന്നതിന് (ബന്ധുക്കൾ, ഭാഷ എന്നിവയെക്കുറിച്ചുള്ള പ്രാഥമിക വിവരങ്ങൾ)
3. ഭാഷാപരിരക്ഷണം/മാറ്റം അപഗ്രഥിക്കുന്നതിന്
4. ഭാഷാമനോഭാവം വിശകലനം ചെയ്യുന്നതിന്

1.6.2. അഭിമുഖം

ആവേദകരുമായി അനൗപചാരികമായി നടത്തിയ അഭിമുഖ സംഭാഷണത്തിലൂടെ ഗവേഷണത്തിനാവശ്യമായ ചോദ്യങ്ങൾ ചോദിക്കുകയും സ്വാഭാവികമായ പ്രതികരണങ്ങൾ അവരിൽനിന്ന് നേടിയെടുക്കുകയാണ് ചെയ്തത്.

1.6.3. നിരീക്ഷണം

ആവേദകരുടെ സാമൂഹിക സാംസ്കാരിക പ്രത്യേകതകൾ മനസ്സിലാക്കാനായി നിരീക്ഷണരീതിയാണ് സ്വീകരിച്ചിരിക്കുന്നത്.

1.6.4. ആവേദകർ

പഠനമേഖലയായി കേരളത്തിലെ അഞ്ചു ജില്ലകളാണ് തെരഞ്ഞെടുത്തിരിക്കുന്നത്. പാലക്കാട്, തൃശൂർ, മലപ്പുറം, കോഴിക്കോട്, വയനാട് എന്നിങ്ങനെ അഞ്ചു ജില്ലകളിൽ നിന്നും 150 ആവേദകരെ പഠനത്തിനായി തെരഞ്ഞെടുത്തിരിക്കുന്നു. 73 സ്ത്രീ ആവേദകരും 77 പുരുഷ ആവേദകരുമാണ് ഇതിൽ ഉൾപ്പെടുന്നത്. കുംഭാരന്മാർ കൂടുതലായി അധിവസിക്കുന്ന മേഖലകളെയാണ് പഠനത്തിനുവേി തെരഞ്ഞെടുത്തിരിക്കുന്നത്.

1.6.5. സാമൂഹിക ചരങ്ങൾ (Social variables)

ആവേദകരുടെ പ്രായം, സ്ത്രീപുരുഷ ഭേദം, തൊഴിൽ, വിദ്യാഭ്യാസം, പ്രദേശിക ഭേദം എന്നിവയെയാണ് ഈ പഠനത്തിൽ സാമൂഹിക ചരങ്ങളായി സ്വീകരിച്ചിരിക്കുന്നത്. ആവേദകരുടെ പ്രായം എന്ന സാമൂഹിക ചരത്തെ നാലു ഗണങ്ങളായി വിഭജിച്ചിരിക്കുന്നു.

1.6.5.1. പ്രായം

1. 20 വയസ്സുവരെ പ്രായമുള്ളവർ
2. 21 മുതൽ 35 വരെ പ്രായമുള്ളവർ
3. 36 മുതൽ 60 വരെ പ്രായമുള്ളവർ
4. 61 നു മുകളിൽ പ്രായമുള്ളവർ

20 വയസ്സുവരെ പ്രായമുള്ള 23 ആവേദകർ ള്. രാമത്തെ വിഭാഗത്തിൽ 46 ആവേദകരും മൂന്നാമത്തെ ഗണത്തിൽ 60 ആവേദകരും ഉൾപ്പെടുന്നു. 21 ആവേദകർ ആണ് നാലാമത്തെ വിഭാഗത്തിൽ ഉൾപ്പെടുന്നത്.

1.6.5.2. ലിംഗഭേദം

73 സ്ത്രീ ആവേദകരും 77 പുരുഷ ആവേദകരുമാണ് ആവേദഗണത്തിൽ ഉൾപ്പെടുന്നത്.

1.6.5.3. വിദ്യാഭ്യാസം

1. നിരക്ഷരർ
2. 1–ാംതരം മുതൽ 4–ാം തരം വരെ പഠിച്ചവർ
3. 5–ാംതരം മുതൽ 7–ാം തരം വരെ പഠിച്ചവർ
4. 8–ാംതരം മുതൽ 10–ാം തരം വരെ പഠിച്ചവർ
5. കോളേജ് തലം വരെ പഠിച്ചവർ/പഠിക്കുന്നവർ

നിരക്ഷരരായ 42 ആവേദകരും ഒന്നു മുതൽ 4–ാം ക്ലാസ് വരെ പഠിച്ച 27 ആവേദകരും ള്. 5 മുതൽ 7 വരെ പഠിച്ച 24 ആവേദകരും 8 മുതൽ 10 വരെ പഠിച്ച 36 ആവേദകരും കോളേജ് തലം വരെ പഠിച്ച 19 ആവേദകരെയുമാണ് പഠനത്തിനായി ലഭിച്ചിട്ടുള്ളത്.

1.6.5.4. തൊഴിൽ

തൊഴിൽ മേഖലയെ നാലായി വിഭജിച്ചിരിക്കുന്നു.

1. കുലത്തൊഴിൽ
2. കൂലിവേല
3. സർക്കാർ ജോലി
4. മറ്റുള്ളവ

കുലത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന 75 ആവേദകരാണ് പഠനത്തിൽ ഉൾപ്പെട്ടിരിക്കുന്നത്. കൂലിവേലയിലേർപ്പെട്ടിരിക്കുന്ന 9 ആവേദകരും സർക്കാർ ജോലിക്കാരായ 5 ആവേദകരും ഉ്. സ്വകാര്യസ്ഥാപനങ്ങളിലും മറ്റു ഇടങ്ങളിലും തൊഴിൽ ചെയ്യുന്ന 27 ആവേദകർ ആണ് ഉള്ളത്.

1.6.5.5.പ്രാദേശിക മേഖല

പഠനമേഖലകളായി തെരഞ്ഞെടുത്തിരിക്കുന്ന കേരളത്തിലെ അഞ്ചു ജില്ലകൾ അനുസരിച്ചുള്ള വ്യതിയാനത്തെ പ്രാദേശികമേഖലകൾക്കനുസരിച്ചുള്ള വ്യത്യാസമായി കണക്കാക്കിയിരിക്കുന്നു. ആവേദകരുടെ സാമ്പത്തിക നിലവാരം ഒരു സാമൂഹികചരം എന്ന രീതിയിൽ അപഗ്രഥനത്തിനു വേി സ്വീകരിച്ചിട്ടില്ല. സാധാരണ വരുമാനം കൊ് സാധാരണമായ ജീവിതം നയിക്കുന്നവരാണ് കുംഭാരന്മാർ. അതിനാൽ സാമ്പത്തികാവസ്ഥയ്ക്കനുസരിച്ച് ഭാഷയിലുാവുന്ന വ്യതിയാനം സാമൂഹികചരമായി സ്വീകരിച്ചിട്ടില്ല.

1.6.6. സ്ഥിതിവിവരക്കണക്കുകളുടെ അപഗ്രഥനം (Statistical Analysis)

ഭാഷേതര ദത്തങ്ങൾ സ്ഥിതിവിവരക്കണക്കുകളെ അപഗ്രഥിക്കുന്ന രീതിയുപയോഗിച്ചാണ് വിശകലനം നടത്തിയിരിക്കുന്നത്. പ്രധാനമായും രു മേഖലകളിലുള്ള ദത്തങ്ങളെ മാത്രമേ ഈ രീതിയനുസരിച്ച് അപഗ്രഥിച്ചിട്ടുള്ളൂ. വ്യത്യസ്ത ഭാഷാപ്രയോഗമേഖലകളിലെ ഭാഷാപരിരക്ഷണ/മാറ്റങ്ങൾ കത്തെുന്നതിനുവേിയും ഭാഷകരുടെ വിവിധ ഭാഷാമനോഭാവം കത്തെുന്നതിനുവേിയും തയ്യാറാക്കിയ ചോദ്യങ്ങളെയാണ് സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിലുള്ള അപഗ്രഥനത്തിനു വിധേയമാക്കിയിരിക്കുന്നത്.

1.7. പരിമിതികൾ

ഭാഷാപരിരക്ഷണ/മാറ്റ അവസ്ഥകളെ കേന്ദ്രീകരിച്ചുകൊ് നടത്തിയ പഠന മായതിനാൽ ഭാഷയുടെ വിവരണാത്മക വിശകലനം നടത്താൻ കഴിഞ്ഞിട്ടില്ല എന്നത് പഠനത്തിന്റെ ഒരു പരമിതിയാണ്. കുംഭാരന്മാർ കൂടുതലായി അധിവസിക്കുന്ന പ്രദേശങ്ങളെ മാത്രമാണ് പഠനമേഖലകളായി തെരഞ്ഞെടുത്തിരിക്കുന്നത്. ഇവരുടെ എല്ലാ ആവാസസ്ഥാനങ്ങളും ഗവേഷണത്തിനായി ഉൾപ്പെടുത്തിയിട്ടില്ല.

1.8. പ്രബന്ധ സ്വരൂപം

പ്രസ്തുത പ്രബന്ധത്തെ അഞ്ച് അധ്യായങ്ങളായി ക്രമപ്പെടുത്തിയിരിക്കുന്നു. ആമുഖം, പഠനലക്ഷ്യം, പൂർവ്വപഠനങ്ങൾ, രീതിശാസ്ത്രം തുടങ്ങിയവ ഉൾപ്പെടുന്ന ഉപോദ്ഘാതമാണ് ഒന്നാം അധ്യായം. രാമത്തെ അധ്യായത്തിൽ ഭാഷാസമ്പർക്കത്തിന്റെ സൈദ്ധാന്തികപശ്ചാത്തലം വിവരിക്കുന്നു. മൂന്നാം അധ്യായത്തിൽ കുംഭാരന്മാരുടെ കുടിയേറ്റ സാഹചര്യചരിത്രവും സാംസ്കാരിക പശ്ചാത്തലവും അപഗ്രഥിക്കുന്നു. കുംഭാരന്മാരുടെ ഭാഷയുടേയും വ്യാകരണത്തിന്റെയും സാമാന്യവിവരണം നല്കുന്നതാണ് നാലാം അധ്യായം. കുംഭാരസമുദായത്തിന്റെ ഭാഷാപരിരക്ഷണ/മാറ്റ, മനോഭാവ അവസ്ഥകളെ അപഗ്രഥിക്കുന്നതാണ് അഞ്ചാമത്തെ അധ്യായം. തുടർന്ന് പഠനത്തിലൂടെ കത്തെിയ വസ്തുതകളും നിഗമനങ്ങളും ഉപസംഹാരത്തിൽ ക്രോഡീകരിക്കുന്നു. ശേഷം ഗ്രന്ഥസൂചി നൽകുന്നു. ചോദ്യമാതൃക, ആവേദകസൂചി, കുംഭാരന്മാരുടെ പ്രസിദ്ധീകരണം (കുമ്മറ സെട്ട്) എന്നിവ അനുബന്ധങ്ങളായി നല്കുന്നു.

ഭാഷാസമ്പർക്കം

ഒരു ഭൂമിശാസ്ത്രമേഖലയിൽ രോ അതിലധികമോ ഭാഷകൾ സംസാരിക്കുന്ന സമൂഹങ്ങൾ പരസ്പരം സമ്പർക്കത്തിലിരിക്കുന്ന അവസ്ഥയാണ് ഭാഷാസമ്പർക്കം. ഭൂമിശാസ്ത്രപരമോ രാഷ്ട്രീയമോ സാമൂഹികമോ ആയ കാരണങ്ങൾ കൊ് ഭാഷാസമ്പർക്കം സംഭവിക്കാം. ഭാഷാസമ്പർക്കത്തിന്റെ ഫലമായി സൃഷ്ടിക്കപ്പെടുന്ന സാമൂഹിക ബഹുഭാഷാത്വത്തിന് നാലു കാരണങ്ങൾ നല്കുന്നു റാൽഫ് ഫാസോൾഡ് (1987:9) സാമ്രാജ്യത്വം (Imperialism), സംയുക്തഭരണം (Federation), അതിർത്തികളിലെ ദ്വിഭാഷാത്വം (Border area Multilingualism), കുടിയേറ്റം (Immigration).

2.1. സാമ്രാജ്യത്വം

സംഘം ചേർന്നുള്ള കുടിയേറ്റത്തിൽനിന്നും വ്യത്യസ്തമായി വലിയ സംഘം ആളുകൾ സ്വദേശത്തുനിന്നും തൊട്ടടുത്ത ഭൂമിശാസ്ത്രമേഖലയിലേക്ക് കടന്നു ചെല്ലുകയും അധികാരം സ്ഥാപിക്കുകയുമാണ് ഇവിടെ നടക്കുന്നത്. കോളനിവൽക്കരണം, സാമ്പത്തിക സാമ്രാജ്യത്വം എന്നിവ ഉപവിഭാഗങ്ങളാണ്.

2.2. സംയുക്തഭരണം

ഒരു ദേശത്തിന്റെ രാഷ്ട്രീയ നിയന്ത്രണത്തിൽ കീഴിൽ മറ്റൊരു ദേശം സ്ഥിതിചെയ്യുന്നതാണ് സംയുക്തരാഷ്ട്രം. വ്യത്യസ്ത വർഗ്ഗവിഭാഗങ്ങളുടെ ഐക്യം മൂലമുാകുന്ന ദേശീയതകളെയും ഈ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നു.

2.3. അതിർത്തികളിലെ ബഹുഭാഷാത്വം

എല്ലാ രാജ്യങ്ങൾക്കും കൃത്യമായ ഭൂമിശാസ്ത്ര അതിർത്തികൾ ഉായിരിക്കും. രാജ്യാതിർത്തികളിൽ സ്ഥിതിചെയ്യുന്ന ജനസമൂഹങ്ങൾ മിക്കവാറും ദ്വിഭാഷകരോ ബഹുഭാഷകരോ ആയിരിക്കും. ബഹുഭാഷക സമൂഹങ്ങൾ കൂടുതലായും സ്ഥിതിചെയ്യുന്നത് അതിർത്തി പ്രദേശങ്ങളിലാണ്. രാജ്യാതിർത്തികളിൽ താമസിക്കുന്ന ജനങ്ങൾ ഒരു രാജ്യത്ത് ഉൾപ്പെടുന്നവരാണെങ്കിലും അവർ മറ്റൊരു സാമൂഹിക-സാംസ്കാരിക വിഭാഗത്തിലെ അംഗങ്ങൾ കൂടിയാണ്.

2.4. കുടിയേറ്റം

ഒരു ഭൂമിശാസ്ത്ര മേഖലയിൽ നിന്നും മറ്റൊരു ഭൂമിശാസ്ത്ര മേഖലയിലേക്കുള്ള ജനതയുടെ കുടിയേറ്റത്തെ റാൽഫ് ഫാസോൾഡ് രായി തിരിക്കുന്നു. വലിയൊരു വിഭാഗം ജനങ്ങൾ സ്വന്തം രാജ്യം വിസ്തൃതമാക്കാൻ വേി തൊട്ടടുത്ത പ്രദേശത്തേക്കു കൂടി അധിവാസസ്ഥാനം വ്യാപിപ്പിക്കുന്നതോടൊപ്പം തന്നെ ആ പ്രദേശത്ത് നേരത്തെ സ്ഥിതിചെയ്തിരുന്ന ഭാഷകസമൂഹങ്ങളുടെ മേൽ അധികാരം സ്ഥാപിക്കുകയും ചെയ്യുന്നതാണ് ഒന്നാമത്തെ കുടിയേറ്റ രീതി. അതിന്റെ ഫലമായി ചില പ്രാദേശിക ജനസമൂഹങ്ങൾ ഭാഷാപരമായും സാംസ്കാരികമായും കുടിയേറ്റ വിഭാഗത്തോടൊപ്പം തന്നെ ദേശീയവൽക്കരിക്കപ്പെടുന്നു.

അംഗസംഖ്യ കുറഞ്ഞ ഒരു വിഭാഗം ജനങ്ങൾ മറ്റൊരു പ്രാദേശികതയുടെ അധികാരത്തിൽ കീഴിലേക്ക് അധിവാസം ഉറപ്പിക്കുന്നതാണ് രാമത്തെ തരം കുടിയേറ്റ രീതി. ഈ സാഹചര്യത്തിൽ കുടിയേറ്റജനത അവരുടെ മാതൃഭാഷയോടൊപ്പം കുടിയേറിയ മേഖലയിലെ ഭാഷയേയും സ്വാംശീകരിച്ചെടുക്കുന്നു.

മേല്പറഞ്ഞ കാരണങ്ങളിൽ അതിർത്തികളിൽ സംഭവിക്കുന്ന ബഹുഭാഷാത്വവും കുടിയേറ്റം മൂലമുാകുന്ന രാമത്തെ വിഭാഗം ബഹുഭാഷാത്വവുമാണ് ഇന്ത്യൻ പശ്ചാത്തലത്തിൽ കാണപ്പെടുന്നത്. ജെന്നിഫർ മേരി ബേയറുടെ (1986:15) അഭിപ്രായത്തിൽ ഇന്ത്യയിൽ രുതരത്തിൽ ഉള്ള ന്യൂനപക്ഷ ഭാഷകസമൂഹങ്ങൾ ഉ്.

1. ഏതെങ്കിലും ഒരു പ്രദേശത്തിന്റെ പ്രാദേശിക ഭാഷ ആകാൻ തീർച്ചയായും സാധ്യതയില്ലാത്ത ഒരു ഭാഷ പ്രയോഗിക്കുന്ന സമൂഹം ന്യൂനപക്ഷ ഭാഷകസമൂഹമാണ്. ഇന്ത്യയിൽ നിലനിൽക്കുന്ന ആദിവാസി ഭാഷകൾ ഇത്തരം ഭാഷകസമൂഹങ്ങളാണ്. ഉദാഹരണമായി സന്താൾ ഭാഷ സംസാരിക്കുന്ന സന്താളീസ്, തുളു ഭാഷ സംസാരിക്കുന്ന തുളുവന്മാർ. കേരളത്തിലെ മുഡുഗ, ഇരുള, കുറുമ്പ പോലുള്ള ഭാഷകൾ സംസാരിക്കുന്ന സമൂഹങ്ങൾ തുടങ്ങിയവ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.

2. ഈ വിഭാഗത്തിലുൾപ്പെടുന്ന ന്യൂനപക്ഷ സമൂഹത്തിലെ ജനങ്ങൾ സംസാരിക്കുന്ന ഭാഷകൾ, വേറെ ഏതെങ്കിലും പ്രദേശത്തെ പ്രാദേശിക ഭാഷകളായി സംസാരിക്കുന്നുാകും. കർണ്ണാടകയിലെ പ്രാദേശിക-ഔദ്യോഗിക ഭാഷയായ കന്നഡ സംസാരിക്കുന്ന കന്നഡ സമൂഹം തമിഴ്നാട്ടിൽ അല്ലെങ്കിൽ കേരളത്തിൽ ഒരു ന്യൂനപക്ഷ ഭാഷകസമൂഹമായിരിക്കും.

ഒരു പ്രദേശത്തുള്ള ഭൂരിപക്ഷ ഭാഷ സംസാരിക്കുന്ന ജനതയെ അപേക്ഷിച്ച്, താരതമ്യേന കുറഞ്ഞ ജനസംഖ്യയുള്ളതും ആ ഭാഷയിൽ നിന്നും വ്യത്യസ്തമായ ഒരു ഭാഷ സംസാരിക്കുന്നതുമായ ഭാഷാസമൂഹമാണ് ന്യൂനപക്ഷഭാഷകസമൂഹം. ഭൂരിപ ക്ഷഭാഷയ്ക്കു പുറമെ ഒരു പ്രദേശത്ത് ഒന്നിലധികം ന്യൂനപക്ഷഭാഷകൾ ഉാകാം. ഇ ന്ത്യൻ ഭരണഘടന ന്യൂനപക്ഷ ഭാഷകളെ നിർവ്വചിക്കുന്നത് ഇപ്രകാരമാണ്.

> ഏതൊരു സമൂഹത്തിനാണോ അതിന് ചുരുങ്ങിയത് ഒരു സംസാര ഭാഷ ഉായിരി ക്കണം. ഒരു ന്യൂനപക്ഷ ഭാഷകസമൂഹം ആകണമെങ്കിൽ അതിലെ ഭാഷകൾക്ക് ലിപി കൂടി ഉായിരിക്കണം എന്നത് ആവശ്യമില്ല. ഈ രാജ്യത്ത് ചില ഭാഷ കൾക്ക് ലിപിയില്ല. എങ്കിലും അത്തരം ഭാഷ സംസാരിക്കുന്നവരേയും ന്യൂനപ ക്ഷ ഭാഷക സമൂഹം എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്താം. (Dua Quoted by Jacob, 1972:371) പരിമിതമായ അംഗസംഖ്യയുള്ളതും വളരെ നിയന്ത്രിത മേഖ ലകളിൽ സ്ഥിതിചെയ്യുന്നതുമായ ഭാഷക സമൂഹങ്ങളെപ്പോലും സംരക്ഷിക്കേ ആവശ്യകതയുന്നെ് ഭരണഘടനയിൽ അനുശാസിക്കുന്നു. (Hans R Dua, 1986:5)

ഇന്ത്യയിൽ നിരവധി ന്യൂനപക്ഷ ഭാഷകസമൂഹങ്ങൾ അധിവസിക്കുന്നു്. കേരളത്തിൽ താമസിക്കുന്ന തമിഴന്മാർ, ഡൽഹിയിലെ മലയാളികൾ, ആന്ധ്രയിലെ തമിഴ് സംസാരിക്കുന്ന ആളുകൾ, തെലുഗു സംസാരിക്കുന്ന കേരളത്തിലെ നായ്ക്കന്മാർ, അനേകം ആദിവാസിഭാഷകസമൂഹങ്ങൾ തുടങ്ങിയവ ഇന്ത്യ യിലെ ന്യൂനപക്ഷ ഭാഷകസമൂഹങ്ങൾക്ക് ഉദാഹരണങ്ങളാണ്.

തുളുമാതൃഭാഷയുമായുള്ള തുളു ബ്രാഹ്മണർ, തമിഴ് ഭാഷ സംസാരിക്കുന്ന തമിഴ് ചെട്ടികൾ തമിഴ് ബ്രാഹ്മണർ, കൊങ്കിണി സംസാരിക്കുന്ന കൊങ്കിണികൾ,

തെലുഗു മാതൃഭാഷ ഉപയോഗിക്കുന്ന നായ്ക്കന്മാർ തുടങ്ങിയവർ കേരളത്തിലെ ഭാഷാന്യൂനപക്ഷങ്ങളാണ്. മൺപാത്രങ്ങൾ നിർമ്മിക്കുന്ന കുംഭാരസമുദായം ഇത്ത രത്തിലുള്ള ന്യൂനപക്ഷ സമൂഹമാണ്. ഇവരുടെ ഭാഷാസാംസ്കാരിക സവിശേഷത കൾ കേന്ദ്രീകരിച്ച് നടത്തുന്ന പഠനമാണ് ഇത്.

ഭാഷകസമൂഹങ്ങളുടെ സമ്പർക്കഫലമായി ഭാഷാഘടനയിലും ഭാഷണ ത്തിലും മാറ്റങ്ങൾ സൃഷ്ടിക്കപ്പെടുന്നു. ഭാഷകസമൂഹങ്ങളിൽ പ്രകടമാകുന്ന ദ്വിഭാ ഷാത്വം/ബഹുഭാഷാത്വം, ആദാനം, ഭാഷാപരിരക്ഷണം/മാറ്റം, മൊഴിമിശ്രണം, ഭാഷാതെരഞ്ഞെടുപ്പ്, ഭാഷാസംവ്രജനം തുടങ്ങിയവ ഭാഷാസമ്പർക്കത്തിന്റെ അന ന്തരഫലങ്ങളാണ്.

2.5. ദ്വിഭാഷാത്വം/ബഹുഭാഷാത്വം

2.5.1. നിർവ്വചനങ്ങൾ

ദ്വിഭാഷാത്വ/ബഹുഭാഷാത്വ അവസ്ഥകളെ സംബന്ധിച്ച് നിരവധി നിർവ്വചന ങ്ങൾ ഉായിട്ടു്. അജിത്. കെ. മൊഹന്തിയുടെ (1994:56) ഗ്രന്ഥത്തിൽ ഉദ്ധരിച്ചിരി ക്കുന്ന പ്രധാന നിർവ്വചനങ്ങൾ താഴെപറയുന്നവയാണ്.

1. രുഭാഷകളിലും സഹജമായ നിയന്ത്രണം ഉള്ള അവസ്ഥയാണ് ദ്വിഭാഷാത്വം – ബ്ലൂംഫീൽഡ്.

2. രു ഭാഷകൾ ഒന്നിടവിട്ട് പ്രയോഗിക്കുന്നതിനെ ദ്വിഭാഷാത്വമെന്നും അതിൽ ഉൾപ്പെട്ടിരിക്കുന്ന വ്യക്തിയെ ദ്വിഭാഷകൻ എന്നും വിളിക്കുന്നു. – വെന്റ്രിഹ്

3. ആശയത്തിന്റെ ഒട്ടുമിക്ക മേഖലകളിലും സ്വതന്ത്രമായി രു ഭാഷകളും സംസാരിക്കുകയും ആവശ്യാനുസരണം ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേക്ക് മൊഴിമാറ്റൽ (Code Switching) നടത്തുകയും ചെയ്യുന്ന വ്യക്തിയാണ് ദ്വിഭാഷകൻ–ഓസ്കാർ.

4. ~ ഒരു ഭാഷകന് മറ്റൊരു ഭാഷയിൽ പൂർണ്ണമായും അർത്ഥസഹിതമായ ഉച്ചാരണങ്ങൾ നിർമ്മിക്കാൻ സാധിക്കുന്ന അവസ്ഥയെ ദ്വിഭാഷാത്വം എന്നു പറയാം – ഹേഗൻ.

ഒരു പ്രത്യേക ഭാഷകസമൂഹത്തിൽ മൂന്നോ അതിലധികമോ ഭാഷകൾ ഉപയോഗിക്കുന്നതിനെ ബഹുഭാഷാത്വം എന്നു പറയുന്നു (medical.webends.com)

മേല്പറഞ്ഞ നിർവ്വചനങ്ങൾ ക്രോഡീകരിച്ചാൽ ഒരേ സമയം ഒരേ വ്യക്തി രു വ്യത്യസ്തഭാഷകളിൽ പ്രായോഗിക പരിജ്ഞാനം പ്രകടമാക്കുന്ന അവസ്ഥയാണ് ദ്വിഭാഷാത്വമെന്നും രിൽ കൂടുതൽ ഭാഷകളിൽ പ്രായോഗികപരിജ്ഞാനം പ്രകടമാക്കുന്ന അവസ്ഥയാണ് ബഹുഭാഷാത്വമെന്നും മനസ്സിലാക്കാം. രോ അതിലധികമോ ദേശ്യഭാഷകളിൽ നൈപുണ്യം പ്രകടമാക്കുന്ന വ്യക്തിയാണ് ദ്വിഭാഷകൻ. രു സാംസ്കാരിക വ്യത്യസ്തതകൾ നിരന്തരം സമ്പർക്കത്തിലേർപ്പെടുമ്പോൾ അവയെ പ്രതിനിധീകരിക്കുന്ന ഭാഷകളും സമ്പർ ക്കത്തിലാകുന്നതിന്റെ ഫലമായിട്ടാണ് ദ്വിഭാഷാത്വ/ബഹുഭാഷത്വ സാഹചര്യം ഉടലെടുക്കുന്നത്. വ്യക്തികൾ, വിഷയങ്ങൾ, സന്ദർഭങ്ങൾ എന്നിവയ്ക്കനുസരിച്ച് വ്യത്യസ്തഭാഷകളിൽ ആശയവിനിമയം നടത്താൻ ദ്വിഭാഷകന് സാധിക്കാറുു്.

വെന്റ്റിഹ് ദ്വിഭാഷകനെ മൂന്നു തരത്തിൽ വിഭജിക്കുന്നു (1964:9–10). തരം എ, (Type A) തരം ബി, (Type B) തരം സി. (Type C). തരം എ ദ്വിഭാഷകർ വ്യത്യസ്ത സാഹചര്യങ്ങളിൽ നിന്നും വ്യത്യസ്ത ഭാഷകൾ നേടിയെടുക്കുകയും ര് വ്യത്യസ്ത ഭാഷകസാഹചര്യങ്ങൾ സ്വന്തമായി ഉന്നെ് ബോധിപ്പിക്കത്തക്കവിധം ഭാഷണം നടത്തുകയും ചെയ്യുന്നു. സാഹചര്യങ്ങൾക്കനുസരിച്ച് വ്യത്യസ്ത ഭാഷ പ്രയോഗിക്കാൻ ഇത്തരം ദ്വിഭാഷകർക്ക് കഴിവുായിരിക്കും. ഇതിനെ ഏകീകൃത ദ്വിഭാഷാത്വം (co-ordinate bilingualism) എന്നു പറയും. രാമത്തെ വിഭാഗമായ തരം ബി ദ്വിഭാഷകർ രു ഭാഷകളും ഒരേ സാഹചര്യത്തിൽ നേടിയെടുക്കുന്നു. ഇത് സംയുക്ത ദ്വിഭാഷാത്വമാണ് (compound bilingulaism). തരം സി. വിഭാഗത്തിൽ ഉൾപ്പെടുന്ന ദ്വിഭാഷകർ മാതൃഭാഷയിലൂടെ സമ്പർക്കഭാഷയുടെ അർത്ഥങ്ങൾ നേടിയെടുക്കുകയും തുടർച്ചയായി മാനസിക വിവർത്തനത്തിലേർപ്പെട്ട് (mental translation) ചില പരിമിതമായ ആശയവിനിമയ ധർമ്മങ്ങളിൽമാത്രം സമ്പർക്ക ഭാഷ ഫലപ്രദമായി പ്രയോഗിക്കുകയും ചെയ്യുന്നു. ഇത്തരം ദ്വിഭാഷാത്വം കീഴ്നില ദ്വിഭാഷാത്വം (subordinate bilingualism) ആണ്. മലയാളം മാതൃഭാഷ സംസാരിക്കുന്ന വ്യക്തി ഇംഗ്ലീഷ് ഭാഷാവാക്യങ്ങളെ മാതൃഭാഷയിലൂടെ മനസ്സിലാക്കുകയും നിരന്തരമായി ഈ മലയാള അർത്ഥങ്ങളെ വിവർത്തനം ചെയ്ത് ഇംഗ്ലീഷിൽ സംസാരിക്കുകയും ചെയ്യുന്നു. ഇപ്രകാരം രു ഭാഷകളും കൈകാര്യം ചെയ്യുന്ന ദ്വിഭാഷകരെ മൂന്നാം ഗണത്തിൽ പെടുത്താം.

പാശ്ചാത്യരാജ്യങ്ങളിൽ നിലവിലുള്ള ബഹുഭാഷാത്വ സാഹചര്യങ്ങളിൽ നിന്നും വ്യത്യസ്തമാണ് ഇന്ത്യൻ ബഹുഭാഷാത്വമെന്ന് സൗത്ത് വെർത്തിന്റെ പഠനങ്ങൾ തെളിവു നൽകുന്നു. പാശ്ചാത്യരാജ്യങ്ങളിൽ ന്യൂനപക്ഷ കുടിയേറ്റജനസമൂ

ഹങ്ങൾ മിക്കവാറും ഒരു തലമുറയ്ക്കുശേഷം സാമൂഹികമോ, രാഷ്ട്രീയമോ ആയ സമ്മർദ്ദം മൂലം മാതൃഭാഷയെ ഉപേക്ഷിച്ച് ഭൂരിപക്ഷഭാഷയ്ക്ക് (ꝺominant language) കീഴടങ്ങുന്ന അവസ്ഥയാണ് സംജാതമാകുന്നത്. ഇന്ത്യയിൽ വ്യത്യസ്ത മാതൃഭാഷക്കാർ പരമ്പരാഗതമായ ഭാഷ മാറ്റം ചെയ്യാതെ ദ്വിഭാഷകരോ ബഹുഭാഷകരോ ആയിത്തന്നെ വസിച്ചുപോരുന്നതായി കാണാം. (Southworth, 1980:74-108)

ദ്വിഭാഷാസമൂഹത്തിൽ അധിവസിക്കുന്ന ന്യൂനപക്ഷഭാഷ സംസാരിക്കുന്ന വ്യക്തി സ്വാഭാവികമായി മാതൃഭാഷയോടൊപ്പം തന്നെ ഭൂരിപക്ഷഭാഷയും നേടി യെടുക്കുന്നു. വെന്റ്രിഹ് അഭിപ്രായപ്പെടുന്ന മൂന്നുവിഭാഗം ദ്വിഭാഷകരിൽ കുംഭാര ന്മാർ രാമത്തെ വിഭാഗത്തിൽ ഉൾപ്പെടുന്നു. ഇവർ ഒരേ സാമൂഹിക സാഹചര്യ ത്തിൽ നിന്നുതന്നെ മാതൃഭാഷയും അതോടൊപ്പം ഭൂരിപക്ഷഭാഷയായ മലയാ ളവും നേടിയെടുക്കുന്നു.

2.6. ഭാഷാതെരഞ്ഞെടുപ്പ്

ദ്വിഭാഷക സന്ദർഭത്തിൽ വസിക്കുന്ന ന്യൂനപക്ഷ ഭാഷകന് ഭാഷണ ത്തിൽ നിരവധി തെരഞ്ഞെടുപ്പുകൾ നേരിടേി വരുന്നു. ഏതു സന്ദർഭത്തിൽ ഏതേതുഭാഷ പ്രയോഗിക്കണം എന്നത് ദ്വിഭാഷകരുടെ മാനസികതലത്തിൽ അബോധപൂർവ്വമായി രേഖപ്പെടുത്തിയിരിക്കുന്നു (Mohanty, 1994:35). മാതൃഭാഷ സംസാരിക്കുന്ന വ്യക്തിയോട് അതേ ഭാഷയിൽ ആശയവിനിമയം നടത്തുകയും ഭൂരിപക്ഷഭാഷ പ്രയോഗിക്കേ സന്ദർഭങ്ങളിൽ ആ ഭാഷ പ്രയോഗിക്കുകയും ചെയ്യാനുള്ള ഭാഷാശേഷി ദ്വിഭാഷകൻ നേടിയെടുത്തിട്ടുാകും.

റാൽഫ് ഫാസോൾഡ് (1987: 180) വിശദമാക്കുന്ന പ്രധാനപ്പെട്ട ഭാഷാതെര ഞ്ഞെടുപ്പുകളാണ് മൊഴിമാറ്റൽ (code switching), മൊഴിമിശ്രണം (code mixing) ആദാനം (borrowing) എന്നിവ.

2.6.1. മൊഴിമാറ്റൽ (Code Switching)

രഠോ അതിലധികമോ ഭാഷകൾ സമ്പർക്കത്തിലിരിക്കുമ്പോൾ പരസ്പരം കൊടുക്കൽ വാങ്ങലുകൾ നടത്തുക സ്വാഭാവികമാണ്. ഒരു ഭാഷയിൽ നിന്നോ ഭാഷാഭേദത്തിൽ നിന്നോ സന്ദർഭം, സാഹചര്യം, വിഷയം തുടങ്ങിയവയ്ക്കനുസ രിച്ച് മറ്റൊരു ഭാഷയിലേക്കോ ഭാഷാഭേദത്തിലേക്കോ പെട്ടെന്ന് ഭാഷണത്തെ മാറ്റു ന്നതാണ് മൊഴിമാറ്റൽ (മാർക്കോസ്, 1992:15). ഭാഷണ വേളയിൽ ദ്വിഭാഷകർക്ക് സംഭവിക്കുന്ന മാനസികസമ്മർദ്ദത്തെ കുറയ്ക്കാനായി സ്വീകരിക്കുന്ന ഒരു ഭാഷണ പ്രക്രിയയാണ് ഇത്. ആശയവിനിമയ നിർവ്വഹണത്തിൽ ഭാഷകർ ഒന്നില ധികം ഭാഷകൾ ഉപയോഗിക്കുന്നു. സമാനമായ ഭാഷണസാഹചര്യത്തിൽ ഒരേ ഭാഷകരോട് സംസാരിക്കുന്ന വ്യക്തി രഠോ അതിലധികമോ ഭാഷകളിൽ നിന്നും ഭാഷാഘടകങ്ങളെ സ്വീകരിക്കുകയാണ് ഇവിടെ ചെയ്യുന്നത്. കൂടുതൽ അഭിമാനക രമായ ഭാഷയിലേക്കായിരിക്കും ഭാഷകർ മൊഴിമാറ്റൽ നടത്തുന്നത്. ഭാഷണപ്രക്രി യയിൽ അനുയോജ്യമായ രൂപങ്ങൾ അന്വേഷിക്കുന്ന ദ്വിഭാഷകൻ സ്വമേധയാ അല്ലാതെ ദേശ്യഭാഷാ ഘടകങ്ങൾക്ക് പകരമായി വൈദേശിക ഘടകങ്ങൾ പ്രയോ ഗിക്കുന്നു. (Sreevalsan 1999:18) വ്യാകരണഘടന വ്യത്യസ്തമായ വാക്യങ്ങളാകാം പ ലപ്പോഴും ഭാഷകർ മൊഴിമാറ്റൽ നടത്തി പ്രയോഗിക്കുന്നത്.

2.6.2. മൊഴിമിശ്രണം (Code Mixing)

ഒരു ഭാഷയുടെ ഉപയോഗത്തിനിടയ്ക്ക് ഭാഷകർ മറ്റൊരു ഭാഷയിലെ ഘടകങ്ങളെ പ്രയോഗിക്കുന്നതാണ് മൊഴിമിശ്രണം എന്ന് റാൽഫ് ഫാസോൾഡ് (1987: 180) അഭിപ്രായപ്പെടുന്നു. സ്വീകരിക്കുന്ന ഘടകങ്ങൾ ഒരു പക്ഷേ മറ്റൊരു ഭാഷയിലെ വാക്കുകളോ ശൈലികളോ ആകാം. അതിനാൽ നിഘു തലത്തിൽ മാത്രം ഒതുങ്ങുന്ന ഒന്നല്ല മൊഴിമിശ്രണം. ആശയ വിനിമയത്തിനായി പുതിയ പദസഞ്ചയങ്ങൾ കൂട്ടിക്കലർത്തുകയാണ് ഭാഷകർ ചെയ്യുന്നത്. ഈ പുതിയ ഘടകങ്ങൾ വാക്യഘടനയിൽ ലയിക്കാതെ വേറിട്ട് മറ്റൊരു ഭാഷയിലെ പദസഞ്ചയമായിത്തന്നെ നിലനിൽക്കുന്നു.

2.6.3. ആദാനം (Borrowing)

ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേക്ക് പദങ്ങളെയോ വ്യാകരണ ഘടകങ്ങളേയോ ചേർത്തിണക്കി പ്രയോഗിക്കുന്നതിനെയാണ് ആദാനം എന്നു പറയുന്നത് (Fasold, 1987:180). ഭാഷാസമ്പർക്കത്തിന്റെ ഫലമായി ഭാഷയിൽ സംഭവിക്കുന്ന ഒരു പ്രധാനപ്പെട്ട മാറ്റമാണ് ഇത്. ആദാനത്തിന്റെ ഭാഗമായി ഭാഷയിൽ കടന്നുകൂടിയ 'പുതിയ' വാക്ക് സ്വഭാഷയിലെ തനിവാക്കുകൾ അല്ല എന്ന ബോധം ഭാഷകന് പലപ്പോഴും അനുഭവപ്പെടുന്നില്ല. അവ മാതൃഭാഷയിലെ പദസഞ്ചയമായിത്തന്നെ നിരന്തരം പ്രയോഗിക്കുന്നു. ഒരു വ്യക്തിയുടെ മാതൃഭാഷയിലേക്ക് സ്വനിമങ്ങളോ രൂപിമങ്ങളോ ആദാനം ചെയ്തേക്കാം. ആദാനം നിഘുതലത്തിൽ മാത്രം സംഭവിക്കണം എന്നില്ല. സ്വനിമപരമോ ഘടനാത്മകമോ ആയ ചില വസ്തുതകളും ഭാഷ ആദാനം ചെയ്തേക്കാം. ഇംഗ്ലീഷിലെ 'bouquet' എന്ന പദം ഫ്രഞ്ചിൽ നിന്നും 'thug' എന്നത് ഹിന്ദിയിൽ നിന്നും 'patio' സ്പാനിഷിൽ നിന്നും കടം കൊട്ടുള്ള വാക്കുകളാണെന്ന് റാൽഫ് ഫോസോൾഡ് ഉദാഹരിക്കുന്നു.

അതുപോലെത്തന്നെ മലയാള ഭാഷയിൽ കാണുന്ന നിരവധി ഇംഗ്ലീഷ്, അറബിക്, പോർട്ടുഗീസ് പദങ്ങൾ ഇത്തരം ആദാനത്തിന്റെ ഫലമായി കടന്നു കൂടിയിട്ടുള്ളവയാണ്.

ആദാനത്തെ രുതരത്തിൽ വിഭജിക്കുന്നതായി ഫ്രെഡറിക് ഫീൽഡ് (2002: 4) പറയുന്നു. ഒരു ഭാഷകൻ മറ്റൊരു ഭാഷയിൽ നിന്നുള്ള രൂപത്തെ നിരന്തരമായി ഒരേ ഉച്ചാരണത്തോടെ ഉപയോഗിക്കുന്ന ഉച്ചാരണതലത്തിലുള്ള ആദാന (Speech Borrowing)മാണ് ആദ്യത്തേത്. മറ്റൊന്ന് ഒരു ഭാഷയിലെ പദരൂപത്തെ മറ്റൊരു ഭാഷയിലേക്ക് ആദാനം നടത്തി പ്രയോഗിക്കുന്ന ഭാഷാപരമായ ആദാനം (Language Borrowing) ആണ്.

ആദാനം പലരീതിയിൽ സംഭവിക്കാം. ഒരു ഭാഷയിലെ ആശയവും രൂപവും ഒരുമിച്ചു സ്വീകരിക്കുന്ന രീതി, വിദേശഭാഷയിലെ ആശയം മാത്രം സ്വീകരിക്കുന്ന രീതി, വിദേശ ഭാഷാ രൂപവും സ്വദേശീയ രൂപവും കൂട്ടിക്കലർത്തി സ്വീകരിക്കുന്ന രീതി എന്നിങ്ങനെ ഭാഷാ ആദാനരീതികൾ ഭാഷകൾ സ്വീകരിക്കാറു് (Field, 2002:8).

മുകളിൽ പറഞ്ഞിരിക്കുന്ന മൂന്നു തരം ഭാഷാതെരഞ്ഞെടുപ്പുകളിൽ ആദാനം ഒഴികെ മൊഴിമിശ്രണവും മൊഴിമാറ്റലും സമൂഹത്തിൽ (ഭാഷണത്തിൽ) സംഭവിക്കുന്നതാണ്. ആദാനം മൂലം ഭാഷയുടെ ഘടനയിൽ ആണ് മാറ്റം സംഭവിക്കുന്നത്.

2.7. ഭാഷാസംവ്രജനം

ദ്വിഭാഷക/ബഹുഭാഷക സമൂഹത്തിന്റെ ഭാഷയിൽ സംഭവിക്കുന്ന മറ്റൊരു പ്രധാന പ്രതിഭാസമാണ് സംവ്രജനം. ഭാഷാസമ്പർക്കം മൂലം ഭാഷകളുടെ ബാഹ്യ

ഘടനകളോടൊപ്പം തന്നെ ആന്തരികഘടനകളിലും മാറ്റങ്ങൾ സംഭവിക്കാറു്. ഒന്നിലധികം ഭാഷകളും സംസ്കാരങ്ങളും തമ്മിലുള്ള പരസ്പര ബന്ധത്തിന്റെ ഫലമായി അവയിൽ പ്രത്യക്ഷപ്പെടുന്ന ഘടനാപരമായ സമാനതകളെയാണ് ഭാഷാ സംവ്രജനം എന്ന പദം കൊ് അർത്ഥമാക്കുന്നത് (Sreevalsan, 1999:32) സമ്പർക്കത്തി ലേർപ്പെടുന്ന ന്യൂനപക്ഷ ഭാഷകളുടെ ഘടനകൾക്കായിരിക്കാം ഇത്തരം വ്യതി യാനങ്ങൾ സംഭവിക്കുന്നത്. സമ്പർക്കം മൂലം ഭാഷയുടെ ആന്തരിക ഘടനകളിൽ അതായത് സ്വനം, സ്വനിമം, വാക്യം, അർത്ഥം എന്നിവയിൽ മാറ്റങ്ങൾ സംഭവി ക്കാം. സംവ്രജനം മൂന്നുരീതികളിൽ സംഭവിക്കാം (Sreevalsan,1999:33).

1. സമ്പർക്കത്തിലേർപ്പെടുന്ന രുഭാഷകളിലും സംവ്രജനം സംഭവിക്കാം.
2. ഭാഷകന്റെ മാതൃഭാഷയിൽ നിന്ന് സമ്പർക്കത്തിലേർപ്പെടുന്ന ഭൂരിപക്ഷ ഭാഷ യിലേക്ക്.
3. ഭൂരിപക്ഷ ഭാഷയിൽ നിന്ന് ഭാഷകന്റെ മാതൃഭാഷയിലേക്ക്.

വ്യത്യസ്ത ഗോത്രങ്ങളിൽ ഉൾപ്പെടുന്ന ഭാഷകൾ തമ്മിൽ സമ്പർക്കത്തി ലേർപ്പെടുമ്പോഴും ഇത്തരം ഭാഷാസംവ്രജനം സംഭവിക്കാം.

2.8. ഭാഷാപരിരക്ഷണവും മാറ്റവും (Language Maintenance and Shift)

ഒരു സമൂഹം പരമ്പരാഗതമായി ഉപയോഗിച്ചുവരുന്ന ഭാഷ ഉപേക്ഷി ക്കാതെ പ്രയോഗത്തിൽ നിലനിർത്തുന്നുവെങ്കിൽ അവിടെ ഭാഷ പരിരക്ഷിക്കപ്പെ ടുന്നു എന്നു പറയാം. എന്നാൽ സമൂഹം പരമ്പരാഗതഭാഷ ഉപേക്ഷിച്ച് ആ സ്ഥാനത്ത് മറ്റൊരു ഭാഷ സ്വീകരിക്കുന്നതാണ് ഭാഷാമാറ്റം (Language Shift) Fasold,1987:213). ദ്വിഭാഷാ/ബഹുഭാഷാ സാഹചര്യത്തിലാണ് ഭാഷാപരിരക്ഷണ/മാറ്റ

അവസ്ഥകൾ സംജാതമാകുന്നത്. ഇത്തരം അവസ്ഥയിൽ ഭൂരിപക്ഷ ഭാഷയുടെ സ്വാധീന സമ്മർദ്ദങ്ങൾക്കിടയിലും ഒരു സമൂഹം മാതൃഭാഷതന്നെ ആശയവിനിമയ ത്തിനായി ഉപയോഗിച്ചുവരികയാണ് ഭാഷാപരിരക്ഷണത്തിൽ (Language Maintenance) ചെയ്യുന്നത്. നേരെ മറിച്ച് ഭൂരിപക്ഷ ഭാഷയുടെ സമ്മർദ്ദത്തിനു വഴങ്ങി അടിസ്ഥാന ഭാഷാ പ്രയോഗമേഖലകളിൽ പോലും ആ ഭാഷ പ്രയോഗി ക്കുന്ന അവസ്ഥയാണ് ഭാഷാമാറ്റം. ഭാഷാപരിരക്ഷണവും മാറ്റവും സമൂഹത്തിൽ ഒരേ സമയം സംഭവിക്കുന്നതാണ്. ഭാഷാപരിരക്ഷണം സാമൂഹിക സ്വത്വവുമായി ബന്ധപ്പെട്ടതും ഭാഷാമാറ്റം സാമൂഹികമായ അതിജീവനവുമായി ബന്ധപ്പെട്ടതും ആണ് (Sreevalsan, 1999:21) ഭാഷയുടെ വിവിധ ആശയവിനിമയ തലങ്ങ (മേഖലകൾ) ളിലാണ് ഭാഷ സംരക്ഷിക്കപ്പെടുന്നതും മാറ്റപ്പെടുന്നതും.

2.9. ഭാഷാപ്രയോഗ തലം (Domains of language Use)

ഭാഷാപ്രയോഗതലത്തിൽ ചുരുങ്ങിയത് മൂന്നു ഘടകങ്ങൾ ഉായിരിക്കണം. ഭാഷണത്തിൽ പങ്കെടുക്കുന്നവർ (ഭാഷകർ), ഭാഷണപ്രക്രിയ നടക്കുന്ന സ്ഥലം, ഭാഷകർ ചർച്ചചെയ്യുന്ന വിഷയം. ഈ മൂന്നു ഘടകങ്ങളും ഉൾക്കൊള്ളുന്ന വിശാലമായ ഒരു പ്രതലമാണ് ഭാഷാപ്രയോഗമേഖല (Susanne Romain, 2000:518) ഭാഷണത്തിലെ ഏറ്റവും അടിസ്ഥാനവും പ്രധാനവുമായ ഭാഷാപ്രയോഗതലം കുടുംബമാണ്. സുഹൃത്തുക്കൾ, അയൽക്കാർ, വിദ്യാലയം, തൊഴിൽ ശാലകൾ, മാർക്കറ്റ്, മാധ്യമങ്ങൾ തുടങ്ങിയവ മറ്റ് ഭാഷാപ്രയോഗമേഖലകളാണ്. ഭാഷാ സംരക്ഷണ/മാറ്റങ്ങൾ സംഭവിക്കുന്നത് ഇത്തരം മേഖലകളിലാണ്.

2.10. ഭാഷാമനോഭാവം

ഒരു പ്രത്യേക ഭാഷയോടോ ഭാഷാഭേദത്തോടോ ഉള്ള ഭാഷകരുടെ മനോഭാവമാണ് ഭാഷാമനോഭാവം. ദ്വിഭാഷാസാഹചര്യത്തിലിരിക്കുന്ന ഒരു ഭാഷ നശിക്കാൻ അനുവദിക്കേതോ സംരക്ഷിക്കപ്പെടേതോ എന്നു തീരുമാനിക്കുന്നതിനുവേ നിർണ്ണായകമായ ഘടകങ്ങളാണ് ഭാഷയുടെയും സമൂഹത്തിന്റെയും ഇടയ്ക്കുള്ള പരസ്പരബന്ധവും ഭാഷകരുടെ മനോഭാവവും. സമൂഹത്തിൽ ആശയവിനിമയത്തിന് ഉപയോഗിക്കുന്ന ഭാഷയും ഭാഷകരുടെ മനോഭാവവും തമ്മിൽ ദൃഢമായ ബന്ധമാണുള്ളത് ഭാഷാമനോഭാവം കത്തൊൻ നിരവധി പഠന രീതികൾ ഉ്. ചോദ്യാവലി, അഭിമുഖം, നിരീക്ഷണം എന്നീ പദ്ധതികൾ ഉപയോഗിച്ച് ഭാഷാമനോഭാവം കത്തൊം. (Fasold, 1987:165)

ഭാഷയോട് ഭാഷകർക്കുള്ള മനോഭാവത്തിനെ അടിസ്ഥാനപ്പെടുത്തി ഭാഷാപരിരക്ഷണ/മാറ്റ തോതിനെ നിർണ്ണയിക്കാവുന്നതാണ്. അനുകൂലം (positive), പ്രതികൂലം (negative), ഉദാസീനം (neutral) എന്നിങ്ങനെയുള്ള മനോഭാവങ്ങളാണ് മുഖ്യമായും പരിഗണിക്കാറുള്ളത്. ഭാഷയോട് അനുകൂല മനോഭാവം പ്രകടിപ്പിക്കുന്ന സമൂഹത്തിലെ ഭാഷയാണ് പരിരക്ഷിക്കപ്പെടുന്നത്. സമൂഹത്തിന് ഭാഷയോടുള്ള പ്രതികൂലവും ഉദാസീനവുമായ മനോഭാവം ഭാഷാമാറ്റത്തിലേക്കാണ് നയിക്കുക. ഭാഷാമനോഭാവം ഭാഷകരും സ്വത്വബോധവുമായി ബന്ധപ്പെട്ടിരിക്കുന്നു.

2.11. ഭാഷയും സ്വത്വവും

ഓരോ വ്യക്തിക്കും താൻആരാണെന്നതിനെക്കുറിച്ചും സമൂഹത്തിലെ ഏത് വിഭാഗത്തിൽ ഉൾപ്പെടുന്നവനാണെന്നതിനെക്കുറിച്ചും ഉള്ള ബോധത്തെ

സ്വത്വബോധം എന്നു പറയാം. ഒരു സവിശേഷ സംഘത്തിൽ ഉൾപ്പെടുന്ന വ്യക്തി യാണ് എന്ന സ്വയംമൂല്യനിർണ്ണയത്തിൽ നിന്നും ഉരുത്തിരിയുന്നതാണ് സ്വത്വബോധം (Bayer,1990:102). ഈ സ്വത്വബോധം ഒരു വ്യക്തിയുടെ വർഗ്ഗത്തെയോ സമൂഹത്തെയോ രാജ്യത്തെയോ പ്രദേശത്തെയോ ഭാഷയേയോ സംബന്ധിക്കുന്നതാവാം. ഒരു സമൂഹത്തിന്റെ സ്വത്വവുമായി വളരെയധികം അടുത്തബന്ധം പുലർത്തുന്നു ആ ഭാഷ. ഒരു സമൂഹത്തിന്റെ സ്വത്വചിഹ്നമാണ് ഭാഷ. ദ്വിഭാഷ സംസാരിക്കുന്ന ഒരുവ്യക്തി ഏതു സന്ദർഭത്തിൽ ഏതു ഭാഷ തെരഞ്ഞെടുക്കുന്നു എന്നുള്ളതു പോലും അയാളുടെ സ്വത്വത്തെ വെളിപ്പെടുത്തുന്നതാണ്. മാതൃഭാഷ സംസാരിക്കുന്നതിലൂടെ ഒരു വ്യക്തി അബോധപൂർവ്വമോ ബോധപൂർവ്വമോ ആയി ആ വ്യക്തി ഉൾപ്പെടുന്ന സമൂഹത്തിന്റെ സ്വത്വപ്രകാശനമാണ് നിർവ്വഹിക്കുന്നത്. ഒരു ന്യൂനപക്ഷസമൂഹത്തിന്റെ ഭാഷ നഷ്ടപ്പെട്ടുകൊിരിക്കുന്ന അവസ്ഥയിലോ അഥവാ അവർ ഭാഷയോട് പ്രതികൂലമനോഭാവം പ്രകടമാക്കുന്ന അവസരത്തിലോ ഭാഷാപരമായ സ്വത്വത്തെക്കുറിച്ച് അവർ ആശങ്കയിലാണെന്നു പറയാം.

2.1.2 ഭാഷാപരിരക്ഷണ ഘടകങ്ങൾ

ഭാഷാതെരഞ്ഞെടുപ്പ്, ഭാഷകരുടെ മനോഭാവം, ഭാഷാപ്രയോഗ മേഖലകൾ എന്നിവകളുടെ അപഗ്രഥനത്തിലൂടെ ഒരു പ്രത്യേക ഭാഷ പരിരക്ഷിക്കപ്പെടുന്നുവോ എന്നു തിരിച്ചറിയാം. ഇവയ്ക്കു പുറമെ ചില സമൂഹങ്ങളിൽ മറ്റു ഘടകങ്ങൾ കൂടി ഭാഷാപരിരക്ഷണത്തിന് സഹായമാകാറു്. (Field, 2002: 2021).

- ⇔ ഭാഷകസമൂഹത്തിന്റെ അതിർത്തി സംരക്ഷിക്കുന്നതിലൂടെ ഭാഷാ പരിരക്ഷണം സാധ്യമാകുന്നു. മൈസൂരിലെ ആംഗ്ലോ-ഇന്ത്യൻ ജനവിഭാഗം ഇത്തരത്തിൽ ഭാഷാസംസ്കാര അതിർത്തികൾ സംരക്ഷിക്കാൻ താല്പര്യം പ്രകടിപ്പിക്കുന്നവരാണെന്ന് ജെന്നിഫർ മേരി ബെയർ (1984) തന്റെ പഠനത്തിൽ വ്യക്തമാക്കുന്നു. ഈ ജനവി

ഭാഗം ഇന്ത്യൻ ഭാഷകൾ മാധ്യമമായുള്ള സ്കൂളുകളിൽ വിദ്യാർത്ഥികളെ പഠിപ്പിക്കാൻ ആഗ്രഹിക്കാത്തവരും ഇംഗ്ലീഷ് മാധ്യമം മാത്രം തെരഞ്ഞെടുക്കുകയും ചെയ്യുന്നവരാണ്. ഇത് ഭാഷാസംരക്ഷണത്തിന്റെ വളരെ സങ്കുചിതമായ അവസ്ഥയാണ്. അതിനാൽ തന്നെ അസാധാരണമായി മാത്രം കുവരുന്ന ഒരു ഭാഷാപരിരക്ഷണ മാർഗ്ഗമാണിത്.

⇔ ഭൂമിശാസ്ത്രപരമായി ഒറ്റപ്പെട്ട പ്രദേശങ്ങളുടെ ആഭ്യന്തര അതിർത്തികൾ ഭാഷാപരിരക്ഷണത്തെ പ്രോത്സാഹിപ്പിക്കുന്നു. ചില ന്യൂനപക്ഷ ഭാഷകളുടെ സംരക്ഷണം നടക്കുന്നത് ഇത്തരം സാഹചര്യത്തിലാണ്.

⇔ രു ഭാഷകൾ നിലനില്ക്കുന്ന സാഹചര്യത്തിൽ ഓരോ ഭാഷയ്ക്കും പ്രായോഗിക തലങ്ങളും ലക്ഷ്യങ്ങളും പ്രത്യേകം ഉാവുകയും ഒരു ഭാഷ മറ്റൊരു സാഹചര്യത്തിൽ തീർത്തും അനുയോജ്യമല്ലാത്തതുമായ സാഹചര്യത്തിൽ ഭാഷകൾ സംരക്ഷിക്കപ്പെടാം. പരാഗ്വേയിലെ ഗൗരാനി–സ്പാനിഷ് ഭാഷകൾ ഉദാഹരണം.

ഭാഷാസംരക്ഷണത്തിനു വേ പ്രധാന ഘടകം ഭാഷകരുടെ അനുകൂല മനോഭാവമാണ്.

ഭാഷകസമൂഹങ്ങളുടെ സമ്പർക്കഫലമായി സൃഷ്ടിക്കപ്പെടുന്ന വളരെ സങ്കീർണമായ അവസ്ഥകളാണ് ഭാഷാപരിരക്ഷണ/മാറ്റങ്ങൾ. ഭൂരിപക്ഷഭാഷയുടെ സമ്മർദ്ദംമൂലമോ മറ്റേതെങ്കിലും കാരണങ്ങൾ കൊാേ ആവാം ഭാഷാപരിരക്ഷണ/മാറ്റ അവസ്ഥകൾ സംജാതമാകുന്നത്. ഭാഷാസമ്പർക്കത്തിന്റെ സൈദ്ധാന്തിക പശ്ചാത്തലത്തിൽ കേരളത്തിലെ ആന്ധ്ര–കുംഭാരന്മാരുടെ

ഭാഷാപരിരക്ഷണ/മാറ്റ അവസ്ഥകൾ വ്യക്തമാക്കുന്നവയാണ് അടുത്ത അധ്യായങ്ങൾ.

കുംഭാരന്മാരുടെ കുടിയേറ്റചരിത്രവും സാംസ്കാരിക പശ്ചാത്തലവും

കളിമൺ ഉല്പന്നങ്ങളുടെ നിർമ്മിതിയും അവയുടെ വിപണനവും കൊ് ഉപജീവനം നടത്തിവരുന്ന കേരളത്തിലെ കുംഭാരസമൂദായം ആന്ധ്രപ്രദേശിൽ നിന്നും കുടിയേറിയവരാണെന്ന് പൊതുവെ അറിയപ്പെടുന്നു്.. ഏതൊരു സമൂഹത്തിന്റെയും സമകാലിക ഭാഷാസ്വഭാവം അവരുടെ സാമൂഹികഭാഷാപര സവിശേഷതകളുടെ ചരിത്രവുമായി ബന്ധപ്പെട്ടിട്ടുാവും. ഇത്തരമൊരു പശ്ചാത്തലത്തിൽ കുംഭാരന്മാർ കേരളത്തിലേക്ക് കുടിയേറിയതിന്റെ സാഹചര്യത്തെക്കുറിച്ച് അന്വേഷിക്കുകയും പ്രത്യേകമായൊരു ഭാഷകസമൂഹമായി നിലനിൽക്കുന്നതിനെക്കുറിച്ച് മനസ്സിലാക്കുകയും ചെയ്യേതു്.

3.1. കുംഭാരന്മാർ – പൊതുവിവരണം

മലയാളത്തിൽ നിന്നും വിഭിന്നമായ ഭാഷാസ്വത്വം ഉള്ളവരും സാംസ്കാരികമായ വ്യത്യസ്തതകൾ പിൻതുടരുന്നവരുമാണ് ഈ സമുദായക്കാർ. കളിമണ്ണുകൊ് തൊഴിൽ ചെയ്യുന്ന കുംഭാരസമൂഹം ഇന്ത്യയുടെ എല്ലാഭാഗത്തും വിവിധ പേരുകളിൽ അധിവസിക്കുന്നു. ഡൽഹിയിൽ കുംഹാർ അല്ലെങ്കിൽ പ്രജാപതി, പഞ്ചാബിൽ കുമർ/കുമിയർ, ചാണ്ഡീഘഡിൽ കുംഹർ, ഉത്തർപ്രദേശിൽ കുംഭാർ/പ്രജാപതി, ബീഹാറിൽ കുംഭകാർ, ആന്ധ്രാപ്രദേശിൽ കുമ്മാര/കുംഭാര, തമിഴ്നാട്ടിൽ കുശവൻ/കുമ്മാരി, കർണ്ണാടകയിൽ കുമ്മർ/വാഡിയാർ, കേരളത്തിൽ കുശവൻ, കുംഭാരൻ, കൊയപ്പാൻ, കലംചെട്ട്യാർ എന്നിങ്ങനെ അറിയപ്പെടുന്നു.

കേരളത്തിൽ പാലക്കാട്, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലാണ് ആന്ധ്ര-കുംഭാരന്മാർ കൂടുതലായി അധിവസിക്കുന്നത്. ഓരോ ജില്ലയിലെയും ഇവരുടെ പ്രധാന അധിവാസകോളനികൾ താഴെ കൊടുക്കുന്നവയാണ്.

തൃശ്ശൂർ	കൊടകര, മുത്തിക്കോട്, പാത്രമംഗലം, ആളൂർ, നടത്തറ, പാടൂക്കാട്, നല്ലുവായ്, പഴയന്നൂർ.
പാലക്കാട്	ഷൊർണ്ണൂർ, ഒറ്റപ്പാലം, പട്ടാമ്പി, പുളിനെവല്ലി, നെന്മാറ, കല്ലൂർ
മലപ്പുറം	കോട്ടക്കൽ, ഉഗ്രപുരം, നിലമ്പൂർ, വളാഞ്ചേരി, മഞ്ചേരി, മേലാറ്റൂർ, മമ്പാട്, ഒതുക്കുങ്ങൽ, കൊറോട്ടി, പൊന്നാനി.
കോഴിക്കോട്	വടകര, ഫറോക്ക്, രാമനാട്ടുകര, പേരാമ്പ്ര, മൊകേരി, മാമ്പറ്റ, കുറ്റ്യാടി.
വയനാട്	പുൽപ്പള്ളി, ബത്തേരി, മേപ്പാടി, മുട്ടിൽ, ഇടയൂർകുന്ന്, കാട്ടിക്കുളം, പനമരം, കല്പറ്റ.

കുംഭാരന്മാരെ കൂടാതെ കേരളത്തിൽ കളിമൺ പാത്രനിർമ്മാണ ത്തൊഴിൽ ചെയ്യുന്നവരാണ് ആന്തൂർനായർ, ഓടൻ, വേളാൻ എന്നീ ജാതിസമൂഹങ്ങൾ. ഭാഷാപരമായും സാംസ്കാരികമായും ഈ ജനസമൂഹങ്ങളും കുംഭാരന്മാരും തമ്മിൽ വ്യത്യാസം പുലർത്തുന്നു. ബ്രാഹ്മണർക്ക് ക്ഷേത്രാവശ്യങ്ങൾക്കും യാഗങ്ങൾക്കും മറ്റുമായി മൺപാത്രങ്ങൾ ഉാക്കിക്കൊടുത്തിരുന്ന കേരളത്തിലെ ആദിമനിവാസികളാണ് ആന്തൂർ നായന്മാർ. ആന്തൂർ നായരും കുംഭാരനും തമ്മിലുള്ള പ്രധാനവ്യത്യാസം ഭാഷാപരമായുള്ളതാണ്. ആന്തൂർനായർ വിഭാഗത്തിന്റെ മാതൃഭാഷ മലയാളമാണ്. കുശവൻ എന്ന പേരിലും ഇവർ അറിയപ്പെടുന്നു. കണ്ണൂർ ജില്ലയിലെ കുശവന്മാർ മലയാളമാണ് സംസാരിക്കുന്നത് എന്ന് വിഷ്ണുനമ്പൂതിരി (2000:210) രേഖപ്പെടുത്തുന്നു. കേരളത്തിൽ മലപ്പുറം, കോഴി

ക്കോട്, കണ്ണൂർ തുടങ്ങി വടക്കോട്ടുള്ള പ്രദേശങ്ങളാണ് ഇവരുടെ അധിവാസ മേഖല.

> മരുമക്കത്തായം പുലർത്തിയിരുന്ന ആന്തൂർ നായർ ഭാഷ, വേഷം, ആചാരങ്ങൾ, ഭക്ഷണരീതി എന്നിവയിൽ ഉയർന്ന ജാതിക്കാരായി കണക്കാക്കപ്പെട്ടിരുന്ന നായർ സമുദായത്തിൽ നിന്നും കാര്യമായ വ്യത്യാസങ്ങൾ കാണിക്കുന്നില്ല (സുകുമാരൻ നായർ, 1994:36).

കേരളത്തിൽ തൃശ്ശൂർ, എറണാകുളം ജില്ലകളിൽ മൺപാത്രനിർമ്മാണ കുല ത്തൊഴിൽ ചെയ്യുന്നവരാണ് ഓഡൻ (ഓടാരി)മാർ. തൊഴിൽപരമായി ഐക്യം കാണുന്നുണ്ടെങ്കിലും കുംഭാരന്മാരിൽ നിന്നും വ്യത്യസ്തമായി ഭാഷാപരമായും സാംസ്കാരികമായും വിഭിന്നരാണ് ഇവർ. തുളുവാണ് ഇവരുടെ മാതൃഭാഷ.

കേരളത്തിന്റെ വടക്കൻ ജില്ലകളിൽ ആന്തൂരാൻ അഥവാ ആന്തൂർനായർ എന്നറിയപ്പെടുന്ന സമുദായം തന്നെയാണ് തിരുവനന്തപുരം ജില്ലയിൽ 'വേളാർ' എന്ന പേരിൽ അറിയപ്പെടുന്നത്. വേളാൻ, കുശവൻ എന്നീ പേരുകളിലും അവർ അറിയപ്പെടുന്നു. ചക്രമുപയോഗിച്ച് കലം ഉാക്കുന്നവരാണ് ഈ വിഭാഗക്കാരും. മലയാളമാണ് ഇവരുടെ മാതൃഭാഷ. കുംഭാരന്മാരിൽ നിന്നും ഭാഷാപരമായും സാംസ്കാരികമായും വ്യത്യസ്തരാണ് ഈ സമുദായക്കാർ (Singh, 2005:3626). കുല ത്തൊഴിലിന്റെ കാര്യത്തിൽ മാത്രമേ ഈ നാലു ജനസമൂഹങ്ങളും തമ്മിൽ സാമ്യം ദർശിക്കാനാവൂ.

3.2. കുടിയേറ്റ ചരിത്രം

കുംഭാരന്മാർ നൂറ്റാുകൾക്കുമുമ്പ് ആന്ധ്രപ്രദേശിൽ നിന്നും കേരളത്തി ലേക്ക് കുടിയേറിയവരാണ് എന്ന് പറയപ്പെടുന്നു. ഇവരുടെ കുടിയേറ്റ കാലഘട്ട

ത്തെക്കുറിച്ചോ കുടിയേറാനുായ സാഹചര്യത്തെക്കുറിച്ചോ കൃത്യമായ തെളിവുകൾ ഇതുവരെ ലഭിച്ചിട്ടില്ല. പ്രാചീനസാഹിത്യകൃതികളിലോ നാടൻപാട്ടുകളിലോ കുംഭാരന്മാരെക്കുറിച്ച് പരാമർശം കാണുന്നില്ല. ചരിത്രകാരന്മാരുടെ ചിലപരാമർശങ്ങളിലും സഞ്ചാരികളുടെ ചില കുറിപ്പുകളിലും കുംഭാര(കുശവ) സമുദായത്തെക്കുറിച്ച് രേഖപ്പെടുത്തിയതായി കാണുന്നു.

3.2.1. വിദേശ സഞ്ചാരികളുടെ കുറിപ്പുകൾ

ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ 1800–1801–ൽ കേരളം സന്ദർശിച്ച ഫ്രാൻസിസ് ബുക്കാനനാണ് 'മൈസൂർ, കാനറ, മലബാർ എന്നീ പ്രദേശങ്ങളിലൂടെയുള്ള യാത്ര' എന്ന ഗ്രന്ഥത്തിൽ കുംഭാരന്മാരെക്കുറിച്ച് ആദ്യമായി പരാമർശിക്കുന്നത്. കാനറയിലെ കുംഭാരന്മാരെക്കുറിച്ചും മൈസൂരിലെ കുംഭാരന്മാരെക്കുറിച്ചും ഗ്രന്ഥത്തിൽ വിവരണങ്ങൾ നല്കിയിരിക്കുന്നു. കാനറയിലെ കുംഭാരന്മാർ മൺപാത്ര നിർമ്മാതാക്കൾ ആയിരുന്നുവെന്നു പരാമർശിച്ചിരിക്കുന്നതോടൊപ്പം തന്നെ അവരുടെ സ്ത്രീകളും പുരുഷന്മാരും കുട്ടികളും അടക്കമുള്ള മൊത്തം ജനസംഖ്യയും മൊത്തം വീടുകളുടെ എണ്ണവും നൽകിയിരിക്കുന്നു (Buchanan,1988:67).

കർണ്ണാടകയിലെ യഥാർത്ഥ ആദിവാസി വിഭാഗങ്ങളാണ് പഞ്ചമ കുംഭാര അല്ലെങ്കിൽ കുംഭാരൻ എന്നും മറ്റു കുംഭാരന്മാരെപ്പോലെ ശാലിവാഹനനുമായി അവർക്ക് യാതൊരു ബന്ധവുമില്ല എന്ന് അവർ അഭിപ്രായപ്പെട്ടിരുന്നതായും ഫ്രാൻസിസ് ബുക്കാനൻ രേഖപ്പെടുത്തിയിരിക്കുന്നു (1988:26). മലബാറിലെ കുംഭാരന്മാരെക്കുറിച്ച് ബുക്കാനൻ തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടില്ല. മലബാർ മാനുവലിന്റെ കർത്താവായ വില്യം ലോഗൻ ഗ്രന്ഥത്തിൽ കുംഭാരന്മാരുടെ ജന

സംഖ്യ ഉൾപ്പെടുത്തിയിരിക്കുന്നു. കുമ്മാര അഥവാ കുശവന്റെ ജനസംഖ്യ 11,770 ആണെന്ന് 1881–ലെ സെൻസസ് പ്രകാരം വില്യം ലോഗൻ രേഖപ്പെടുത്തിയിരിക്കുന്നു. (1980 : 117)

3.2.2. ചരിത്രകാരന്മാരുടെ പരാമർശങ്ങൾ

കുംഭാര സമൂദായത്തെക്കുറിച്ച് ആദ്യമായി രേഖപ്പെടുത്തിയിരിക്കുന്നത് എച്ച്. എ. സ്റ്റ്യൂവർട്ട് ആണ്. 1891 ലെ കാനേഷുമാരിയോടനുബന്ധിച്ചുള്ള റിപ്പോർട്ടിൽ കുശവസമുദായത്തെക്കുറിച്ച് അദ്ദേഹം പരാമർശിക്കുന്നുതായി ഇ.തേഴ്സ്റ്റൺ രേഖപ്പെടുത്തിയിട്ട്. (Thurston, 1975:188) ഇവർ ശൈവ–വൈഷ്ണവ വിശ്വാസക്രമങ്ങൾ പിന്തുടരുന്നവരാണെന്നും സാമൂഹ്യശ്രേണിയിൽ ശൂദ്രവിഭാഗത്തിലെ ഉയർന്നവരായി ഇവരെ പരിഗണിച്ചിരുന്നുവെന്നും റിപ്പോർട്ടിൽ പറഞ്ഞിട്ട്. തമിഴകത്തുള്ള മൺപാത്ര നിർമ്മാണക്കാരാണ് കുശവൻ എന്നും അവർ 125 ഉപജാതികൾ ഉള്ളതിൽ കൊങ്കർ, തെലുഗു, വഡുഗ എന്നിവർ പ്രധാന വിഭാഗങ്ങളാണെന്നും രേഖപ്പെടുത്തുന്നു. കൂടാതെ ഉദയ്യൻ, വേളാൻ എന്നിവ കുശവരുടെ സ്ഥാനപ്പേരുകളാണെന്നും റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു (സുകുമാരൻ നായർ, 1994 :4). കൂടാതെ മുൻകാലങ്ങളിൽ രാജകുടുംബങ്ങളിൽ കുംബാരർ പാചകക്കാരായിരുന്നുവെന്ന് 1893–ൽ സ്റ്റ്യൂവർട്ട് അഭിപ്രായപ്പെട്ടിരുന്നതായും പരാമർശം ഉ്. സ്റ്റ്യൂവർട്ട് തെലുഗു കുംഭാരന്മാരും തമിഴ് കുംഭാരന്മാരും വ്യത്യസ്തരാണെന്ന് കൃത്യമായി വിലയിരുത്തിയിരുന്നതായി റിപ്പോർട്ടിൽ നിന്നും മനസ്സിലാക്കാം. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ :

> തമിഴ് രാജ്യങ്ങൾ, മലബാർ എന്നിവയ്ക്ക് പുറത്ത് തെലുഗുവിൽ കുമ്മാര എന്നും ഒറിയയിൽ കുംബാരോ എന്നും കനാറസിൽ

കുംബാര എന്നും ഇവർ അറിയപ്പെടുന്നു. കുംഭകാര എന്ന സംസ്കൃതവാക്കാണ് ഈ എല്ലാപേരുകളുടെയും ശരിയായ രൂപം. സാമൂഹിക ശ്രേണിയിലെ സ്ഥാനമനുസരിച്ച് ഇവർ ശൂദ്രർക്കു മുകളിലാണ്. തെലുഗു കുംഭാരന്മാർ പുകാലത്ത് രാജകൊട്ടാരങ്ങളിലെ പാചകക്കാരായിരുന്നു. കുംഭാരന്മാർ അല്ലെങ്കിൽ കുശവന്മാർ ഈ രാജ്യത്തെ കലം നിർമ്മാതാക്കളാണ്. ഒരു കാലത്ത് ഇവർ ഒരു വിഭാഗമായിരുന്നിരിക്കാം. പക്ഷേ ഇപ്പോൾ തെലുങ്കന്മാർ, നോർത്ത് തമിഴർ, സൗത്ത് തമിഴർ എന്നിങ്ങനെ വിഭജിക്കപ്പെട്ടിരിക്കുന്നു. പാത്രങ്ങൾ നിർമ്മിക്കുന്ന ചക്രത്തിന്റെ സ്വഭാവമനുസരിച്ച് മാത്രമേ ഇവർ തമ്മിൽ വ്യത്യാസം നില നില്ക്കുന്നുള്ളു. തെലുഗു കുംഭാരന്മാർ മണ്ണുകൊുാക്കിയ ചക്രം ഉപയോഗിക്കുമ്പോൾ തമിഴ് കുംഭാരന്മാർ മരത്തടികൊുാക്കിയ ചക്രമാണ് ഉപയോഗിക്കുന്നത്. തമിഴ് മൺപാത്രനിർമ്മാതാക്കളെപ്പോലെ കുംഭാരന്മാർ പൂണൂൽ ധരിക്കാറില്ല (Thurston, 1975: 112 –113).

എച്ച്.എ.സ്റ്റ്യൂവർട്ട് പരാമർശിക്കുന്ന കുംഭാരന്മാരുടെ ഉപവിഭാഗമായ 'വഡുഗ' ആന്ധ്രപ്രദേശിൽ നിന്നും തമിഴ്നാട്ടിലേക്കു കുടിയേറിയ കൃഷി ഉപജീവന മാർഗ്ഗമായുള്ള ജനസമൂഹമാണ്. കൂടാതെ വഡുഗ എന്നത് ഇന്ത്യയുടെ വടക്കൻ പ്രദേശങ്ങളിൽ നിന്നും തമിഴ്നാട്ടിലേക്കു പ്രവേശിക്കുന്നവരെ വിളിക്കാനായി തമിഴന്മാർ ഉപയോഗിച്ചിരുന്ന പദമായിരുന്നു. (Iyer, 2005:3552)

1901–ലെ മൈസൂർ സെൻസസ് റിപ്പോർട്ടിൽ ടി. ആനന്ദറോ മൈസൂരിൽ കന്നഡ കുംഭാരർ, തെലുഗു കുംഭാരർ എന്നിങ്ങനെ രു വിഭാഗം കുംഭാരന്മാർ ഉായിരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. തെലുഗു കുംഭാരന്മാർ പൂണൂൽ ധരി

ക്കുന്നവരും മാംസഭക്ഷണം കഴിക്കാത്തവരും ആയിരുന്നു (Vijayakrishnanan, 1994:44). എച്ച്.എ. സ്റ്റ്യൂവർട്ടിന്റെ റിപ്പോർട്ടിൽ നിന്നും ലഭിക്കുന്ന തെലുഗു എന്ന കുംഭാരവിഭാഗവും ആനന്ദറോയുടെ അഭിപ്രായവും താരതമ്യപ്പെടുത്തി നോക്കിയാൽ ഇവർ നല്കുന്നത് അന്ന് തമിഴകത്ത് ജീവിച്ചിരുന്ന മൺപാത്ര നിർമ്മാതാക്കളായ തെലുഗു കുംഭാരരെക്കുറിച്ചു തന്നെ ആയിരിക്കാമെന്നു അനുമാനിക്കാം. എച്ച്.എ.സ്റ്റ്യൂവർട്ട് രേഖപ്പെടുത്തിയിരുന്ന റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി ഈ സമുദായത്തെക്കുറിച്ച് ഉായിട്ടുള്ള ഇ. തേഴ്സ്റ്റന്റെ പഠനം മറ്റൊരു പ്രധാന പഠനമാണ്.

തെക്കേ ഇന്ത്യയിലെ ജാതിവിഭാഗങ്ങളെക്കുറിച്ച് ഇ. തേഴ്സ്റ്റൺ 1909–ൽ നടത്തിയ പഠനത്തിൽ കുംഭാരൻ, കുശവൻ എന്ന രു തലക്കെട്ടുകളിലായി ഈ വിഭാഗത്തെപ്പറ്റി പരാമർശിച്ചിരിക്കുന്നു. കുംഭാരസമുദായത്തെക്കുറിച്ച് സൂചിപ്പിച്ചിരിക്കുന്നത് ഇങ്ങനെയാണ്. ബ്രഹ്മപുത്രനായ കുലന്റെ പിൻതുടർച്ചക്കാരാണ് കുലാലന്മാർ. ഇ. ഹോൾഡറെ ആധാരമാക്കി ഒരു ശുദ്രസ്ത്രീയിൽ ബ്രാഹ്മണന് ജനിച്ചവരുടെ പിന്മുറക്കാരാണ് കുലാലന്മാർ എന്ന നിഗമനത്തിലെത്തുന്നു. ശാലിവാഹന കഥയെ ആസ്പദമാക്കി എല്ലാ കുഭാരന്മാരും തങ്ങൾ ബ്രാഹ്മണ കുലമഹിമ അവകാശപ്പെടുന്നവരാണെന്ന് അഭിപ്രായപ്പെടുന്നു. വിക്രമർക്ക രാജാവ് ഇന്ത്യപിടിച്ചടക്കുകയും ജനങ്ങളോട് കലം ഉാക്കി അദ്ദേഹത്തിന്റെ സൈന്യത്തിനു നൽകാൻ ആവശ്യപ്പെടുകയും ചെയ്തു. ജനങ്ങൾ ശാലിവാഹനനെ സമീപിച്ചു. ശാലിവാഹനൻ മൺപ്രതിമകൾക്ക് ജീവൻ നൽകുകയും രാജാവിനെ തോല്പിക്കുകയും ചെയ്തു. തുടർന്ന് ആ രാജ്യം ഭരിക്കുകയും മൈസൂർ രാജാ

ക്കന്മാരുടെ മുൻഗാമിയായിത്തീരുകയും ചെയ്തു എന്ന് തേഴ്സ്റ്റൺ രേഖപ്പെടുത്തിയിട്ടു്

തേഴ്സ്റ്റൺ കുശവന്മാരുടെ ഒരു തമിഴ് ഗാനം പരാമർശിച്ചിരിക്കുന്നത് ഇപ്രകാരമാണ്.

അല്ലയോ കുശവപിതാവേ
എന്തൊരു പാടാണ് ഞങ്ങൾക്ക്
ചേരരാജാക്കളുടെ പിൻതുടർച്ചക്കാർ
ദൈവനാട് പൂകി, മാത്രമോ
നിന്നോടൊക്കുമൊരു വസ്തൃതകുടം
നിർമ്മിക്കാനവശേഷിക്കും ഞങ്ങളെ
ക്കാത്തുകൊള്ളീടുക. *(ബാബുരാജ്, 2005:64)*

Tribes and Castes of Cochin എന്ന ഗ്രന്ഥത്തിൽ എൽ. കെ. അനന്തകൃഷ്ണയ്യർ തെലുഗു സമുദായമായ ഇവരെ തെലുഗു കുമ്മാരവാഡു എന്നു വിളിക്കുന്നു എന്നും ഇവർ മധുര, തൃശ്ശിനാപ്പള്ളി എന്നിവിടങ്ങളിൽ നിന്നാണ് കേരളത്തിലേക്ക് കുടിയേറിപ്പാർത്തതെന്നും അഭിപ്രായപ്പെടുന്നു (Iyer, 1981:39).

തേഴ്സ്റ്റൺ പരാമർശിക്കുന്ന കുംഭാരന്മാർ തമിഴ്നാട്ടിലെ പാത്രനിർമ്മാണക്കാരായ കുശവൻമാർ ആണ്. ആന്ധ്രയിൽ നിന്നും കേരളത്തിലേക്ക് കുടിയേറിയ ആന്ധ്ര–കുംഭാരരെക്കുറിച്ച് അനന്തകൃഷ്ണയ്യർ പരാമർശിക്കുന്നുങ്കെിലും അവർ കുടിയേറാനുായ കാരണത്തെക്കുറിച്ചോ കുടിയേറ്റ കാലഘട്ടത്തെക്കുറിച്ചോ അറിവു നൽകാൻ വേ വസ്തുതകളൊന്നും ആ പഠനത്തിൽ നിന്നും ലഭിക്കുന്നില്ല. അതിനാൽ കുംഭാരന്മാരുടെ കുടിയേറ്റത്തെ സംബന്ധിച്ച് നിലനിൽക്കുന്ന

വിവിധ അഭിപ്രായങ്ങൾ പരിശോധിച്ചുകൊ് നിഗമനത്തിലെത്തേതു്. ആ അഭിപ്രായങ്ങളിൽ ചിലത് ഊഹങ്ങളും വിശ്വാസങ്ങളുമാണ്. ടിപ്പുസുൽത്താനുമായി ബന്ധപ്പെട്ട പരാമർശങ്ങൾ, മൈസൂർ രാജാക്കൻമാരുടെ പിൻഗാമികളാണെന്ന അഭിപ്രായങ്ങൾ, സാമൂതിരിയുമായി ബന്ധപ്പെടുത്തികൊുള്ള പരാമർശങ്ങൾ, സംഘകാലം മുതൽക്കേ തമിഴകത്ത് എത്തപ്പെട്ടിരിക്കാം എന്ന അഭിപ്രായം എന്നിവയാണ് അവയിൽ പ്രധാനം.

3.2.3. ടിപ്പൂസൂൽത്താനൂമായി ബന്ധപ്പെട്ട പരാമർശങ്ങൾ

ടിപ്പുവിന്റെ മലബാർ ആക്രമണ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ സൈന്യത്തോടൊപ്പമാണ് കുംഭാരന്മാർ കേരളത്തിലേക്കു വന്നതെന്നാണ് ഒരു അഭിപ്രായം.

> സൈനികർ സഞ്ചരിക്കുന്ന വഴികളിലെ കുറ്റിക്കാടുകളും മുൾപ്പടർപ്പുകളും വെട്ടിമാറ്റുകയായിരുന്നു ഇക്കൂട്ടരുടെ പണി. അതേ സമയം തന്നെ ഭക്ഷണം പാകം ചെയ്യാനാവശ്യമായ മൺപാത്രങ്ങളും നിർമ്മിച്ചിരുന്നു. പിന്നീട് സൈന്യത്തിന്റെ സഞ്ചാരത്തിനനുസരിച്ച് ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് ഇവ മാറ്റാൻ പ്രയാസം നേരിട്ടു. ടിപ്പുസുൽത്താൻ മൈസൂരിലെ തെലുഗുസംസാരിക്കുന്ന പ്രദേശമായ കോലാർ ജില്ലയിൽ നിന്നാണ് തെലുഗു കുശവരെ കൂട്ടത്തിൽ ചേർത്തത്.

എന്ന് ബി. വിജയകൃഷ്ണൻ (1994:42) രേഖപ്പെടുത്തുന്നു. ചില മുതിർന്ന ആവേദകരിൽ നിന്നും ലഭിച്ച അഭിപ്രായങ്ങളാണ് ബി. വിജയകൃഷ്ണൻ സ്വീകരിച്ചിരിക്കുന്നത്. 18-ാം നൂറ്റാിന്റെ അവസാനത്തിൽ ടിപ്പുസുൽത്താന്റെ സൈന്യത്തോടൊപ്പമാണ് കുംഭാരന്മാർ കേരളത്തിലേക്കു വന്നത് എന്ന നിലമ്പൂർ കോവിലകത്തെ

രാജാവായ ഗോവിന്ദവർമ്മരാജായുടെ അഭിപ്രായമാണ് അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നത്. ദത്തശേഖരണ അവസരത്തിൽ ചില ആവേദകരും ടിപ്പുസുൽത്താന്റെ സൈന്യത്തോടൊപ്പം എത്തിയവരാണ് തങ്ങൾ എന്ന് അഭിപ്രായം ഉന്നയിക്കുകയുായി. നിലമ്പൂർ, പാലക്കാട് പ്രദേശങ്ങളിലെ ആവേദകർ ആണ് ഈ അഭിപ്രായം ഉന്നയിച്ചത്.

18–ാം നൂറ്റാിന്റെ ഉത്തരാർദ്ധത്തിൽ മൈസൂർ ഭരിച്ചിരുന്ന ടിപ്പു സുൽത്താന്റെ ചരിത്രപ്രസിദ്ധമായ മലബാർ ആക്രമണ കാലഘട്ടത്തിലേക്കാണ് ഈ അഭിപ്രായം വിരൽ ചൂുന്നത്. 1766– കാലഘട്ടത്തോടെയാണ് ടിപ്പുവിന്റെ പിതാവായ ഹൈദർ മലബാർ ആക്രമിക്കാൻ തുടങ്ങിയത്. കോയമ്പത്തൂർ വഴിയാണ് ഹൈദർ പാലക്കാട് നിരന്തരമായി ആക്രമിച്ചുകൊിരുന്നത്. കോയമ്പത്തൂർ കൂടാതെ മംഗലാപുരം വഴിയും വയനാടുവഴിയും സൈന്യത്തെ നീക്കിയതായി രേഖകൾ ു്. 1782–നുശേഷം ടിപ്പു മലബാറിനെ ആക്രമിച്ചു. അന്ന് മൈസൂരിൽ നിന്നും കേരളത്തിലേക്കുള്ള ഒരു പ്രധാന കവാടം പാലക്കാട് (ചേരി) ആയിരുന്നു എന്ന് കെ. കെ. എൻ കുറുപ്പ് (2005:80) രേഖപ്പെടുത്തുന്നു. മംഗലാപുരം, വയനാട്, പാലക്കാട് എന്നീ മൂന്നു മാർഗ്ഗങ്ങളിലൂടെയായിരുന്നു മലബാറിലേക്ക് ടിപ്പു സൈന്യത്തെ നീക്കിയത്. പാലക്കാട് ചുരം വഴിയുള്ള ആക്രമണത്തിന് ടിപ്പു സ്വയം നേതൃത്വം കൊടുത്തു (രാജ, 2007:148).

ഹൈദരുടെ ജന്മദേശം കോലാറിനും ഹൊസകോട്ടയ്ക്കും ഇടയിലുള്ള ദേവൻഹള്ളിയാണ്. കോലാറിലെ ബുധി കോട്ടയ്ക്കു സമീപമാണ് ഹൈദറുടെ അച്ഛന്റെയും മറ്റും ശവക്കല്ലറ (കുറുപ്പ്, 2005:39). കോലാർ പ്രദേശവുമായി ടിപ്പു സുൽത്താന് ഉള്ള ബന്ധത്തിന് ഈ വസ്തുതകൾ തെളിവു നൽകുന്നു. എന്നാൽ

ടിപ്പുവിന്റെ സൈന്യത്തിൽ കുംഭാരൻമാർ ഉായിരുന്നു എന്നു കത്തൊൻ വേ തെളിവുകൾ ലഭ്യമല്ല. 'തെലുഗു വിഭാഗത്തിൽപ്പെട്ട വോഡ/വോഡറു എന്ന പേരിൽ അറിയപ്പെടുന്നവരാണ് ടിപ്പുവിന്റെ സൈന്യത്തോടൊപ്പം എത്തിയത്' എന്ന് ഫ്രാൻസിസ് ബുക്കാനൻ രേഖപ്പെടുത്തിയിട്ടു് (Buchanan, 1988:310).

ടിപ്പുവിന്റെ സൈന്യത്തിൽ കുംഭാരന്മാർ ഉായിരുന്നു എങ്കിൽ അവർ കേരളത്തിലേക്ക് സൈന്യത്തോടൊപ്പം നേരിട്ട് വരാനാണ് സാധ്യത. കർണ്ണാടകത്തിൽ മൂന്നു വിഭാഗത്തിൽപെട്ട കുഭാരന്മാർ ഉ്. തെലുഗു കുംഭാരന്മാർ, കന്നഡ കുംഭാരന്മാർ, ലിംഗായത് കുംഭാരന്മാർ എന്നിവരാണ് അവർ. കർണ്ണാടകത്തിന്റെ വടക്കു ഭാഗത്താണ് തെലുഗു കുംഭാരന്മാർ കൂടുതലായും അധിവസിക്കുന്നത് (Iyer,2005:06) കോലാർ ജില്ലയിൽ കുംഭാരന്മാർ അധിവസിച്ചിരുന്നോ എന്നതിന് വ്യക്തമായ തെളിവുകൾ ലഭ്യമല്ല. മേല്പറഞ്ഞ കാരണങ്ങൾ കൊുതന്നെ ഈ അഭിപ്രായത്തിന് സാധുത കുറവാണ്.

3.2.4. മൈസൂർ രാജകുടുംബവുമായുള്ള ബന്ധം

മൈസൂർ രാജകുടുംബത്തിന്റെ വംശപരമ്പരയിൽ ഉൾപ്പെടുന്നവരാണ് കുംഭാരന്മാർ എന്ന് മറ്റൊരു അഭിപ്രായം ഇവർക്കിടയിൽ നിലനിൽക്കുന്നു. ഇ.തേഴ്സ്റ്റൺ (1975) തന്റെ ഗ്രന്ഥത്തിൽ ഈ കഥ പരാമർശിച്ചുകൊ് മൈസൂർ രാജാവായ ശാലിവാഹനന്റെ പിൻതുടർച്ചക്കാരാണ് കുംഭാരൻമാർ എന്ന അഭിപ്രായം ഉന്നയിക്കുന്നു. ശാലിവാഹന കഥ മറ്റൊരു രീതിയിൽ എൽ.കെ. അനന്തകൃഷ്ണയ്യർ (2005:06) അടയാളപ്പെടുത്തുന്നു.

> ബ്രാഹ്മണ പിതാവിനും കുലാലസ്ത്രീക്കും ജനിച്ച ശാലിവാഹനൻ കുലാല ഗൃഹത്തിലാണ് വളർന്നിരുന്നത്. മൺപാത്രങ്ങൾ നിർമ്മി

ക്കാൻ താല്പര്യം ഇല്ലാതിരുന്ന ശാലിവാഹനൻ കളിമണ്ണുകൊ് കുതിര, ആന, സൈനികർ തുടങ്ങിയവയെ ഉാക്കാനാണ് താല്പര്യം പ്രകടിപ്പിച്ചത്. സൈനികരുടെ നിരവധി പ്രതിമകളും നിർമ്മിച്ച് ഒരു മുറിയിൽ നിക്ഷേപിച്ചിരുന്നു. ദരിദ്രരെ നിരന്തരം ചൂഷണം ചെയ്തു കൊിരുന്ന ആ രാജ്യത്തെ രാജാവ്, ഒരിക്കൽ ദരിദ്രരിൽ നിന്നും പണം പിടിച്ചെടുക്കാനായി നിയോഗിച്ച സൈനികർ ശാലിവാഹന ഗൃഹത്തിലെത്തിച്ചേരുകയും അദ്ദേഹം അവരെ തോല്പിച്ച് തറപറ്റിക്കുകയും ചെയ്തു. ഇതറിഞ്ഞ രാജാവ് ശാലിവാഹനനെ പിടിച്ചുകെട്ടാൻ സൈന്യത്തെ അയച്ചു. മൺപ്രതിമകൾക്ക് ജീവൻ നല്കി ശാലിവാഹനൻ സൈന്യത്തെ സജ്ജമാക്കുകയും രാജാവിനെ തോല്പിച്ച് രാജ്യം കരസ്ഥമാക്കുകയും ചെയ്തു.

ഈ രാജ്യം മൈസൂർ ആണെന്ന് തേഴ്സ്റ്റനും അഭിപ്രായപ്പെടുന്നു. ഈ അഭിപ്രായത്തെ വിശ്വാസമോ ഊഹമോ ആയി മാത്രമേ പരിഗണിക്കാൻ കഴിയൂ. മൈസൂർ രാജവംശമായിരുന്ന വോഡയാർ രാജാക്കന്മാരുടെ ഉല്പത്തി യാദവകുലത്തിൽ നിന്നാണ് എന്ന് മാർക് വിൽക്സ് (Wilks,1989:40) രേഖപ്പെടുത്തിയിട്ടു്.

മൈസൂർ രാജവംശമായിരുന്ന വോഡയാർ രാജാക്കന്മാർ ആദ്യകാലത്ത് 33 വില്ലേജുകളുടെ അധിപന്മാരായ പ്രഭുക്കന്മാർ മാത്രമായിരുന്നു. 16-ാം നൂറ്റാിൽ യാദവകുലത്തിൽ പിറന്ന വിജയ, കൃഷ്ണ എന്നീ യുവാക്കൾ അന്ന് പ്രഭുവായിരുന്ന വോഡയാറെ കരൂഗുള്ളി (Caroogully) എന്ന പ്രദേശത്തെ മറ്റൊരു പ്രഭുവിൽനിന്നും രാജ്യം രക്ഷിക്കാനായി സഹായിക്കുകയും കരുഗുള്ളിയും ഹദാന (Hadana)യും പിടിച്ചടക്കുകയും ചെയ്തു. തുടർന്ന് വിജയ മതംമാറി വോഡയാർ വിഭാഗത്തിൽ ചേരുകയും അദ്ദേഹത്തിന്റെ പുത്രിയെ

വിവാഹം കഴിക്കുകയും അവിടത്തെ പ്രഭുവായി മാറുകയും ചെയ്തു. ഇവരുടെ പിൻഗാമികളാണ് മൈസൂർ രാജാക്കന്മാർ.

ശാലിവാഹന കഥയും മൈസൂർ രാജാക്കന്മാരും ആയി യാതൊരു വിധ ബന്ധവും ഇല്ല എന്ന് മേല്പറഞ്ഞതിൽ നിന്നും മനസ്സിലാക്കാം. തലമുറകൾ കൈമാറി വന്ന കഥകൾ മാത്രമായിരിക്കാം ശാലിവാഹനനും മൈസൂർ രാജാവുമായി ബന്ധപ്പെട്ടവ. അതുകൊുതന്നെ കേരളത്തിലെ കുംഭാരന്മാരുടെ മുൻതലമുറ മൈസൂർ രാജാക്കന്മാരായിരുന്നില്ല എന്നു അനുമാനിക്കാവുന്നതാണ്.

3.2.5. സാമൂതിരിയുമായി ബന്ധപ്പെട്ട അഭിപ്രായങ്ങൾ

കോഴിക്കോടു സാമൂതിരി ക്ഷേത്രോദ്ധാരണത്തിനും മറ്റും ആവശ്യമായ കലം നിർമ്മിക്കാൻ കുംഭാരന്മാരെ തെലുഗു സംസാരിക്കുന്ന പ്രദേശങ്ങളിൽ നിന്നും കൊുവന്നതാണെന്ന മറ്റൊരു അഭിപ്രായം ഇവർക്കിടയിൽ നിലനിൽക്കുന്നു ്. 12-ാം നൂറ്റാുമുതൽ 18-ാം നൂറ്റാുവരെയുള്ള കാലഘട്ടമാണ് സാമൂതിരിമാരുടെ ശക്തമായ ഭരണകാലം (രാജ, 2007: 67)

സാമൂതിരിയുടെ ഭരണകാലത്ത് നിരവധി തൊഴിൽ സമൂഹങ്ങൾ ആന്ധ്രാ പ്രദേശ്, കർണ്ണാടക, തമിഴ്നാട് എന്നീ അയൽ പ്രദേശങ്ങളിൽ നിന്നും കേരളത്തിലേക്ക് ഉപജീവനാർത്ഥം വന്ന് താമസമാക്കിയിരുന്നു എന്ന് ചരിത്രരേഖകളു്.

> സാമൂതിരി രാജ്യത്തിൽ നിരവധി ജാതിവിഭാഗങ്ങൾക്ക് സ്വീകരണം ലഭിച്ചിരുന്നു. അന്നുായിരുന്ന മുക്കുവർ, പറയർ, നായാടി, ചെറുമർ, കണക്കർ, പുലയർ, വേട്ടുവർ, പാണൻ തുടങ്ങിയ ജാതിക്കു പുറമെ ആന്ധ്രയിൽ നിന്നും തമിഴ്നാട്ടിൽനിന്നും കർണ്ണാടകത്തിൽ നിന്നും ഉപജീവനാർത്ഥം അഭയം തേടിയ പല പിന്നോക്ക ജാതിക്കാരും ഉായിരുന്നു. നെയ്ത്തു പരിഷ്ക്കരിക്കാൻ സാമൂതിരി തന്നെ വരുത്തിയവ

> രാണ് ചാലിയന്മാർ (ശാലിയർ). തുന്നൽക്കാരായ ഇവിടെയുായിരുന്ന താണ വിഭാഗം നായന്മാർക്ക് 'തുന്നാർ ചക്രവർത്തി' എന്ന സ്ഥാനം നൽകുകയും അരിയിട്ടു വാഴ്ചക്കും മാമാങ്കത്തിനും ഇവർ ഉാക്കുന്ന വസ്ത്രം ധരിക്കുകയും ചെയ്തിരുന്നു. പാലക്കാട്ടിലും മറ്റും ചെരുപ്പുകുത്തികളായ അസംഖ്യം ചക്കിളിയർ കുടുംബക്കാരു്. തെലുങ്കാണ് ഭാഷ. കുംഭാരന്മാരും (കുശവർ) തെലുങ്കരാണ് (രാജ, 2007:106)

മേല്പറഞ്ഞതിൽ നിന്നും കുംഭാരന്മാരെ സാമൂതിരി വരുത്തിയതല്ലെന്ന് മനസ്സിലാക്കാം. കേരളത്തിന്റെ അയൽപ്രദേശങ്ങളിൽ നിന്നു ഉപജീവനാർത്ഥം നേരത്തെ തന്നെ അഭയം തേടി എത്തിയ പിന്നോക്ക വിഭാഗക്കാരായിരുന്നു കുംഭാരരും ചക്കിലിയരും മറ്റും. ടിപ്പുവിന്റെ മലബാർ ആക്രമണവും സാമൂതിരി ഭരണത്തിന്റെ അവസാന കാലഘട്ടവും ഒരേ നൂറ്റാിലാണ് സംഭവിക്കുന്നത്. സാമൂതിരി കാലഘട്ടത്തിൽ തെലുങ്കു കുശവർ ഇവിടെ ഉായിരുന്നു എന്നത് ഇതിൽ നിന്നും മനസ്സിലാക്കാം. അതിനാൽ 18-ാം നൂറ്റാിന് മുമ്പായിരിക്കാം ആന്ധ്ര കുംഭാരന്മാർ കേരളത്തിലേക്ക് കുടിയേറിയതെന്ന് അനുമാനിക്കാം.

3.2.6. സംഘകാലത്തിനു മുമ്പുതന്നെ തമിഴകത്തേക്ക് കുടിയേറിയതാവാം എന്ന സൂചന

മലബാറിലെ കുംഭാരന്മാരുടെ നാട്ടറിവുകളെക്കുറിച്ച് പഠനം നടത്തിയ എം. കെ. പ്രേമരാജൻ (2004) ചിലപ്പതികാരത്തിൽ കുംഭാരന്മാരെക്കുറിച്ചും മൺകലത്തെക്കുറിച്ചും പരാമർശം ഉന്നെും അതിനാൽ കുംഭാരന്മാർ സംഘകാലത്തിനു മുമ്പുതന്നെ തമിഴകത്തേക്ക് കുടിയേറിയതാവാം എന്നും അഭിപ്രായപ്പെടുന്നു. കുംഭാരന്മാർ കേരളത്തിലേക്ക് വന്നത് മധുരയിൽ നിന്നാണ് എന്നും ചിലപ്പതികാരത്തിൽ പുഹാർ നഗരത്തിലെ ഇന്ദ്രോത്സവം വർണ്ണിക്കുമ്പോൾ മരുവൂർ ഭാഗത്ത്

കടൽക്കരയോട് തൊട്ടുകിടക്കുന്ന നഗരഭാഗത്തെ പലതരം തൊഴിൽ ചെയ്യുന്ന വിഭാഗങ്ങളെ വർണ്ണിക്കുന്ന കൂട്ടത്തിൽ കുംഭാരരെക്കുറിച്ചും പരാമർശമുന്നെും സ്ഥാപിക്കുന്നു.

മരങ്കൊൽ തച്ചരുരുങ്കൈക്കൊല്ലരും

കണ്ണുൾ വിനൈഞരും മണ്ണീട്ടാളരും

പൊൻ ചെയ് കൊല്ലരു നൻ തലന്തരം

തുന്നക്കാരും തോലിൻ തുന്നരും – എന്നിങ്ങനെയുള്ള വരികളിൽ മരങ്കൊൽ തച്ചർ (മരംവെട്ടി തൊഴിൽ ചെയ്യുന്ന തച്ചന്മാർ) കരുങ്കൈക്കൊല്ലർ (കരുത്തേറിയ കൈകളോടു കൂടിയ കൊല്ലന്മാർ) കണ്ണുൾ വിനൈഞർ (ചിത്രമെഴുത്തുകാർ) എന്നീ തൊഴിൽ വിഭാഗത്തെപ്പറ്റി പറഞ്ഞതിനുശേഷം പറയുന്ന മണ്ണീട്ടാളർ എന്ന വിഭാഗം കുംഭാരന്മാരായിരിക്കാം എന്ന് അനുമാനിക്കുന്നു. മണ്ണീട്ടാളർ എന്ന പദത്തിന് മൺ–ഈട്ടു–ആളരും സുധ(ചുണ്ണാമ്പു)കൊു ബൊമ്മകൾ ഉാക്കുന്നവരും – ശില്പികൾ കുശവർക്കും പറയും എന്നിങ്ങനെ വിവർത്തകൻ അർത്ഥം നൽകുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു.

കണ്ണകി കോവലന് ഭക്ഷണം പാകം ചെയ്ത് വിളമ്പിക്കൊടുക്കുന്നതായി പരാമർശിക്കുന്ന മറ്റൊരു സന്ദർഭത്തിൽ

കടിമലരങ്കൈയിർ കാതലനടിനീർ

ചൂടുമൺമയൈിറ്റൊഴുതനൺ മാറ്റി

എന്നു വിവരിക്കുന്നു്. കണ്ണകി ഭക്ഷണം വിളമ്പി വെച്ച് ചുട്ടമൺപാത്രത്തിൽ വെള്ളമെടുത്ത് കോവലന്റെ കാൽകഴുകുന്നതാണ് സന്ദർഭം. ഇവിടെ പരാമർശിക്കുന്ന ചുടുമൺമ ചൂളക്ക് വെച്ച് ചുട്ടെടുത്ത മൺപാത്രം തന്നെയാണ്.

നേരത്തെ പരാമർശിച്ച മണ്ണാട്ടാളർ കുംഭാരന്മാരും ചുടുമൺമ അവരുാക്കിയ മൺപാത്രവുമായിരിക്കാം. അങ്ങനെയെങ്കിൽ കുംഭാരന്മാർ സംഘകാലത്തിനു മുമ്പുതന്നെ തമിഴ്നാട്ടിലേക്കു കുടിയേറിയതായി കണക്കാക്കാം (പ്രേമരാജൻ, 2007:14)

തുടർന്ന് പാണ്ഡ്യഭരണകാലത്തെ അതിരൂക്ഷമായ വരൾച്ചയെത്തുടർന്ന് ആളുകൾ മധുരയിൽ നിന്ന് കൂട്ടപാലായനം നടത്തിയതായി സൂചിപ്പിക്കുന്ന നാടൻ പാട്ടിൽ തദ്ദേശീയരോടൊപ്പം പരദേശികളും പാലായനം ചെയ്യുന്നതായി സൂചിപ്പി ക്കുന്നു. മധുരയിൽ പാണ്ഡ്യഭരണം 14–ാം ശതകത്തിന്റെ അന്ത്യം വരെ നിലനിൽക്കുന്നു്. കേരളത്തിലെ പ്രാചീന കൃതികളൊന്നും കുംഭാരന്മാർ പരാ മർശിക്കപ്പെടുന്നില്ല. 14–ാം ശതകം അവസാനിക്കുന്നതിനുമുമ്പുള്ള എതോ കാല ഘട്ടത്തിൽ മധുരവിട്ട് കേരളത്തിലേക്ക് കുടിയേറിയതെന്ന് അനുമാനിക്കാമെന്ന നിഗമനത്തിലെത്തുന്നു.

തമിഴ്നാട്ടിൽ രു വിഭാഗത്തിൽപ്പെടുന്ന കുംഭാരന്മാരു്. തമിഴ്സംസാരി ക്കുന്ന കുശവരും തെലുഗു സംസാരിക്കുന്ന കുശവരും തെലുഗു സംസാരിക്കുന്ന കുംഭാരരെ ‘കുമ്മറവാലു’ എന്ന് വിളിക്കുന്നതായി കെ.എസ്. സിംഗ് രേഖപ്പെടുത്തു ന്നു. തെലുഗു സംസാരിക്കുന്ന കുംഭാരന്മാർ ആന്ധ്രാപ്രദേശിന്റെ അതിർത്തിക ളിൽ താമസിക്കുന്നവരാണ്. പ്രത്യേകമായി മദ്രാസ്, നോർത്ത് ആർക്കോട്ട്, ധർമ്മപുരി തുടങ്ങിയ സ്ഥലങ്ങളിലാണ് ഇവർ അധിവസിക്കുന്നത് (Singh,1998:1946).

ചിലപ്പതികാരത്തിൽ പരാമർശിക്കുന്ന കുംഭാരന്മാർ തമിഴ്നാട്ടിൽ തന്നെ അധിവസിച്ചിരുന്ന തമിഴ്കുംഭാരന്മാർ ആയിരിക്കണം. അവിടെ താമസിച്ച് കലം

നിർമ്മിക്കുന്ന കുശവരെയായിരിക്കാം അതിൽ പരാമർശിച്ചിരിക്കുന്നത്. അവർ തെലുഗു സംസാരിച്ചിരുന്നു എന്നു പറയാൻ തെളിവുകളൊന്നുമില്ല.

മേല് വിവരിച്ച നാല് അഭിപ്രായങ്ങൾ ഓരോന്നായി അപഗ്രഥിക്കേതു്. ടിപ്പു വിന്റെ സൈന്യത്തോടൊപ്പം എത്തിയവർ വോഡ/വോഡറു വിഭാഗത്തിൽ പെട്ടവ രായിരിക്കാം എന്ന ഫ്രാൻസിസ് ബുക്കാനന്റെ നിരീക്ഷണം ശ്രദ്ധേയമാണ്. മൈസൂരിലെ കോലാർ, ചിറ്റലദുർഗ്ഗ്, ബാംഗ്ലൂർ എന്നിവിടങ്ങളിൽ ജീവിക്കുന്ന ടാങ്ക്, കിണർ, റോഡ് നിർമ്മാണ തൊഴിലുകൾ ചെയ്യുന്ന തെലുഗു മാതൃഭാഷയായുള്ള സമൂഹമാണ് വോഡ്ഡ/വോഡറു ജനവിഭാഗം. ബുക്കാനൻ രേഖപ്പെടുത്തുന്ന ഈ ജനവിഭാഗമായിരിക്കാം ടിപ്പുവിന്റെ സൈന്യത്തോടൊപ്പം എത്തുകയും സൈനി കർക്ക് വഴി നിർമ്മിച്ചു കൊടുക്കുകയും ചെയ്തിട്ടുാവുക. കേരളത്തിലെ കുംഭാര ന്മാർ ടിപ്പുവിന്റെ സൈന്യത്തൊടൊപ്പം എത്തിയവരാണ് എന്ന വാദത്തെ തെളിവു കളുടെ അഭാവത്തിൽ നിരസിക്കാം.

കുംഭാരന്മാർക്ക് മൈസൂർ രാജകുടുംബവുമായി കല്പിക്കപ്പെട്ടിരിക്കുന്ന ബന്ധം തികച്ചും കഥയായി മാത്രമേ സ്വീകരിക്കാനാവൂ. മൈസൂർ രാജാ ക്കൻമാർക്ക് കുംഭാരന്മാരുമായി യാതൊരു ബന്ധവുമില്ലെന്ന് മാർക്സ് വിൽക്സിന്റെ (Wilkis,1989:40) പരാമർശത്തിൽ നിന്നും വ്യക്തമാവുന്നു.

സംഘകാലത്തിനു മുമ്പ് തമിഴകത്തെത്തിച്ചേരുകയും 14-ാം നൂറ്റാോടെ മധുരയിൽ നിന്നും കേരളത്തിലേക്ക് കുടിയേറുകയും ചെയ്തു എന്ന അഭി പ്രായത്തെ സാധൂകരിക്കാൻ വേത്ര തെളിവുകൾ ലഭ്യമല്ല. കൂടാതെ ഇന്ത്യയിലെ ഏറ്റവും പഴക്കമേറിയ കരകൗശല വിദ്യകളിൽ ഒന്നാണ് മൺപാത്രനിർമ്മാണം. ആദിമ ഇന്ത്യൻ സംസ്കാരത്തിന്റെ അടിത്തറയിലേക്ക് നയിക്കുന്ന ഒന്നാണ് ഈ

കൈത്തൊഴിൽ. അതുകൊുതന്നെ സംഘകാലത്തിനു മുമ്പുമാത്രമല്ല അതിനും എത്രയോ മുമ്പ് മൺപാത്രവുമായുള്ള മനുഷ്യന്റെ ബന്ധം ആരംഭിച്ചിട്ടു്. അതിനാൽ ആ കാലഘട്ടം മുതൽ മൺപാത്രനിർമ്മാതാക്കളും ഇവിടെ ജീവിച്ചി രുന്നു എന്നു പറയാവുന്നതാണ്. ഇത്തരം കാരണങ്ങൾകൊ് ഈ അഭിപ്രാ യത്തെ പരിഗണിക്കാൻ സാധ്യമല്ല.

സാമൂതിരി ക്ഷേത്രനിർമ്മാണത്തിന് വേി കൊുവന്നതാണ് ഈ സമുദാ യത്തെ എന്ന അഭിപ്രായത്തെ സാധൂകരിക്കുന്ന തെളിവുകൾ ഒന്നും ലഭ്യമല്ലാത്ത തിനാൽ ഇതിനെ ഊഹമായി മാത്രമേ പരിഗണിക്കാൻ സാധിക്കൂ. എങ്കിലും 12 മുതൽ 18 വരെയുള്ള സാമൂതിരിയുടെ ഭരണകാലത്ത് കുംഭാരസമുദായം ഇവിടെ അധിവസിച്ചിരുന്നു എന്നതിനു തെളിവു ലഭിക്കുന്നു്. ഇതിൽ നിന്നും സാമൂതിരി കാലഘട്ടം അവസാനിക്കുന്നതിനു മുമ്പുതന്നെ അതായത് 18-ാം നൂറ്റാിനു മുമ്പു തന്നെ ഈ സമൂഹം തമിഴ്നാട്ടിൽനിന്നും കേരളത്തിലേക്ക് കുടിയേറിയതായി കണ ക്കാക്കാം.

കുംഭാരന്മാർ 18-ാം നൂറ്റാിനുമുമ്പ് അവർ അധിവസിച്ചിരുന്ന മേഖലക ളിൽ നിന്ന് ഉപജീവനമാർഗ്ഗം തേടി തമിഴ്നാട്ടിൽ എത്തിച്ചേരുകയും അവിടെ കുറേ ക്കാലം അധിവസിച്ചശേഷം ഏകദേശം 18-ാം നൂറ്റാിനു മുമ്പു തന്നെ പാലക്കാടു വഴി കേരളത്തിലേക്ക് കുടിയേറുകയുമാണ് ചെയ്തത്. തൊഴിലിന് അനുയോജ്യ മായ അസംസ്കൃതവസ്തുക്കൾ ലഭ്യമാകുന്ന മേഖലകളായിരിക്കാം അവർ ആവാ സകേന്ദ്രമായി കത്തെിയത്. അതുകൊാണ് കേരളത്തിലെ പാരമ്പര്യ കലം നിർമ്മാണ തൊഴിൽ സമൂഹമായ ആന്തൂർനായർ ഉള്ള കേരളത്തിന്റെ വടക്കേ അറ്റ ത്തേക്കോ ഓടൻ, വേളാൻ സമുദായാംഗങ്ങൾ സ്ഥിതിചെയ്യുന്ന മധ്യ-ദക്ഷിണ

കേരളത്തിലേക്കോ പോകാതെ പാലക്കാട് ആവാസസ്ഥാനമായി തെരഞ്ഞെടുത്തത്. തുടർന്ന് അവിടെനിന്ന് ദേശാന്തരഗമനം നടത്തി മറ്റു ജില്ലകളിലേക്കുകൂടി താമസം വ്യാപിപ്പിച്ചതാവാം.

3.3. കുടിയേറ്റ മാർഗ്ഗം

കുംഭാരന്മാർ കേരളത്തിലേക്കു കുടിയേറിയ മാർഗ്ഗത്തേക്കുറിച്ച് ചിന്തിക്കേതു്. ഇവരുടെ കേരളത്തിലേക്കുള്ള കുടിയേറ്റം മധുരയിൽ നിന്നാണെന്ന് എം.കെ. പ്രേമരാജൻ അഭിപ്രായപ്പെടുന്നുങ്കിലും മാർഗ്ഗം വ്യക്തമാക്കുന്നില്ല.

> ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ഇത്രയും അനുമാനിക്കാവുന്നതാണ്. കുംഭാരന്മാർ യഥാർത്ഥത്തിൽ ആന്ധ്രനിവാസികളാണ്. അവിടെനിന്നും ഉപജീവനാർത്ഥം ക്ഷേത്രങ്ങളുടെ നാടായ മധുരയിലെത്തിച്ചേരുകയും പിന്നീട് 13–ാം ശതകത്തിലോ 14–ാം ശതകത്തിന്റെ ആരംഭത്തിലോ ഉായ രൂക്ഷ വരൾച്ചയെത്തുടർന്ന് ഇവർ കേരളത്തിലേക്ക് കുടിയേറുകയും ചെയ്തു (പ്രേമരാജൻ, 2006:18).

കുംഭാരന്മാർ ഉല്പത്തി സംസ്ഥാനത്തുനിന്നും തമിഴ്നാടുവഴി കേരളത്തിലേക്കെത്തി എന്ന അഭിപ്രായത്തെ പരിഗണിക്കുമ്പോൾ ഒരു സമൂഹം മറ്റൊരു ജനസമൂഹത്തിലേക്ക് കുടിയേറി അവിടെ കുറേക്കാലം ജിവിച്ചു എന്നതിന് തെളിവുകൾ ആവശ്യമാണ്. ഏത് പ്രത്യേക ജനവിഭാഗങ്ങളുടെ ഇടയിലേക്കാണോ കുടിയേറ്റം നടന്നത് അവിടുത്തെ ആചാരാനുഷ്ഠാനങ്ങളോ മറ്റേതെങ്കിലും തരത്തിലുള്ള സാംസ്കാരിക ചിഹ്നങ്ങളോ കുടിയേറിയ മേഖലയിൽ നിന്നും കാലക്രമേണ സ്വാംശീകരിച്ചെടുക്കാം. ഇപ്രകാരം തമിഴുമായി ബന്ധപ്പെട്ട ചില സാംസ്കാരിക ചിഹ്നങ്ങൾ കുംഭാരന്മാർ സംരക്ഷിക്കുന്നതായി മനസ്സിലാക്കാൻ സാധിച്ചു.

കുംഭാരന്മാരുടെ അനുഷ്ഠാന സംസ്കാരം തമിഴ്നാടുമായി ബന്ധപ്പെട്ടുകിടക്കുന്നു. തമിഴരുടെ ആരാധനാ മൂർത്തിയായ മാരിയമ്മയാണ് കുംഭാരന്മാരുടെ പ്രധാന ആരാധനാ മൂർത്തിയും കുലദൈവവും. മറ്റു ശൈവ–വൈഷ്ണവ ദൈവങ്ങളെ ആരാധിക്കുന്നുങ്കെിലും ഇവരുടെ പ്രധാനദേവതയാണ് മാരിയമ്മ. വർഷത്തിലൊരിക്കൽ മാരിയമ്മയെ പ്രീതിപ്പെടുത്താനായി വളരെ ആഘോഷപൂർവ്വം പൂജ നടത്തുന്നു.

അനുഷ്ഠാനത്തിന്റെ ആരംഭത്തിൽ പുഴയിൽ നിന്നാണ് മാരിയമ്മയെ ആവാഹിച്ചു കൊു വരുന്നത്. പുഴക്കടവിൽ ചെന്ന് വാദ്യമേളങ്ങളൊടെ ആവാഹിച്ചുകൊു വന്ന് പീഠത്തിൽ ഇരുത്തി പൂജകഴിച്ച് അന്നത്തെ പൂജ അവസാനിപ്പിക്കുന്നു. പിറ്റേന്ന് രാവിലെ, ഉച്ച, രാത്രി എന്നീ സമയങ്ങളിൽ പൂജകഴിച്ച് ആട്, കോഴി, എന്നിവയെ ബലികഴിച്ച് പിറ്റേന്നാൾ പുലരുന്നതിനു മുമ്പു ദേവിയെ പുഴയിൽ കൊു ചെന്നാക്കുന്നു. മാരിയമ്മയ്ക്കു പുറമെ കറുപ്പന്മാർ, സങ്കിലിക്കറുപ്പൻ, സന്യാസി, പേച്ചി തുടങ്ങിയ മൂർത്തികളെയും ആരാധിക്കുന്നു. വളരെ വിശദമായ അനുഷ്ഠാന ചടങ്ങുകളാണ് കുംഭാരന്മാരുടേത്. (ചടങ്ങുകൾ പിന്നീട് വിശദമാക്കുന്നു.) വിവിധ പൂജകളുടെ ഇടവേളകളിലും പൂജയുടെ ഓരോ സന്ദർഭത്തിലും പാടുന്നതിന് പ്രത്യേക പാട്ടുകളാണ് ഉള്ളത്. ആടിനെ വെട്ടി ബലി നൽകുന്ന അവസരത്തിൽ പാടുന്ന പാട്ടാണ് ഗാവ്ല് പാട്ട്.

കുംഭാരന്മാരുടെ മാരിയമ്മൻ ആരാധനാ സമ്പ്രദായത്തിന് തമിഴ്നാട്ടിലെ അനുഷ്ഠാനവുമായി സാമ്യം കാണുന്നു. തമിഴർ മാരിയമ്മയുടെ അംഗരക്ഷകനായി കറുപ്പണ്ണൻ എന്ന മൂർത്തിയെ ആരാധിക്കുന്നു്. (പ്രേമരാജൻ,2006:14). കുംഭാരന്മാരുടെ മാരിയമ്മയ്ക്കും കറുപ്പസ്വാമി/കറുപ്പന്മാർ എന്നിങ്ങനെ അറിയപ്പെ

ടുന്ന അംഗരക്ഷകന്മാരു്. ദേവിയുടെ (മാരിയമ്മയുടെ) നേരെ എതിർ വശത്താണ് കറുപ്പന്മാരുടെ തറ. പൂജയുടെ ഒടുവിൽ ബലി നടത്തി–ആടിനേയോ കോഴിയേ യോ–ചോര നൽകുന്നത് കറുപ്പന്മാർക്കാണ്. ബലികർമ്മം നടത്തുമ്പോൾ മാരിയമ്മ കാണാതിരിക്കണം എന്ന സങ്കല്പത്തിന്റെ അടിസ്ഥാനത്തിൽ ബലിയുടെ ആരംഭ ത്തിൽ മാരിയമ്മയ്ക്കു നേരെ ഒരു തുണികെട്ടി അതുകൊ് മറയ്ക്കുകയാണ് സാധാ രണയായി ചെയ്യാറുള്ളത്. മാവുവിളക്ക്, തീയിലൂടെയുള്ള നടത്തം എന്നിവ യെല്ലാം തമിഴ്നാട്ടിലെ മാരിയമ്മൻ ഉത്സവത്തിലെന്നപോലെ കുംഭാരന്മാർക്കുമു്. തമിഴ്നാട്ടിൽ തീക്കുംഭം തലയിലേറ്റി നടക്കുന്ന 'അഗ്നിസട്ടി' എന്ന ചടങ്ങു്. അതിനുസമാനമായി ഹനുമൽപ്രീതിക്കായി വലിയ പന്തം മാറോടു ചേർത്ത് ഓടുന്ന ചടങ്ങ് ഇവർക്കു്. തീക്കുംഭം തലയിലേറ്റുന്നത് സ്ത്രീകളാണ്. എന്നാൽ പന്തം പിടിച്ച് ഓടുന്നത് പുരുഷന്മാരാണ് എന്ന വ്യത്യാസം മാത്രമേ യുള്ളൂ (പ്രേമരാജൻ,2006: 14–15).

തമിഴ്നാട്ടിലെ മിക്ക ജാതിവിഭാഗത്തിനിടയിലും മാരിയമ്മയെ ആരാധി ക്കുന്ന രീതി നിലനിൽക്കുന്നു. അവിടെ നിന്നും കേരളത്തിലേക്കു കുടിയേറിയ തമിഴ്ചെട്ടികൾ, പപ്പട നിർമ്മാതാക്കളായ ചെട്ടികൾ എന്നീ സമുദായങ്ങളും മാരിയ മ്മൻ ആരാധന ഇപ്പോഴും തുടർന്നുപോരുന്നു്. തമിഴ്നാട്ടിലെ ആരാധനാ സമ്പ്രദാ യത്തിൽ നിന്നും ചെറിയ പരിവർത്തനങ്ങളോടെ കുംഭാരന്മാർ അനുഷ്ഠിച്ചു പോരുന്ന മാരിയമ്മ ആരാധനയെ ഇവർ തമിഴ്നാട്ടിൽ കുറേക്കാലം അധിവസിച്ച തിനു ശേഷമാണ് കേരളത്തിലേക്കു വന്നത് എന്നതിനു തെളിവായി സ്വീകരിക്കാവു ന്നതാണ്.

പൂജാസന്ദർഭങ്ങളിലും പൂജകളുടെ ഇടവേളകളിലും ഉടുക്കുകൊട്ടി സംഘം ചേർന്ന് ആലപിക്കുന്ന ഗാനങ്ങൾ തമിഴ് ഗാനങ്ങളാണ്.

ഉദാ:- 1. തായേ പാരിതിൽ ഉന്നയല്ലാമൽ

വേറൊരു ദൈവമില്ലയമ്മാ

എന്ന കുറ്റം കുറമുന്നമേ ശേയ്താലും

ഇന്ത ഏഴയിടത്തിലേ ചെന്ത് വിളയാടുമമ്മാ

തായേ ശരണമമ്മാ ചഞ്ചലങ്കൾ വാരാമൽ കാരുമമ്മാ

ഉന്നൈ ശരണമമ്മാ ഉൻപാദം ശരണമമ്മാ-

2. ഭൂമിക്ക് ഭൂലോകത്ത് മുൻപൊറന്ത ഗണപതിയേ

തായിക്ക് തകർപ്പനാർക്ക് മുൻപൊറന്ത ഗണപതിയേ

ശിവന്ക്ക് പാർവ്വതിക്ക് മുൻപൊറന്ത ഗണപതിയേ

3. ഏതു് എന്ന ശിവനാരേ പുള്ള വരമെന്ന് പേശിവിട്ട്

ശംഖുതാനോ തന്തതെങ്കേ

റണറോസം കാമാക്ഷി വന്തുടനേ

ശംകുതാനെ എടുത്തെറിഞ്ചൂടമ്മാ

സമുദ്രത്തീ ശംകുതാനേ വീണതമ്മാ.

ഈ ഗാനങ്ങൾ തമിഴ് ഭാഷാപദങ്ങൾ അടങ്ങിയ തമിഴ്ഗാനങ്ങളാണ്.

മേല്പറഞ്ഞ അഭിപ്രായങ്ങളിൽ നിന്നെല്ലാം കത്തൊവുന്ന വസ്തുതകൾ ഇപ്രകാരം ക്രോഡീകരിക്കാം.

- 18-ാം നൂറ്റാിനു ശേഷമാണ് കുംഭാര സമുദായത്തെക്കുറിച്ചുള്ള പരാമർശങ്ങൾ കുകിട്ടുന്നത്.

- 18-ാം നൂറ്റാിനുമുമ്പ് തമിഴകത്തേക്കു ഉപജീവനാർത്ഥം കുടിയേറിയ ആന്ധ്രകുംഭാരന്മാർ കാലക്രമേണ 18-ാം നൂറ്റാോടുകൂടി കേരളത്തിലേക്ക് പാല ക്കാടുവഴി കടന്നുവന്നവരാകാം .
- തമിഴുമായി ബന്ധപ്പെട്ടാണ് ഇവരുടെ ആരാധനാ സംസ്കാരം നിലനിൽക്കുന്നത്
- മാരിയമ്മയുടെ ആരാധനാ സ്ത്രോത്രങ്ങളെല്ലാം തമിഴ് ഭാഷയിലുള്ളവയാണ്
- തമിഴ് പദപ്രയോഗങ്ങൾ ഇവരുടെ ഭാഷയിൽ നിലനിൽക്കുന്നു.

തമിഴ്നാട്ടിൽ തമിഴ് മാതൃഭാഷയുള്ള കുംഭാരരും തെലുഗു മാതൃഭാഷ യുള്ള കുംഭാരരും അധിവസിക്കുന്നു്. കോയമ്പത്തൂരിലെ പാപ്പനായക്കം പാളയ ത്തിൽ ബന്ധുക്കൾ ഉള്ളതായി വളാഞ്ചേരിയിലെ ഒരു ആവേദക സംസാരിക്കുക യുായി. അവർ തമ്മിൽ സ്വഭാഷയിൽ ആശയവിനിമയം നടത്തുന്നതായും അവ രുടെ സംസാരത്തിൽ തമിഴിന്റെ അംശങ്ങൾ കൂടി ഉള്ളതായും വെളിപ്പെടുത്തി. തമിഴ്നാടുമായി ഇവർക്കുള്ള സാംസ്കാരിക ബന്ധത്തിന്റെ മറ്റൊരു തെളിവാ ണിത്.

ആന്ധ്രാപ്രദേശിൽ മാരിയമ്മയെ ആരാധിക്കുന്ന സമുദായം ഉോ എന്ന് അന്വേഷിച്ചിരുന്നു. ആന്ധ്രാപ്രദേശിലെ പ്രസിദ്ധ ഫോക്‌ലോറിസ്റ്റായ ഭക്തവചല റെഡ്ഡിയുമായി 13-02-2005-ൽ ഫോണിൽ സംസാരിച്ചതിൽ നിന്നും ആന്ധ്രയിൽ മാരിയമ്മയെ ആരാധിക്കുന്ന വിഭാഗം ഇല്ല എന്ന് അറിയാൻ കഴിഞ്ഞു. ഗംഗമ്മ, അംഗമ്മ എന്നീ ദേവതകളെയും കുംഭേശ്വരൻ എന്ന മൂർത്തിയെയുമാണ് ആന്ധ്ര യിലെ കുംഭാരന്മാർ ആരാധിക്കുന്നത് എന്ന് എം.കെ. പ്രേമരാജൻ (2005:14) അഭി പ്രായപ്പെടുന്നു. ആന്ധ്രയിൽ നിന്നും തമിഴകത്തെത്തിയപ്പോൾ അവിടത്തെ ആരാ

ധനാ സംസ്കാരത്തെ ഇവർ അതുപോലെ സ്വീകരിക്കുകയോ കുടിയേറ്റത്തിനു മുമ്പ് അവർക്കുായിരുന്ന ദേവതാ സങ്കല്പത്തെ പരിഷ്കരിക്കുകയോ ചെയ്തതാകാം. കേരളത്തിലേക്ക് കുടിയേറിയ സാഹചര്യത്തിലും ഈ ആരാധനാ സമ്പ്രദായം അവർ സംരക്ഷിച്ചു പോരുന്നു്.

കുംഭാരന്മാരുടെ ഭാഷയിൽ ചില തമിഴ്പദപ്രയോഗങ്ങൾ നിലനിൽക്കുന്നു്. അനുജത്തി എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന 'തങ്ക', അച്ഛന്റെ ഇളയ സഹോദരൻ/അമ്മയുടെ ഇളയ സഹോദരിയുടെ ഭർത്താവിനെ കുറിക്കുന്ന പദമായ 'സിന്നപ്പാ', 'സിന്നമാ' (അമ്മയുടെ സഹോദരി) എന്നീ പദങ്ങൾ തമിഴ് പദങ്ങളാണ്. തെലുഗുവിൽ ഈ പദങ്ങൾക്കു സമാന്തരമായി 'ചെല്ലലു', 'ചിന്നപ്പ്ട്', 'ചിന്നമാ' ഇവയാണ് പ്രയോഗിക്കുന്നത്. അതിനാൽ തമിഴ് ഭാഷയുമായുള്ള സമ്പർക്കം മൂലം കുംഭാരന്മാരുടെ ഭാഷയിൽ കടന്നു കൂടിയവയായി ഈ പദങ്ങളെ പരിഗണിക്കാം.

കുംഭാരന്മാരുടെ കുടിയേറ്റത്തെ രു ഘട്ടങ്ങളായി തിരിക്കാം. ഒന്ന് ആന്ധ്രാപ്രദേശിൽ നിന്നും തമിഴ്നാട്ടിലേക്ക് കുടിയേറ്റം നടത്തിയ ഘട്ടം. തൊഴിലിന് അനുയോജ്യമായ പ്രദേശങ്ങൾ അന്വേഷിച്ചോ സമുദായത്തിനകത്തുതന്നെ നടന്ന ആഭ്യന്തര കലഹങ്ങൾ കാരണമോ കൂട്ടമായോ ഒറ്റതിരിഞ്ഞോ ഇവർ ഉല്പത്തി സംസ്ഥാനത്തുനിന്ന് തമിഴ്നാട്ടിൽ എത്തിച്ചേരുകയാണ് ആദ്യഘട്ട കുടിയേറ്റത്തിൽ സംഭവിച്ചത്. തമിഴ്നാട്ടിലേക്ക് കുടിയേറിയ ഇവർ കുറേക്കാലം അവിടെ അധിവസിക്കുകയും അവരുടെ സാംസ്കാരിക ഭാഷാപര സവിശേഷതകൾ സ്വാംശീകരിക്കുകയും ചെയ്തിരിക്കാം. ഒന്നാംഘട്ട കുടിയേറ്റം നടന്ന കാലം നിർണയിക്കാൻ

കൃത്യമായ തെളിവുകൾ ഒന്നും തന്നെ ലഭ്യമല്ല. രാം ഘട്ടത്തിൽ തമിഴ്നാട്ടിൽ നിന്നും കേരളത്തിലേക്കാണ് ഇവർ കുടിയേറുന്നത്.

ഇത്തരത്തിൽ സാംസ്കാരികമായും ഭാഷാപരമായും ഈ സമുദായത്തിന് തമിഴുമായി നിലനില്ക്കുന്നയുക്തിസഹമായ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ തൊഴിലിനുപറ്റിയ മേഖലകൾ അന്വേഷിച്ചോ സമുദായത്തിനകത്തുതന്നെ നടന്ന ഭിന്നതകൾ മൂലമോ കുംഭാരന്മാർ ആന്ധ്രാപ്രദേശിൽ നിന്നും തമിഴ്നാട്ടിലേക്കും അവിടെനിന്നും കേരളത്തിലേക്കും കുടിയേറിയതാവാം എന്ന നിഗമനത്തിലെത്താം.

3.4. കുംഭാരന്മാരുടെ സാംസ്കാരിക പശ്ചാത്തലം

ഒരു ജനസമൂഹത്തിന്റെ ജീവിതരീതികൾ, ആചാരാനുഷ്ഠാനങ്ങൾ, ഭാഷ എന്നിവയെല്ലാം കൂടി ഉൾപ്പെടുന്നതാണ് ആ സമൂഹത്തിന്റെ സംസ്കാരം. ഓരോ ജനവിഭാഗത്തിനും വ്യത്യസ്ത സാംസ്കാരിക ഘടനയായിരിക്കും ഉായിരിക്കുക. സാംസ്കാരിക ഘടകങ്ങൾക്ക് കാലഘട്ടത്തിനനുസരിച്ച് മാറ്റങ്ങൾ സംഭവിക്കാം. സമൂഹത്തിൽ മുമ്പുായിരുന്ന ചില ഘടനകൾ കാലക്രമേണ നഷ്ടപ്പെട്ടെന്നുവരാം. മറ്റു ചിലപ്പോൾ പുതിയൊരു സാംസ്കാരിക ഘടകത്തെ സ്വീകരിക്കാം. ഈ വക മാറ്റങ്ങൾ പ്രത്യക്ഷമോ പരോക്ഷമോ ആകാം.

വിവാഹം, മതപരമായ അനുഷ്ഠാനങ്ങൾ, സാമൂഹികഘടന തുടങ്ങിയവ യിൽ സവിശേഷതകൾ പുലർത്തുന്ന സാംസ്കാരിക പശ്ചാത്തലത്തിൽ ജീവിക്കു ന്നവരാണ് ആന്ധ്ര കുംഭാരന്മാർ. കേരളത്തിൽ പാലക്കാട്, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിൽ അധിവസിക്കുന്ന കുംഭാരന്മാരുടെ ജനസംഖ്യ 10,000 ത്തിനു മുകളിൽ ഉാകുമെന്ന് 1994–ൽ കിർത്താഡ്സ് നടത്തിയ വംശീയപഠനത്തിൽ കത്തെിയിട്ടു് (സുകുമാരൻ നായർ, 1994: 4). കേരളത്തിലെ ജാതിശ്രേണീകരണ

ത്തിൽ മറ്റു പിന്നോക്ക (OEC) വിഭാഗത്തിലാണ് ഇവർ ഉൾപ്പെടുന്നത്. വിദ്യാഭ്യാസപരമായും തൊഴിൽപരമായും പിന്നോക്കാവസ്ഥയിൽ തുടരുന്ന ഒരു ജനസമൂഹമാണ് കുംഭാരസമുദായം. 1981[]-ലെ സെൻസസ് റിപ്പോർട്ടു പ്രകാരം കുംഭാരന്മാരുടെ സാക്ഷരതാനിരക്ക് പട്ടികയിൽ കൊടുക്കുന്നു.

സാക്ഷരതാനിരക്ക്	
സ്ത്രീകൾ	65.73
പുരുഷൻമാർ	75.26
മൊത്തം	70.42

'കേരളസംസ്ഥാന കളിമൺപാത്ര നിർമ്മാണ തൊഴിലാളി സംഘം' എന്ന പേരിൽ ഇവരുടെ സമുദായത്തിനകത്തു 2006-ൽ രൂപം കൊ സംഘടനയുടെ നേതൃത്വത്തിൽ നടന്ന കണക്കെടുപ്പിൽ ജില്ലാടിസ്ഥാനത്തിലും കേരളത്തിൽ മൊത്തത്തിലും ഉള്ള ജനസംഖ്യാവിവരം താഴെ കൊടുക്കുന്നു.

ജില്ല	ജനസംഖ്യ
പാലക്കാട്	41,650
തൃശ്ശൂർ	19,040
മലപ്പുറം	46,400

[] 1991, 2001 വർഷങ്ങളിൽ നടത്തിയ സെൻസസ് റിപ്പോർട്ടിൽ ജാതിയെ അടിസ്ഥാനമാക്കിയുള്ള ജനസംഖ്യ കണക്കെടുപ്പ് നടന്നിട്ടില്ല.

കോഴിക്കോട്	10,440
വയനാട്	9,600
കണ്ണൂർ	3,480
ഇടുക്കി	2,400
മൊത്തം	1,35,010

ഇവരുടെ സവിശേഷമായ സാമൂഹിക സാംസ്കാരിക സാഹചര്യങ്ങൾ താഴെ പറയുന്നവയാണ്.

3.4.1. അധിവാസമാതൃക

കുംഭാരന്മാരുടേതു മാത്രമായ സംഘങ്ങളായിട്ടാണ് 50 വർഷം മുമ്പ് ഈ സമുദായക്കാർ അധിവസിച്ചിരുന്നത്. ഇപ്പോൾ സംഘങ്ങളായും അല്ലാതെയും ഇവർ അധിവസിക്കുന്നു. മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ 100–ൽ അധികം വീടുകൾ ഉ്. അഞ്ചു മുതൽ 10 സെന്റ് വരെ ഭൂമി സ്വന്തമായി ഉള്ളവരും പുറമ്പോക്കു ഭൂമിക ളിൽ അധിവസിക്കുന്നവരും ഇവർക്കിടയിൽ ഉ്. ചെറിയ മൺകുടിലുകളിലും ഓല മേഞ്ഞ പുരകളിലും താമസിച്ചിരുന്ന കുംഭാരർ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് ഓടിട്ട വീടുകളും കോൺക്രീറ്റു കെട്ടിടങ്ങളും നിർമ്മിക്കുന്നു്. മൺപാത്രങ്ങൾ നിർമ്മിക്കാനായി വീടിനോടു ചേർന്ന് ഒരു പുര ഉാക്കുന്നു. ചൂള, ചക്രം, വിറക് മുതലായവ പുരയിൽ ശേഖരിച്ചിട്ടുാകും. ഓരോ കോളനിയിലും ഒന്നോ രോ മാരി യമ്മൻ തറകൾ ഉായിരിക്കും. ആടുമാടുകളെ വളർത്തുന്നതിലോ കൃഷിയിലോ ഇവർ താല്പര്യം കാണിക്കാറില്ല. നായ കുംഭാരക്കോളനികളിൽ കാണുന്ന ഒരു പ്ര ധാന മൃഗമാണ്. ഇന്ന് അന്യസമുദായക്കാർക്കിടയിലും ഇവർ വീടുകൾ നിർമ്മിച്ച്

താമസിക്കാൻ താല്പര്യം പ്രകടിപ്പിക്കുന്നു്. വൈദ്യുതി, ടെലിവിഷൻ തുടങ്ങിയ ആധുനിക സൗകര്യങ്ങളും ഉപയോഗിക്കുന്നു്.

3.4.2. സാമൂഹിക ഘടന

കുംഭാരന്മാർ അഞ്ച് കുലങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. *പട്ടക്കാൽ, സൗദ്രി, സ്സെലവന, പുലിംതലം, ജോഗം* എന്നിവയാണവ. മുമ്പ് ഏഴ് കുലങ്ങൾ ഉ ായിരുന്നതായി ആവേദകർ പറയുകയുായി. എന്നാൽ *ഉക്കലവാറ്, നെത്തലഗിരി* എന്നിങ്ങനെ അറിയപ്പെട്ടിരുന്ന 2 കുലങ്ങൾ കാലക്രമേണ ഇല്ലാതായി. ഈ കുലനാമങ്ങളുടെ ഉല്പത്തി പരിശോധിച്ചാൽ ഈ നാമങ്ങൾ ഇവർ എവിടെ നിന്നു സ്വീകരിച്ചതാണെന്നു വ്യക്തമാവും. 1881–ലെ സെൻസസ് പ്രകാരം Patralu Kari(പട്ടക്കാൽ/പട്ടഹാള്), Selivantha Kulam(സ്സെലവന), Pulata (പുലിന്തലം), savara/Savara kulam (സൗദ്രി) എന്നിവ തെലുഗു ജാതിപ്പേരുകളാണ്. (Singh, 1996: 798881).

ആന്ധ്രാപ്രദേശിൽ നിന്നും കുടിയേറിയതിനുശേഷവും ഭാഷയോടൊപ്പം തന്നെ ഇത്തരം സാംസ്കാരിക ഘടകങ്ങൾ ഇവർ സംരക്ഷിക്കുന്നതായി മനസ്സിലാക്കാം.

ഒരേ കുലത്തിലുള്ളവർ സഹോദരീ–സഹോദര സ്ഥാനീയരായതിനാൽ വിവാഹബന്ധത്തിൽ ഏർപ്പെടാറില്ല. വധുവും വരനും വ്യത്യസ്ത കുലങ്ങളിൽ ഉൾപ്പെടുന്നവർ ആയിരിക്കണം.

സാമുദായിക ചടങ്ങുകൾക്ക് നേതൃത്വം വഹിക്കുക, സമുദായ നേതൃത്വവും നിയന്ത്രണവും വഹിക്കുക തുടങ്ങിയ ചുമതലകളുടെ മാനദണ്ഡത്തിലാണ് കുലവിഭജനം നടത്തിയിരിക്കുന്നത്. ഓരോ വിഭാഗത്തിനും ഓരോ അവകാശങ്ങൾ

കല്പിച്ചു കൊടുത്തിരിക്കുന്നു. അതിനാൽ കുംഭാര കുടുംബത്തിൽ ഏത് തരത്തിലുള്ള ചടങ്ങുകൾ നടക്കുമ്പോഴും പ്രധാനമായും നാല് കുലങ്ങളിലെ (ജോഗം ഒഴികെ) മുതിർന്ന ആളുകൾ ഉായിരിക്കണം. പട്ടക്കാൽ (പട്ടഹാള്) ഇല്ലക്കാർക്ക് ആണ് ചടങ്ങുകൾക്ക് നേതൃത്വം വഹിക്കാനുള്ള അവകാശം ഉള്ളത്.

> പട്ടക്കാൽ ഇല്ലക്കാരാണ് ഉയർന്ന കൂട്ടർ ഇവരാണ് വിവിധ ചടങ്ങുകൾക്ക് പൗരോഹിത്യം അരുളുന്നത്

എന്ന് കെ.എസ്. സിംഗ് (2000:757) അഭിപ്രായപ്പെടുന്നു. സൗദ്രി വിഭാഗത്തിൽ ഉൾപ്പെട്ടവരാണ് മാരിയമ്മയുടെ പൂജാ അവസരത്തിൽ ബലിനടത്തി രക്തം കുടിക്കുന്ന കർമ്മം അനുഷ്ഠിക്കേത്. വിവാഹദിവസം വരന് താലി എടുത്തു കൊടുക്കുന്നത്, പട്ടക്കാൽ ഇല്ലക്കാരാണ്. ഭർത്താവ് മരണമടഞ്ഞാൽ സ്ത്രീയുടെ താലി അറുക്കുന്ന ചടങ്ങ് നടത്തുന്നത് 'സ്സെലവന' വിഭാഗത്തിൽപെട്ടവരാണ്. വിവാഹചടങ്ങിൽ വധുവിനെ കുപ്പിവള അണിയിക്കുവാനുള്ള അവകാശം 'സ്സെലവന'ക്കാർക്കാണ്. മരണാനന്തരം നടത്തുന്ന അടിയന്തിര കർമ്മത്തിൽ അശുദ്ധം നീക്കുവാൻ വെള്ളം തളിക്കുന്നതിനുള്ള അവകാശം 'പുലിംതല'മെന്ന ഇല്ലത്തിനാണ്.

> പട്ടക്കാൽ ഒഴിച്ചുള്ള മറ്റു കുലങ്ങൾക്ക് കുലശ്രേണിയിൽ ഒരേ സ്ഥാനമാണ് കല്പിച്ചു കൊടുത്തിട്ടുള്ളത് (സുകുമാരൻ നായർ, 1994:9)

പിതൃദായക്രമം ദീക്ഷിക്കുന്നവരാണ് കുംഭാരന്മാർ. അച്ഛന്റെ സ്വത്തിന് ആൺമക്കളാണ് അവകാശികൾ. വിവാഹം കഴിയുന്നതോടെ സ്ത്രീക്ക് സ്വത്തിൽ യാതൊരു അവകാശവും ഇല്ല. കേരളത്തിന്റെ പൊതുസാമൂഹ്യശ്രേണിയിൽ താഴ്ന്ന പദവിയാണ് കുംഭാരന്മാർക്ക് നൽകിവരുന്നത്. എന്നാൽ ആദ്യകാലത്ത്

താഴ്ന്ന വിഭാഗക്കാർക്ക് ക്ഷേത്രങ്ങളിൽ പ്രവേശനം നിഷിദ്ധമായിരുന്ന കാലത്ത് ഇവർക്ക് ക്ഷേത്രപ്രവേശനത്തിന് അനുവാദം ഉായിരുന്നു എന്ന് ഒരു ആവേദകൻ അഭിപ്രായപ്പെട്ടു. മുൻകാലങ്ങളിൽ ഈ വിഭാഗക്കാർക്ക് അർഹിക്കുന്ന പരിഗണന നൽകിയിരുന്നിരിക്കണം എന്ന് ഇതിൽ നിന്നും അനുമാനിക്കാം.

3.4.3. ജീവിതരീതി

കേരളത്തിലെ സാധാരണക്കാരുടെ ജീവിതരീതിയാണ് ഇവർ അനുവർത്തിക്കുന്നത്. ഭൂരിപക്ഷം കുംഭാരരുടെ സാമ്പത്തിക നിലവാരം ശരാശരിയിലും താഴെയാണ്. ആരാധനാ വേളകളിൽ അരിപ്പൊടി, ശർക്കര, ഏലക്കായ എന്നിവ ചേർത്ത് ഉാക്കുന്ന നിവേദ്യം ഒഴികെ പ്രത്യേക രീതിയിലുള്ള ഭക്ഷണ സമ്പ്രദായം കുംഭാരന്മാർക്ക് ഉായിരുന്നില്ല. പൊതുവെ ഇവർ മാംസാഹാരികളാണ്.

വസ്ത്രധാരണ രീതിയിൽ കുംഭാരന്മാർക്ക് പ്രത്യേകതകൾ ഉായിരുന്നു. പുരുഷന്മാർ വിവാഹം ഒഴികെയുള്ള ദിവസങ്ങളിൽ മുു മാത്രമായിരുന്നു ധരിച്ചിരുന്നത്, വിവാഹ ദിവസം ശരീരം മുഴുവൻ മറയ്ക്കത്തക്കവിധം വസ്ത്രം ധരിച്ചിരുന്നു. സ്ത്രീകൾ മു്, മാറ് മറയ്ക്കാനായി ചെറിയൊരു മേൽമു് എന്നിവ ധരിച്ചിരുന്നു. പ്രായം ചെന്ന സ്ത്രീകൾ ഇപ്പോഴും ഇത്തരം വസ്ത്രം ധരിക്കുന്നു. പുരുഷന്മാർ കാത് കുത്തിയിരുന്നു. ആദ്യകാലത്ത് പുരുഷന്മാർ മുടി വളർത്തിയിരുന്നു. ഇത് കുടുമയായി കെട്ടിവെക്കുന്ന സമ്പ്രദായം ഉായിരുന്നു. ആരാധനാ വേളകളിൽ തറ്റുടുക്കുകയും (മു് പ്രത്യേക രീതിയിൽ ഉടുക്കുക) പൂണൂല് ധരിക്കുകയും ചെയ്തിരുന്നു. ഈ ആചാരം ഇന്നും നിലനിൽക്കുന്നു. സ്ത്രീകൾ ‘മൂക്കുത്തി’ ധരിക്കുന്ന പതിവ് ഇന്നും ു്.

സമീപകാലത്ത് മുഖ്യധാരാ കേരളസമൂഹത്തിന്റെ ഭക്ഷണ സമ്പ്രദായങ്ങളും വസ്ത്രധാരണ രീതികളും ആഭരണ മാതൃകകളും ജീവിതരീതികളുമാണ് ഈ സമുദായക്കാർ അനുവർത്തിക്കുന്നത്.

3.4.4. തൊഴിൽ

ഇന്ത്യയിലെ ഏറ്റവും പഴക്കമേറിയ കരകൗശലവിദ്യകളിൽ ഒന്നാണ് മൺപാത്രനിർമ്മാണം. പ്രാചീന സംസ്കാരത്തിന്റെ ഭഗ്നാവശിഷ്ടങ്ങളിൽ സാമാന്യം വലിയ ഭാഗം കളിമൺ ഉപകരണങ്ങളും കളിപ്പാട്ടങ്ങളും അലങ്കാരവസ്തുക്കളുമാണ്. മൺപാത്രനിർമ്മാണത്തിനുള്ള പ്രധാന ഉപകരണം ചക്രമാണ്.

> നാല് ആരക്കാലുകളും അവയെ ബന്ധിപ്പിച്ചുകൊ് മുളകൊുാക്കിയ വളയവുമായിരുന്നു പഴയ കുശവചക്രം. ഈ ചക്രത്തിനു മേലെ ചൂടികൊ് വരിഞ്ഞുകെട്ടി വൈക്കോലും കളിമണ്ണും ചേർത്ത് കുഴച്ച മിശ്രണം തേച്ചുപിടിപ്പിച്ചിരിക്കും. തറയിൽ ഉറപ്പിച്ചു വെച്ചിട്ടുള്ള വെള്ളാരം കല്ലിന്റെ നടുവിൽ മുകൾഭാഗത്ത് മൊട്ടുപോലെ പൊങ്ങിനിൽക്കുന്ന ചെറിയ മുനയിലേക്ക് ചക്രത്തിന്റെ മധ്യഭാഗത്തുള്ള കുഴിവരുന്ന വിധമാണ് ചക്രം വെക്കുന്നത് (പ്രേമരാജൻ, 2004:84)

ഇന്ന് ഇത്തരം ചക്രം ആരും ഉപയോഗിക്കുന്നില്ല. ഇരുമ്പുകാലുകളുള്ള ഇരുമ്പു ചക്രമാണ് സാർവ്വത്രികമായി ഉപയോഗിക്കുന്നത്. കൂടാതെ വൈദ്യുതികൊ് പ്രവർത്തിക്കുന്ന ചക്രവും ആധുനികകാലത്ത് ഉപയോഗിക്കുന്നു്. വയലിൽ നിന്നു കൊുവരുന്ന മണ്ണ് പൂഴിചേർത്ത് ചവിട്ടിക്കുഴച്ച് പതംവരുത്തുന്നു. തുടർന്ന് മണ്ണിന്റെ ഉരുള ചക്രത്തിൽ വെച്ച് മുളവടികൊ് ചക്രത്തിന്റെ വേഗത

വർദ്ധിപ്പിക്കുന്നു. കൈകൾകൊ് ഉദ്ദേശിക്കുന്ന പാത്രത്തിന്റെ രൂപം സൃഷ്ടിച്ചെടുക്കുന്നു. വെയിലത്തുവെച്ച് ഉണക്കുകയും മിനുക്കുകയും ചെയ്തശേഷം ചൂളയിൽ വെച്ച് ചുട്ടെടുക്കുന്നു. മൺപാത്രങ്ങൾ നിർമ്മിക്കുന്നത് ഇപ്രകാരമാണ്.

സ്ത്രീപുരുഷ തൊഴിൽ വിഭജനം കുംഭാരന്മാർക്കിടയിൽ പ്രകടമാണ്. ചക്രം തിരിച്ച് പാത്രങ്ങൾ ഉാക്കുന്നതും അവ ചൂളക്ക് വെക്കുന്നതും പുരുഷന്മാരാണ്. ചക്രം തൊടാൻ സ്ത്രീകൾക്ക് അധികാരം ഉായിരുന്നില്ല. അതേസമയം സ്ത്രീകൾ ചക്രമുപയോഗിക്കാതെ കൈകൊ് മണ്ണുരൂപപ്പെടുത്തി പാത്രങ്ങൾ നിർമ്മിക്കാറു്. പാത്രം വില്പനയിൽ മുഖ്യപങ്കുവഹിക്കുന്നത് സ്ത്രീകൾ ആണ്. മുളകൊ് നിർമ്മിച്ച പ്രത്യേകതരം കുട്ടയിൽ അടുക്കി പാത്രങ്ങൾ വില്ക്കാൻ കൊുപോകുന്നത് സ്ത്രീകളാണ്.

3.4.5. ജീവിതാചാരങ്ങൾ

3.4.5.1. ജനനം

ഭർതൃഗൃഹത്തിൽ വെച്ചായിരുന്നു ആദ്യത്തെ പ്രസവം നടത്തിയിരുന്നത്. സത്രീയുടെ അച്ഛൻ പ്രസവച്ചെലവിലേക്കായി കുറച്ചുപണം ഭർത്താവിനെ ഏല്പിക്കാറുായിരുന്നു. എന്നാൽ ഇന്ന് ഗർഭിണിയായ സ്ത്രീയെ ബന്ധുക്കൾ ഏഴാം മാസത്തിൽ സ്വഗൃഹത്തിലേക്ക് കൂട്ടികൊു പോകുന്നു. പ്രസവം സ്ത്രീ ഗൃഹത്തിൽ വെച്ച് നടക്കുമെങ്കിലും പ്രസവച്ചെലവുകൾ ഭർത്താവ് നിർവ്വഹിക്കുന്നു. കുട്ടി ജനിച്ചുകഴിഞ്ഞാൽ സ്ത്രീയുടെ ബന്ധുക്കൾ ഭർതൃഗൃഹത്തിൽ വിവരം അറിയിക്കുന്നു.

ആൺകുട്ടിയാണെങ്കിൽ കിണ്ണം കൊട്ടിയും പെൺകുട്ടിയാണെങ്കിൽ ഉരലിടിച്ചും അറിയിക്കുന്ന ചടങ്ങ്

എന്ന് സുകുമാരൻ നായർ രേഖപ്പെടുത്തുന്നു (1994:10) ഇത് ഇപ്പോൾ അനുവർത്തിച്ചു വരുന്നില്ല. ജനനാനന്തരമുള്ള പുല 15 ദിവസത്തേക്ക് ആചരിക്കുന്നു. തദവസരത്തിൽ കുടുംബാംഗങ്ങൾ ആഘോഷങ്ങളിലോ ചടങ്ങുകളിലോ പങ്കെടുക്കാറില്ല. 28–ാം നാൾ നൂലുകെട്ടൽ ചടങ്ങ് നടത്തുന്നു. ജനിച്ച് മൂന്നോ ആറോ മാസങ്ങൾക്കിടയ്ക്ക് അമ്പലത്തിലോ വീട്ടിലോ വെച്ച് ചോറൂണ് ചടങ്ങ് നടത്തുന്നു.

ജനനവുമായി ബന്ധപ്പെട്ട് കുംഭാരന്മാർ ഇന്ന് നടത്തുന്ന ചടങ്ങുകൾക്ക് കേരളത്തിലെ മറ്റു സമുദായങ്ങളിൽ ആചരിക്കാറുള്ള ചടങ്ങുകളുമായി സാമ്യമു്.

3.4.5.2. ഋതുമതിയാകുന്ന ചടങ്ങ്

കുംഭാരപെൺകുട്ടികൾക്ക് പ്രായപൂർത്തിയെത്തിയാൽ 14 ദിവസം വീട്ടിൽ നിന്നുമാറി സമീപത്ത് കെട്ടിയുാക്കിയ കുടിലിൽ താമസിപ്പിക്കുക പതിവായിരുന്നു. ഇത്തരം സന്ദർഭങ്ങളിൽ എണ്ണ, മഞ്ഞൾ എന്നിവ തേച്ച് കുളിപ്പിക്കുകയും നല്ല ഭക്ഷണം നൽകുകയും ചെയ്തിരുന്നു. ഇന്ന് വിപുലമായ രീതിയിൽ ഈ ചടങ്ങ് ആഘോഷിക്കുന്നില്ല.

3.4.5.3. വിവാഹം

കുംഭാര വിവാഹം വളരെയധികം സവിശേഷ ആചാരങ്ങൾ നിറഞ്ഞവയാണ്. ജീവിതത്തിൽ ഒരിക്കൽ മാത്രമേ വിവാഹം അനുവദനീയമായിരുന്നുള്ളൂ. ഭർത്താവു മരിച്ച സ്ത്രീക്ക് മറ്റൊരു പുരുഷന്റെ കൂടെ ജീവിക്കാം. അല്ലാത്തപക്ഷം

അവർക്ക് സമൂഹത്തിൽ ഭ്രഷ്ട് കല്പിച്ചിരുന്നു. ബഹുഭാര്യാത്വം അനുവദനീയമായിരുന്നു. രു ഭാര്യമാരും ഒരുമിച്ചിരിക്കുന്ന വ്യക്തിക്കേ ചടങ്ങുകളിലും മറ്റും സ്ഥാനമുായിരുന്നുള്ളൂ. വളരെ ചെറുപ്പത്തിലേ വിവാഹം കഴിക്കുന്ന രീതിയായിരുന്നു നിലനിന്നിരുന്നത്.

വരന്റെ മാതാപിതാക്കൾ വധുവിനെ കത്തെുന്നു. വരന്റെ പിതാവ് വധുവിന്റെ പിതാവിന് പെൺപണം നല്കുന്നതോടെ വിവാഹം ഉറയ്ക്കുന്നു. പെൺപണം നൽകുന്ന ചടങ്ങിന് (നിശ്ചയത്തിന്) 'ഓലികെട്ടുക' എന്നാണ് പറഞ്ഞിരുന്നത്. അഞ്ചേകാൽ, ഏഴേകാൽ എന്നിങ്ങനെ നൽകിയിരുന്ന സംഖ്യ ഇപ്പോൾ വർദ്ധിച്ചിട്ടു്. പെൺപണം നൽകുന്നതോടെ വധു വരന്റെ വീട്ടിലെ അംഗമാകുന്നു.

വിവാഹച്ചടങ്ങ് നടക്കുന്നത് വരന്റെ വീട്ടിൽ വെച്ചാണ്. അന്നേദിവസം വൈകുന്നേരത്തോടെ ബന്ധുക്കൾ വധുവിനെ വരന്റെ വീട്ടിൽ എത്തിക്കുന്നു. വധുവിനെ വരന്റെ വീടിന്റെ തൊട്ടടുത്ത വീട്ടിലാണ് നിർത്തുക. 6 മണിയോടെ വിവാഹച്ചടങ്ങുകൾ ആരംഭിക്കുന്നു. തുടർന്ന് 24 ക്രിയകൾ നടത്തുന്നു. ഈ ക്രിയകളുടെ ഒടുവിൽ സൂര്യനുദിക്കുമ്പോഴാണ് വരൻ മഞ്ഞനൂലിൽ കോർത്ത താലി വധുവിനെ അണിയിക്കുന്നത്. അതിനുശേഷം മഞ്ഞൾ നീരാട്ടു കഴിഞ്ഞ് പുതിയചേല ഉടുപ്പിച്ച് വധുവിനെ വരന്റെ വീട്ടിൽ പ്രവേശിപ്പിക്കുന്നു.

വധുവിനും വരനും പ്രത്യേകരീതിയിലുള്ള അലങ്കാരങ്ങൾ ചെയ്തിരുന്നു. സ്ത്രീകൾ പ്രത്യേകരീതിയിൽ മു് ഉടുത്ത് മാറിൽ ഒരു മേൽമു് ധരിക്കുന്നു. കൈത്തയിൽ കുപ്പിവളയും മാലയോടൊപ്പം തുളസിമാലയും ഇട്ടിരുന്നു. പ്രത്യേകതരത്തിൽ പൊട്ടു തൊടുന്നു. വരൻ മുുകെ് തറ്റുടുത്തിരിക്കും. മുടി ഗോപുരം

പോലെ കെട്ടി വെളുത്ത തുണികൊ് പൊതിഞ്ഞ് പനയോലകൊ് ഉാക്കിയ കിരീടം ധരിക്കും. പൂണൂൽ ഇടുന്ന പതിവുമുായിരുന്നു. അരയിൽ വെള്ളി അരഞ്ഞാണവും കഴുത്തിൽ ചുവന്ന കല്ലുമാലയും അണിയുന്നു. കൈത്തയിൽ നെളിബന്ത (വളഞ്ഞ വള) ധരിക്കും. മെതിയടി ഉപയോഗിച്ചിരുന്നു.

ഇത്തരത്തിൽ വളരെ സവിശേഷമായ പ്രത്യേകതകളോടെയാണ് ഇവർ വിവാഹച്ചടങ്ങുകൾ ആഘോഷിച്ചിരുന്നത്. സമീപകാലത്ത് 'മാലക്കല്ല്യാണം' (കേരളീയ ഹിന്ദു സമൂഹത്തിൽ പൊതുവെ നടക്കുന്ന വിവാഹം) നടത്താനാണ് കൂടുതൽ പേരും ആഗ്രഹിക്കുന്നത്. എങ്കിലും പഴയ രീതിയിലുള്ള വിവാഹങ്ങൾ കുറഞ്ഞതോതിൽ നടത്താറു്. കുംഭാരന്മാരുടെ ആചാരപ്രകാരം വിവാഹം ചെയ്ത വ്യക്തിക്കേ മാരിയമ്മൻ ആരാധനകളിലും മറ്റും പൂജാരിയാവാനുള്ള അവകാശം നൽകൂ. ഇത്തരം സാഹചര്യം നിലനിൽക്കുന്നതുകൊായിരിക്കാം വിവാഹചടങ്ങുകൾ സംരക്ഷിക്കാൻ ഇവർ താല്പര്യം പ്രകടിപ്പിക്കുന്നത്.

3.4.5.4. മരണാനന്തര ചടങ്ങുകൾ

കുംഭാരന്മാരുടെ മരണാനന്തര ചടങ്ങുകൾക്ക് കാര്യമായ പ്രത്യേകതകൾ കാണുന്നില്ല. മരിച്ച വ്യക്തിയെ ശ്മശാനത്തിലോ സ്വന്തമായ വീട്ടുവളപ്പിലോ അടക്കുന്നു. നാല് ഇല്ലങ്ങളിലെയും കാരണവന്മാർ ആയിരിക്കും കർമ്മങ്ങൾ ചെയ്യുക. മരിച്ച വ്യക്തിയുടെ കുടുംബാംഗങ്ങൾ 15 ദിവസം പുല ആചരിക്കുന്നു. 15–ാം നാൾ അടിയന്തരം നടത്തുന്നു. മരണാനന്തര ക്രിയകൾ നടത്തിയിരുന്ന വ്യക്തികുളിച്ച് ബലിയിടുന്നു. ബന്ധുക്കൾക്കും സമുദായക്കാർക്കും സദ്യ കൊടുക്കുന്നു. അടിയന്തിരം കഴിഞ്ഞ് ഒരു വർഷത്തിനുശേഷം ശ്രാദ്ധം അനുഷ്ഠിക്കുന്നു. അന്ന്

പ്രത്യേകപൂജ നടത്തുന്നു. മറ്റ് ഹൈന്ദവ സമൂഹങ്ങളിൽ നടത്തുന്ന ആചാരങ്ങ ളോട് സാമ്യം പുലർത്തുന്നു.

3.4.5.5. ആരാധനകൾ

മറ്റു ഹൈന്ദവ ദൈവങ്ങളെ ആരാധിക്കുന്നുങ്കിലും കുംഭാരന്മാരുടെ കുല ദൈവം മാരിയമ്മയാണ്. ഒരു പ്രദേശത്ത് ഒന്നോ രോ വീടുകളിൽ മാരിയമ്മയെ ആരാധിക്കുന്നതിനുള്ള തറ/ക്ഷേത്രം ഉായിരിക്കും. ഇവിടെ ദിവസംതോറും പൂജന ടത്തുന്ന പതിവില്ല. ആുതോറും കുംഭമാസത്തിൽ നടത്തുന്ന മാരിയമ്മൻ ഉത്സവ വേളകളിൽ മാത്രമേ പൂജ നടത്താറുള്ളൂ. കുംഭാരസമുദായത്തിൽ പെടുന്നവർ തന്നെയാണ് (പട്ടക്കാൽ ഇല്ലക്കാർ) പൂജാകർമ്മങ്ങൾ നടത്തുന്നത്. മൂന്നു ദിവസം നീുനിൽക്കുന്ന പൂജയോ ഒരു ദിവസംകൊ് അവസാനിക്കുന്ന പൊങ്കൽ പൂജയോ ആണ് ഇവർ നടത്താറുള്ളത്. പൊങ്കൽ പൂജയ്ക്ക് നാല് കുലത്തിലെ പ്രധാനി കളും വേണമെന്ന നിർബന്ധം ഇല്ല. ഓരോ കുലക്കാർക്കും പ്രത്യേകം പൊങ്കൽ പൂജ നടത്താം.

പൂജ ആരംഭിക്കുന്നത് പുഴക്കടവിൽ ചെന്ന് വാദ്യമേളങ്ങളോടെ മാരിയ മ്മയെ ആവാഹിക്കുന്നതോടെയാണ്. ആവാഹിച്ചുകൊുവന്ന് പീഠത്തിൽ ഇരുത്തി പൂജകഴിച്ച് അന്നത്തെപൂജ അവസാനിപ്പിക്കുന്നു. പിറ്റേന്ന് ഉഷപൂജ, മദ്ധ്യാഹ്നപൂജ, രാത്രിപൂജ എന്നിവ കഴിച്ച് ആട്, കോഴി എന്നിവയെ ബലികഴിച്ച് പ ിറ്റേന്നു പുലരുന്നതിനു മുമ്പ് ദേവിയെ പുഴയിൽ കൊുചെന്നാക്കുന്നു. പൊങ്കൽ പ ൂജയ്ക്ക് വിപുലമായ ചടങ്ങുകൾ ഉാവില്ല. പൂജാദിവസം വൈകുന്നേരം മുദ്രയെ (വിളക്ക്, ശംഖ്, ശില മുതലായവ) കുളിപ്പിച്ച് പുഴയിൽ നിന്നും കൊുവന്ന് പൂജാരി

മാർക്ക് പൂണൂലും ഗോപിക്കുറിയും ചാർത്തുന്നു. തുടർന്ന് കുടുംബത്തിലെ എല്ലാ വീടുകളിലും ചെന്ന് നെല്ല് സ്വീകരിച്ച് ഗണപതി പൂജ, പൊങ്കാല പൂജ എന്നിവ കഴിച്ച് ആട്, കോഴി എന്നിവയെ ബലി കഴിച്ച് പൂജാരി കല്പന പുറപ്പെടുവിച്ച് അനുഗ്രഹങ്ങൾ നല്കി പൂജ അവസാനിപ്പിക്കുന്നു.

മാരിയമ്മയോടൊപ്പം തന്നെ കാളി, കറുപ്പൻ, സിങ്കിലിക്കറുപ്പൻ, സന്യാസി, പേച്ചി, ഹനുമാൻ, ഏൽലുവാൽ (ശിവൻ) എന്നീ മൂർത്തികളെയും ആരാധിക്കുന്നു. ഹനുമാനെ ആരാധിക്കുന്ന സമ്പ്രദായം തമിഴ്നാട്ടലോ കേരളത്തിലോ കാണപ്പെടുന്നില്ല. ആന്ധ്രയിലാണ് ഹനുമാനെ ആരാധിക്കുന്ന രീതി ഇതിൽ നിന്നും ഉള്ളത്. മാരിയമ്മൻ ആരാധന തമിഴ്നാട്ടിൽ നിന്ന് സ്വീകരിച്ചതോടൊപ്പം തന്നെ സ്വസംസ്ഥാനത്തെ ഹനുമാൻ ആരാധന നിലനിർത്താനും ഇവർ ശ്രമിക്കുന്നു. ദേവിയെ പടിഞ്ഞാറാണ് പ്രതിഷ്ഠിക്കുക. കിഴക്കഭാഗത്ത് ദേവിയുടെയും കാവൽക്കാരായ കറുപ്പന്മാർക്ക് ദേവിക്ക് നല്കുന്ന എല്ലാ പൂജകളും നൽകണം. മാരിയമ്മയ്ക്ക് ഉത്തമത്തിലുള്ള പൂജകളാണ് നൽകുന്നത്. ആട്, കോഴി എന്നിവയെ ബലിയർപ്പിക്കുന്നത് കറുപ്പന്മാർക്ക് ആണ്. ആ അവസരത്തിൽ ദേവിയുടെ പ്രതിഷ്ഠയ്ക്കുമുന്നിൽ ഒരു തുണികൊ് മറവുാക്കി. ദേവി കാണാതെയാണ് ബലി നൽകുക. ബലികഴിഞ്ഞാൽ ലഭിക്കുന്ന രക്തം സൗദ്രി വിഭാഗക്കാർ കുടിക്കുന്നു. ഇതിന് 'ഗാവ്' വെക്കുക എന്നു പറയുന്നു. ഗാവ് കഴിഞ്ഞാൽ പൂജ അവസാനിക്കുന്നു.

അനുഷ്ഠാനത്തിന്റെ ഓരോ സന്ദർഭത്തിലും പ്രത്യേകം പാട്ടുകൾ ആലപിക്കുന്നു. ഉടുക്കുകൊട്ടി സംഘം ചേർന്നാണ് ഗാനങ്ങൾ ആലപിക്കുന്നത്. ഇവ കൂടുതലും തമിഴ്ഗാനങ്ങളാണ്.

കുംഭാരന്മാരുടെപൂജയ്ക്കുള്ള പാട്ടുകളെ പുരാവൃത്തം വിവരിക്കുന്ന പാട്ടുകൾ, പൂജപ്പാട്ടുകൾ, സേവപ്പാട്ടുകൾ, ഗവല്പാട്ടുകൾ എന്നിങ്ങനെ തിരിക്കാം. പുരാവൃത്തസംബന്ധമായ പാട്ട് വിവിധ പൂജകളുടെ ഇടവേളകളിലും പൂജപ്പാട്ട് പൂജാസമയത്തും പന്തമെടുക്കുമ്പോഴും പാടിപ്പോരുന്നു. ആടിനെവെട്ടി കർമ്മങ്ങൾ ചെയ്യുന്ന അവസരത്തിൽ പാടുന്ന പാട്ട് ആണ് ഗാവ്ല്പാട്ട്. (പ്രേമരാജൻ, 2005:163)

കുംഭാരന്മാരുടെ ആരാധനാ വിശ്വാസക്രമങ്ങളിൽ സമീപകാലത്ത് കാര്യമായ മാറ്റങ്ങൾ ഉായിട്ടു്. ഇന്ന് വ്യവസ്ഥാപിതമായ ഹിന്ദുമതത്തിന്റെ ഭാഗമാണ് ഈ സമുദായം. എല്ലാ ഹൈന്ദവക്ഷേത്രങ്ങളും സന്ദർശിക്കുകയും കല്ല്യാണം, ചോറൂണ് എന്നീ കർമ്മങ്ങൾ ഇവിടെ വെച്ച് നടത്തുകയും ചെയ്യുന്നു്.

3.4.5.6. ഉത്സവങ്ങൾ

കുംഭാരർക്ക് പ്രത്യേകമായ ഉത്സവങ്ങൾ ഇല്ല. കേരളത്തിലെ ഹിന്ദുമത വിശ്വാസികൾ ആഘോഷിക്കുന്ന എല്ലാ ഉത്സവങ്ങളും കുംഭാരന്മാരും ആഘോഷിക്കുന്നു. കേരളത്തിന്റെ ദേശീയോത്സവമായ ഓണം ചടങ്ങുകളിൽ വ്യതിയാനമില്ലാതെ ഇവർ ആഘോഷിക്കുന്നു. വിഷു, നവരാത്രി, ശിവരാത്രി തുടങ്ങിയ ഹൈന്ദവവിശേഷദിനങ്ങളും കൊാടുന്നു.

സ്വന്തമായ സാമൂഹിക സാംസ്കാരിക പശ്ചാത്തലങ്ങളിൽ ജീവിച്ചു വന്നിരുന്നവരായിരുന്നു കുംഭാരന്മാർ. കേരളസമൂഹത്തിൽ നിന്നും വ്യത്യസ്തമായ സാംസ്കാരിക സാമ്പ്രദായിക രീതികളായിരുന്നു ഇവർക്ക് ഉായിരുന്നത്. എന്നാൽ കേരള സമൂഹവുമായുള്ള സാംസ്കാരികമായ ഇടപെടലുകൾ മൂലം മുഖ്യധാരാ

കേരള സമൂഹത്തിന്റെ പൊതു രീതികൾ ഭാഗികമായി സ്വാംശീകരിച്ചിട്ടു് ഈ സമുദായം.

സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ ജീവിക്കുന്നവരാണ് ഇവർ. അതുകൊുതന്നെ കുലത്തൊഴിൽ ചെയ്യാൻ പുതിയ തലമുറ വിസമ്മതിക്കുകയും സാമ്പത്തികമായി മെച്ചപ്പെട്ട തൊഴിൽ ചെയ്യാൻ സന്നദ്ധരാകുന്നതായും കാണാം. ഇന്ന് വളരെ കുറച്ചു വ്യക്തികൾ മാത്രമാണ് കുലത്തൊഴിൽ ചെയ്ത് ഉപജീവന മാർഗ്ഗം തേടുന്നത്. പ്ലാസ്റ്റിക്, അലുമിനിയ, നോൺസ്റ്റിക് ഉല്പന്നങ്ങൾ വിപണിയിൽ സുലഭമായിക്കൊിരിക്കുന്ന ആധുനികകാലത്ത് മൺപാത്രങ്ങൾ ഉപയോഗിക്കാൻ ജനങ്ങൾ മടികാണിക്കുന്ന അവസ്ഥ ഈ കുലത്തൊഴിലിനെ പ്രതികൂലമായി ബാധിക്കുകയാണ് ചെയ്തിരിക്കുന്നത്. ഇപ്രകാരം സാംസ്കാരികമായും സാമ്പത്തികമായും ന്യൂനപക്ഷ അവസ്ഥ അനുഭവിക്കുന്നവരാണ് കേരളത്തിലെ കുംഭാര സമുദായം.

കുംഭാര സമുദായത്തിന്റെ ഇത്തരം പിന്നോക്ക അവസ്ഥയ്ക്കെതിരെ പ്രതികരിക്കാൻ കുംഭാരന്മാർ സ്വയം സംഘടിക്കുന്നു്. മലപ്പുറം ജില്ലയിലെ നിലമ്പൂർ പ്രദേശം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന 'ഹെൽപിങ് ഹാൻഡ്സ്' എന്ന സംഘടന ഇത്തരത്തിലുള്ളതാണ്. 1991 ജൂൺമാസത്തിൽ രൂപമെടുത്ത ഈ സംഘടന കുംഭാരന്മാരുടെ സാമൂഹ്യപുരോഗതിയിലേക്കു നയിക്കാൻ വേ നടപടിക്രമങ്ങൾ എടുക്കുകയാണ് ആദ്യം ചെയ്തത്. മുതിർന്നവരെ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവാന്മാരാക്കുകയും കുട്ടികൾക്ക് പഠന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. ഇതോടൊപ്പം ആരോഗ്യപരമായ ശുചിത്വബോധം കുംഭാരർക്കിടയിൽ സൃഷ്ടിക്കാൻ വേ ബോധവൽക്കരണ പ്രവർത്തനങ്ങളും നട

ത്തിയിരുന്നു. കുട്ടികൾക്ക് വിദ്യാഭ്യാസത്തിനാവശ്യമായ പുസ്തകങ്ങളും മറ്റും നല്കി വിപുലമായ പ്രവർത്തനങ്ങൾ ഈ സംഘടന നടത്തുന്നു്.

കേരളസംസ്ഥാന കളിമൺപാത്ര നിർമ്മാണ തൊഴിലാളി സംഘം (കുംഭാര സമുദായം) എന്ന പേരിൽ മറ്റൊരു സംഘടന 2006–ൽ തൃശ്ശൂർ ജില്ലയിൽ രൂപം കൊു. കുംഭാര സമുദായത്തിന്റെ ഉന്നമനം ലക്ഷ്യമാക്കി ആരംഭിച്ച സംഘടന യാണ് ഇതും. ജില്ലാടിസ്ഥാനത്തിൽ രൂപമെടുത്ത ഈ സംഘടന സംസ്ഥാനാടി സ്ഥാനത്തിൽ വ്യാപിപ്പിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നു്. കുംഭാരസമുദാ യത്തെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്താൻ വേ പ്രവർത്തനങ്ങൾ ചെയ്യുക എന്നതാണ് ഈ സംഘടനയുടെ മുഖ്യ ലക്ഷ്യം. തുടർന്ന് മറ്റ് മേഖലകളുടെ ഉന്ന മനവും ഈ സംഘടന ലക്ഷ്യമിടുന്നു്.

ചുരുക്കത്തിൽ ന്യൂനപക്ഷ ജനവിഭാഗമായ കുംഭാരസമൂഹം അവരുടെ നിലനില്പിനെക്കുറിച്ച് ബോധവാന്മാരാവുകയും അതിനു വേ ശക്തമായ ശ്രമങ്ങൾ നടത്തിക്കൊിരിക്കുകയും ചെയ്യുന്നതായി കാണാം.

കുംഭാരന്മാരുടെ ഭാഷാ സവിശേഷതകൾ

തെലുഗു അറിയുന്ന ഒരു വ്യക്തിക്ക് കുംഭാരന്മാർ തമ്മിൽ സംസാരിക്കുന്നതു കേട്ടാൽ അതിന് തെലുഗുഭാഷയുമായി വളരെ അടുത്ത ബന്ധം പുലർത്തുന്നതായി അനുഭവപ്പെടാം. ഇവരുടെ ഭാഷയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ ഭാഷയുടെ ചില പ്രത്യേകതകൾ അപഗ്രഥിക്കുന്നതിലൂടെ സാധിക്കും. കുംഭാരന്മാരുടെ ഭാഷയുടെ വിവരണാത്മക വിശകലനം നടത്തുക എന്നത് ഈ പഠനത്തിന്റെ ലക്ഷ്യമല്ല. എങ്കിലും സാമൂഹിക ഭാഷാശാസ്ത്രത്തിന്റെ രീതിശാസ്ത്രമുപയോഗിച്ച് നടത്തുന്ന ഈ പഠനത്തിനുവേി ശേഖരിച്ച ദത്തങ്ങളിൽ നിന്നും കത്തൊവുന്നതും അവരുമായി ഇടപഴകി നിരീക്ഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ കത്തൊൻ സാധിച്ചതും ആയ പ്രത്യേകതകൾ സാമാന്യേന വിവരിക്കുകയാണ് ഇവിടെ ചെയ്യുന്നത്.

4.1. സ്വരങ്ങൾ

അഞ്ച് ഹ്രസ്വസ്വരങ്ങളും അവയുടെ ദീർഘങ്ങളും കുംഭാരന്മാരുടെ ഭാഷയിൽ പ്രയോഗത്തിലു്. *അ, എ, ഇ, ഉ, ഒ* എന്നിവയും അവയുടെ ദീർഘരൂപങ്ങളും ചേർന്നതാണ് ഈ ഭാഷയിലെ സ്വരങ്ങളുടെ ഘടന. '*ഉ്*'കാരത്തിന്റെ സംവൃതവും വിവൃതവുമായ രൂപങ്ങൾ ഭാഷയിൽ കാണുന്നു്. സംവൃത–വിവൃത '*ഉ്*'കാരങ്ങ

ളുടെ പ്രയോഗം മൂലം അർത്ഥവ്യത്യാസം കുറിക്കുന്ന പദങ്ങളൊന്നും ഇവരുടെ ഭാഷയിൽ കത്തൊൻ സാധിച്ചിട്ടില്ല. അതിനാൽ 'ഉ്'കാരത്തിന്റെ ഒരു ഉപസ്വനമായി സംവൃത 'ഉ്' കാരത്തെ പരിഗണിക്കാവുന്നതാണ്. ആദാനം ചെയ്ത സംസ്കൃതവാക്കുകളിൽ 'ഋ'കാര സഹിതരൂപങ്ങളും കാണപ്പെടുന്നു.

ഉദാ:– അ – ആ

പദാദി	പദമധ്യം	പദാന്തം
അത്താന് (എല്ലാ)	തെല്ലതി (വെളുപ്പ്)	അത്ത (അച്ഛന്റെ സഹോദരി)
ആഹ് (ഇല)	വാറ് (അവർ)	കാനാ (ആണ്)

എ – ഏ

പദാദി	പദമധ്യം	പദാന്തം
എതി (ഏത്)	മുപ്പെയി (മുപ്പത്)	വെനിഹെ (പിറകെ)
ഏട് (ഏഴ്)	ബേസി (അടിച്ചു)	

ഇ – ഈ

പദാദി	പദമധ്യം	പദാന്തം
ഇതി (ഇവൾ/ഇത്)	എനിമിതി (എട്ട്)	പതി (പത്ത്)
	മീദ (മേലേ)	

ഉ – ഊ

പദാദി	**പദമധ്യം**	**പദാന്തം**
ഉട്ടി (ഉറി)	ഒവുറു (ആര്)	റോലു (ഉരൽ)
കൂടു (ചോറ്)	മുച്ചൂടു (മുഴുവൻ)	

ഒ – ഓ

ഒവിട്ടി (ഒന്ന്)	സൊവ്വു (ചെവി)
ഓർമ്മച്ചട (ഓർക്കുന്നു)	കോഡാല് (മകന്റെ ഭാര്യ)

ഋ – മൃഗാള്

സംവൃത ഉകാരം പ്രയോഗിക്കുന്ന പദങ്ങൾക്ക് ഉദാഹരണം –

കുംഭാരന്മാരുടെ ഭാഷ		**മലയാളം**
അല്ല്ഡ്	–	മകളുടെ ഭർത്താവ്
ആല്	–	ഭാര്യ
ഐെത്	–	അഞ്ച്
ഇല്ല്	–	വീട്

സംയുക്ത സ്വരങ്ങളായ ഐ (അയ്), ഔ (അവ്) എന്നിവയിൽ 'ഐ'കാര രൂപങ്ങൾ ഭാഷയിൽ ഉ്. ആരംഭത്തിൽ 'ഔ'കാരം പ്രയോഗിക്കുന്ന രൂപങ്ങളോ 'ഔ' കാരം കലർന്ന രൂപങ്ങളോ ശേഖരിച്ച ദത്തങ്ങളിൽ നിന്ന് കത്തൊൻ സാധിച്ചിട്ടില്ല.

ഉദാ :– ഐ

ഐെത്/അയ്ത്.

ഇപ്രകാരം പതിനൊന്ന് സ്വരങ്ങൾ കുംഭാരന്മാരുടെ ഭാഷയിൽ കാണപ്പെടുന്നു.

4.2 വ്യഞ്ജനങ്ങൾ

ഭാഷയിലെ വ്യഞ്ജനരൂപങ്ങൾ മുഴുവനായും കത്തൊൻ സാധിച്ചിട്ടില്ലെങ്കിലും ശേഖരിച്ച ദത്തങ്ങളിൽ നിന്നും കിട്ടിയവ കുംഭാരന്മാരുടെ ഭാഷയിൽ പ്രയോഗത്തിലുള്ളവയാണ്. അതിൻപ്രകാരം 23 വ്യഞ്ജനരൂപങ്ങൾ ഇവരുടെ സംസാരഭാഷയിൽ പ്രയോഗത്തിലു്.

ക ഗ

ച

ട ഡ ണ

ത ദ ന

പ ബ മ

യ ര ല വ

ശ ഷ സ ഹ ള റ

വർഗ്ഗാക്ഷരങ്ങളിൽ ക ച ട ത പ എന്നിവയും 'ച' കാരത്തിന്റെ മൃദുരൂപമൊഴികെ മറ്റെല്ലാ വർഗ്ഗത്തിന്റെയും മൃദുരൂപങ്ങളും പ്രയോഗിക്കുന്നു. വർഗ്ഗാക്ഷരങ്ങളുടെ അതിഖര ഘോഷവിഭാഗങ്ങൾ ഭാഷയിൽ കാണപ്പെടുന്നില്ല. 'ക'വർഗ്ഗത്തിന്റെ അനുനാസികമായ 'ങ'കാരവും 'ച'വർഗ്ഗത്തിന്റെ അനുനാസികമായ 'ഞ'കാരവും ശേഖരിച്ച ദത്തങ്ങളിൽ കത്തൊനായില്ല. ട വർഗ്ഗത്തിന്റെ അനുനാസികമായ 'ണ', ത വർഗ്ഗത്തിന്റെ അനുനാസികമായ 'ന' പ വർഗ്ഗത്തിന്റെ അനുനാസികമായ മ. വർത്സ്യ അനുനാസികം എന്നിങ്ങനെയുള്ള അനുനാസിക രൂപങ്ങളാണ് ഇവരുടെ ഭാഷയിൽ ഉള്ളത്.

'ന' കാരത്തിന്റെ ഉച്ചാരണത്തിൽ ദന്ത്യ-വർത്സ്യ വ്യത്യാസങ്ങൾ പ്രകടമാണ്. മലയാളത്തിലെപ്പോലെ ദന്ത്യ-വർത്സ്യ വിനിമയം സംഭവിക്കുന്നതിന് കൃത്യമായ നിയമം പറയാൻ സാധ്യമല്ല. ഉച്ചാരണത്തിൽ ദന്ത്യ -വർത്സ്യ വ്യത്യാസം അനുഭവപ്പെടുന്നതായി കാണാം.

ഉദാഹരണമായി 'നാനിതി' (നനഞ്ഞു) എന്ന പദത്തിൽ പദാദ്യത്തിലെ ന കാരം ദന്ത്യവും പദമധ്യത്തിലെ നകാരം വർത്സ്യവുമാണ്. പദാദ്യത്തിലും 'ന'കാര ഉച്ചാരണം ഉപയോഗിക്കുന്നതായി കാണുന്നു.

ഉദാ :- 'നേന്' എന്ന പദത്തിലെ രു ന കാരങ്ങളും വർത്സ്യ അനുനാസികത്തിന്റെ ഉച്ചാരണങ്ങൾ സ്വീകരിക്കുന്നു.

വർത്സ്യഖരം കുംഭാരന്മാരുടെ ഭാഷയിൽ ഇല്ല. മലയാളത്തിലെ 'നെറ്റി' എന്ന വാക്കിന് സമാനമായി 'നെത്തി' എന്നാണ് ഈ ഭാഷയിൽ പ്രയോഗിക്കുന്നത്. ര, റ പരസ്പരം വ്യത്യാസപ്പെടുത്തിയും അല്ലാതെയും പ്രയോഗിക്കുന്നു.

വ്യത്യാസമില്ലാതെ ഉപയോഗിക്കുന്നതിന് ഉദാഹരണം.

രേപു/റേപു - നാളെ

രെു /റെു - ര്

വ്യത്യാസത്തോടെ -

ര - രാജ്യക്കാട് (നാട്ടുകാരൻ)

റ - റോഹലെ (ഉലക്ക)   റോലു (ഉരൽ)

'ഴ'കാരത്തിന്റെ ഉച്ചാരണം കുംഭാരന്മാരുടെ ഭാഷയിൽ കാണുന്നില്ല. 'ഏഴ്' എന്നത് 'ഏട്' എന്നും 'എഴുപത്' എന്നത് 'എളിവെയി' എന്നുമാണ് ഉച്ചരിക്കുന്നത്. ഇതിൽനിന്നും 'ഴ'കാരം കുംഭാരന്മാരുടെ ഭാഷയിൽ ഇല്ല എന്നു അനുമാനിക്കാം. പട്ടികരൂപത്തിൽ താഴെ പറയുന്ന വിധത്തിൽ ഇവരുടെ ഭാഷയിലെ സ്വനിമങ്ങളെ ക്രമപ്പെടുത്താവുന്നതാണ്.

സ്വരസ്വനിമങ്ങൾ

	അഗ്രം	**കേന്ദ്രം**	**മൂലം**
ഉച്ചം	ഇ		ഉ
ഉച്ചമധ്യം	എ		
നിമ്നം		അ	

വ്യഞ്ജന സ്വനിമങ്ങൾ

	ഓഷ്ഠ്യം	**ദന്തോഷ്ഠ്യം**	**ദന്ത്യം**	**വർത്സ്യം**	**മൂർദ്ധന്യം**	**താലവ്യം**	**കണ്ഠ്യം**
ശ്വാസികൾ	പ ബ		ത ദ		ട ഡ	ച	ക ഗ
അനുനാസികം	മ		ന	ന	ണ		
ഘർഷം			സ		ശ	ഷ	ഹ
സ്ഫുരിതം				ര, റ			
പാർശ്വികം				ല	ള		
പ്രവാഹി		വ				യ	

11 സ്വരങ്ങളും, 23 വ്യഞ്ജനങ്ങളും അടങ്ങുന്നതാണ് കുംഭാരന്മാരുടെ ഭാഷയിലെ സ്വനിമിക ഘടന എന്നു കാണാം.

4.3. വ്യാകരണ സവിശേഷതകൾ

4.3.1. സർവ്വനാമങ്ങൾ

കുംഭാരന്മാരുടെ ഭാഷയിൽ ഉപയോഗിക്കുന്ന സർവ്വനാമങ്ങൾ പുരുഷപ്രത്യ യസഹിതരൂപങ്ങളാണ്

ഉദാ:–

	കുംഭാരന്മാരുടെ ഭാഷ	പ്രത്യയം	മലയാളം
ഉത്തമപുരുഷൻ	നേന്	nu	ഞാൻ
	മേമ്	mu	ഞങ്ങൾ
	മനമ്	mu	നമ്മൾ
മധ്യമപുരുഷൻ	നുവു	vu	നീ
	മീറ്	ru	നിങ്ങൾ
പ്രഥമപുരുഷൻ	വാട്	du	അവൻ
	വീട്	du	ഇവൻ
	അതി	ti	അവൾ
	ഇതി	ti	ഇവൾ
	വാറ്	ru	അവർ
	വീറ്	ru	ഇവർ

കുംഭാരന്മാരുടെ ഭാഷയിൽ ബഹുമാനസൂചകമായി അദ്ദേഹം, ഇദ്ദേഹം എന്നതിനു സമാനമായി വാറ്, വീറ് എന്നീ പദങ്ങൾ തന്നെ ഉപയോഗിക്കുന്നു. പ്രഥ മപുരുഷനിൽ അവൾ, ഇവൾ എന്ന അർത്ഥത്തെ സൂചിപ്പിക്കാനുപയോഗി ക്കുന്ന പദങ്ങളായ 'അതി', 'ഇതി' എന്നിവ വസ്തുക്കളെ സൂചിപ്പിക്കാനുപയോഗി

ക്കുന്ന അത്, ഇത് എന്നിവയ്ക്കു പകരമായും പ്രയോഗിക്കുന്നതായി ഈ ഭാഷയിൽ കാണുന്നു.

4.3.2. ലിംഗപ്രത്യയം

ഇവരുടെ ഭാഷയിൽ രു തരത്തിലുള്ള ലിംഗവ്യവസ്ഥയാണ് കാണപ്പെടുന്നത്. പുല്ലിംഗവും, പുല്ലിംഗേതരവും സ്ത്രീ നപുംസകലിംഗങ്ങളാണ് പുല്ലിംഗേകതരം എന്ന വകുപ്പിൽ ഉൾപ്പെടുന്നത്.

ഉദാ:– രാജു കേമട്ട് കാന – രാജു കേമനാണ് – പുല്ലിംഗരൂപം

അതി മുച്ചു കാന – അവൾ കള്ളിയാണ്
വാട് ബൊല്ലുചെപ്പെ – അവൻ കള്ളം പറഞ്ഞു.
} **പുല്ലിംഗേതരം**

പുല്ലിംഗരൂപത്തോട് കൂടി മാത്രമേ മേല്പറഞ്ഞ ഉദാഹരണങ്ങളിൽ ലിംഗപ്രത്യയം ചേർത്ത് പ്രയോഗിച്ചിട്ടുള്ളൂ. മറ്റ് ര് രൂപങ്ങളും ലിംഗപ്രത്യയരഹിതങ്ങളാണ്.

4.3.3. വചനപ്രത്യയം

കുംഭാരന്മാരുടെ ഭാഷയിൽ വചനപ്രത്യയം ചേർത്തും ചേർക്കാതെയും നാമങ്ങൾ പ്രയോഗിക്കുന്നു്. ക്രിയയിൽ വചനപ്രത്യയം ചേർക്കുന്ന പതിവ് മലയാളത്തിലെപ്പോലെ ഇവരുടെ ഭാഷയിലും കാണുന്നില്ല.

ഉദാ:– ഒ പുസ്തകം കെദ്ദ്
(ഒരു പുസ്തകം ഉ്) – ഏകവചനം
പതിപുസ്തകം കെദ്ദ്/പതി പുസ്തകാള് കെദ്ദ് – ബഹുവചനം.
(പത്ത് പുസ്തകങ്ങൾ ഉ്)

4.3.4. വിഭക്തി

നാമത്തിന് മറ്റു പദങ്ങളോടുള്ള ബന്ധം സൂചിപ്പിക്കാനുപയോഗിക്കുന്നവയാണ് വിഭക്തിപ്രത്യയങ്ങൾ. കുംഭാരന്മാരുടെ ഭാഷണത്തിൽ കാണപ്പെടുന്ന വിഭക്തിപ്രത്യയങ്ങൾ താഴെ പറയുന്ന വിധത്തിലാണ്.

4.3.4.1. **നിർദ്ദേശിക (Nominative)**

കുംഭാരന്മാരുടെ ഭാഷയിൽ നിർദ്ദേശിക വിഭക്തിക്ക് പ്രത്യേകം പ്രത്യയം ഉപയോഗിക്കുന്നില്ല. കർത്താവ് തനിയെ പ്രത്യയങ്ങൾ ചേർക്കാതെ ഉപയോഗിക്കുന്ന രീതിയാണ് കാണപ്പെടുന്നത്.

ഉദാ:- അതി നിദ്രപേയേ – അവൾ ഉറങ്ങി

4.3.4.2. **പ്രതിഗ്രാഹിക (Accusative)**

മലയാളത്തിലെ 'എ' എന്ന പ്രതിഗ്രാഹികാവിഭക്തി പ്രത്യയത്തിനു സമാനമായി ഈ ഭാഷയിൽ 'ത' പ്രത്യയം പ്രയോഗിക്കുന്നു.

ഉദാ:- വാറ് മാച്ച്ല്തു അപ്പിരി/അയച്ചെ – അവർ ആളിനെ അയച്ചു

നേന് രാധതു കെന്തി – ഞാൻ രാധയെ കു

4.3.4.3. **ഉദ്ദേശിക (Dative)**

ഉദ്ദേശിക വിഭക്തിക്ക് ഈ ഭാഷയിൽ പ്രയോഗിക്കുന്ന പ്രത്യയങ്ങൾ 'യ്' എന്നും ചിലയിടങ്ങളിൽ 'കി' എന്നും ആണ്.

ഉദാ:- മാല സീതയ്യ് ഇയ്യവല

(മാല സീതയ്ക്ക് കൊടുക്കണം)

രാമനിയ്യി കൂട് ഇത്തി

(രാമന് ചോറ് കൊടുത്തു)

ദാനിക്കി കൂട് ഇത്തി

(അവൾക്ക് ചോറ് കൊടുത്തു)

4.3.4.4. **പ്രയോജിക (Instrumental)**

കുംഭാരന്മാരുടെ ഭാഷയിൽ 'കോനി' എന്ന പദം ഉപയോഗിച്ച് പ്രയോജികാ വിഭക്തിയുടെ ഹേതു അർത്ഥത്തെ സൂചിപ്പിക്കുന്നു. അതിനാൽ, അതുകൊ് എന്നിങ്ങനെയുള്ള അർത്ഥങ്ങൾ 'കോനി' എന്ന പദപ്രയോഗം കൊ് ലഭിയ്ക്കുന്നു.

ഉദാ:- സന്തോഷം <u>കോനി</u> മേമ് മരിച്ചുപോയിനു

(സന്തോഷത്താൽ (കൊ്) ഞങ്ങൾ മതിമറന്നുപോയി)

4.3.4.5. സംയോജിക (Sociative)

ഇവരുടെ ഭാഷയിൽ ഊട എന്ന പ്രത്യയമാണ് 'ഓട്' എന്ന സംയോജികാ വിഭക്ത്യർത്ഥത്തിൽ പ്രയോഗിക്കുന്നത്.

ഉദാ:- ദാനിയൂട റമ്മട്ട സെപ്പ്

(അവളോട് വരാൻ പറയൂ)

4.3.4.6. ആധാരിക (Locative)

ആധാരിക വിഭക്തിയെ സൂചിപ്പിക്കാനായി 'ന' പ്രത്യയമാണ് ഈ ഭാഷയിൽ ഉപയോഗിക്കുന്നത്.

ഉദാ:- തെലുഫ്<u>ന</u> മുട്ടേതി വിന്തി

(വാതിലിൽ മുട്ടുന്നതു കേട്ടു)

4.3.4.7. സംബന്ധിക (Generative)

കുംഭാരന്മാരുടെ ഭാഷയിൽ ഈ വിഭക്തിയെ കുറിക്കാൻ 'ഇ' പ്രത്യയം ഉപയോഗിക്കുന്നു.

ഉദാ:- രാമ<u>നി</u> ഇല്ല്

(രാമന്റെ വീട്)

വിഭക്തിപ്രത്യയങ്ങളുടെ കാര്യത്തിൽ മലയാളത്തിൽ നിന്നും വ്യത്യസ്ത മായി ചില സ്വന്തമായ സവിശേഷതകൾ കുംഭാരന്മാരുടെ ഭാഷയിൽ നിലനിർത്തു ന്നതായി കാണുന്നു.

4.3.5.സംഖ്യാനാമങ്ങൾ

ഇവരുടെ ഭാഷയിൽ നിലനിൽക്കുന്ന സംഖ്യാനാമങ്ങൾ ഒകട്ടി (ഒവിട്ടി), റെ്, മൂു, നാല്ഹ, ഐെത്, ആറു, ഏഡു, എനിമിതി, തൊമ്മിതി, പതി എന്നിങ്ങനെയാണ്. നൂറ്, ആയിരം തുടങ്ങിയ സംഖ്യകൾ അതുപോലെതന്നെ ഉപയോഗിക്കുന്നു.

ആഴ്ചകളെ സൂചിപ്പിക്കാനുപയോഗിക്കുന്ന പദങ്ങൾ ഇവയാണ്.

അയിത്താരം	ഞായറാഴ്ച
സോമാരം	തിങ്കളാഴ്ച
മംഗളാരം	ചൊവ്വാഴ്ച
ബുധാരം	ബുധനാഴ്ച
ഗുരുവാരം	വ്യാഴാഴ്ച
ശുക്രാരം	വെള്ളിയാഴ്ച
ശനിവാരം	ശനിയാഴ്ച

4.3.6. നാമവിശേഷങ്ങൾ

നാമവിശേഷണങ്ങളായി ഇവരുടെ ഭാഷയിൽ പ്രയോഗിക്കുന്ന പദങ്ങൾ താഴെ പറയുന്ന തരത്തിലുള്ളവയാണ്.

ഉദാ:–

നല്ലതി	കറുത്ത

പാത്തതി	പഴയ
തെല്ലതി	വെളുത്ത
സിന്നതി	ചെറിയ
പെദ്ദതി	വലിയ

4.3.7. ക്രിയ

കുംഭാരന്മാരുടെ ഭാഷയിലെ ക്രിയാപദങ്ങൾ ഭൂതവർത്തമാന ഭാവി കാലങ്ങളിൽ പ്രയോഗങ്ങൾ കാണുന്നു്. കാലപ്രത്യയങ്ങൾ താഴെ പറയുന്ന വിധത്തിലാണ് ഭാഷയിൽ പ്രയോഗിക്കപ്പെടുന്നത്. വർത്തമാനകാലപ്രത്യയമായി 'ഇ'കാരവും ഭൂതകാലപ്രത്യയമായി 'ഇ'കാരവും 'എ'കാരവും ഭാവികാലപ്രത്യയമായി 'ഉ'കാരവും കാണപ്പെടുന്നു.

ഉദാ:-

വർത്തമാനകാലം	ദുമിഹി	ചാടുന്നു
	മി	കത്തുന്നു
ഭൂതകാലം	ദുമിഹെ	ചാടി
	മെ	കത്തി
ഭാവികാലം	ദുമുഹു	ചാടും
	മു്	കത്തും

മലയാളത്തിലെ 'ആണ്' എന്ന സഹായകക്രിയയ്ക്കു (Copular verbs) സമാനമായി കുംഭാരന്മാരുടെ ഭാഷയിൽ 'കാന' എന്ന സഹായകക്രിയ പ്രയോഗിക്കുന്നു. ആണ്, ആകുന്നു എന്നീ രൂപങ്ങൾക്കു പകരമായി ഈ ഒറ്റ രൂപം ആണ് ഭാഷയിൽ നിലനിൽക്കുന്നത്.

ഉദാ:-

അതി പുസ്തകം <u>കാന</u> (അത് പുസ്തകം ആണ്)

അതി നാ ഇല്ല് <u>കാന</u> (അത് എന്റെ വീടാകുന്നു)

അതുപോലെതന്നെ മലയാളത്തിലെ 'ഉ്' എന്ന ക്രിയയ്ക്കു സമാനമായി 'കെട്ട്' എന്ന രൂപം ഇവരുടെ ഭാഷയിൽ പ്രയോഗിക്കുന്നതായി കാണുന്നു.

ഉദാ:- നീള് <u>കെട്ട്</u> (വെള്ളം ഉ്)

പുസ്തകം മേശ മീദ <u>കെട്ട്</u> (പുസ്തകം മേശമേൽ ഉ്)

ചില വാക്യങ്ങളിൽ ക്രിയാപദങ്ങളോടൊപ്പം പുരുഷപ്രത്യയം പ്രയോഗിക്കുന്നു.

ഉദാ:- മീറ് എന്ത് പൊയ്യേറ് (നിങ്ങൾ എവിടെ പോകുന്നു)

വീട് ഏ രാജ്യക്കാട് (ഇയാൾ ഏത് നാട്ടുകാരനാണ്)

പുരുഷപ്രത്യയം ചേർക്കാതെയുള്ള പ്രയോഗങ്ങളും ഭാഷയിൽ കാണുന്നു്.

വാട് സ്കൂള്അ് പേയേ (അവൻ സ്കൂളിൽ പോയോ)

വാറ് എന്നട് ഒച്ചു (അവർ എന്ന് വരും)

4.3.8. ക്രിയാവിശേഷണങ്ങൾ

ഇവരുടെ ഭാഷയിൽ ഉപയോഗിക്കുന്ന ക്രിയാവിശേഷണങ്ങൾ താഴെ പറയുന്നവയാണ്. ചില വാക്കുകൾ മലയാളത്തിൽ നിന്നും സ്വീകരിച്ചതായും കാണുന്നു.

കുംഭാരന്മാരുടെ ഭാഷ	മലയാളം
മുന്ത്അ	മുമ്പെ
ഒത്തയെ	തനിയെ
വെട്ടിയെ	വെറുതെ

ബെല്അ	ഉറക്കെ
വെനിഹെ	പിറകെ
സുടിയെ	വേഗം
വനഹാന്	വീും
സുട്ടൂറ്അ	ചുറ്റും

4.3.9. പ്രകാരങ്ങൾ

കുംഭാരന്മാരുടെ ഭാഷയിൽ പ്രയോഗത്തിലിരിക്കുന്ന പ്രകാരപ്രത്യങ്ങൾ ഇപ്രകാരമാണ്. നിയോജകപ്രകാരമായ 'അട്ടെ'യ്ക്ക് ഉപയോഗിക്കുന്ന പ്രത്യയം 'നി', വിധായകരൂപത്തിലുള്ള 'അണം' പ്രത്യയത്തിന് സമാനമായി 'വല', അനുജ്ഞയെ സൂചിപ്പിക്കുന്ന 'ആം' എന്നതിനു പകരമായി 'ച്ചു' എന്ന പ്രത്യയം, ഇപ്രകാരത്തിലുള്ള പ്രകാര ഘടനയാണ് ഇവരുടെ ഭാഷയിൽ കാണുന്നത്.

ഉദാ:-

	കുംഭാരന്മാരുടെ ഭാഷ	**മലയാളം**
നിയോജകം	സെപ്പനി	പറയട്ടെ
	പോനി	പോകട്ടെ
വിധായകം	സെപ്പവല	പറയണം
	പോവല	പോകണം
അനുജ്ഞായകം	സെപ്പച്ചു	പറയാം
	പോച്ചു	പോകാം

4.3.10. നിഷേധ പ്രത്യയങ്ങൾ

കുംഭാരന്മാരുടെ ഭാഷയിലെ നിഷേധരൂപങ്ങൾ ലേദു, കാദു, ഒദ്ദു മുതലായ പദങ്ങളാണ്. ലേദു-ഇല്ല, കാദു-അല്ല, ഒദ്ദു-വേ ഇങ്ങനെയുള്ള അർത്ഥത്തിലാണ് ഈ നിഷേധരൂപങ്ങൾ വാക്കുകളിൽ ഉപയോഗിക്കുന്നത്.

ഉദാ: മനക് ബിഡ്ല് ലേദു (ഞങ്ങൾക്ക് കുട്ടികൾ ഇല്ല)

നാക്ക് കൂട് ഒദ്ദു (എനിക്ക് ചോറ് വേ)

അതി കാദു (അതല്ല)

ഭൗതിക വസ്തുക്കളെ സൂചിപ്പിക്കുന്ന പദങ്ങളിൽ മിക്കതും ഗാർഹിക-ബന്ധസൂചകപദങ്ങളും മലയാളത്തിൽനിന്നും വ്യത്യസ്തവും സവിശേഷത പുലർത്തുന്നവയും ആണ്.

ഇപ്രകാരം ഉള്ള ഭാഷാ സവിശേഷതകൾ ആണ് കുംഭാരന്മാരുടെ സംസാര ഭാഷയിൽ ഉള്ളത്. തെലുഗുവുമായി ഈ ഭാഷയ്ക്കുള്ള ബന്ധത്തെക്കുറിച്ച് അപഗ്രഥിക്കേതു്. തെലുഗുഭാഷയെ സംബന്ധിച്ചും വ്യാകരണത്തെ സംബന്ധിച്ചും ഉായിട്ടുള്ള ഗ്രന്ഥങ്ങളിൽനിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ തെലുഗുവുമായി എത്രമാത്രം സാജാത്യ വൈജാത്യങ്ങൾ ഈ ഭാഷ അനുവർത്തിക്കുന്നുന്നെ് മനസ്സിലാക്കാൻ സാധിക്കും.

4.4. തെലുഗു ഭാഷ: സാമാന്യ വിവരണം

കുംഭാരന്മാരുടെ മാതൃഭാഷയ്ക്ക് തെലുഗുവുമായി സാമ്യമു് എന്നു കരുതപ്പെടുന്നതിനാൽ തെലുഗുവിന്റെ പ്രത്യേകതകളുമായി ഈ ഭാഷ പങ്കുവെക്കുന്ന സവിശേഷതകൾ അന്വേഷിക്കേതു്. ഇതിനു മുന്നോടിയായി തെലുഗുവിന്റെ വ്യാകരണപരമായ സവിശേഷതകൾ സാമാന്യമായി വിവരിക്കുന്നു. B.H. Krishnamurthiയും J.P.L.Gwynn ഉം ചേർന്ന് 1985-ൽ എഴുതിയ 'എ ഗ്രാമർ ഓഫ് മോഡേൺ തെലുഗു' എന്ന ഗ്രന്ഥത്തെ അടിസ്ഥാനപ്പെടുത്തിയാണ് തെലുഗുവിന്റെ വ്യാകരണപരമായ സാമാന്യ വിവരണം നൽകുന്നത്. ആധുനിക തെലുഗുഭാഷയുടെ അക്ഷരമാലയിൽ പന്ത്ര് സ്വരസ്വനിമങ്ങളും 23 വ്യഞ്ജന സ്വനിമങ്ങളും ഉൾപ്പെടുന്നു.

4.4.1. സ്വരങ്ങൾ

അ, ആ, ഇ, ഈ, ഉ, ഊ, എ, ഏ, ഐ,ഒ, ഓ, ഔ

4.4.2. വ്യഞ്ജനങ്ങൾ

ക	ഗ			
ച	ജ			
ട	ഡ	ണ		
ത	ദ	ന		
പ	ബ	മ		
യ	ര	ല	വ	
ശ	ഷ	സ	ഹ	ള

സ്വരസ്വനിമങ്ങളിൽ അ, ഇ, ഉ, എ,ഒ എന്നിവയും അവയുടെ ദീർഘങ്ങളും ആണ് ഉള്ളത്. അതോടൊപ്പം തന്നെ ഐ, ഔ എന്നീ സംയുക്താക്ഷരങ്ങളും കാണപ്പെടുന്നു. വ്യഞ്ജന സ്വനിമങ്ങളിലുൾപ്പെടുന്നവ വർഗ്ഗാക്ഷരങ്ങളുടെ ഖര മൃദുക്കളും ട,ത,പ എന്നീ വർഗ്ഗങ്ങളുടെ അനുനാസികങ്ങളും മധ്യമങ്ങളും ഊഷ്മാക്കളും ഘോഷിയുമാണ്.

4.4.3. നാമങ്ങൾ

തെലുഗുവിൽ നാമങ്ങളെ മൂന്നുതരത്തിൽ വിഭജിക്കുന്നു

1. സാമാന്യനാമങ്ങൾ
2. സർവ്വനാമങ്ങൾ
3. സവിശേഷനാമങ്ങൾ

സാമാന്യനാമങ്ങൾക്ക് ഉദാഹരണം

തെലുഗു	മലയാളം
ഉപ്പു	ഉപ്പ്
നൂനെ	എണ്ണ (oil)
ഇനുമു	ഇരുമ്പ്
വാഡ്ളു	നെല്ല്
സമുദ്രം	സമുദ്രം
ബലം	ബലം

4.4.4. സർവ്വനാമങ്ങൾ

തെലുഗുഭാഷയുടെ പ്രധാനപ്പെട്ട സവിശേഷതയായി പരിഗണിക്കേത് പുരുഷപ്രത്യയ സഹിതങ്ങളായ സർവ്വനാമങ്ങളുടെയും ക്രിയാപദങ്ങളുടെയും ഉപയോഗങ്ങളാണ്.

		പ്രത്യയം	മലയാളം
ഉത്തമപുരുഷൻ	നേനു	നു (nu)	ഞാൻ
	മേമു	മു (mu)	ഞങ്ങൾ
	മനമു	മു (mu)	നമ്മൾ
പ്രഥമപുരുഷൻ	നുവു	വു (vu)	നീ
	മീറു	റു (ru)	നിങ്ങൾ
മധ്യമപുരുഷൻ	വാടു	ടു (ḍu)	അവൻ
	വീടു	ടു (ḍu)	ഇവൻ
	വാളു	ളു (ḷu)	അവൾ
	അതി	തി (ti)	അത്

	ഇതി	തി (ti)	ഇത്

4.4.5. വചനവ്യവസ്ഥ

തെലുഗുവിൽ രുതരം വചനങ്ങളാണുള്ളത്. ഏകവചനവും ബഹുവചനവും.

ഉദാഹരണം:

ഏകവചനം	**ബഹുവചനം**
പുസ്തകം	പുസ്തകാളു
ചേയി/ചെയ്യി	ചേതുലു (കൈ/കൈകൾ)
വേലു	വേള്ളു (വിരൽ/വിരലുകൾ)
ആവു	ആവുലു (പശു/പശുക്കൾ

4.4.6. ലിംഗവ്യവസ്ഥ

തെലുഗു വാക്യങ്ങളിൽ രുതരത്തിലുള്ള ലിംഗവ്യവസ്ഥ നിലനിൽക്കുന്നു. പുല്ലിംഗം (musculine) പുല്ലിംഗേതരം (nonmusculine) എന്നിവയാണവ. സ്ത്രീ നപുംസകലിംഗങ്ങളെയെല്ലാം പുല്ലിംഗേതരം എന്ന വകുപ്പിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മിക്കവാറും നാമങ്ങൾക്ക് ലിംഗപ്രത്യയങ്ങൾ ചേർക്കുന്ന പതിവില്ല എങ്കിലും ചിലനാമങ്ങളുടെ കൂടെ ലിംഗപ്രത്യയങ്ങൾ ചേർക്കാറു്.

ഉദാഹരണം:

തെലുഗു	**മലയാളം**
സ്നേഹിതുഡു	ആൺ സുഹൃത്ത്
സ്നേഹിതുറാലു	പെൺ സുഹൃത്ത്
മുസലയ്യ	വൃദ്ധൻ
മുസലമ്മ	വൃദ്ധ
മൊഗാപില്ല	ആൺകുട്ടി
ആഡപില്ല	പെൺകുട്ടി

4.4.7. വിഭക്തി

നമത്തിന് മറ്റു നാമങ്ങളോടുള്ള ബന്ധം സൂചിപ്പിക്കാനുപയോഗിക്കുന്ന പ്രത്യയങ്ങളാണ് വിഭക്തി പ്രത്യയങ്ങൾ. നിർദ്ദേശികാവിഭക്തിക്ക് തെലുഗുവിലും പ്രത്യയങ്ങളൊ ന്നും പ്രയോഗിക്കാറില്ല.

ഉദാഹരണം: ഗുറ്റം – കുതിര

പെള്ളം – ഭാര്യ

4.4.7.1. പ്രതിഗ്രാഹിക (accusative)

പ്രതിഗ്രാഹികാ വിഭക്തിയെ സൂചിപ്പിക്കാനുപയോഗിക്കുന്ന പ്രത്യയം (ni/nu) ആണ്.

ഉദാഹരണം: മീ അബ്ബായിനി മാ ഇന്റികി പമ്പി

(നിന്റെ മകനെ എന്റെ വീട്ടിലേക്ക് അയക്കുക)

നേനു മിമ്മല (അ)നി പിലിച്ചേനു

(ഞാൻ നിന്നെ വിളിച്ചു)

4.4.7.2. ഉദ്ദേശിക (ഉമഗേ്ല)

ഉദ്ദേശിക പ്രത്യയങ്ങളായി 'കു/കി' (ku/ki)എന്നിവയാണ് തെലുഗുവിൽ പ്രയോഗിക്കുന്നത്.

ഉദാ: അതാനികി നാ പുസ്തകം ഇച്ചേനു

(അവന് എന്റെ പുസ്തകം കൊടുത്തു)

അമ്മ മാക്കു കഥ ചെപ്പിന്തി

(അമ്മ ഞങ്ങൾക്ക് കഥ പറഞ്ഞുതന്നു)

രാമുഡു സീതക്കു ഭർത്ത

(രാമൻ സീതയുടെ ഭർത്താവാണ്)

'ഇ'യിൽ അവസാനിക്കുന്ന പദങ്ങളിൽ 'കി'യും 'അ'യിൽ അവസാനിക്കുന്ന പദങ്ങളിൽ 'കു'വും ചേർക്കുകയാണ് ഉദ്ദേശികാവിഭക്കി ലഭിക്കാൻ ചെയ്യുന്നത്.

4.4.7.3. പ്രയോജിക (Instrumental)

പ്രയോജികാവിഭക്തി പ്രത്യയമായി തോ, ചേത എന്നിവയാണ് തെലുഗുവിൽ കാണപ്പെടുന്നത്.

ഉദാ:- വാടു കുക്കനു കറ്റതോ കൊട്ടേഡു

(അവൻ പട്ടിയെ വടികൊ് അടിച്ചു)

4.4.7.4. സംയോജിക (Sociative)

ഓട് എന്ന അർത്ഥത്തിൽ തെലുഗുവിൽ 'തോ' പ്രത്യയമാണ് ഉപയോഗിക്കുന്നത്. തോകൂട, തോപാടു എന്നീ പ്രത്യയങ്ങളും ഉപയോഗിച്ചു കാണുന്നു.

ഉദാ: അതനു ആമേതോ ചെപ്പാടു

(അവൻ അവളോട് പറഞ്ഞു)

4.4.7.5. സംബന്ധിക (Genitive)

സംബന്ധികാ വിഭക്തിക്ക് പ്രത്യേക പ്രത്യയങ്ങളൊന്നും തെലുഗുവിൽ ഉപയോഗിക്കുന്നില്ല.

4.4.7.6. സംഖ്യാനാമങ്ങൾ

തെലുഗു	മലയാളം
ഒകട്ടി	ഒന്ന്
റെു	ര്
മൂഡു	മൂന്ന്
നാല്ഗു	നാല്
ഐതു	അഞ്ച്
ആറു	ആറ്
ഏഡു	ഏഴ്
എനിമിതി	എട്ട്
തൊമ്മിതി	ഒൻപത്
പതി	പത്ത്

4.4.7.7. നാമവിശേഷണങ്ങൾ

നാമങ്ങൾക്ക് മുൻപിലായാണ് മിക്കവാറും നാമവിശേഷണങ്ങൾ പ്രയോഗിക്കുന്നത്. തെലുഗുവിൽ നാലു വിഭാഗങ്ങളായി നാമവിശേഷങ്ങളെ തരംതിരിച്ചിരിക്കുന്നു.

തെലുഗു	മലയാളം
ആ, ഈ ,ഏ	ഏത്
ഒക	ഒരു
പൊഡുഗാടി	നീളമുള്ള
അന്തമയിന	മനോഹരമായ
ഒകതോ	ഒന്നാമത്തെ
പെദ്ദ	വലിയ
മഞ്ചി	നല്ല
ചാല	വളരെ
തെല്ലതി	വെളുത്ത

തിയ്യതി	മധുരമുള്ള

4.4.7.8. ക്രിയ

മിക്കവാറും എല്ലാ ക്രിയാപദങ്ങൾക്കും തെലുഗുവിൽ ഒരു പൂർണ്ണ രൂപവും അപൂർണരൂപവും ഉായിരിക്കും.

നേനു പിലിചേനു (ഞാൻ വിളിച്ചു)

അതി ചെപ്പിന്തി (അവൾ പറഞ്ഞു)

മേമ് ചൂസേം (ഞങ്ങൾ കു)

മീറു ചൂസേറു (അവർ കു)

'ഉൻ' (un) എന്ന ക്രിയാരൂപത്തിന്റെ ഉന്നാ-നു, ഉന്നാ-മു, ഉന്നാ-വു ഉന്നായി, ഉന്നാടു തുടങ്ങിയ രൂപങ്ങൾ തെലുഗുവിൽ കാണപ്പെടുന്നു്.

തെലുഗുവിലെ ചില ക്രിയാപദങ്ങൾ

വച്ചിന്തി – അത് വന്നു

അഡിഗേനു – ഞാൻ ചോദിച്ചു

വിന്നാമു – ഞങ്ങൾ കേട്ടു

വസ്താനു – ഞാൻ വരും

4.4.7.9. കാലപ്രത്യയങ്ങൾ

ധാതുരൂപത്തിനുശേഷം കാലപ്രത്യയവും അതിനുശേഷം പുരുഷപ്രത്യയവും ചേർക്കുന്ന രീതിയാണ് തെലുഗുവിലെ ക്രിയാസ്വഭാവം.

4.4.7.9.1. ഭൂതകാലം (Past Tense)

തെലുഗുവിൽ ചേർക്കുന്ന ഭൂതകാല പ്രത്യയങ്ങൾ താഴെ പറയുന്നവയാണ്.

1. ഒരു ഹ്രസ്വസ്വരം പിൻവരുന്നതും 'ന'കാരത്തിലോ 'ട'കാരത്തിലോ അവസാനിക്കുന്നതുമായ ഏകാക്ഷരധാതുവിന് ശേഷം മമ എന്ന ഭൂതപ്രത്യയം ചേരുകയും നകാര ടകാരങ്ങൾ ഇരട്ടിക്കുകയും ചെയ്യുന്നു.

ഉദാ– തിനു – തിന്നാനു (ഞാൻ തിന്നു)

(തിന്നുക)

പഡു – പഡ്ഡാനു (ഞാൻ വീണു)

(വീഴുക)

2. 'യ' കാരത്തിലവസാനിക്കുന്ന ക്രിയകളിൽ 'EE' എന്ന ഭൂതകാല പ്രത്യയം.

ചേയു – ചേസേനു (cees-EE-nu) – ഞാൻ ചെയ്തു

3. ക്രിയകളിലെ രാമത്തെ അക്ഷരത്തിലെ 'ഉ'കാരം 'ഇ'കാരമായി മാറുന്നു.

ഉദാ– അടുഗു – അട്ടിഗേനു (ഞാൻ പറഞ്ഞു)

(പറയുക)

4.4.7.9.2. വർത്തമാനകാലം (Present Tense)

പൊതുവിൽ വർത്തമാനകാലപ്രത്യയമായി തെലുഗുവിൽ ഉപയോഗിക്കുന്നത് 'തുന്നാ' (tunnaa) പ്രത്യയമാണ്

ഉദാ– വാള്ളു ഇപ്പുടു അന്നം തിന്റുന്നാറു

(അവർ ഇപ്പോൾ ഭക്ഷണം കഴിക്കുന്നു)

1. 'യ' കാരത്തിലവസാനിക്കുന്ന ക്രിയാധാതു 'സ'കാരമായി മാറുന്നു.

ഉദാ– ചേയ്യു – ചെസ്–ത–ന്നാ–ന്

രലലണിമി ഞാൻ ചെയ്യുന്നു.

2. 'ട്ടു'കാരത്തിലവസാനിക്കുന്ന ധാതു 'ഡു' കാരമായി മാറുന്നു.

കൊട്ടു– കൊഡു–തുന്നാ–നു – ഞാൻ അടിക്കുന്നു.

3. 'ച' കാരത്തിലോ 'ച്ച'കാരത്തിലോ അവസാനിക്കുന്ന പദങ്ങളിലെ ച/ച്ച കാരങ്ങൾ 'സ'കാരമായി മാറുന്നു.

നഡുച്ചു – നഡുസ്–തുന്നാ–നു – ഞാൻ നടക്കുന്നു

ഒച്ചു – ഒസ്–തുന്നാ–നു – ഞാൻ വരുന്നു.

4.4.7.9.3. ഭാവികാലം (Future Tense)

ഭാവികാല പ്രത്യയങ്ങളായി ടുൻ/ടാ, തുൻ /താ എന്നിവയാണ് പദങ്ങളിൽ കാണുന്നത്.

ഡു/റു എന്നിവയിലവസാനിക്കുന്ന ധാതു ഡ/റ എന്നിങ്ങനെയായി മാറുന്നു.

പാഡു – പാഡ–താ–നു (ഞാൻ പാടും)

കൊട്ടു – കൊഡ–താ–നു (ഞാൻ അടിക്കും)

ഭാവികാലരൂപത്തിൽ Hortative എന്ന ഒരുരൂപംകൂടി തെലുഗുവിൽ കാണപ്പെടുന്നു്. Hortative ഭാവികാലം 'ഡാ' എന്നതാണ്.

ഉദാ– മനം–ചേഡ–ഡാം നമുക്ക് ചെയ്യാം

മനം–ചേസ്–താം നമ്മൾ ചെയ്യും

4.4.7.10. നിഷേധരൂപങ്ങൾ

കാദു (അല്ല), ലേദു (ഇല്ല), വദ്ദു (വേ) എന്നിവയാണ് തെലുഗുവിലെ നിഷേധരൂപങ്ങൾ.

ഉദാ– അതനു നാ സ്നേഹിതുഡു കാദു

(അവൻ എന്റെ സുഹൃത്ത് അല്ല)

വാടു ഈ പനി ചെയ്യലേദു

(അവൻ ഈ പണി ചെയ്യുകയില്ല)

4.4.7.11.ക്രിയാവിശേഷണങ്ങൾ

ഒരു വാക്യത്തിലെ ക്രിയാപദത്തെ കൂടുതൽ യോഗ്യതയുള്ളതാകുന്ന വ്യാകരണ ഘടകങ്ങളാണ് ക്രിയാവിശേഷണങ്ങൾ.

തെലുഗു	മലയാളം
അക്കഡ	(അവിടെ)

ഇക്കഡെ	(ഇവിടെ)
എക്കഡെ	(എവിടെ)
പെദ്ദഗാ	(ഉറക്കെ)
ബാഗാ	(നന്നായി)
തൊന്തറഗാ	(വേഗത്തിൽ)
മുന്തുഗാ	(മുമ്പെ)

ഇത്തരത്തിലുള്ള വ്യാകരണപരമായ സവിശേഷതകളാണ് തെലുഗുവിന് പൊതുവിലുള്ളത്.

4.5. തെലുഗുവുമായുള്ള സാജാത്യ – വൈജാത്യങ്ങൾ

തെലുഗു അക്ഷരമാലയിൽ വർഗ്ഗാക്ഷരങ്ങളുടെ അതിഖര ഘോഷ വിഭാഗ ങ്ങളും അഞ്ച് അനുനാസികങ്ങളും കാണപ്പെടുന്നു്. കുംഭാരന്മാരുടെ ഭാഷയിൽ അതിഖര ഘോഷ വിഭാഗങ്ങളും ക ച എന്നീ വർഗ്ഗങ്ങളുടെ അനുനാസികങ്ങളും ശേഖരിച്ച ദത്തങ്ങളിൽ കത്തൊൻ സാധിച്ചിട്ടില്ല.

തെലുഗുവിൽ 'ഴ'കാരം കാണപ്പെടുന്നില്ല. അതുപോലെതന്നെ കുംഭാരന്മാ രുടെ ഭാഷയിലും 'ഴ'കാരം പ്രയോഗത്തിലുള്ള രൂപങ്ങൾ ഇല്ല. 'ഏഴ്' എന്നത് 'ഏട്' എന്ന് ഉച്ചരിക്കുന്നത് ഉദാഹരണായിട്ടെടുക്കാം. വത്സ്യഖരമായ 'റ്റ' കാരം തെലുഗു വിലും കുംഭാരന്മാരുടെ സംഭാഷണത്തിലും കാണപ്പെടുന്നില്ല. തെലുഗുവിൽ 'ന' കാരത്തിന് ഒരു ഉച്ചാരണമേയുള്ളൂ. അത് 'ആന'യിലെപ്പോലെ 'ന' കാര ഉച്ചാരണ മാണ്. മലയാള ഭാഷയുടെ സ്വാധീനം നിമിത്തം ആയിരിക്കാം ഈ സമുദായ ത്തിന്റെ ഭാഷയിൽ ദന്ത്യ'ന'കാരവും വർത്സ്യ'ന'കാരവും വ്യത്യസ്ത ഉച്ചാരണ ത്തോടെ നിലനിൽക്കുന്നത്.

തെലുഗുഭാഷയിൽ കാണപ്പെടുന്ന സർവ്വനാമങ്ങളും ക്രിയാപദങ്ങളും പുരുഷപ്രത്യയ സഹിതങ്ങളാണ്. കുംഭാരന്മാരുടെ ഭാഷയിലും സർവ്വനാമങ്ങൾ പുരുഷ പ്രത്യയ സഹിതങ്ങളായി ഉപയോഗിക്കുന്നു. ചില ക്രിയാപദങ്ങളോടൊപ്പം പുരുഷ പ്രത്യയം ചേർക്കുകയും ചിലതിനോടൊപ്പം ചേർക്കാതെയും പ്രയോഗം കാണുന്നു ്.

കുംഭാ	**തെലുഗു**	**പ്രത്യയം**	**മലയാളം**
നേന്	നേനു	(നു)	ഞാൻ
മേമ്	മേമു	(മു)	ഞങ്ങൾ
മീറ്	മീറു	(റു)	നമ്മൾ
വാട്	വാഡു	(ടു)	അവൻ

തെലുഗുവിൽ ബഹുമാനസൂചകമല്ലാതെ ഉപയോഗിക്കുന്ന വാക്കുകൾ ആണ് അവൾ, ഇവൾ എന്നിവയക്കു സമാനമായി പ്രയോഗിക്കുന്ന അതി, ഇതി എന്നിവ (Sreedevi,1991:72), അവൾ, ഇവൾ എന്നിവയെ കുറിക്കാനായി കുംഭാരന്മാരുടെ ഭാഷയിൽ നിലനിൽക്കുന്നത് ഈ പദങ്ങളാണ്. അതുപോലെതന്നെ ബഹുമാനസൂചകപദങ്ങളായ അദ്ദേഹം, ഇദ്ദേഹം എന്നതിന് 'ആയന, ഈയന' എന്ന് തെലുഗുവിൽ പദങ്ങളുണ്ടെങ്കിലും അവർ, ഇവർ എന്നീ അർത്ഥത്തിൽ ഉപയോഗിക്കുന്ന വാറ്,വീറ് എന്നീ പദങ്ങൾ തന്നെയാണ് കുംഭാരന്മാരുടെ ഭാഷയിൽ ഉപയോഗിക്കുന്നത്. ബഹുമാനസൂചകമായ ആയന എന്ന രൂപത്തിനു പുറമെ സംബോധനയിൽ 'ഗാറു' എന്ന പദം തെലുഗുവിൽ കാണുന്നു്. കുംഭാരന്മാരുടെ ഭാഷയിൽ വാറ് എന്ന പദം തന്നെയാണ് പ്രയോഗിക്കുന്നത്..

ഉദാ: ഡോക്ടർ ഗാറു വച്ചാറു (തെലുഗു) (ഡോക്ടർ അദ്ദേഹം വന്നു)

വാറ് ഡോക്ടർ കാന (കുംഭാരഭാഷ) (അദ്ദേഹം ഡോക്ടർ ആണ്)

തെലുഗുവിലെ ലിംഗവ്യവസ്ഥ തന്നെയാണ് ഇവരുടെ ഭാഷയിലും പിൻതുടരുന്നത്. പുല്ലിംഗം, പുല്ലിംഗേതരം എന്നിങ്ങനെ രുവിഭാഗങ്ങൾ തെലുഗുവിലെപ്പോലെ ഈ ഭാഷയിലും കാണപ്പെടുന്നു.

തെലുഗുവിൽ ബഹുവചന നാമങ്ങളോടൊപ്പം ക്രിയയിൽ വചനപ്രത്യയം ചേർക്കുന്ന പതിവ്യ്. എന്നാൽ കുംഭാരന്മാരുടെ ഭാഷയിൽ ക്രിയയിൽ വചനപ്രത്യയം ചേർക്കുന്ന സമ്പ്രദായത്തിന് മാറ്റം സംഭവിച്ചിരിക്കുന്നു.

ഉദാ: ഒക പുസ്തകം ഉന്തി (തെലുഗു) (ഒരു പുസ്തകം ഉ്)

പതി പുസ്തകാളു ഉന്നായി (തെലുഗു) (പത്തു പുസ്തകങ്ങൾ ഉ്)

ഈ പ്രത്യേകത കുംഭാരന്മാരുടെ ഭാഷയിൽ കാണപ്പെടുന്നില്ല. 'കെദ്ദ്' എന്ന ഒറ്റ ക്രിയമാത്രം പ്രയോഗിച്ച് വാക്യം പൂർത്തീകരിക്കുന്നു.

ചില നാമങ്ങളിൽ ബഹുവചന ഏകവചന വ്യത്യാസം തെലുഗുവിന്റെ സവിശേഷതയാണ്.

ഉദാ: നീറു ഉന്തി (നീറു – ഏകവചനം) (വെള്ളം ഉ്)

നീളു ഉന്നായി – (നീളു–ബഹുവചനം) (വെള്ളം ഉ്)

കുംഭാരന്മാരുടെ ഭാഷയിൽ ഈ പ്രത്യേകത കാണുന്നില്ല. 'നീള് കെദ്ദ്' എന്ന പ്രയോഗം മാത്രമേ നിലവിലുള്ളൂ. ഉ് എന്ന ക്രിയയ്ക്കു ഉൻ, ഉന്നാ–നു, ഉന്നാമു, ഉന്നാവു, ഉന്തി എന്നിങ്ങനെ നിരവധി രൂപങ്ങൾ തെലുഗുവിൽ പ്രയോഗത്തിൽ ഉ്.

വിഭക്തി പ്രത്യയങ്ങളുടെ ഉപയോഗം തെലുഗു ഭാഷയിൽ നിന്നും ചില വ്യത്യാസങ്ങളോടെ കുംഭാരന്മാരുടെ ഭാഷയിൽ പ്രയോഗിക്കുന്നു. തെലുഗു ഭാഷ യിലും നിർദ്ദേശികാ വിഭക്തിയിൽ പ്രത്യയങ്ങളൊന്നും ചേർക്കുന്നില്ല. ഇതുതന്നെ യാണ് കുഭാരന്മാരുടെ ഭാഷയിലും പിൻതുടരുന്നത്. പ്രതിഗ്രാഹികാ വിഭക്തി പ്രത്യ യമായി തെലുഗുവിൽ പ്രയോഗത്തിലുള്ളത് 'നി' പ്രത്യയമാണ്.

ഉദാ: വാറു മനിഷിനി പാമ്പാറു (തെലുഗു) (അവർ ആളിനെ അയച്ചു)

എന്നാൽ കുംഭാരന്മാരുടെ ഭാഷയിൽ 'നി' പ്രത്യയത്തിനുപകരം 'ത' പ്രത്യ യമാണ് ഉപയോഗിക്കുന്നത്.

തെലുഗുവിൽ 'കു', 'കി' എന്നീ പ്രത്യയങ്ങൾ കൊാണ് ഉദ്ദേശിക വിഭ ക്തിയെ സൂചിപ്പിക്കുന്നത്. 'ഇ'യിൽ അവസാനിക്കുന്ന പദങ്ങളിൽ 'കി'യും 'അ'യിൽ അവസാനിക്കുന്ന പദങ്ങളിൽ 'കു'വും ചേർക്കുന്ന സമ്പ്രദായമാണ് തെലുഗുവിലുള്ളത്. കുംഭാരന്മാരുടെ ഭാഷയിൽ 'കി' പ്രത്യയം ലോപിച്ച് വെറും 'യ്' മാത്രമായും ചില പദങ്ങളിൽ 'കി' അതുപോലെ തന്നെയും പ്രയോഗിക്കുന്നു.

തെലുഗുവിൽ പ്രയോജിക വിഭക്തിയെ സൂചിപ്പിക്കുന്ന പ്രത്യയങ്ങൾ 'തോ, ചേത' എന്നിവയാണ് (Sreedevi, 1991:7172)

ഉദാ: നേനു പെന്നു തോ രാസുകൊന്നാനു (തെലുഗു)

(ഞാൻ പേന കൊ് എഴുതുന്നു)

വാളു അതനിചേത ചെപ്പിഞ്ചാറു

(അവർ അയാളെക്കൊ‌ു പറയിച്ചു)

എന്നാൽ ഇവരുടെ ഭാഷയിൽ ഈ പ്രത്യയങ്ങൾ ഉപയോഗിക്കുന്നില്ല. പ കരം അതിനാൽ, അതുകൊ് എന്ന അർത്ഥത്തിൽ 'കോനി' എന്ന പ്രത്യയമാണ് വിഭക്തിയായി ഉപയോഗിക്കുന്നത്.

ഉദാ: സന്തോഷം കോനി മേമ് മരിച്ചുപോയിനു (കുംഭാരഭാഷ)

(സന്തോഷത്താൽ (കൊ്) ഞങ്ങൾ മതിമറന്നുപോയി)

മലയാളവുമായുള്ള നിരന്തരസമ്പർക്കംമൂലം കുംഭാരന്മാരുടെ ഭാഷയിൽ വന്നുചേർന്ന പുതിയ രൂപമായിരിക്കാം ഈ വിഭക്തി പ്രത്യയം.

'തോ' (too) പ്രത്യയമാണ് തെലുഗുവിൽ സംയോജികാർത്ഥത്തിൽ ഉപയോഗിക്കുന്നത്. കൂടാതെ, തോകൂട (tookūda), തോപാടു (toopādu) എന്നീ പ്രത്യയങ്ങളും ഈ വിഭക്തിയെ സൂചിപ്പിക്കാനായി പ്രയോഗിക്കുന്നു്. കുംഭാരന്മാരുടെ ഭാഷയിൽ 'ഊട' എന്നതാണ് സംയോജികാവിഭക്തി പ്രത്യയം. തെലുഗുവിലെ 'തോകൂട' എന്ന പ്രത്യയത്തിലെ 'തോ' ലോപിച്ച് 'കൂട' എന്നാവുകയും അതിൽ 'ക'കാരത്തിന് വീും ലോപം സംഭവിച്ച് 'ഊട' എന്ന പ്രത്യയംമാത്രം ഈ ഭാഷ നിലനിർത്തിയതായും പരിഗണിക്കാം. ഭാഷയ്ക്ക് തെലുഗുവുമായുള്ള ബന്ധത്തെ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ ഈ പ്രത്യയത്തെ തെലുഗുവിൽ നിന്നും ചില വ്യത്യാസത്തോടെ നിലനിർത്തിയതായി പരിഗണിക്കാം.

ദാനിതോകൂട □□→ കോനികൂട □□→ ദാനിയൂട

അതനു ആമേതോ ചെപ്പാടു – (തെലുഗു)

(അവൻ അവളോട് പറഞ്ഞു)

ദാനിയൂട റമ്മട്ട സെപ്പ് – (കുംഭാര)

(അവളോട് വരാൻ പറയൂ)

തെലുഗുവിൽ ആധാരികാവിഭക്തി പ്രത്യയമായി കാണപ്പെടുന്നത് 'ലോ' 'കു/കി' എന്നിവയാണ്. തെലുഗുവിൽ നിന്നും വ്യത്യസ്തമായി 'ന' എന്ന പ്രത്യയം ഉപയോഗിച്ചാണ് കുംഭാരന്മാരുടെ ഭാഷയിൽ ഈ വിഭക്തിയെ സൂചിപ്പിക്കുന്നത്.

അമ്മ ഇന്റ്ലോ ഉന്തി (തെലുഗു) അമ്മ വീട്ടിൽ ഉ്

അമ്മ ഇന്റ്ലികി വെല്ലിന്തി – (തെലുഗു)

(അമ്മ വീട്ടിലേക്ക് പോയി)

തെല്ഫ്ന മുട്ടേതി വിന്തി – (കുംഭാര)

(വാതിലിൽ മുട്ടുന്നതുകേട്ടു)

തെലുഗുവിൽനിന്നുള്ള ഒരു മാറ്റമായി ഇതിനെ കണക്കാക്കാം.

സംബന്ധിക വിഭക്തിയെ സൂചിപ്പിക്കാൻ തെലുഗുഭാഷയിൽ പ്രത്യേകം പ്രത്യയം ഉപയോഗിക്കുന്നില്ല. എന്നാൽ കുംഭാരന്മാരുടെ ഭാഷയിൽ ഈ വിഭക്തിക്ക് 'ഇ' പ്രത്യയമാണ് നിലനിൽക്കുന്നത്. മലയാളവുമായുള്ള സമ്പർക്കത്തിന്റെ ഫലമായിരിക്കാം ഈ മാറ്റം.

ഉദാ: രാമനി ഇല്ല് (കുംഭ) നാതി പുസ്തകം.

(രാമന്റെ വീട്)

രാമടു ഇല്ലു (തെലുഗു)

തെലുഗുഭാഷയിൽ പ്രയോഗത്തിലിരിക്കുന്ന വിഭക്തിപ്രത്യയങ്ങൾ ചിലത് അതുപോലെ പ്രയോഗിക്കുകയും ചിലത് മാറ്റം വരുത്തി പ്രയോഗിക്കുകയും ചെയ്യുന്നതായി കുംഭാരന്മാരുടെ ഭാഷയിൽ കാണാം. വിഭക്തി പ്രത്യയങ്ങളെ താഴെ പറയും പ്രകാരം രേഖപ്പെടുത്താം.

	വിഭക്തി	കുംഭാരന്മാരുടെ ഭാഷ	തെലുഗു	മലയാളം
1.	നിർദ്ദേശിക	പ്രത്യയമില്ല	പ്രത്യയമില്ല	പ്രത്യയമില്ല
2.	പ്രതിഗ്രാഹിക	ത	നി	എ
3.	ഉദ്ദേശിക	കി/യ്	കി/കു	ക്, ഉ്
4.	പ്രയോജിക	കോനി	ചേ/തോ	ആൽ (കൊ്)
5.	സംയോജിക	ഊട	തോ/തോകൂട	ഓട്
6.	ആധാരിക	ന	ലോ/അ(ന)	ഇൽ,കൽ
7.	സംബന്ധിക	നി	പ്രത്യയമില്ല	ന്റെ/ഉടെ

കുംഭാരന്മാരുടെ ഭാഷയിൽ ഉപയോഗിക്കുന്ന സംഖ്യാനാമങ്ങൾ തെലുഗുവിലെ സംഖ്യകളുമായി സാമ്യം പുലർത്തുന്നതായി കാണാൻ സാധിക്കും.

	കുംഭാരന്മാരുടെ ഭാഷ	തെലുഗു
1.	ഒകട്ടി (ഒവിട്ടി)	ഒകട്ടി
2.	റെ്	റെു
3.	മൂ്ു	മൂഡു
4.	നാല്ഹ	നാല്ഹു
5.	ഐെത്	ഐെതു
6.	ആറ്	ആറു
7.	ഏട്	ഏടു
8.	എനിമിതി	എനിമിതി
9.	തൊമ്മിതി	തൊമ്മിതി
10.	പതി	പതി

ആഴ്ചകളെ സൂചിപ്പിക്കാനുപയോഗിക്കുന്ന പദങ്ങളും തെലുഗുവുമായി സമാനത പുലർത്തുന്നു.

കുംഭാരന്മാരുടെ ഭാഷ	തെലുഗു	മലയാളം
അയിത്താരം	ആദിവാരമു	ഞായർ
സോമാരം	സോമവാരു	തിങ്കൾ
മംഗളാരം	മംഗളവാരു	ചൊവ്വ
ബുധാരം	ബുധവാരമു	ബുധൻ
ഗുരുവാരം	ഗുരുവാരമു	വ്യാഴം
ശുക്രാരം	ശുക്രവാരമു	വെള്ളി
ശനിവാരം	ശനിവാരമു	ശനി

തെലുഗുവിലെ പദാവസാനത്തിലെ ഉകാരം 'അം' ആയി മാറിയിരിക്കുന്നു എന്നതിനെ മാറ്റി നിർത്തിയാൽ തെലുഗു പദങ്ങൾ തന്നെയാണ് ആഴ്ചകളെ കുറിക്കുന്ന നാമങ്ങളായി ഈ ഭാഷയിൽ ഉപയോഗിക്കുന്നത്. മലയാളത്തിന്റെ സ്വാധീനം നിമിത്തമായിരിക്കാം 'അം' പദാവസാനത്തിൽ കടന്നുവന്നിട്ടുാവുക.

കുംഭാരന്മാരുടെ ഭാഷയിൽ പ്രയോഗത്തിലുള്ള ബന്ധസൂചകപദങ്ങളും മറ്റ് ഗാർഹികവസ്തുക്കളെ സൂചിപ്പിക്കുന്ന പദങ്ങളും തെലുഗു പദങ്ങളുമായി സമാനത പുലർത്തുന്നു.

പട്ടിക 1

ബന്ധസൂചക പദങ്ങൾ		
കുംഭാരന്മാരുടെ ഭാഷ	**തെലുഗു**	**മലയാളം**
അപ്പ	അപ്പ	അച്ഛൻ
താതാ	താത്താ	അച്ഛന്റെഅച്ഛൻ
അവ്വ	അവ്വ	അച്ഛന്റെ/അമ്മയുടെ അ മ്മ
അമ്മ	അമ്മ	അമ്മ
അത്ത	അത്ത	അച്ഛന്റെ സഹോദരി/ഭർത്താവിന്റെ അമ്മ
മാമ	മാമ	അമ്മയുടെ സഹോദരൻ/ഭർത്താവിന്റെ അച്ഛൻ
അന്ന	അണ്ണ	മൂത്ത സഹോദരൻ
അക്ക	അക്ക	മൂത്തസഹോദരി
തൊമ്മുഡു	തമ്മുഡു	ഇളയസഹോദരൻ
കൊഡുഹു	കൊഡുതു	മകൻ
കൂത്രു	കൂത്റു	മകൾ
കോഡാലു	കോഡാലു	മകന്റെ ഭാര്യ
അല്ല്ഡ്	അല്ലുഡു	മകളുടെ ഭർത്താവ്
വെതിനി	വെദിനെ	ഭർത്താവിന്റെ സഹോദരി
മൂത്തഡ്	മുത്താത	വൃദ്ധൻ

കുംഭാരന്മാരുടെ ഭാഷയിൽ നിലനിൽക്കുന്ന ബന്ധസൂചക പദങ്ങൾ തെലുഗുവിൽ പ്രയോഗത്തിലുള്ള പദങ്ങളാണ് എന്നത് സംശയലേശമെന്യേ പറയാം. ശുദ്ധ തെലുഗു പ്രയോഗങ്ങളിൽനിന്നും ചില വർണ്ണവികാരങ്ങൾ ഇവരുടെ ഭാഷാപദങ്ങളിൽ സംഭവിച്ചിട്ടു്.

1. പദാദ്യത്തിലെ 'അ'കാരത്തെ 'ഒ'കാരമായി ഉച്ചരിക്കുന്നു.

കുംഭാരന്മാരുടെ ഭാഷ	തെലുഗു	മലയാളം
തമ്മുഡു	തൊമ്മുഡു	(അനുജൻ)
മന്നു	മൊന്നു	(മണ്ണ്)

മഗാഡു	മൊഗ്ഡു	(ഭർത്താവ്)

2. പദാന്ത്യത്തിലെ 'ഉ്'കാരം സംവൃതമായി പ്രയോഗിക്കുന്നു.

കുംഭാരന്മാരുടെ ഭാഷ	**തെലുഗു**	**മലയാളം**
അല്ലുഡു	അല്ല്ഡ്	മകളുടെ ഭർത്താവ്
ആലു	ആല്	ഭാര്യ
ഐതു	ഐത്	അഞ്ച്
ഇല്ലു	ഇല്ല്	വീട്

3. 'ക'കാരത്തിന് ചില അവസരങ്ങളിൽ 'ഹ'കാര ഉച്ചാരണം.

തെലുഗു	**കുംഭാരന്മാരുടെ ഭാഷ**
കൊഡുകു	കൊഡു<u>ഹു</u>
റൊകാലി	റോ<u>ഹ</u>ലെ

കുംഭാരന്മാരുടെ ഭാഷയിൽ കാണപ്പെടുന്ന നാമപദങ്ങൾ മിക്കതും തെലുഗു ഭാഷയിൽ ഉള്ളതാണ്.

കുംഭാരന്മാരുടെ ഭാഷ	**തെലുഗു**	**മലയാളം**
നേല്	നേല	നിലം
കെന്ന്	കെന്ന്	കണ്ണ്
സെയ്യി	ചേയി	കൈ
വേല്	വ്രേലു	വിരൽ
മുക്കു	മുക്കു	മൂക്ക്
നാല്ഹ	നാല്ക	നാക്ക്

പൊയി	പൊയ്	അടുപ്പ്
തെല്ഫ	തലുപ	വാതിൽ
മാട്യായ	മാമടി കായ	മാങ്ങ
ഉട്ടി	ഉട്ടി	ഉറി
വാന	വാന	മഴ
കൂട്	കൂഡു	ചോറ്
ആവ്	ആവു	പശു
മാന്	മാനു	മരം
എ	എ	വെയിൽ
ആഹ്	ആഹ്	ഇല
നീള്	നീലു	വെള്ളം

ഈ ഭാഷക സമൂഹത്തിന്റെ ഭാഷയിൽ പ്രയോഗിക്കുന്ന ക്രിയാപദങ്ങളും തെലുഗുവിൽ കാണപ്പെടുന്നു. ചില വർണ്ണവികാരങ്ങൾ ക്രിയാപദങ്ങളിലും സംഭവിച്ചതായി കാണാം. ക്രിയയുടെ വർത്തമാനകാലരൂപങ്ങളിൽ തെലുഗുവിൽ 'ടം' എന്ന പ്രത്യയം പ്രയോഗിക്കുന്നു. കുംഭാരന്മാരുടെ ഭാഷയിൽ ഇത് 'ട' എന്നായി ചുരുങ്ങിയിരിക്കുന്നു.

കുംഭാരഭാഷ	**തെലുഗു**	**മലയാളം**
ദുമു ഹട	ദുമു കടം	ചാടുന്നു
ഇയ്യട	ഇവടം	കൊടുക്കുന്നു
തിനട	തിനടം	തിന്നുന്നു
കുത്തപ്പെട്ടട	കുച്ചോടം	ഇരിക്കുന്നു
പെടട	പടുപോടം	വീഴുന്നു

മലയാളത്തിലെ 'ഉ്' എന്ന ക്രിയയ്ക്ക് തെലുഗുവിൽ മൂന്നുകാലങ്ങളിലും മൂന്നുരൂപങ്ങൾ പ്രയോഗിക്കുന്നു. കുംഭാരന്മാരുടെ ഭാഷയിൽ ഈ സവിശേഷത കാണപ്പെടുന്നില്ല. കൂടാതെ ഉ് എന്നതിനു സമാനമായി 'കെട്ട്' എന്ന രൂപമാണ്

പ്രയോഗിക്കുന്നത്. ഉൻ, ഉന്നാ–നു, ഉന്നാ–മു, ഉന്നാ–വൂ, ഉന്തി എന്നിങ്ങനെ ഉ് എന്ന തിന്റെ പലരൂപങ്ങൾ തെലുഗുവിൽ കാണുന്നു. 'കെട്ട്' എന്ന രൂപമാണ് ഇതിനുപ കരം ഇവരുടെ ഭാഷയിൽ പ്രയോഗിക്കുന്നത്. ഇത് മലയാളവുമായുള്ള സമ്പർക്കം മൂലം പുതുതായി ഭാഷയിൽ നിർമ്മിക്കപ്പെട്ട പദമായിരിക്കാം.

അതുപോലെ തന്നെ സഹായകക്രിയയായ 'ആണ്' എന്ന പദത്തിന്റെ പ്രയോഗം തെലുഗുവിൽ കാണുന്നില്ല. കുംഭാരന്മാരുടെ ഭാഷയിൽ ഇതിനു സമാന മായി 'കാന' എന്ന പദം പ്രയോഗിക്കുന്നു. ഇതും മലയാള ഭാഷയുമായി സമ്പർക്കത്തിലായതിന്റെ ഫലമായി സംഭവിച്ച ഭാഷയിലെ ഒരു നവ പ്രവർത്തന മായി കണക്കാക്കാവുന്നതാണ്.

ഉദാ: അതി നാ അമ്മ കാന (കുംഭാരന്മാരുടെ ഭാഷ)
(അത് എന്റെ അമ്മയാണ്)
ആമെ നാ അമ്മ (തെലുഗു)
(അവൾ എന്റെ അമ്മ)

നിഷേധരൂപങ്ങളായി തെലുഗുഭാഷയിൽ ഉപയോഗിക്കുന്നത് കാദു (അല്ല), ലേദു (ഇല്ല) വൊദ്ദു (വേ) എന്നിവയാണ്. കുംഭാരന്മാരും ഇതേ പ്രത്യയങ്ങൾ ഉപ യോഗിച്ച് ഭാഷയിൽ നിഷേധ രൂപങ്ങൾ സൃഷ്ടിക്കുന്നു.

ഉദാ: സീത പാടടം ലേദു (തെലുഗു)	(സീത പാടുകയില്ല)
മനക് ബിഡ്ഡല് ലേദു (കുംഭാര)	(ഞങ്ങൾക്ക് കുട്ടികൾ ഇല്ല)
അതി പുസ്തകം കാദു (തെലുഗു)	(അതു പുസ്തകം അല്ല)
നുവ്വു പോവൊദ്ദു (തെലുഗു)	(നീ പോകേ)
നാക്ക് കൂട് ഒദ്ദു (കുംഭാര)	(എനിക്ക് ചോറ് വേ)

ഇപ്രകാരം തെലുഗുവിനോട് സമാനമായ നിഷേധ പ്രത്യയപ്രയോഗങ്ങൾ ഇവരുടെ ഭാഷയിലും നിലവിലു്.

കുംഭാരന്മാരുടെ ഭാഷയുടെ പൊതുവായ സവിശേഷതകൾ അപഗ്രഥിച്ച തിൽനിന്നും ഭാഷയുടെ ഘടനാപരമായ ചില പ്രത്യേകതകൾ കത്തൊൻ സാധിച്ചു. അതോടൊപ്പംതന്നെ തെലുഗുവുമായി ഈ ഭാഷ നിലനിർത്തുന്ന സമാനതകളും ചെറിയ വൈജാത്യങ്ങളും മേല്പറഞ്ഞ വിവരണങ്ങളിൽനിന്നും വ്യക്തമാവുന്നു. എങ്കിലും ഇവരുടെ ഭാഷ തെലുഗുവിന്റെ ഭാഷാഭേദമാണോ എന്ന് കത്തേതു്.

> ഒരു ഭാഷ ഭാഷാഭേദമാണോ വ്യത്യസ്തഭാഷയാണോ എന്ന് കത്തു ന്നത് പരസ്പരഗ്രഹണം (mutual intelligibility), ഭാഷാപര ബന്ധം/വ്യത്യാസം (linguistic relatedness/difference), മനോഭാവപ ഠനം (attitude study) എന്നിവയിലൂടെയാണ്. (Balasubramanian, 1995:15)

കുംഭാരഭാഷയ്ക്ക് തെലുഗുവുമായുള്ള ബന്ധം എത്രത്തോളമുന്ന് ക ത്തുന്നതിനായി മേല്പറഞ്ഞ വസ്തുതകൾ അപഗ്രഥിക്കേതു്. അടുത്ത ബന്ധം പ ുലർത്തുന്ന രു ഭാഷകൾ സംസാരിക്കുന്ന വ്യക്തികൾക്ക്, പരസ്പരം ഭാഷ ഗ്രഹി ക്കാൻ കഴിയുന്ന അവസ്ഥയാണ് പരസ്പരഗ്രഹണം. ഭാഷയ്ക്ക് പദപരമായും വാക്യപരമായും ഉള്ളബന്ധമാണ് ഭാഷാപരബന്ധം. മനോഭാവ പഠനം ഭാഷ/ഭാഷാ ഭേദം വ്യവച്ഛേദിക്കുന്നതിനുള്ള മറ്റൊരു മാനദണ്ഡമാണ്. സമൂഹത്തിന്റെ മൊത്തം മനോഭാവം കത്തെണമെങ്കിൽ ന്യൂനപക്ഷസമൂഹത്തിന്റെ ഭാഷാമനോഭാവം അറി യേതു്. ഇത്തരം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പഠനം നടത്തുമ്പോൾ ആണ് ഭാഷ/ഭാഷാഭേദം എന്നിവ തമ്മിൽ വ്യവച്ഛേദിക്കാനാവുന്നത്.

പ്രസ്തുതപഠനത്തിൽ തെലുഗുഭാഷ സംസാരിക്കുന്നതുകേട്ടാൽ ഏകദേശം അർത്ഥം ഗ്രഹിക്കാൻ കഴിയുമെന്ന് ആവേദകർ രേഖപ്പെടുത്തുകയുായി. തെലുഗു പാട്ടുകളും മറ്റും കേട്ടാൽ അർത്ഥം മനസ്സിലാകുന്നതായും ആവേദകർ പറഞ്ഞു. ഈ അഭിപ്രായങ്ങളിൽ നിന്നും കുംഭാരഭാഷ തെലുഗുവുമായി ഏതെങ്കിലും തരത്തിൽ ബന്ധം പുലർത്തുന്ന ഭാഷയാണെന്ന് അനുമാനിക്കാം.

കുംഭാരഭാഷാപദങ്ങൾ തെലുഗുപദങ്ങളുമായി കൂടുതൽ ബന്ധം പുലർത്തുന്നതായി മേല്പറഞ്ഞ ഭാഷാപ്രത്യേകതകളിൽനിന്നും മനസ്സിലാക്കാം. അതിനാൽ ഭാഷ ഭാഷാഭേദമാകുന്നതിനുള്ള രാമത്തെ മാനദണ്ഡമായ ഭാഷാപരബന്ധം കുംഭാര-തെലുഗു ഭാഷകൾ പുലർത്തുന്നുന്നെു കാണാം. എല്ലാ പ്രായവിഭാഗത്തിൽ ഉൾപ്പെടുന്ന ആവേദകർക്കും സ്വഭാഷ തെലുഗുവിനോട് ബന്ധമുള്ളതാണെന്ന് അറിയാം. ആവേദകർ തെലുഗു ഭാഷയോട് അനുകൂലമനോഭാവം പുലർത്തുന്നവരും ആണ്.

പരസ്പര ഗ്രഹണം, ഭാഷാപരബന്ധം, മനോഭാവപഠനം എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അപഗ്രഥിക്കുമ്പോൾ കുംഭാരന്മാരുടെ ഭാഷയും തെലുഗുവും പരസ്പരം ഗ്രാഹ്യങ്ങളാണെന്നും കുംഭാരഭാഷയ്ക്ക് ഭാഷാപരബന്ധം കൂടുതൽ ഉള്ളത് തെലുഗുവുമായിട്ടാണെന്നും ആവേദകരുടെ മനോഭാവം തെലുഗുവിനെ അനുകൂലിക്കുന്നുവെന്നും കത്തൊൻ സാധിക്കുന്നു. അതിനാൽ കുംഭാരഭാഷ വ്യത്യസ്തമായ സ്വതന്ത്ര ഭാഷയല്ല മറിച്ച് തെലുഗുവിന്റെ ഭാഷാഭേദമാണെന്നു പറയാം.

ആന്ധ്രപ്രദേശിൽനിന്നും കുടിയേറിയ കുംഭാരർ സ്വാഭാവികമായും തെലുഗുഭാഷ സംസാരിച്ചിരുന്നിരിക്കണം. കാലക്രമത്തിൽ ദ്വിഭാഷാസാഹചര്യം അനുവർത്തിച്ചു വരുന്നതിന്റെ ഭാഗമായി ഭാഷയിൽ ചില മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നു.

ഭാഷാ ദത്തങ്ങളുടെ ശേഖരത്തിൽ നിന്നും ചില സാമാന്യ സവിശേഷതകൾ ഇവരുടെ ഭാഷയിൽ നിലനിൽക്കുന്നതായി കണ്ടെത്താൻ സാധിച്ചു. ഇതിനുവേി 48 അടിസ്ഥാന വാക്യങ്ങളും 200ൽ പരം വാക്കുകളും ചോദ്യാവലിയിൽ ഉൾപ്പെടുത്തിയിരുന്നു. പദാവലിയിലും വാക്യഘടനയിലും സംഭവിച്ചിട്ടുള്ള ചില മാറ്റങ്ങൾ താഴെ പറയുന്നവയാണ്.

4.6. വാക്യങ്ങൾ

അടിസ്ഥാന വാക്യങ്ങൾ അപഗ്രഥിച്ചതിൽ നിന്നും മൂന്ന് പ്രധാനപ്പെട്ട പ്രത്യേകതകളാണ് കണ്ടെത്താൻ സാധിച്ചത്.

1. കുംഭാരന്മാർ മാതൃഭാഷയ്ക്കകത്ത് മലയാള വാക്കുകളും കൂട്ടിച്ചേർത്ത് മൊഴിമിശ്രണം നടത്തി പ്രയോഗിക്കുന്നതായി കാണാൻ സാധിച്ചു.

ഉദാ:-

1. സന്തോഷം കോനി മേമ് <u>മതി</u> മരിച്ചുപോയിനു

   സന്തോഷം കോനി മേമ് <u>മതിമറന്നുപോയി</u> (മൊഴിമിശ്രണം)

   സന്തോഷത്താൽ ഞങ്ങൾ മതിമറന്നുപോയി (മലയാളം)

2. ഗുഡി നടനൂി (മുന്തിരിയൂി) മൊക്കവെല – കുംഭാരന്മാരുടെ ഭാഷ

   ഗുഡി നടന<u>പോയി പ്രാർത്ഥിക്കണം</u>

   ഗുഡി നടയ്ക്കൽ <u>നിന്ന്</u> തൊഴുതവെല

(അമ്പലത്തിന്റെ നടയ്ക്കൽ നിന്നു തൊഴണം)

3. അതി ദാനികി ഒദ്ദാന്തി കാസ് കാന – കുംഭാരന്മാരുടെ ഭാഷ

അതി ദാനികി ആവശ്യല്ല്യാന കാസ് കാന

(അത് അവൾക്കു വോത്ത പൈസയാണ്)

മേൽപറഞ്ഞ മൂന്നു വാക്യങ്ങളിലും പദങ്ങൾ മിശ്രണം ചെയ്ത് പ്രയോഗിക്കുകയാണ് ചെയ്തിരിക്കുന്നത്. ഈ വാക്കുകൾക്ക് പകരമായി മാതൃഭാഷയിൽ വാക്കുകൾ ഉണ്ടെങ്കിലും മലയാളവുമായുള്ള സമ്പർക്കം മൂലവും ഭാഷണ സന്ദർഭത്തിൽ ഉൾപ്പെടുന്ന രാമത്തെ ഭാഷകന്റെ മാതൃഭാഷ മലയാളമാണ് എന്നതുകൊണ്ടും സംഭവിക്കുന്ന പദമിശ്രണമായി ഇതിനെ പരിഗണിക്കാം.

2. മലയാളഭാഷയുമായുള്ള സമ്പർക്കത്തിന്റെ ഫലമായി ഭാഷയിൽ സൃഷ്ടിക്കപ്പെട്ട 'കാന' എന്ന സഹായക്രിയയുടെ ഉപയോഗമാണ്. മറ്റൊന്ന് 'ആണ്' എന്ന മലയാളത്തിലെ സഹായകക്രിയയ്ക്കു പകരമായി സമാനാർത്ഥത്തിലാണ് 'കാന' എന്ന പദം ഇവർ പ്രയോഗിക്കുന്നത്. മലയാളത്തിന്റെ പ്രത്യേകതയാണ് വാക്യപൂർത്തീകരണത്തിനുവേണ്ടി വാക്യങ്ങളിൽ ആണ് എന്ന സഹായകക്രിയ (copular verb) ചേർക്കുന്നത്. തെലുഗുവിൽ ഇല്ലാത്ത ഒരു പ്രത്യേകതയാണ് ഇത്.

ഉദാ:-

(1) ഇതി നാ അമ്മ കാന (കുംഭാരന്മാരുടെ ഭാഷ)

ഇതി നാ "അമ്മ (തെലുഗു)

ഇത് എന്റെ അമ്മ ആണ് (മലയാളം)

(2) അതി പുസ്തകം കാന (കുംഭാരന്മാരുടെ ഭാഷ)

അതി പുസ്തകമു (തെലുഗു)

അത് പുസ്തകം <u>ആണ്</u> (മലയാളം)

തെലുഗു ഭാഷയുടെ ആന്തരിക ഘടനയിൽ കടന്നുകൂടിയിട്ടുള്ള ഗണ്യമായ ഒരു പ്രത്യേകതയാണ് ഇത്. ആണ് എന്ന മലയാളപദത്തിനു പകരം ഭാഷയിൽ ഒരു പുതിയ വാക്ക് സൃഷ്ടിക്കുകയാണ് ചെയ്തിരിക്കുന്നത് എന്നു പറയാം. 'അല്ല' എന്ന അർത്ഥത്തിൽ 'കാദു' എന്ന പ്രയോഗം തെലുഗുവിൽ ഉപയോഗിക്കുന്നു്. 'ആണ്' എന്നതിന് നേർവിപരീതമായി 'അല്ല' എന്ന പദം മലയാളത്തിൽ ഉപയോഗിക്കുന്നതുപോലെ സമാനമായി കാദു എന്നതിനു വിപരീതമായി 'കാന' എന്ന പദം സൃഷ്ടിച്ചതാകാം. ഇത് 'ആണ്' എന്ന സഹായകക്രിയയ്ക്കു തുല്യമായി സൃഷ്ടിക്കപ്പെട്ട ഒരു പദമായി പരിഗണിക്കാം.

ആണ് – അല്ല

കാന – കാദു

3. കുംഭാരന്മാരുടെ മാതൃഭാഷാഘടനയിൽ കടന്നുവന്നിട്ടുള്ള മറ്റൊരു പുതിയ പദമാണ് 'ഉ്' എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന കെട്ട്. 'ഉ്' എന്ന രൂപത്തിന് 'ഉന്തി' എന്നും 'കെട്ട്' എന്നും രു പ്രയോഗങ്ങൾ കാണുന്നുങ്കിലും ഭാഷേതരദത്തങ്ങൾ അപഗ്രഥിച്ചതിൽ നിന്നും 'കെട്ട്' എന്ന പ്രയോഗമാണ് കൂടുതലായി ഇവർ ഭൂരിപക്ഷ ഭാഷയുമായുള്ള സമ്പർക്കത്തിന്റെ ഫലമായി ഉായ നവരൂപമായി ഈ പദത്തെ കണക്കാക്കാവുന്നതാണ്.

ഉദാ: –

(1) പുസ്തകം മേശമീദ <u>കെട്ട്</u> (കുംഭാരന്മാരുടെ ഭാഷ)

പുസ്തകം മേശപ്പുറത്ത് <u>ഉ്</u> (മലയാളം)

(2) നീള് <u>കെട്ട്</u> (കുംഭാരന്മാരുടെ ഭാഷ)

വെള്ളം <u>ഉ്</u> (മലയാളം)

നീലു ഉന്തി (തെലുഗു)

4.7. വാക്കുകൾ

ശേഖരിച്ച പദങ്ങളിൽ മിക്ക പദങ്ങളും കുംഭാരന്മാരുടെ മാതൃഭാഷാപദങ്ങൾ തന്നെയാണ്. എങ്കിലും മലയാള സമ്പർക്കഫലമായി മലയാളത്തിൽ നിന്നും കുറേവാക്കുകൾ ആദാനം (borrowing) നടത്തിയിട്ടുള്ളതായി കാണാൻ സാധിച്ചു.

ഉദാ:- ഏകദേശം

ഉടൻ

മെല്ലെ

ദൂരെ

പതുക്കെ

എളിതി (എഴുതുക)

വായിച്ചി (വായിക്കുക)

പരക്കെ

സംഖ്യാനാമങ്ങളായ ആയിരം, പതിനായിരം മുതലായവയും മലയാളത്തിൽ നിന്നും സ്വീകരിച്ചവയാണ്. ആയിരം എന്ന അർത്ഥത്തിൽ 'വെയ്' എന്ന പദം തെലുഗുവിൽ ഉങ്കിലും ഇവരുടെ ഭാഷയിൽ കാണാൻ സാധിച്ചിട്ടില്ല. പകരം മലയാളപദമായ ആയിരം ഉപയോഗിക്കുന്നു.

ഒരേ അർത്ഥത്തിൽ പര്യായപദങ്ങളായി രു വാക്കുകൾ ഉപയോഗിക്കുന്നതായി കത്തൊൻ സാധിച്ചു.

ഉദാ:- കഴുത്ത് - പെടത്തല്, കുത്തുവാ
ചോറ് - കൂട്, മെതുഹ
അമ്മിക്കല്ല് - ഗു്റായി മെറ്മറായി.

ഇപ്രകാരം മലയാളഭാഷയുമായുള്ള സമ്പർക്കഫലമായി ഭാഷയിൽ നിരവധി കൂട്ടിച്ചേർക്കലുകളും പകരം വെയ്ക്കലുകളും നടന്നിട്ടുള്ളതായി ഭാഷയുടെ സാമാന്യമായ അപഗ്രഥനത്തിൽ നിന്നും മനസ്സിലാക്കാം.

ഭാഷാപരിരക്ഷണ/മാറ്റവും മനോഭാവവും

5.1. ഭാഷാപരിരക്ഷണവും മാറ്റവും

ദ്വിഭാഷക സമൂഹങ്ങളിൽ വളരെക്കാലം കൊ് സംഭവിക്കുന്ന പ്രതിഭാസങ്ങളാണ് ഭാഷാപരിരക്ഷണ മാറ്റങ്ങൾ. തെലുഗു-മലയാളം സമ്പർക്കസാഹചര്യത്തിൽ അധിവസിക്കുന്ന കുംഭാരസമുദായത്തിന്റെ ഭാഷയുടെ പരിരക്ഷണ/മാറ്റ അവസ്ഥയെ മനസ്സിലാക്കാൻ സ്റ്റാറ്റിറ്റിസ്ക്സിന്റെ രീതിശാസ്ത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. ഭാഷേതര ദത്തങ്ങൾ അപഗ്രഥിച്ചതിൽനിന്നും കത്തെിയ ഫലങ്ങളുടെ അടിസ്ഥാനത്തിൽ ഭാഷാപരിരക്ഷണ/മാറ്റ അവസ്ഥയെ വിശദീകരിക്കാവുന്നതാണ്. ചോദ്യാവലിയിലെ 18 മുതൽ 30 വരെ ചോദ്യങ്ങൾ ഉപയോഗിച്ചാണ് ഈ സമൂഹത്തിന്റെ ഭാഷാപരിരക്ഷണ/മാറ്റ അവസ്ഥകൾ അപഗ്രഥിച്ചിരിക്കുന്നത്.

അനോവ (ANOVA), ടി-ടെസ്റ്റ് (T-test) എന്നീ ടെസ്റ്റുകൾ ഉപയോഗിച്ച് സ്ഥിതിവിവരക്കണക്കുകളുടെ വിശകലനം നടത്തിയതിനുശേഷം ലഭിക്കുന്ന മൂല്യം .05 മൂല്യത്തേക്കാൾ ചെറിയ സംഖ്യയാണെങ്കിൽ വിശകലനത്തിൽ നിർണ്ണായക വ്യത്യാസം (significant difference) ഉ് എന്നർത്ഥം. മറിച്ച് .05നേക്കാൾ വലിയ സംഖ്യയാണ് ലഭിക്കുന്നതെങ്കിൽ വ്യത്യാസം പ്രധാനമല്ല. ഇതിനെ ആസ്പദമാക്കി ഭാഷേതര ദത്തങ്ങളെ അപഗ്രഥിക്കുകയും ഭാഷാപരിരക്ഷണ/മാറ്റ, മനോഭാവ ഘടകങ്ങളെ വിശദമാക്കുകയും ചെയ്തിരിക്കുന്നു.

18 മുതൽ 30 വരെയുള്ള ചോദ്യങ്ങൾ ഉപയോഗിച്ചാണ് ഭാഷാപരിരക്ഷണ/മാറ്റങ്ങൾ കത്തെിയിരിക്കുന്നത്. നിങ്ങളുടെ ഭാഷയെ കൂടാതെ വേറെ ഭാഷ

കൾ വീട്ടിൽ സംസാരിക്കാറുണ്ടോ എന്ന ചോദ്യത്തിന് 86% ആവേദകരും ഇല്ല എന്നു പ്രതികരിച്ചവരാണ്. ബാക്കി ആവേദകർ ഒന്നും പ്രതികരിക്കാത്തവരാണ്. മാതാപിതാക്കൾക്ക് അറിയുന്ന ഭാഷകൾ ഏത് എന്ന ചോദ്യത്തിന് 97.3% ആവേദകരും മാതാപിതാക്കൾക്കും മാതൃഭാഷ അറിയാമെന്ന് രേഖപ്പെടുത്തി. 2.7% ആളുകൾക്ക് ഭാഷ അറിയാത്തവരാണ്. 100% മാതാപിതാക്കൾക്ക് മലയാളഭാഷ അറിയുന്നതായും രേഖപ്പെടുത്തി.

ആവേദകരുടെ മക്കൾക്ക് മാതൃഭാഷ അറിയുമോ എന്ന ചോദ്യത്തിന് ഭാഷ അറിയുന്നതായി 74.5% ആവേദകരും അറിയില്ല എന്ന് ഉത്തരം നല്കിയവർ 2.7ശതമാനവും ബാക്കി ആവേദകർ ഒന്നും പ്രതികരിക്കാത്തവരുമാണ്. കുടുംബമെന്ന ഭാഷാപ്രയോഗമേഖലയിൽ മുതിർന്ന വ്യക്തികളോട് ആശയവിനിമയത്തിനായി ഉപയോഗിക്കുന്ന ഭാഷകൾ ഏത് എന്ന ചോദ്യമാണ് അടുത്തത്. അതിനുള്ള പ്രതകരണം പട്ടിക രൂപത്തിൽ കൊടുക്കുന്നു (പട്ടിക 1) അച്ഛനോട് മാതൃഭാഷയിൽ സംസാരിക്കുന്നതായി 91.3% ആവേദകർ രേഖപ്പെടുത്തി. 78.7% ആവേദകർ അച്ഛന്റെ/അമ്മയുടെ അച്ഛനോട് മാതൃഭാഷയിൽ ആശയവിനിമയം നടത്താൻ ആഗ്രഹിക്കുന്നവരാണ്. 92% ആവേദകർ അമ്മയോട് മാതൃഭാഷയിൽ ആശയവിനിമയം നടത്താൻ ആഗ്രഹിക്കുന്നവരും 76.7% ആവേദകർ അമ്മയുടെ/അച്ഛന്റെ അമ്മയോട് മാതൃഭാഷ പ്രയോഗിക്കാൻ താല്പര്യം ഉള്ളവരും ആണ്.

പട്ടിക – 1

		മാതൃഭാഷ %	**മലയാളം%**
1.	അച്ഛനോട്	91.3	28
2.	അച്ഛന്റെ/അമ്മയുടെ അച്ഛൻ	78.7	30

3.	അമ്മ	92	96
4.	അമ്മയുടെ/അച്ഛന്റെ അച്ഛൻ	76.7	15.3

90% ആവേദകർ അമ്മയോട് മലയാളത്തിലും സംസാരിക്കാറുള്ളതായി രേഖപ്പെടുത്തി.

സ്വന്തം സമുദായത്തിലെ സുഹൃത്തുക്കളോട് ഏതു ഭാഷയിലാണ് സംസാരിക്കാൻ താല്പര്യപ്പെടുന്നത് എന്ന ചോദ്യത്തിന് 96% ആളുകളും മാതൃഭാഷയിൽ എന്ന മറുപടി നല്കുകയുായി. 15.3% ആളുകൾ മലയാളഭാഷയും തെരഞ്ഞെടുക്കുന്നതായി രേഖപ്പെടുത്തി. അന്യസമുദായത്തിൽപ്പെട്ട സുഹൃത്തുക്കളോട് സംസാരിക്കാൻ 1.3% ആളുകൾ മാതൃഭാഷ തെരഞ്ഞെടുക്കുകയും 98% ആളുകൾ ഭൂരിപക്ഷ ഭാഷയായ മലയാളം തെരഞ്ഞെടുക്കുകയും ചെയ്തു. സ്വഭാഷയിൽ സംസാരിക്കുന്ന വ്യക്തിയോട് അതേ ഭാഷയിൽ സംസാരിക്കുന്നത് കാര്യമനുസരിച്ചാണോ എന്നതിന് അതെ എന്ന് 76.7% ആളുകളും അല്ല എന്ന് 8% ആളുകളും രേഖപ്പെടുത്തി. 14% ആളുകൾ സന്ദരർഭമനുസരിച്ചാണ് സംസാരിക്കുന്നതെന്ന് അഭിപ്രായപ്പെട്ടു.

സ്വഭാഷയിൽ സംസാരിക്കുന്നതായി 1.3% ആവേദകരും സംസാരിക്കാറില്ല എന്ന് 8.7% ആവേദകരും പ്രതികരിച്ചു. അന്യസമുദായക്കാരോട് സന്ദർഭത്തിനനുസരിച്ച് സംസാരിക്കാറുന്ന് മറുപടി പറഞ്ഞവരാണ് 86.7% ആവേദർ. മറ്റു സമുദായക്കാരർ മാതൃഭാഷയിൽ സംസാരിക്കാറുോ എന്ന ചോദ്യത്തിന് ഉന്ന് 5.3% ആവേദകരും ഇല്ല എന്ന് 14% ആവേദകരും സന്ദർഭത്തിനനുസരിച്ച് എന്ന് 79.3% ആവേദകരും രേഖപ്പെടുത്തി.

മാതൃഭാഷയിൽ സംസാരിക്കുമ്പോൾ മലയാളം/ഇംഗ്ലീഷ് വാക്കുകൾ കടന്നുവരാറുമോ എന്ന ചോദ്യത്തിന് ഉ് എന്ന് 88% ആളുകളും ഇല്ല എന്ന് 7% ആവേദകരും സന്ദർഭത്തിനനുസരിച്ച് എന്ന് 7.3% ആവേദകരും മറുപടി നല്കി.

ഭാഷാപരിരക്ഷണവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ആവേദകരർ നല്കിയ അഭിപ്രായത്തെ സാംഖ്യികാപഗ്രഥനം നടത്തിയതിൽനിന്നും ഭാഷാപരിരക്ഷണത്തിന്റെ തോത് 68.24ശതമാനവും ഭാഷാമാറ്റത്തിന്റെ തോത് 26.35ശതമാനവും മാറ്റമോ പരിരക്ഷണമോ കാണിക്കാത്തതിന്റെ തോത് 5.41 ശതമാനം ആണ് എന്നും കത്തൊൻ സാധിച്ചു. ഇതിനെ പൈ–ചാർട്ടിന്റെ രൂപത്തിൽ ഇപ്രകാരം രേഖപ്പെടുത്താം.



5.1.1. സാമൂഹികചരങ്ങൾക്കനുസരിച്ച് ഭാഷാപരിരക്ഷണത്തിൽ സംഭവിക്കുന്ന വ്യതിയാനങ്ങൾ

5.1.1.1. ലിംഗഭേദം

77 പുരുഷന്മാരും 73 സ്ത്രീകളും അടങ്ങുന്ന ആവേദകരിൽ സ്ത്രീപുരുഷ വ്യത്യാസം ഭാഷാപരിരക്ഷണത്തെ ബാധിക്കുന്നുവോ എന്ന് അപഗ്രഥിച്ചതിൽനിന്നും കത്തെിയ വസ്തുതകൾ പട്ടികയായി നൽകുന്നു.

പട്ടിക – 2

സ്ത്രീ/	ആവേദക	ഭാഷാപരിരക്ഷണം%	മാറ്റം	പ്രതികരിക്കാത്തവർ

പു	എണ്ണം		%	%
സ്ത്രീ	72	75%	21.05	3.95
പു	76	61.11	31.94	6.94

(പ്രതികരണം രേഖപ്പെടുത്താത്തവരെ ഒഴിവാക്കിയുള്ള പട്ടിക)

കുംഭാരന്മാരുടെ ഭാഷാപരിരക്ഷണ തോതിൽ സ്ത്രീകളും പുരുഷന്മാരും ഗണ്യമായ വ്യത്യാസം കാണിക്കുന്നില്ല എന്ന് പട്ടിക 2–ൽ നിന്നും വ്യക്തമാവുന്നു. സ്ഥിതിവിവരവിശകലനത്തിൽനിന്നും ലിംഗഭേദം അനുസരിച്ച് ഭാഷാപരിരക്ഷണ ത്തിൽ പ്രാധാന്യമുള്ള വ്യത്യാസം പ്രകടമല്ല എന്നും കണ്ടെത്താൻ കഴിഞ്ഞു.

ഭാഷാപരിരക്ഷണ/മാറ്റ അവസ്ഥകളെ ലിംഗഭേദം അനുസരിച്ച് പ്രതിനിധീക രിക്കുന്ന പൈ ഡയഗ്രം താഴെ കൊടുക്കുന്നു.





5.1.1.1.2. പ്രായ ഭേദം

ആവേദകരുടെ പ്രായഭേദം അനുസരിച്ച് ഭാഷാപരിരക്ഷണ/മാറ്റ അവസ്ഥക ളിൽ സംഭവിക്കുന്ന പ്രത്യേകതകൾ പഠനവിധേയമാക്കിയതിന്റെ ഫലം ഇപ്രകാരമാ ണ്.

പട്ടിക – 3

	പ്രായം	ഭാഷാപരിരക്ഷണം %	ഭാഷാമാറ്റം%
1.	20 വയസ്സുവരെ	40.90	54.54
2.	21 മുതൽ 35 വരെ	64.44	28.88
3.	36 മുതൽ 60 വരെ	76.19	18.33
4.	61നു മുകളിൽ	78.33	14.28

പട്ടിക 3–ൽനിന്നും ഭാഷാപരിരക്ഷണ തോത് ഏറ്റവും കൂടുതൽ കാണപ്പെ ടുന്നത് 36 മുതൽ 61നുമുകളിൽ വരെയുള്ള രു പ്രായവിഭാഗത്തിലെ ആളുകൽക്കിട യിലാണ് എന്നും കാണാം. ഇളം തലമുറയിൽ ഭാഷാമാറ്റത്തിന്റെ നിരക്ക് കൂടുതലാ ണെന്നും ഈ പട്ടികയിൽനിന്നും മനസ്സിലാക്കാം.

നാലു പ്രായവിഭാഗങ്ങളും തമ്മിൽ പ്രാധാന്യമുള്ള വ്യത്യാസം പ്രകടമാണോ എന്ന് നിരീക്ഷിച്ചതിന്റെ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 4

	പ്രായം	നിർണായക വ്യത്യാസം
1.	20 വരെയുള്ളവരും 21–35	.055
2.	20 വരെയുള്ളവരും 36–60	.044
3.	20 വരെയുള്ളവരും 61 മുകളിൽ	.099
4.	21 – 35, 36 –60	.402
5.	21–35, 61നു മുകളിൽ	.213
6.	36 – 60, 61നു മുകളിൽ	.400

പട്ടിക–4ൽ രേഖപ്പെടുത്തിയ പ്രകാരം 20 വയസ്സുവരെയുള്ള പ്രായഗണത്തിൽ ഉൾപ്പെടുന്ന ആവേദകർ 36–60വരെയുള്ള പ്രായഗണക്കാരുമായും 61നുമുകളിൽ ഉള്ള പ്രായഗണക്കാരുമായും ഭാഷാപരിരക്ഷണ തോതിൽ പ്രാധാന്യമുള്ള വ്യത്യാസം പ്രകടിപ്പിക്കുന്നതായി മുകളിലത്തെ പട്ടികയിൽ നിന്നും മനസ്സിലാക്കാം.





5.1.1.1.3. വിദ്യാഭ്യാസം

വിദ്യാഭ്യാസം എന്ന സാമൂഹികചരത്തെ ആസ്പദമാക്കി നടത്തിയ സ്ഥിതി വിരക്കണക്കുകളുടെ വിശകലനം പട്ടിക 5ൽ നൽകുന്നു.

പട്ടിക – 5

	വിദ്യാഭ്യാസം	ഭാഷാപരിരക്ഷണം %	ഭാഷാമാറ്റം%
1.	നിരക്ഷരർ	73.80	19.04
2.	1–ാം തരം 4–ാംതരം	81.48	18.51
3.	5–ാം തരം 7–ാംതരം	65.21	21.73
4.	8–ാം തരം 10–ാംതരം	62.85	34.28
5.	കോളേജ് തലം	52.63	42.10

നിരക്ഷരരായ ആവേദകരെക്കാൾ പ്രൈമറി തരംവരെ പഠിച്ച ആവേദകരിലാണ് ഭാഷാപരിരക്ഷണം ഏറ്റവും കൂടുതലായി നടക്കുന്നതെന്ന് പട്ടിക 5 പ്രകാരം

മനസ്സിലാക്കാവുന്നതാണ്. പ്രൈമറി തലം മുതൽ കോളേജ്തലംവരെ എത്തുമ്പോ ഴേയ്ക്കും ഭാഷാപരിരക്ഷണതോത് കുറയുന്നതായും ഭാഷാമാറ്റതോത് വർദ്ധിക്കു ന്നതായും പട്ടിക രേഖപ്പെടുത്തുന്നു. ഭാഷാപരിരക്ഷണ തോതിൽ വിദ്യാഭ്യാസം അനുസരിച്ച് പ്രാധാന്യമുള്ള വ്യത്യാസം ഇല്ല എന്നു കണ്ടെത്താൻ സാധിച്ചു.

5.1.1.1.4. തൊഴിൽ

കുലത്തൊഴിൽ, കൂലിവേല, സർക്കാർജോലി, മറ്റുള്ളവ എന്നിങ്ങനെ നാലു വിഭാഗങ്ങളായി തിരിച്ച തൊഴിൽ മേഖലകളിൽ ഭാഷാപരിരക്ഷണ/മാറ്റ അവസ്ഥ കളെ സ്ഥിതിവിവരവിശകലനം നടത്തിയതിന്റെ പട്ടിക താഴെ നൽകുന്നു.

പട്ടിക – 6

	തൊഴിൽ	ഭാഷാപരിരക്ഷണം %	ഭാഷാമാറ്റം%
1.	കുലത്തൊഴിൽ	80.00	16
2.	കൂലിവേല	33.33	66.66
3.	സർക്കാർ ജോലി	60	40
4.	മറ്റുള്ളവ	65.38	26.92

പട്ടിക 6–ൽനിന്നും കൂലിവേല ചെയ്യുന്ന ആവേദകരിൽ ഭാഷാപരിരക്ഷണ ത്തിന്റെ തോത് വളരെ കുറവും ഭാഷാമാറ്റത്തിന്റെ അളവ് വളരെ കൂടുതലും ആണെന്നു കണാവുന്നതാണ്. കൂലിവേല ചെയ്യുന്ന വിഭാഗത്തെ അപേക്ഷിച്ച് മറ്റെ ല്ലാവിഭാഗക്കാരും ഭാഷാപരിരക്ഷണം നടത്തുന്നതായി മനസ്സിലാക്കാം.

നാലുതൊഴിൽ വിഭാഗങ്ങൾ തമ്മിൽ ഭാഷാപരിരക്ഷണത്തിൽ നിർണായക മായ വ്യത്യാസം നിലനിർത്തുന്നുണ്ടെന്ന് സ്ഥിതിവിവരവിശകലനത്തിൽ നിന്നും മന സ്സിലാക്കാൻ കഴിഞ്ഞു.

പട്ടിക 7

	തൊഴിൽ	നിർണായക വ്യത്യാസം
1.	കുലത്തൊഴിൽ – കൂലിവേല	.001
2.	കുലത്തൊഴിൽ–സർക്കാർജോലി	.167
3.	കുലത്തൊഴിൽ – മറ്റുള്ളവ	.451
4.	കൂലിവേല – സർക്കാർ ജോലി	.352
5.	കൂലിവേല– മറ്റുള്ളവ	.032
6.	സർക്കാർ ജോലി–മറ്റുള്ളവ	.463

മേൽകൊടുത്ത പട്ടികയിൽ നിന്നും കുലത്തൊഴിൽ ചെയ്യുന്ന ആവേദകരും കൂലിവേല ചെയ്യുന്ന ആവേദകരും തമ്മിൽ ഭാഷാപരിരക്ഷണതോതിൽ നിർണാ യക വ്യത്യാസം പ്രകടിപ്പിക്കുന്നതായി കാണാം. അതുപോലെതന്നെ കൂലിവേല ചെയ്യുന്നവരും മറ്റുള്ള തൊഴിൽ ചെയ്യുന്ന ആവേദകരും തമ്മിലും പ്രാധാന്യമുള്ള വ്യത്യാസം പ്രകടമാണ്.



5.1.1.1.5. പ്രാദേശിക മേഖല

പ്രാദേശിക മേഖലയ്ക്കനുസരിച്ച് ഭാഷാപരിരക്ഷണ/മാറ്റ അവസ്ഥകളിൽ സംഭവിക്കുന്ന വ്യതിയാനങ്ങൾ ഇപ്രകാരം രേഖപ്പെടുത്താം.

പട്ടിക – 8

	പ്രദേശം	ഭാഷാപരിരക്ഷണം %	ഭാഷാമാറ്റം%
1.	പാലക്കാട്	59.09	31.81
2.	തൃശൂർ	56.52	35
3.	മലപ്പുറം	66.66	29.16
4.	കോഴിക്കോട്	75	12.5
5.	വയനാട്	85.71	7.14

ഇതിൽനിന്നും ഭാഷാപരിരക്ഷണതോത് കൂടുതലായുള്ള പ്രദേശം വയനാട് മേഖലയാണെന്ന് കാണാം. മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഭാഷാപരിരക്ഷ ണത്തിന്റെ തോത് പാലക്കാട്,തൃശൂർ ജില്ലകളെ അപേക്ഷിച്ച് കൂടുതലാണ് എന്നു കാണാം. ഈ ജില്ലകളിൽ ഭാഷാപരിരക്ഷണതോത് ഏകദേശം തുല്യമാണ്. പ്രാദേ ശിക മേഖല വ്യത്യാസപ്പെടുന്നതിനനുസരിച്ച് ഭാഷാപരിരക്ഷണത്തിൽ പ്രാധാന്യ മുള്ള വ്യത്യാസം ഇല്ല എന്ന് സ്ഥിതിവിവരക്കണക്കുകളുടെ വിശകലനത്തിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചു.

ഭാഷേതരദത്തങ്ങളുടെ സ്ഥിതിവിവരക്കണക്കുകളുടെ അപഗ്രഥനത്തിൽ നിന്നും കുംഭാരന്മാരുടെ ഭാഷാപരിരക്ഷണ/മാറ്റ അവസ്ഥകൾ എപ്രകാരമാണ് എന്ന് കണ്ടെത്താൻ കഴിഞ്ഞു. ഇതിൽനിന്നും പ്രായം, തൊഴിൽ എന്നീ സാമൂഹിക ചരങ്ങൾ ഭാഷയുടെ പരിരക്ഷണ/മാറ്റ മനോഭാവത്തെ വളരെയധികം സ്വാധീനിക്കു ന്നതായി മനസ്സിലാക്കാം. മറ്റ് സാമൂഹികചരങ്ങൾ ഭാഷാപരിരക്ഷണ/മാറ്റ അവസ്ഥ യെയോ ഭാഷാമനോഭാവത്തെയോ ഗണ്യമായ രീതിയിൽ സ്വാധീനിക്കുന്നില്ല. വിദ്യാഭ്യാസപരമായി ഭാഷകരുടെ മനോഭാവത്തിൽ മാറ്റങ്ങൾ കണ്ടെത്താൻ സാധിച്ചു എങ്കിലും പരിരക്ഷണമാറ്റങ്ങളിൽ വിദ്യാഭ്യാസത്തിന്റെ നിലവാരം ഗണ്യമായ

സ്വാധീനം ചെലുത്തുന്നില്ല. അതുപോലെതന്നെ സ്ത്രീ പുരുഷ വ്യത്യാസമോ പ്രാദേശികഭേദമോ കാര്യമായ അളവിൽ ഈ ഭാഷയെ സ്വാധീനിക്കുന്നില്ല എന്ന് സാമാന്യേന പറയാം.

ഭാഷാപരിരക്ഷണം കൂടുതൽ നടക്കുന്നത് കുടുംബം എന്ന അടിസ്ഥാന ഭാഷാപ്രയോഗ മേഖലയിലാണ്. വീടുമായി ബന്ധപ്പെട്ടാണ് ഇവരുടെ മൺപാത്രനിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത്. അതിനാൽ കുലത്തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ കുടുംബവുമായി നിരന്തര ആശയവിനിമയം നടത്തിക്കൊിരിക്കും. ഇതുമൂലം ഇവരുടെ മാതൃഭാഷാശേഷി വർദ്ധിക്കുകയും കുടുംബത്തിനകത്ത് ഈ ഭാഷാപ്രയോഗത്തിന്റെ അളവ് കൂടുതലും ആയിരിക്കും. ഭാഷാമാറ്റത്തേക്കാൾ ഭാഷാപരിരക്ഷണതോത് ഇവരിൽ കൂടുതലാവുന്നത് ഇതു കാരണമാണ്. ഭൂരിപക്ഷ സമൂഹത്തിനിടയ്ക്ക് തൊഴിൽ എടുക്കുന്ന വ്യക്തികൾക്ക് ഭാഷ സംസാരിക്കാനുള്ള അവസരം കുറവായിരിക്കും. മാത്രമല്ല അവർ ഭൂരിപക്ഷവുമായ ഇടപഴകുന്നതുമൂലം കൂടുതൽ മേഖലകളിൽ ഭൂരിപക്ഷഭാഷ പ്രയോഗിക്കുന്നവരായിരിക്കും. അവർക്ക് ഭാഷ സംരക്ഷിക്കാനുള്ള കുറഞ്ഞ അവസരം മാത്രമേ ലഭിക്കൂ. ഇപ്രകാരമുള്ള അവസ്ഥയിൽ ആണ് കുലത്തൊഴിൽ ചെയ്യുന്ന ആവേദകരും കൂലിവേല ചെയ്യുന്ന ആവേദകരും തമ്മിൽ ഭാഷാപരിരക്ഷണ/മാറ്റതോതിൽ വ്യത്യാസം അനുഭവപ്പെടുന്നത്.

5.2. ഭാഷാമനോഭാവം

ഭാഷകർക്ക് ഭാഷയോടുള്ള അനുകൂലവും പ്രതികൂലവുമായ മനോഭാവമാണ് ഭാഷാമനോഭാവം. ഭാഷകരുടെ പ്രായം, ലിംഗഭേദം, പ്രാദേശിക ഭേദം, വിദ്യാ

ഭ്യാസം, തൊഴിൽ എന്നിവയ്ക്കനുസരിച്ച് ഭാഷാമനോഭാവത്തിൽ വ്യതിയാനം സംഭവിക്കുന്നു. ഭാഷേതര ദത്തങ്ങൾ ശേഖരിക്കാനായി തയ്യാറാക്കിയിരിക്കുന്ന ചോദ്യാവലിയിൽ 38 മുതൽ 45 വരെ ചോദ്യങ്ങൾ ഉപയോഗിച്ചാണ് ഭാഷാമനോ ഭാവം കത്തെിയിരിക്കുന്നത്. ഭാഷാപ്രയോഗവും ഭാഷാപരിരക്ഷണ മാറ്റങ്ങളും ഭാഷാമനോഭാവത്തിന്റെ പരോക്ഷഫലങ്ങളാണെങ്കിലും മനോഭാവം കത്തെുന്ന തിനായി പ്രത്യേക ചോദ്യങ്ങൾ തന്നെ ഉൾപ്പെടുത്തിയിരിക്കുന്നു.

ഭാഷാമനോഭാവം കത്തെുന്നതിനുവേി തയ്യാറാക്കിയ ചോദ്യാവലിയെ സ്ഥിതി വിവരക്കണക്കനുസരിച്ച് അപഗ്രഥനം നടത്തുന്നതിനുവേി ഇതിലെ ചോദ്യങ്ങൾക്ക് പ്രാധാന്യം അനുസരിച്ച് പ്രത്യേകം മൂല്യങ്ങൾ നല്കിയിരിക്കുന്നു. (പത്തിൽ പത്ത്, പ ത്തിൽ എട്ട് എന്നിങ്ങനെ).

വ്യക്തികളുടെ നേരിട്ടുള്ള ഭാഷാമനോഭാവത്തെ കത്തൊൻ വേിയുള്ള ചോദ്യങ്ങളും ഭൂരിപക്ഷസമൂഹവുമായി താരതമ്യപ്പെടുത്തി നിലനിൽക്കുന്ന മനോ ഭാവത്തെ കത്തെുന്നതിനുവേ ചോദ്യങ്ങളും അനുസരിച്ചാണ് ഇവയ്ക്ക് പ്രത്യേക മൂല്യം നൽകിയിരിക്കുന്നത്.

ഭാഷയുടെ അടിസ്ഥാനശേഷി അറിവ് (മനസ്സിലാക്കൽ) ആണ് എന്നതു കെ് സ്വഭാഷ അറിഞ്ഞിരിക്കാനുള്ള താല്പര്യത്തിനും ആശയവിനിമയഭാഷയുടെ മറ്റൊരു പ്രധാനശേഷിയായ പ്രയോഗതാല്പര്യത്തിനും ഒരുപോലെ പ്രാധാന്യം നല്കിക്കൊ് അറിവ്, പ്രയോഗം എന്നീ മേഖലകളോട് ഭാഷകർക്കു കുന്ന മനോഭാവത്തിന് പ്രാധാന്യം കൊടുത്ത് ഏറ്റവും കൂടുതൽ മൂല്യം നല്കുക യാണ് ചെയ്തിരിക്കുന്നത്. ഭൂരിപക്ഷത്തിനിടയിൽ വെച്ച് സ്വഭാഷാ സംസാര താല്പര്യത്തിന് അതിനടുത്ത മൂല്യം നൽകിയിരിക്കുന്നു. ഇപ്രകാരമാണ് ഭാഷാമ

നോഭാവപഠനത്തിന്റെ മൊത്തം സമൂഹത്തിന്റെ മനോഭാവം കണ്ടെത്താനായി ചോദ്യാവലിയെ സജ്ജമാക്കിയിരിക്കുന്നത്.

ഓരോ ഗണത്തിലും ഉൾപ്പെടുന്ന ചോദ്യങ്ങൾ ഒരേയിടത്തുതന്നെ ചോദിച്ച് ആവേദകർക്ക് വിരസതയും വിദ്വേഷവും ഉാക്കുന്നതിനെ ഒഴിവാക്കാനായിട്ടാണ് ചോദ്യാവലിയിൽ ഇത്തരം ചോദ്യങ്ങൾ ഒരിടത്തുതന്നെ ചോദിക്കാതെ ഇടയ്ക്കിടെ ചേർത്തിരിക്കുന്നു. ഇവയ്ക്കനുസരിച്ച് ചോദ്യങ്ങളെ 5 പോയിന്റ് സ്കെയിൽ നൽകി മനോഭാവത്തെ അഞ്ചായി വിഭജിച്ചിരിക്കുന്നു.



അനുകൂലമനോഭാവം, കൂടുതൽ അനുകൂലമനോഭാവം, പ്രതികൂല മനോഭാവം, കൂടുതൽ പ്രതികൂലമനോഭാവം, ഉദാസീനം എന്നിവയാണ് 5 പോയിന്റ് സ്കെയിലിൽ ഉൾപ്പെടുന്നത്. ഇതനുസരിച്ച് 38 മുതൽ 45 വരെ ചോദ്യങ്ങളെ സാംഖ്യിക രീതിയിൽ വിശകലനം നടത്തിയിരിക്കുന്നു.

ശരാശരി മൂല്യം 2.5.ഓ അതിനോടടുത്തോ ആയാൽ കൂടുതൽ പ്രതികൂലമനോഭാവവും 1..8നുശേഷം ഉള്ളത് പ്രതികൂലമനോഭാവവും കാണിക്കുന്നു. 1.63 മുതൽ ഉദാസീന മനോഭാവം പ്രകടിപ്പിക്കുന്നു. ശരാശരി സംഖ്യ 1.39നുശേഷം

ആയാൽ അനുകൂല മനോഭാവവും അതിനുമുമ്പുള്ള മൂല്യങ്ങൾ കൂടുതൽ അനുകൂലമായ മനോഭാവത്തെയും പ്രതിനിധാനം ചെയ്യുന്നു.

സ്വന്തം ഭാഷയിൽ ആശയവിനിമയം നടത്താൻ കുട്ടികളെ നിർബന്ധിക്കുന്ന 31.3% ആവേദകരും അതിനെ പ്രതികൂലിക്കുന്ന 67.3% ആവേദകരും ആണ് ഉള്ളത്. ചോദ്യത്തിന് ഒന്നും പ്രതികരിക്കാത്ത 1.3% ആവേദകരും ു്. പ്രതികൂലമനോഭാവം രേഖപ്പെടുത്തിയവരിൽ ഭാഷ സംസാരിക്കാൻ കുട്ടികളെ നിർബന്ധിക്കേ ആവശ്യമില്ല എന്നും നിർബന്ധം കൂടാതെതന്നെ അവർ ഭാഷ സംസാരിച്ചോളും എന്ന അഭിപ്രായം രേഖപ്പെടുത്തിയ ആവേദകരും ഉൾപ്പെടുന്നു.

സ്വഭാഷ അറിഞ്ഞിരിക്കേത് ആവശ്യമാണെന്ന് 76.7% ആവേദകർ രേഖപ്പെടുത്തി. ആവശ്യമില്ലെന്നു രേഖപ്പെടുത്തിയ 21.3% ആവേദകരും 2% ഒന്നും പ്രതികരിക്കാത്തവരുമാണ്.

സ്വസമുദായത്തിലെ ആളുകളോട് സ്വഭാഷയിൽ സംസാരിക്കാൻ താല്പര്യം പ്രകടിപ്പിക്കുന്നതായി 69.3% ആവേദകർ രേഖപ്പെടുത്തി. 22% ആവേദകർ താല്പര്യം ഇല്ലാത്തവരും 7.3% സന്ദർഭത്തിനനുസരിച്ച് സംസാരിക്കാൻ ആഗ്രഹിക്കുന്നവരുമാണ്.

യാത്രയ്ക്കിടയിൽ കുംഭാരന്മാരോട് സ്വഭാഷയിൽ സംസാരിക്കുന്നത് ഇഷ്ടപ്പെടുന്ന 34% ആവേദകരും സന്ദർഭത്തിനനുസരിച്ച് യാത്രയിൽ സംസാരിക്കാൻ താല്പര്യപ്പെടുന്ന 42% ആവേദകരും യാത്രയിലും മറ്റും സംസാരിക്കാൻ താല്പര്യം പ്രകടിപ്പിക്കാത്ത 42% ആവേദകരും ു്.

ഒരു മലയാളിയേക്കാൾ മെച്ചപ്പെട്ടവനാണ് ഒരു കുംഭാരൻ എന്ന അഭിപ്രായത്തോട് അനുകൂല മനോഭാവം പ്രകടിപ്പിക്കുന്ന.7% ആവേദകരാണ് ഉള്ളത്. ഒരു കുംഭാരനേക്കാൾ നല്ലവനാണ് മലയാളി എന്ന് അഭിപ്രായപ്പെടുന്നവരാണ് 1.3% ആവേദകർ. 2.7% ആവേദകർ പ്രതികരണം രേഖപ്പെടുത്താത്തവരും 95.3% ആവേദകർ അഭിപ്രായമൊന്നുമില്ലെന്നു രേഖപ്പെടുത്തിയവരുമാണ്.

മേൽവിവരിച്ച പ്രതികരണങ്ങളിൽനിന്നും ആവേദകരുടെ ഭാഷാമനോഭാവം വ്യക്തമാവുന്നതാണ്. സ്വഭാഷ അറിഞ്ഞിരിക്കേതിന്റെ ആവശ്യകത ബോധ്യമുള്ളവരാണ് 76% ആവേദകരും. മലയാളികളുടെ സാന്നിധ്യം ഇല്ലാത്ത ഇടങ്ങളിലും അവർ കേൾക്കാൻ സാധ്യതയില്ല എന്ന് ഉറപ്പുള്ളതും ആയ മേഖലകളിലും മറ്റ് അനുകൂല സാഹചര്യങ്ങൾ ലഭിക്കുമ്പോഴും മാത്രമാണ് കുംഭാരന്മാർ യാത്രയിലും മറ്റും സ്വഭാഷ സംസാരിക്കാൻ താല്പര്യം പ്രകടിപ്പിക്കുന്നത്. ഭൂരിപക്ഷ സമൂഹത്തിനിടയിൽ വെച്ചുനടക്കുന്ന സ്വസമുദായ അംഗങ്ങളുമായുള്ള യാത്രാവസരങ്ങളിലും മറ്റും സന്ദർഭത്തിനനുസരിച്ച് മാതൃഭാഷ സംസാരിക്കാൻ താല്പര്യം പ്രകടിപ്പിക്കുന്ന മനോഭാവത്തിൽനിന്നും ഭാഷാസ്വത്വത്തെ സംരക്ഷിക്കാനുള്ള ആഗ്രഹം പുലർത്തുന്നവരാണെന്ന് ഇവരെന്ന് മനസ്സിലാക്കാം. രാഷ്ട്രീയ-സാമൂഹിക കാരണങ്ങളും ഭൂരിപക്ഷസമൂഹത്തിന്റെ ആധിപത്യമനോഭാവവും സ്വത്വബോധത്തെ പ്രകടമാക്കാൻ തടസ്സമായി നിൽക്കുന്നു. ഒന്നിനും കൊള്ളാത്തവൻ എന്ന അർത്ഥത്തിൽ 'കൊ(കു)ശവൻ' എന്ന മലയാളത്തിലെ പ്രയോഗം ഇതിനുദാഹരണമാണ്. അതുപോലെതന്നെ കേരളത്തിലെ ഉയർന്ന ജാതിസമൂഹങ്ങൾ വിവാഹം തുടങ്ങിയ ചടങ്ങുകൾക്കൊന്നും ഇവരെ ക്ഷണിക്കാറില്ലെന്ന് ചില ആവേദകർ പറ

യുകയുായി. മാതൃഭാഷ പ്രയോഗിക്കുന്നവരെ കളിയാക്കുന്ന അനുഭവം പല പ്പോഴും ഉായിട്ടുള്ളതായും ദത്തശേഖരണ അവസരത്തിൽ സൂചിപ്പിക്കുകയുായി.

ഇത്തരത്തിൽ ഭാഷ സമുദായചിഹ്നവും വ്യക്തിത്വചിഹ്നവും ആയി രേഖ പ്പെടുത്തപ്പെടുമ്പോൾ ഇതിനെ മറികടക്കാൻ ഉള്ള ശ്രമം എന്ന നിലയിലാണ് ഭാഷ യോടുള്ള പ്രതികൂല മനോഭാവം ഇവർ പുറമെ സൂക്ഷിക്കുന്നത്. എന്നാൽ അടി സ്ഥാനപരമായി ഒരു കുംഭാരനാണ് എന്ന അവസ്ഥയിൽ അഭിമാനിക്കുകയും മാതൃ ഭാഷ പ്രയോഗിക്കാൻ താല്പര്യം കാണിക്കുകയും ചെയ്യുന്നു് എന്നതിനു തെളി വായി മേല്പറഞ്ഞ പ്രതികരണങ്ങളെ സ്വീകരിക്കാവുന്നതാണ്.

44–ാം നമ്പർ ചോദ്യത്തിന് 95.3% ആവേദകർ അഭിപ്രായമൊന്നുമില്ല എന്നു രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും ഒരു കുംഭാരൻ മലയാളിയേക്കാൾ നല്ല വനാണ് എന്ന അഭിപ്രായം ഉള്ളതുകൊാണ് ഇവർ ഇത്തരത്തിൽ പ്രതികരിച്ചത് എന്നു പറയാം. നിരീക്ഷകൻ ഒരു മലയാളിയാണ് എന്നിരിക്കെ യഥാർത്ഥ അഭിപ്രാ യത്തെ മറച്ചുപിടിച്ചുകൊ് ഉദാസീനമായ ഒരു ഉത്തരത്തെ തെരഞ്ഞെടുക്കാൻ നിർബ്ബന്ധിതരാവുകയാണ് ചെയ്യുന്നത്. സാമുദായികവും ഭാഷാപരവുമായ സ്വത്വ പ്രതിസന്ധികളെ തരണം ചെയ്യാനുള്ള മാർഗ്ഗമായാണ് ഇവരുടെ ഭാഷാപുനരുദ്ധാ രണ ശ്രമങ്ങൾ നടന്നുവരുന്നത്.

മലയാളികൾക്ക് പൊതുവെ കുംഭാരന്മാരുടെ ഭാഷയോട് പ്രതികൂലമനോഭാ വമാണ് ഉള്ളത്. മലയാളികളിൽ നിന്നുാവുന്ന ഇത്തരം മനോഭാവം കാരണം കുംഭാരന്മാരാണ് എന്ന് തിരിച്ചറിയാതിരിക്കാൻ ഭാഷ മറച്ചുവെക്കാൻ ശ്രമിക്കുക യാണ് ഈ സമുദായക്കാർ ചെയ്യുന്നത്. സാമുദായികസ്വത്വം പുറമെ കാണിക്കാതി രിക്കാൻ ഇവർ ഭാഷാസ്വത്വത്തെ മറച്ചുപിടിക്കാൻ ശ്രമിക്കുന്നതായി മനസ്സിലാ

ക്കാൻ സാധിക്കും. അതുകൊുതന്നെ ഭാഷയോട് പ്രതികൂലമനോഭാവം പ്രകടിപ്പിക്കുന്നവരാണ് കൂടുതൽ കുംഭാരന്മാരും. വിദ്യാഭ്യാസം, തൊഴിൽ, പ്രായം എന്നീ സാമൂഹികചരങ്ങൾക്കനുസരിച്ച് ഭാഷാ മനോഭാവത്തിൽ പ്രകടമാവുന്ന വ്യത്യാസങ്ങളെക്കുറിച്ച് നിരീക്ഷിക്കേതു്.

5.2.1. സാമൂഹികചരങ്ങൾക്കനുസരിച്ച് ഭാഷാമനോഭാവത്തിൽ സംഭവിക്കുന്ന വ്യതിയാനങ്ങൾ

5.2.1.1. പ്രായം

മുതിർന്ന തലമുറയിൽ ഉൾപ്പെടുന്നഭാഷകർ ഇളംതലമുറയിൽ ഉൾപ്പെടുന്ന ഭാഷകരേക്കാൾ ഭാഷാപ്രയോഗത്തിൽ അനുകൂലമനോഭാവം പ്രകടിപ്പിക്കുന്നു എന്ന പരികല്പനയുടെ അടിസ്ഥാനത്തിൽ നടത്തിയ സ്ഥിതിവിവരക്കണക്കുകളുടെ വിശകലനത്തിന്റെ ഫലം താഴെ പട്ടിക 9–ൽ പറയുന്ന പ്രകാരമാണ്.

പട്ടിക – 9

	പ്രായം	ആവേദകരുടെ എണ്ണം	ശരാശരി
1.	20 വരെ	22	2.0766
2.	21 – 35	42	1.9850
3.	36 – 60	58	1.6325
4.	61നു മുകളിൽ	19	1.3985

(പ്രതികരണം രേഖപ്പെടുത്താത്തവരെ ഒഴിവാക്കിയുള്ള പട്ടിക)

നാലുവിഭാഗങ്ങളായി തിരിച്ചിരിക്കുന്ന പ്രായഗണത്തിൽ ഒന്നാമത്തെ വിഭാഗത്തിലുൾപ്പെടുന്ന 20 വരെ പ്രായമുള്ള ആവേദകർ ഭാഷയോട് പ്രതികൂല മനോഭാവം പ്രകടിപ്പിക്കുന്നതായി പട്ടികയിൽ നിന്നും മനസ്സിലാക്കാം. സ്വഭാഷയിൽ ആശയവിനിമയം നടത്താൻ താല്പര്യം കാണിക്കാത്തവരാണ് കൗമാരപ്രായ

ത്തിൽ ഉൾപ്പെടുന്ന ആവേദകർ എന്ന് സ്ഥിതിവിവരക്കണക്കുകളുടെ അപഗ്രഥന ത്തിൽനിന്നും മനസ്സിലാക്കാൻ സാധിക്കും.

21മുതൽ 35 വരെ പ്രായത്തിൽ ഉൾപ്പെടുന്ന ആവേദകർ പ്രതികൂല മനോഭാ വത്തോട് അടുത്ത മനോഭാവം പ്രകടിപ്പിക്കുന്നവരാണ്. എന്നാൽ ആദ്യ വിഭാഗ ത്തിന്റെ അത്രതന്നെ പ്രതികൂലമല്ല ഇക്കൂട്ടരുടെ മനോഭാവം. ഭൂരിപക്ഷ സമൂഹവു മായി വിദ്യാഭ്യാസം, തൊഴിൽ മുതലായ മേഖലകളിൽ കൂടുതൽ സമ്പർക്കം പ ുലർത്തി ജീവിക്കുന്ന അവസ്ഥ ഈ വിഭാഗക്കാർക്ക് ഉള്ളതിനാലാവാം ഇവർ ഭാഷ യോട് പ്രതികൂലമനോഭാവം പുലർത്തുന്നത്.

36 മുതൽ 60 വരെ പ്രായഗണത്തിൽ ഉള്ള 58 ആവേദകർ ഉദാസീനമായ (neutral) ഭാഷാമനോഭാവമാണ് പ്രകടിപ്പിക്കുന്നത്. മാതൃഭാഷയ്ക്കും സമ്പർക്കഭാ ഷയ്ക്കും തുല്യപ്രാധാന്യം നല്കുന്നവരാണ് ഇവർ എന്ന് ഇതിൽനിന്നും വ്യക്ത മാക്കാം.

60 വയസ്സിനു മുകളിലുള്ള ഏറ്റവും മുതിർന്ന തലമുറയിലെ ആവേദകർ സ്വഭാഷയോട് അനുകൂലമായ മനോഭാവം പുലർത്തുന്നതായി കണ്ടെത്താൻ സാധി ച്ചു. ഭാഷയിൽ ആശയവിനിമയം നടത്തുന്നതിലും ഭാഷ നിലനിർത്തുന്നതിലും തല്പരരാണ് ഈ വിഭാഗക്കാർ.

നാലുപ്രായഗണങ്ങളും തമ്മിൽ മനോഭാവത്തിൽ പരസ്പരം വ്യത്യസ്തത പുലർത്തുന്നുണ്ടോ എന്ന് അപഗ്രഥിച്ചതിൽനിന്നും ഒന്നും രണ്ടും പ്രായവി ഭാഗക്കാർ തമ്മിൽ ഭാഷാമനോഭാവത്തിൽ പ്രാധാന്യമുള്ള വ്യത്യാസം (significant difference) പ്രകടിപ്പിക്കുന്നില്ല എന്ന് കണ്ടെത്താൻ സാധിച്ചു. ഒന്നാം ഗണവും മൂന്നാം ഗണവും തമ്മിലും ഒന്നാം ഗണവും നാലാംഗണവും തമ്മിലും മനോഭാവത്തിൽ

പ്രാധാന്യമുള്ള വ്യത്യാസം കാണിക്കുന്നു്. അതുപോലെതന്നെ രാംവിഭാഗത്തിലുൾപ്പെടുന്ന ആവേദകർ തമ്മിലും മൂന്ന്, നാല് വകുപ്പുകളിൽ ഉൾപ്പെടുന്നവർ തമ്മിലും മനോഭാവത്തിൽ പ്രകടമായ വ്യത്യാസം കത്തൊൻ സാധിച്ചു.

പട്ടിക 10

പ്രായം	നിർണായക വ്യത്യാസം
1 2	.314
1 3	.000
1 4	.000
2 3	.000
2 4	.000
3 4	.000

5.2.1.2. ലിംഗഭേദം

ഭാഷാമനോഭാവത്തിൽ കുംഭാരസ്ത്രീകളും പുരുഷന്മാരും വ്യത്യസ്തത നിലനിർത്തുന്നുവോ എന്ന അപഗ്രഥനത്തിൽനിന്നും കിട്ടിയ വസ്തുകൾ താഴെ പട്ടികയായി കൊടുക്കുന്നു.

പട്ടിക 11

സ്ത്രീ/പുരുഷൻ	എണ്ണം	ശരാശരി
സ്ത്രീകൾ	70	1.7408
പുരുഷന്മാർ	71	1.8093

(പ്രതികരണം രേഖപ്പെടുത്താത്തവരെ ഒഴിവാക്കിയുള്ള പട്ടിക)

മേൽകാണിച്ചിരിക്കുന്ന സാംഖ്യിക പട്ടികയിൽ നിന്നും സ്ത്രീകളും പുരുഷന്മാരും ഭാഷയോട് ഉദാസീന മനോഭാവം പ്രകടിപ്പിക്കുന്നതായി കത്തൊൻ സാധിച്ചു. രു ഭാഷയ്ക്കും ഒരേ തരത്തിലുള്ള പ്രാധാന്യം നല്കുന്നവരാണ് രു വിഭാഗക്കാരും.

5.2.1.3. വിദ്യാഭ്യാസം

വിദ്യാഭ്യാസം എന്ന സാമൂഹികചരത്തെ ആസ്പദമാക്കി 5 വിഭാഗം ആവേദകരാണ് ഉള്ളത്. ഈ 5 വിഭാഗം ആവേദകരുടെ പ്രതികരണങ്ങളിൽ നിന്നും ലഭിച്ച ഭാഷാമനോഭാവം ശേഖരിക്കുന്നതിനുവേ ദത്തങ്ങളെ അപഗ്രഥനം നടത്തിയതിന്റെ വസ്തുതകൾ താഴെ പറയുംവിധമാണ്.

പട്ടിക 12

	വിദ്യാഭ്യാസം	**ആവേദകരുടെ എണ്ണം**	**ശരാശരി**
1.	നിരക്ഷരർ	40	1.5479
2.	1 – 4 വരെ	25	1.7223
3.	5 – 7	21	1.7701
4.	8 – 10	35	1.8833
5.	കോളേജ് തലം	18	2.1302

(പ്രതികരണം രേഖപ്പെടുത്താത്തവരെ ഒഴിവാക്കിയുള്ള പട്ടിക)

ഒന്നാമത്തെ വിഭാഗത്തിൽപെടുന്ന നിരക്ഷരരായ ആവേദകരിൽ 40 പേരാണ് ഉൾപ്പെടുന്നത്. ഭാഷയോട് അനകൂലമായ മനോഭാവം പ്രകടിപ്പിക്കുന്നവരാണ് വിദ്യാഭ്യാസം നേടിയിട്ടില്ലാത്ത ഈ വിഭാഗം.

രാമത്തെ വിഭാഗത്തിലുൾപ്പെടുന്ന 1–ാംതരം മുതൽ 4–ാംതരം വരെ വിദ്യാഭ്യാസം നേടിയ ആവേദകർ ഭാഷയോട് ഉദാസീന മനോഭാവം പുലർത്തുന്നതായി പട്ടികയിൽ നിന്നും വ്യക്തമാവുന്നു. 5–ാം തരം മുതൽ 7–ാംതരം വരെ വിദ്യാഭ്യാസം ഉള്ള 21 ആവേദകരും ഭാഷയോട് ഉദാസീന മനോഭാവം

നിലനിർത്തുന്നു. 8 മുതൽ 10 വരെ സ്കൂൾ വിദ്യാഭ്യാസം നേടിയ 35 ആവേദകർ പ്രതികൂല ഭാഷാമനോഭാവം പ്രകടിപ്പിക്കുന്നവരാണ്.

കേളേജ്തലം വരെ വിദ്യാഭ്യാസം നേടിയ 18 ആവേദകർ ഉ്. ഇവർ ഭാഷ യോട് തീർത്തും പ്രതികൂല മനോഭാവംവെച്ചു പുലർത്തുന്നതായിട്ടാണ് സാംഖ്യി കാപഗ്രഥനത്തിൽനിന്നും മനസ്സിലാക്കാൻ സാധിച്ചത്. സ്ഥിതിവിവരക്കണക്കുക ളുടെ അപഗ്രഥനം നടത്തിയതിൽനിന്നും ചില വിഭാഗങ്ങൾ തമ്മിൽ പ്രാധാന്യമുള്ള വ്യത്യാസം പ്രകടിപ്പിക്കുന്നതായി കത്തെി. പട്ടിക 13 നോക്കുക.

പട്ടിക 13

വിദ്യാഭ്യാസം	നിർണായക വ്യത്യാസം
1 – 3	.030
1 4	.000
1 5	.000
2 5	.001
3 5	.003
4 5	.025

ഇതിൽ ഒന്നാം വിഭാഗത്തിനും 3,4,5 വിഭാഗങ്ങൾക്കും തമ്മിൽ മനോഭാവ ത്തിൽ പ്രാധാന്യമുള്ള വ്യത്യാസം പ്രകടിപ്പിക്കുന്നതായി മനസ്സിലാക്കാം. 1,2,3,4 വിഭാഗങ്ങൾ അഞ്ചാം വിഭാഗത്തോട് പ്രാധാന്യമുള്ള വ്യത്യാസം പ്രകടിപ്പിക്കുന്നു എന്നും പട്ടികയിൽ നിന്നും വ്യക്തമാവുന്നു. നിരക്ഷരരായ ആവേദകർ തമ്മിലും കോളേജ് തലംവരെ പടിച്ച ആവേദകർ തമ്മിലും ഇടയിൽ നിൽക്കുന്ന മറ്റു വിദ്യാ ഭ്യാസ വിഭാഗങ്ങളുമായി മനോഭാവത്തിൽ വ്യത്യാസം പ്രകടിപ്പിക്കുന്നു എന്ന് ഇതിൽനിന്നും മനസ്സിലാക്കാം.

5.2.1.4. തൊഴിൽ

ആവേദകരുടെ തൊഴിൽ അടിസ്ഥാനമാക്കി ഇവരെ 4 തരത്തിൽ വിഭജിച്ചിരിക്കുന്നു. തൊഴിലിനെ ആസ്പദമാക്കി നടത്തിയ സ്ഥിതവിവരക്കണക്കുകളുടെ അപഗ്രഥന പട്ടിക താഴെ നൽകുന്നു.

പട്ടിക 14

തൊഴിൽ	ആവേദകരുടെ എണ്ണം	ശരാശരി
കുലത്തൊഴിൽ	69	1.5789
കൂലിവേല	9	2.0286
സർക്കാർ ജോലി	5	1.8171
മറ്റുള്ളവ	26	1.9462

(പ്രതികരണം രേഖപ്പെടുത്താത്തവരെ ഒഴിവാക്കിയുള്ള പട്ടിക)

കുലത്തൊഴിലായ മൺപാത്രനിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന 69 ആവേദകരാണ് ഉള്ളത്. കുലത്തൊഴിൽ ചെയ്യുന്ന ഇവർ ഭാഷയോട് അനുകൂല മനോഭാവം പ്രകടിപ്പിക്കുന്നതായി കത്തൊൻ കഴിഞ്ഞു. രാമത്തെ വിഭാഗത്തിലുൾപ്പെടുന്ന കൂലിവേല ചെയ്യുന്ന ആവേദകർ ഭാഷയോട് പ്രതികൂല മനോഭാവമാണ് പുലർത്തുന്നത്. സർക്കാർ ജോലിയിലേർപ്പെട്ടിരിക്കുന്ന 5 ആവേദകർ ഉ്. ഇവർക്ക് ഭാഷാമനോഭാവത്തിൽ പ്രതികൂലാവസ്ഥയാണ് ഉള്ളത്. സ്വകാര്യസ്ഥാനപനങ്ങളിലും മറ്റിടങ്ങളിലും തൊഴിലെടുക്കുന്ന 26 ആവേദകരു്. ഭാഷയോട് പ്രതികൂലമനോഭാവം വെച്ചുപുലർത്തുന്നവരാണ് ഇവർ എന്ന് സാംഖ്യികാപഗ്രഥനത്തിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചു.

സാംഖ്യികടെസ്റ്റ് നടത്തിയതിൽനിന്നും കുലത്തൊഴിൽ ചെയ്യുന്ന ആവേദകരും കൂലിവേല ചെയ്യുന്ന ആവേദകരും തമ്മിലും കുലത്തൊഴിൽ ചെയ്യുന്ന ആവേദകരും മറ്റുള്ള തൊഴിൽ ചെയ്യുന്ന ആവേദകരും തമ്മിലും ഭാഷാമനോഭാവത്തിൽ പ്രാധാന്യമുള്ള വ്യത്യാസം ഉണ്ടെന്ന് കണ്ടെത്താൻ സാധിച്ചു.

പട്ടിക 15

വിദ്യാഭ്യാസം	**നിർണായക വ്യത്യാസം**
1 2	.000
1 4	.000

മറ്റുതൊഴിൽ വിഭാഗങ്ങൾ തമ്മിൽ മനോഭാവത്തിൽ പരിഗണിക്കത്തക്ക വ്യത്യാസം പ്രകടമാകുന്നില്ല.

5.2.1.5. പ്രാദേശിക മേഖല

അഞ്ചു പ്രാദേശിക മേഖലകളിലായി നടത്തിയ പഠനത്തിൽ ഈ പ്രാദേശിക മേഖലകൾക്കനുസൃതമായി ഭാഷാമനോഭാവത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ പഠനവിധേയമാക്കി. അതിൽ നിന്നും ലഭ്യമായ ഫലങ്ങൾ താഴെ പട്ടിക 16-ൽ കൊടുക്കുന്നു.

പട്ടിക 16

പ്രദേശം	**ആവേദകരുടെ എണ്ണം**	**ശരാശരി**
പാലക്കാട്	19	1.9985
തൃശൂർ	38	1.7925
മലപ്പുറം	49	1.7813
കോഴിക്കോട്	22	1.5636
വയനാട്	13	1.7341

(പ്രതികരണം രേഖപ്പെടുത്താത്തവരെ ഒഴിവാക്കിയുള്ള പട്ടിക)

പാലക്കാട് പ്രദേശത്ത് അധിവസിക്കുന്ന ആവേദകർ പ്രതികൂലമനോഭാവം പ്രകടിപ്പിക്കുന്നതായി പട്ടികയിൽനിന്നും മനസ്സിലാക്കാം. മലപ്പുറം, വയനാട് ജില്ലകളിൽ അധിവസിക്കുന്ന ആവേദകർ ഭാഷയോട് ഉദാസീന മനോഭാവമാണ് പുലർത്തുന്നത്. കോഴിക്കോട് ജില്ലയിലെ ആവേദകരാണ് മാതൃഭാഷയോട് അനുകൂല മനോഭാവം പ്രകടിപ്പിക്കുന്നവർ എന്ന് അപഗ്രഥനത്തിൽ നിന്നും കണ്ടെത്താൻ സാധിച്ചു. സാംഖ്യികാപഗ്രഥനത്തിൽ നിന്നും പാലക്കാട് ജില്ലയിലെ ആവേദകരുടെയും മലപ്പുറം, കോഴിക്കോട് ജില്ലകളിൽ നിന്നുള്ള ആവേദകരുടെയും മനോഭാവത്തിൽ പ്രാധാന്യമുള്ള വ്യത്യാസം ഉള്ളതായി കണ്ടെത്തി. അതുപോലെതന്നെ തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ ആവേദകർ തമ്മിലുള്ള മനോഭാവത്തിലും പ്രാധാന്യമുള്ള വ്യത്യാസം പ്രകടിപ്പിക്കുന്നു. അതുപോലെ തന്നെ മലപ്പുറം , കോഴിക്കോട് ജില്ലകളിലെ ആവേദകർ തമ്മിലും മനോഭാവത്തിൽ വ്യത്യാസം പ്രകടിപ്പിക്കുന്നതായി സ്ഥിതിവിവരക്കണക്കുകളുടെ അപഗ്രഥനത്തിൽ നിന്നും കണ്ടെത്താൻ സാധിച്ചു.

പട്ടിക 17

പ്രാദേശിക മേഖല	**നിർണായക വ്യത്യാസം**
പാലക്കാട് – മലപ്പുറം	.048
പാലക്കാട് – കോഴിക്കോട്	.001
തൃശ്ശൂർ – കോഴിക്കോട്	.035
മലപ്പുറം – കോഴിക്കോട്	0.37

പ്രാദേശിക ഭേദം അനുസരിച്ച് ആവേദകരുടെ മനോഭാവത്തിൽ വ്യത്യാസങ്ങൾ ഉള്ളതായി മുകളിൽകൊടുത്ത പട്ടികയിൽനിന്നും മനസ്സിലാക്കാം. കോഴിക്കോട്, വയനാട് ജില്ലകളിൽ കുംഭാരന്മാരുടെ അധിവാസകാലദൈർഘ്യം 50 വർഷത്തോളമേ ആയിട്ടുള്ളൂ എന്ന് അവിടത്തെ ആവേദകരിൽനിന്നും അറിയാൻ സാധി

ച്ചു. നഗരപ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്നവർ തങ്ങളുടെ സ്വത്വത്തെ തിരിച്ചുപിടിക്കാനുള്ള ശ്രമങ്ങളാണ് ആധുനിക കാലത്ത് നടത്തിക്കൊിരിക്കുന്നത്. (ബിജുരാജ്, 2007:) എല്ലാ ചെറു സാംസ്കാരികതകളും തങ്ങളുടെ വ്യക്തിത്വങ്ങൾ കാത്തുസൂക്ഷിക്കാനായി പഴയതിലേക്കു തിരിച്ചുപോകാനുള്ള പ്രവണതയാണ് കാണിക്കുന്നത്. നാടൻ കലകളും നാട്ടുവഴക്കങ്ങളുമെല്ലാം പുനരുജ്ജീവിപ്പിക്കുന്നത് ഇത്തരമൊരു മനോഭാവം വികസിത സമൂഹം വെച്ചുപുലർത്തുന്നതുകൊാണ്. കോഴിക്കോട് പോലുള്ള നാഗരിക പശ്ചാത്തലം ഉള്ള ജില്ലകളിൽ അതുകൊാവാം ഭാഷായോടും സംസ്കാരത്തോടും വളരെ അനുകൂല മനോഭാവം ഇവിടെയുള്ള ആവേദകർ പ്രകടിപ്പിക്കുന്നത്.

ഇതിന്റെ നേർവിപരീതമാണ് പാലക്കാട് പോലുള്ള അധികം നഗരവത്ക്കരിക്കപ്പെടാത്ത പ്രദേശത്തെ അവസ്ഥ. തങ്ങളുടെ എല്ലാ തരത്തിലുള്ള വികസനത്തിനും ഇല്ലായ്മയ്ക്കും കാരണം പാരമ്പര്യങ്ങളെ കാത്തുസൂക്ഷിക്കുന്നതിനാലാണെന്നും അതിനാൽ അത്തരം ഒരവസ്ഥയെ മറികടന്നാൽ മാത്രമേ ഉയർന്ന സാംസ്കാരിക പശ്ചാത്തലം സാധ്യമാകൂ എന്നും ഉള്ള ബോധത്തിൽനിന്നും ഭാഷയോടും സംസ്കാരത്തോടും ഇവർ കാണിക്കുന്ന പ്രതികൂലമനോഭാവത്തിന്റെ കാരണം.

മലപ്പുറം, തൃശൂർ ജില്ലകളിലെ കുംഭാരന്മാർ രുഭാഷയോടും ഒരേ തരം മനോഭാവം പ്രകടിപ്പിക്കുന്നു. കൂടുതൽ ജനസംഖ്യയുള്ള കോളനികൾ കാണപ്പെടുന്നത് തൃശൂർ, മലപ്പുറം ജില്ലകളിലാണ്. മേൽപ്പറഞ്ഞ രു സാംസ്കാരികാവസ്ഥയിൽ നിന്നും വ്യത്യസ്തമായതും മിതമായതുമായ അവസ്ഥയാണ് ഈ ജില്ലകളിൽ പൊതുവെ കാണപ്പെടുന്നത്. ഇത്തരം ഒരു സാമാന്യ സ്വഭാവത്തിന്റെ സ്വാധീനം

കുംഭാരസമുദായത്തിന്റെ മനോഭാവത്തിലും പ്രകടമാകുന്നതാകാം ഇവരുടെ ഉദാസീന മനോഭാവത്തിനു കാരണം.

ആവേദകരുടെ പ്രായം, വിദ്യാഭ്യാസം, തൊഴിൽ എന്നീ സാമൂഹികചരങ്ങൾക്കനുസരിച്ച് ആണ് മനോഭാവത്തിൽ പ്രകടമായ വ്യത്യാസങ്ങൾ കാണപ്പെടുന്നത്. ലിംഗഭേദം, പ്രാദേശിക ഭേദം എന്നീ ചരങ്ങൾ മറ്റു മൂന്നു സാമൂഹിക ചരങ്ങളുടെ അത്രതന്നെ ശക്തമായ സ്വാധീനം ഭാഷാമനോഭാവത്തിൽ വരുത്തുന്നില്ല എന്ന് മനോഭാവപഠനത്തിൽ നിന്നും വ്യക്തമാവുന്നു.

കേരളത്തിലെ മറ്റു സമൂഹങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസപരമായി താഴ്ന്ന നിലവാരം പുലർത്തുന്നവരാണ് കുംഭാരന്മാർ എന്ന് നേരത്തെ പറഞ്ഞ കണക്കുകളിൽനിന്നും വ്യക്തമാവുന്നു. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവാന്മാരല്ല ഇവർ എന്ന് നിരീക്ഷണത്തിൽനിന്നും മനസ്സിലാക്കാൻ സാധിച്ചു. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയ്ക്ക് കാരണം മാതൃഭാഷയാണെന്ന് ഇവർ വിശ്വസിക്കുന്നതായി ഇവരുമായുള്ള പൊതു സംസാരത്തിൽനിന്നും മനസ്സിലാക്കാൻ സാധിച്ചു. മാതൃഭാഷ വിദ്യാഭ്യാസ പുരോഗതിക്ക് തടസ്സമായി നിൽക്കുന്നു എന്ന മനോഭാവം സംരക്ഷിക്കുന്നവരാണ് വിദ്യാഭ്യാസം കൂടുതൽ ലഭിച്ച തലമുറയിലെ വ്യക്തികൾ. ഉയർന്ന വിദ്യാഭ്യാസം ഉള്ള വ്യക്തികൾ ഭാഷയോട് പ്രതികൂല മനോഭാവം പ്രകടിപ്പിക്കുന്നതിന് കാരണം ഇതാണ്. വിദ്യാഭ്യാസത്തിന്റെ നിരക്ക് കൂടുന്തോറും മാതൃഭാഷാമനോഭാവം പ്രതികൂലമാവുകയും നിരക്ക് കുറയുന്തോറും ഭാഷയോട് അനുകൂല മനോഭാവം നിലനിർത്തുകയും ചെയ്യുന്നതായി മനസ്സിലാക്കാം. വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയരുന്നതോടെ സാമുദായിക സ്വത്വത്തെ മറച്ചുപിടിക്കാൻ ആഗ്രഹിക്കുന്നതിനാലും ഇവർ ഭാഷയോട് പ്രതികൂലമായ മനോഭവ പ്രകടനം നടത്തുന്നു.

സ്ത്രീകളും പുരുഷന്മാരും തമ്മിൽ ഭാഷാമനോഭാവത്തിൽ വ്യത്യാസം പ്രകടിപ്പിക്കുന്നില്ല. ഇവർക്ക് ഭാഷയോട് ഒരേ തരത്തിലുള്ള മനോഭാവമാണ് ഉള്ള തെന്ന് അപഗ്രഥനത്തിൽ നിന്നും മനസ്സിലായി.

തൊഴിൽ മേഖലയ്ക്കനുസരിച്ച് മനോഭാവത്തിലുാകുന്ന ഏറ്റക്കുറച്ചിലുകൾ പരിഗണനാർഹമാണ്. കുംഭാരന്മാരെ സംബന്ധിച്ചിടത്തോളം വളരെ മെച്ചപ്പെട്ട സാമ്പത്തിക നിലവാരം ലഭിക്കുന്ന തൊഴിൽ എടുക്കുന്നവരും ജീവിതസാഹചര്യം ഉള്ളവരും എണ്ണത്തിൽ കുറവാണ്. അതിനാൽ ഭാഷയോടും സ്വസമുദായത്തോടും വിവിധതരം മനോഭാവങ്ങളാണ് ഇവർ സൂക്ഷിക്കുന്നത്. കുലത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആവേദകർ സ്വഭാഷ പ്രയോഗിക്കുന്നതിനോട് അനുകൂലമായ പ്രതികരണം നിലനിർത്തുന്നു. കൂലിവേല ചെയ്യുന്നവർ മറ്റു സമൂഹങ്ങളുമായി ഇടപഴകി പ്രവർത്തിക്കുന്നതിനാൽ അവർക്ക് ഭാഷ സംരക്ഷിക്കുന്നതിനോടോ ആശയവിനിമയം നടത്തുന്നതിനോടോ കുറഞ്ഞ താല്പര്യം പ്രകടിപ്പിക്കുന്നതാ യാണ് കാണപ്പെടുന്നത്. സർക്കാർ ജോലിയുള്ളവരിൽ വീട്ടിൽ ഭാഷ നിലനിർത്താൻ ആഗ്രഹിക്കുന്നവരും ആഗ്രഹിക്കാത്തവരും ഉൾപ്പെടുന്നു. മലയാളി കളിൽ നിന്നും സ്വത്വം മറച്ചുപിടിക്കാൻ ആഗ്രഹിക്കുന്നതിനാൽ ഇവർ ഭാഷ സംസാരിക്കാൻ താല്പര്യപ്പെടുന്നില്ല.

കുംഭാരന്മാരുടെ ഭാഷാ പരിരക്ഷണ/മാറ്റ, മനോഭാവ പഠനങ്ങൾ നടത്തിയ തിൽ നിന്നും ഭാഷകരുടെ പ്രായം എന്ന സാമൂഹികചരത്തിനനുസരിച്ച് ഇവ യിൽ നിർണ്ണായകമായ വ്യത്യാസങ്ങൾ ഉന്നെ് കത്തൊൻ കഴിഞ്ഞു. പ്രായം കൂടിവ രുംതോറും ഭാഷാപരിരക്ഷണതോത് കൂടുതലും കുറഞ്ഞ പ്രായവിഭാഗത്തിലേക്കെ ത്തുമ്പോഴേക്കും ഭാഷാമാറ്റതോത് കൂടുതലായും കാണപ്പെടുന്നു. അതുപോലെ

തന്നെ മനോഭാവത്തിലും പ്രകടമായ വ്യത്യാസങ്ങൾ ദൃശ്യമാണ്. ഇതിനെ കൂടുതൽ പഠിക്കുന്നതിനുവേി പ്രായഭേദവും മറ്റു സാമൂഹികചരങ്ങളും തമ്മിൽ ക്രോസ് ടാബുലേഷൻ നടത്തുകയുായി. ക്രോസ് ടാബുലേഷന്റെ പട്ടികകൾ താഴെ നല്കുന്നു.

20 വയസ്സുവരെ പ്രായമുള്ളവർ, 36–60 വരെ പ്രായഗണത്തിൽപെടുന്നവർ, 60 നു മുകളിൽ പ്രായമുള്ളവർ എന്നിവരുടെ ഭാഷാപരിരക്ഷണ/മാറ്റ തോതിനെയാണ് ക്രോസ് ടാബുലേഷൻ നടത്തിയത്. ഈ പ്രായവിഭാഗങ്ങൾ തമ്മിൽ നിർണ്ണായകമായ വ്യത്യാസങ്ങൾ കാണിക്കുന്നു എന്ന് ആദ്യത്തെ അപഗ്രഥനത്തിൽ നിന്നും വ്യക്തമായതുകൊാണ് ഇവയെ മാത്രം ക്രോസ്ടാബുലേഷനു വിധേയമാക്കിയത്.

20വയസ്സിൽ താഴെ പ്രായമുള്ളവരുടെ ഭാഷാപരിരക്ഷണ/മാറ്റ ക്രോസ് ടാബുലേഷൻ

പട്ടിക 18

	തൊഴിലില്ലാത്തവർ			കുലത്തൊഴിൽ		കൂലി വേല	ജോലിസർക്കാർ		മറ്റുള്ളവ		
	5–7തരം	8–10	കോളേജ്	8–10	കോളേജ്	8–10	8–10	കോളേജ്	1–4	8–10	കോളേജ്

	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു			സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു
ഭാഷാപരിജ്ഞാനം	–	–	–	33.3		50											75	25	100	
മാറ്റം	50%					50		100		100					100					

ക്രോസ് ടാബുലേഷൻ 60 വയസ്സിനുമുകളിൽ പ്രായമുള്ളവർ

പട്ടിക 19

	പാലക്കാട്		തൃശൂർ		മലപ്പുറം							കോഴിക്കോട്					
	തൊഴിലില്ലാത്തവർ		തൊഴിലില്ലാത്തവർ		കുലത്തൊഴിൽ				സർക്കാർ ജോലി			കുലത്തൊഴിൽ		കൂലിവേല		മറ്റുള്ളവ	
	നിരക്ഷരർ		നിരക്ഷരർ		നിരക്ഷരർ		5–7ാംതരം		8–10			നിരക്ഷരർ		1–4		നിരക്ഷരർ	
	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു		സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു
ഭാഷാപരിരക്ഷണം%	66..7		100		100	100		50		100			75		100		പ്രതികരണമില്ല
മാറ്റം %	33.3							50					25				

36–60 പ്രായഗണത്തിലുള്ളവരുടെ ക്രോസ് ടാബുലേഷൻ

പട്ടിക 20

	തൊഴിൽ രഹിതർ				കുലത്തൊഴിൽ										കൂലിവേല				സർക്കാർ ജോലി		മറ്റുള്ളവ							
	നിരക്ഷരർ		1–4തരം		നിരക്ഷരർ		1–4തരം		5–7		8–10		കോളേജ്		1–4തരം		5–7		കോളേജ്		നിരക്ഷരർ		1–4തരം		8–10		കോളേജ്	
	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു
ഭാഷാപരിരക്ഷണം%	100		100		71.4	85.7	100	87.5		100		100								100	100		100		50			50
മാറ്റം %					21.4	14.3		12.5						100		100		100							50			50

കുലത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആവേദകർ ഭാഷ പരിരക്ഷിക്കാനാണ് കൂടുതൽ താല്പര്യപ്പെടുന്നത് എന്ന് സാമാന്യേന പറയാമെങ്കിലും കുലത്തൊഴിൽ ചെയ്യുന്ന 8-ാം തരം മുതൽ കോളേജ് തലം വരെ വിദ്യാഭ്യാസമുള്ള ഇളംതലമുറയിൽ ഭാഷ മാറ്റമാണ് കാണുന്നത് എന്ന് ക്രോസ് ടാബുലേഷനിൽ നിന്നും വ്യക്തമായി പട്ടിക (18) നോക്കുക. അതുപോലെതന്നെ മറ്റുള്ള തൊഴിൽ എടുക്കുന്ന 8-ാം തരം മുതൽ കോളേജ് തലം വരെ വിദ്യാഭ്യാസമുള്ളവരിൽ ഭാഷാപരിരക്ഷണതോത് കൂടുതലുള്ളതായും കത്തൊൻ സാധിക്കും. 36-60 വരെയുള്ള പ്രായഗണത്തിൽപെടുന്നവരിൽ കൂലിവേല ചെയ്യുന്ന ആവേദകരിലാണ് ഭാഷാമാറ്റതോത് കൂടുതലായി കാണുന്നത്. മറ്റു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ ആവേദകരും ഭാഷപരിരക്ഷിക്കാൻ താല്പര്യം പ്രകടിപ്പിക്കുന്നവരാണ് എന്ന് പട്ടിക 3-ൽ നിന്നും വ്യക്തമാവുന്നു. 20 വയസ്സുവരെ പ്രായമുള്ള ഇളം തലമുറയിൽ തൊഴിലില്ലാത്തവരിലും കുലത്തൊഴിൽ ചെയ്യുന്നവരിലും കൂലിവേല ചെയ്യുന്നവരിലും ഭാഷാമാറ്റ പ്രവണതയാണുള്ളതെന്ന് കാണിക്കുന്നു. ഇതിൽ നിന്നും വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയരുന്നതിനനുസരിച്ച് ഭാഷാമാറ്റപ്രവണത വർദ്ധിക്കുന്നുങ്കെിലും തൊഴിൽ എന്ന സാമൂഹിക ചരത്തിന്റെ വ്യതിയാനമനുസരിച്ച് ഭാഷാ പരിരക്ഷണ/മാറ്റത്തിൽ നിർണ്ണായക വ്യത്യാസം ഇല്ല എന്നു കാണാൻ സാധിക്കും.

ഇത്തരത്തിൽ ഭാഷയുടെ വിവിധ പ്രയോഗമേഖലകളിൽ പ്രായഭേദമനുസരിച്ചും വിദ്യാഭ്യാസ നിലവാരമനുസരിച്ചും തൊഴിൽ വ്യതിയാനമനുസരിച്ചും കുംഭാരന്മാരുടെ ഭാഷാപ്രയോഗ മനോഭാവത്തിൽ അനുകൂലവും പ്രതികൂലവുമായ മനോഭാവങ്ങൾ അവർ പ്രകടിപ്പിക്കുന്നതായി കാണുന്നു.

കുംഭാരന്മാരുടെ ഭാഷാ പരിരക്ഷണ/മാറ്റത്തിന്റെ സ്ഥിതിവിവരക്കണക്കുകളുടെ അപഗ്രഥനം നടത്തിയതിൽ നിന്നും കത്തെിയ വസ്തുതകൾ മേല്പറഞ്ഞവ

യാണ്. ഭാഷാപരിരക്ഷണ/മാറ്റ അവസ്ഥയിലേക്ക് ഒരു സമൂഹം എത്തിച്ചേരുന്നത് ഭൂരിപക്ഷ സമൂഹത്തിന്റെ സമ്മർദ്ദം മൂലമോ മറ്റു സാമൂഹിക സാംസ്കാരിക – രാഷ്ട്രീയ കാരണങ്ങൾ കൊാേ ആണ്. ദ്വിഭാഷക സമൂഹത്തിലെ ഏറ്റവും പ്രധാന പ്പെട്ട രു ഘടകങ്ങളാണ് ഭാഷാപ്രയോഗ മേഖലകളും ആ പ്രയോഗങ്ങളിൽ വ്യക്തി ക്കുാകുന്ന ഭാഷാശേഷിയും. ഭാഷയുടെ എല്ലാ പ്രയോഗമേഖലകളിലും ഭാഷാശേഷി ഉപയോഗിക്കാൻ ന്യൂനപക്ഷ ഭാഷക സമൂഹങ്ങൾക്ക് സാധ്യമല്ല. വായന, എഴുത്ത് എന്നീ രു ശേഷികൾ മാതൃഭാഷയിൽ നേടാൻ സാധിക്കാത്ത അവസ്ഥയാണ് ഭൂരിപക്ഷത്തിനിടയിൽ നിലനിൽക്കുന്ന മിക്കവാറും ന്യൂനപക്ഷ ങ്ങൾക്ക് ഉാവുക. ഈ ഭാഷാശേഷികൾ നേടിയെടുക്കാൻ വേ അനുകൂല സാഹ ചര്യം ന്യൂനപക്ഷസമൂഹങ്ങൾക്ക് ലഭിക്കാതെ വരുന്നതിന്റെ ഫലമായി സാവധാനം ആ പ്രയോഗമേഖലകൾ ഭൂരിപക്ഷഭാഷയുടെ പ്രയോഗമേഖലകൾ ആയി മാറ്റപ്പെടു ന്നു. കാലക്രമേണ മാതൃഭാഷയുടെ പ്രയോഗമേഖലകൾ ചുരുങ്ങി കുടുംബം എന്ന പ്രയോഗമേഖലയ്ക്കകത്തു ആശയവിനിമയം നടത്തുന്ന തരത്തിൽ സങ്കുചി തമായ മാതൃഭാഷാപ്രയോഗ സാഹചര്യം മാത്രം നിലനിൽക്കുന്നു.

കുംഭാരന്മാരെ സംബന്ധിച്ചിടത്തോളം എഴുത്ത്, വായന എന്നീ രു ഭാഷാനൈപുണികൾ ഭൂരിപക്ഷഭാഷയായ മലയാളത്തിന്റെ പ്രയോഗതലം ആയി മാറിയിരിക്കുന്നു. കുടുംബത്തിനകത്ത് പരസ്പരം നടത്തുന്ന ആശയവിനിമയ ത്തിലും സ്വസമുദായത്തിലെ സുഹൃത്തുക്കൾക്കിടയിലും സമുദായത്തിന കത്തു നടക്കുന്ന സാംസ്കാരിക ആഘോഷസമയങ്ങളിലും മാത്രമായി മാതൃഭാ ഷാപ്രയോഗശേഷി സംരക്ഷിക്കപ്പെടുന്നതായി കാണാൻ സാധിക്കും. ഭൂരിപക്ഷ സമൂഹവുമായി ഇടപെടുന്ന മറ്റെല്ലാ അവസരത്തിലും ഭാഷാമാറ്റ സാഹചര്യമാണ് ഇവർക്കിടയിൽ സൃഷ്ടിക്കപ്പെടുന്നത്. സാമുഹികവും സാംസ്കാരികവും സാമ്പ

ത്തികവുമായി ഒറ്റപ്പെട്ട പിന്നോക്കവിഭാഗമായി നിലനിൽക്കുന്നതുകൊാവാം സാമുദായികമായ ഒരു സ്ഥാനം സുസ്ഥിരമാക്കാൻ ഇവർക്കു സാധിക്കാത്തത്.

ഭാഷയുടെ അടിസ്ഥാന ഏകകം ഭാഷകരാണ്. ഭാഷകരുടെ സാമൂഹിക വൈയക്തിക ചുറ്റുപാടുകൾ ഭാഷാപ്രയോഗത്തെയും അവരുടെ മനോഭാവത്തെയും സ്വാധീനിക്കുന്നു. ഇത് ഭാഷയുടെ ഭാവിയെ നിയന്ത്രിക്കുകയും നിശ്ചയിക്കുകയും ചെയ്യുന്നു. ഭാഷയുടെ പരിരക്ഷണ/മാറ്റങ്ങൾ ഒരുപരിധിവരെ തീരുമാനിക്കുന്നത് അതിലുൾപ്പെടുന്ന ഭാഷകരും അവരുടെ മനോഭാവവുമാണ്. മാതൃഭാഷയിൽ ആശയവിനിമയം നടത്താൻ താല്പര്യപ്പെടുകയും അങ്ങനെ സംസാരിക്കുന്നത് അഭിമാനചിഹ്നമായി കണക്കാക്കുകയും ചെയ്യുന്ന അവസ്ഥയിലേ പ്രത്യേകിച്ച് ന്യൂനപക്ഷ ഭാഷകൾ പ്രോത്സാഹിപ്പിക്കപ്പെടുകയുള്ളൂ.

. ഒരു കുടിയേറ്റ ജനത എന്ന നിലയ്ക്ക് ഭൂരിപക്ഷത്തിന്റെ ആധിപത്യശ്രമങ്ങളെ ബോധപൂർവ്വമോ അബോധപൂർവ്വമോ ആയി പ്രതിരോധിക്കാൻ ഭാഷാസാംസ്കാരിക സ്വത്വസവിശേഷതകൾ നിലനിർത്തേത് അത്യാവശ്യമാണ് എന്ന മനോഭാവം ഇവർക്കിടയിൽ വളർന്നുവരുന്നു്. നൂറ്റാുകൾക്കു മുമ്പ് കേരളത്തിലെത്തിയ ഈ ജനവിഭാഗം സാംസ്കാരിക ആഘോഷങ്ങളും വൈവാഹിക ചടങ്ങുകളും മറ്റും തനിമയോടെ തുടർന്നു പോരാൻ ഇന്നും ശ്രമിക്കുന്നത് സ്വത്വ സംരക്ഷണത്തിന്റെ ഭാഗം എന്ന നിലയിലാണ്. ഭാഷയോടും സംസ്കാരത്തോടുമുള്ള അനുകൂലമായ മനോഭാവം വെച്ചു പുലർത്തുന്നവർ മുതിർന്ന തലമുറയിലെ ആളുകളാണെന്ന് മനോഭാവ പഠനത്തിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചു.

ഭൂരിപക്ഷ മലയാളി സമൂഹം ന്യൂനപക്ഷ ഭാഷകളോട് പ്രകടിപ്പിക്കുന്ന അവഗണനാ മനോഭാവം മൂലം മാതൃഭാഷ പ്രയോഗ മേഖലകൾ കുറയ്ക്കാനും ഭാഷ സംസാരിക്കുന്നതിൽ നിന്ന് വ്യക്തികളെ വിമുഖരാക്കാനുമാണ് സഹായിക്കു

ന്നത്. ഭാഷാമനോഭാവത്തിന്റെ പരോക്ഷഫലങ്ങളാണ് ഭാഷാപരിരക്ഷണവും ഭാഷാമാറ്റവും. ഇന്ന ഭാഷ ഇന്ന സന്ദർഭത്തിൽ പ്രയോഗിക്കണം എന്ന രീതിയിലുള്ള ഭാഷാതെരഞ്ഞെടുപ്പ് മനോഭാവത്തെകൂടി ആശ്രയിച്ചിരിക്കും. ഒരു പ്രത്യേകഭാഷ സംസാരിക്കണോ വേയോ എന്നു തീരുമാനിക്കുന്നത് അതിലുൾപ്പെടുന്ന ഭാഷകരാണ് ആശയവിനിമയമെന്ന കേവല ലക്ഷ്യത്തിനു പുറമെ സാമുദായിക സ്വത്വത്തെ സംരക്ഷിക്കാനുള്ള ബാധ്യത കൂടി വിപുലമായ അർത്ഥത്തിൽ ദ്വിഭാഷക സമൂഹത്തിലെ ഭാഷയ്ക്കു്.

സാമൂഹിക പദവി, സാമ്പത്തിക പദവി എന്നീ ഭാഷാമനോഭാവത്തെ ബാധിക്കുന്ന ഘടകങ്ങളുടെ കാര്യത്തിലും കുംഭാരന്മാർ താഴ്ന്ന സ്ഥാനത്തു കണക്കാക്കപ്പെടുന്നവരാണ്. സാമൂഹിക ചരങ്ങൾക്കനുസരിച്ച് ഭാഷാമനോഭാവത്തിൽ സംഭവിക്കുന്ന വ്യതിയാനങ്ങൾ ശ്രദ്ധേയമാണ്. ഇളംതലമുറയിലെ ആവേദകർ ഭാഷയോട് പുലർത്തുന്ന മനോഭാവത്തോട് തികച്ചും വ്യത്യസ്തമായ മനോഭാവമാണ് മുതിർന്ന തലമുറയിലെ വ്യക്തികൾ പുലർത്തുന്നത്. ലിംഗഭേദം ഒഴികെയുള്ള മറ്റ് നാലു സാമൂഹികചരങ്ങൾക്കനുസരിച്ച് ഭാഷാമനോഭാവത്തിൽ സംഭവിക്കുന്ന വ്യതിയാനങ്ങൾ അപഗ്രഥനത്തിൽ നിന്നും വ്യക്തമാവുന്നു. 20 വയസ്സുവരെ പ്രായമുള്ളവരിലും 8 മുതൽ കോളേജ് തലംവരെ വിദ്യാഭ്യാസം ലഭിച്ചവരും കൂലിവേല ചെയ്യുന്നവരുമായ വ്യക്തികളിലാണ് ഭാഷാമനോഭാവത്തിന്റെ പ്രതികൂലാംശം കൂടുതലായി കാണപ്പെടുന്നത്. കുംഭാരന്മാർക്ക് ഭാഷയോടുള്ള മനോഭാവത്തെ ഇപ്രകാരം വിശദമാക്കാം.

മനോഭാവം } ഭൂരിപക്ഷത്തിന്റെ മനോഭാവത്തോട് താരതമ്യപ്പെടുത്തി രൂപപ്പെടുത്തിയത് } വൈയക്തികമായ അഭിപ്രായ പ്രകടന ത്തിൽനിന്നും രൂപപ്പെടുന്നത്

ഭൂരിപക്ഷ സമൂഹം കുംഭാരന്മാർക്ക് നേരെ പ്രകടിപ്പിക്കുന്ന മനോഭാവവുമായി ഇവരുടെ ഭാഷാമനോഭാവത്തെ ബന്ധിപ്പിക്കേതു്. ഭൂരിപക്ഷ മലയാളി സമൂഹം ഈ സമുദായത്തിനോടും ഭാഷയോടും പ്രദർശിപ്പിക്കുന്ന അവഗണനാത്മക സമീപനം ഇവർക്ക് ഭാഷയോട് വൈമുഖ്യം സൃഷ്ടിക്കാനാണ് സഹായിക്കുന്നത്.

ദ്വിഭാഷക സമൂഹങ്ങൾ നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നം ഭാഷാപ്രയോഗത്തെ സംബന്ധിച്ചുള്ളതാണ്. ഭാഷയുടെ എല്ലാ പ്രയോഗതലങ്ങളിലും നിയന്ത്രണം ഉള്ളവരായിരിക്കില്ല ന്യൂനപക്ഷ ഭാഷകർ. ഭൂരിപക്ഷ ഭാഷാ സമ്മർദ്ദംമൂലം ഭാഷാപ്രയോഗത്തിന്റെ മുഖ്യധാരാമേഖലകളിലെല്ലാം മാതൃഭാഷയ്ക്കു പകരം സമ്പർക്കഭാഷാ വിനിമയമാണ് സാമാന്യമായി കാണപ്പെടുന്നത്. കുംഭാരന്മാരുടെ കാര്യത്തിലും ഇത്തരം സവിശേഷതകൾ കാണപ്പെടുന്നതായി അപഗ്രഥനത്തിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചു. ഭാഷയുടെ അറിവ്, പ്രയോഗം എന്നീ അടിസ്ഥാന ശേഷികളിൽ അറിവ് എന്ന ശേഷി– അതായത് വമൊഴി അറിവ് – മാത്രമേ ഇവരുടെ ഭാഷയിൽ നിലനിൽക്കുന്നുള്ളൂ. ഭാഷാ പ്രയോഗത്തിന്റെ എഴുത്ത്, വായന എന്നീ രു ഭാഷാ ഘടകങ്ങളും ഇവർക്ക് നഷ്ടമായിരിക്കുന്നു.

പത്രമാധ്യമങ്ങൾ, ദൃശ്യ–ശ്രാവ്യ മാധ്യമങ്ങൾ എന്നീ രംഗങ്ങളിൽ ഭൂരിപക്ഷ ഭാഷയുടെ ഉപയോഗമാണ് കൂടുതലായി നടക്കുന്നത്. ലിപിയുടെ അറിവില്ലായ്മയാണ് ഇതിന്റെ പ്രധാന കാരണം. ഭാഷാപ്രയോഗ തലത്തിൽ അടിസ്ഥാന ഇടങ്ങളിൽ മാത്രമേ ഇവർ ഭാഷാപ്രയോഗശേഷി പ്രകടിപ്പിക്കുന്നുള്ളൂ എന്ന് ദത്താപഗ്രഥനത്തിൽ നിന്നും കത്തൊൻ സാധിച്ചു.

കുംഭാരന്മാരുടെ ഭാഷാപരിരക്ഷണ/മാറ്റ അവസ്ഥകളുടെ വിശകലനത്തിൽ നിന്നും ഈ സമൂഹം ഭാഷപരിരക്ഷിക്കുന്നതായി കത്തൊൻ കഴിഞ്ഞു.

ഭാഷാപ്രയോഗത്തിന്റെ അടിസ്ഥാന മേഖലകളായ കുടുംബം, ഉറ്റസുഹൃത്തുക്കൾ, സമുദായത്തിലെ മുതിർന്ന വ്യക്തികൾ, സാമുദായിക ആഘോഷങ്ങൾ, ചടങ്ങുകൾ എന്നിവയിലാണ് ഭാഷാപരിരക്ഷണം കൂടുതലായി നടക്കുന്നത്. ഭൂരിപക്ഷസമൂഹവുമായി സമ്പർക്ക് സാധ്യതയുള്ള മേഖലകളിൽ മാതൃഭാഷയിൽ ആശയവിനിമയം നടത്താൻ കുംഭാരന്മാർ പൊതുവെ മടികാണിക്കുന്നു.

ഭാഷയോടു വ്യക്തി/സമൂഹം പ്രകടമാക്കുന്ന മനോഭാവത്തിന്റെയും ഭാഷ പ്രയോഗിക്കാൻ വ്യക്തി/സമൂഹത്തിന് ഉള്ള കഴിവിന്റെയും പരിണിത ഫലങ്ങളാണ് ഭാഷാപരിരക്ഷണ/മാറ്റങ്ങൾ. മറ്റ് ന്യൂനപക്ഷസമുദായങ്ങളെപ്പോലെ തന്നെ കുംഭാരന്മാരെ സംബന്ധിച്ചിടത്തോളം ഭാഷ പ്രയോഗിക്കാൻ ലഭിക്കുന്ന അവസരങ്ങൾ വിരളമാണ്. ഈ വിരളമായ അവസരത്തെ വേ രീതിയിൽ ഉപയോഗിച്ച് ഭാഷ പ്രയോഗിക്കാൻ താല്പര്യപ്പെടുന്നവർ ഇളംതലമുറയെ അപേക്ഷിച്ച് മുതിർന്ന തലമുറയിൽ ഉൾപ്പെടുന്ന വ്യക്തികളാണെന്ന് പഠനത്തിൽനിന്നും മനസ്സിലാക്കാൻ സാധിച്ചു.

പ്രായഭേദം എന്ന സാമൂഹികചരത്തിനനുസരിച്ച് കുംഭാരന്മാരുടെ ഭാഷാമനോഭാവത്തിലും ഭാഷാപരിരക്ഷണ തലത്തിലും വ്യതിയാനങ്ങൾ സംഭവിക്കുന്നു എന്ന് ദത്താപഗ്രഥനത്തിൽ നിന്നും കത്തൊൻ സാധിച്ചു. മറ്റു സാമൂഹികചരങ്ങളൊന്നും ഇവരുടെ ഭാഷാപരിരക്ഷണ മനോഭാവങ്ങളിൽ ഒരുപോലെ വ്യത്യാസങ്ങൾ പ്രകടിപ്പിക്കാത്തവയാണ്. ഇളം തലമുറയിൽനിന്നും മുതിർന്ന തലമുറയിലേക്കെത്തും തോറും ഭാഷാമനോഭാവത്തിൽ അനുകൂലാംശം കടന്നുവരുന്നതായും ഭാഷാപരിരക്ഷണ തോതിൽ വർദ്ധനവ് സംഭവിക്കുന്നതായും കാണാം. ന്യൂനപക്ഷ സമൂഹങ്ങൾ പ്രകടമാക്കുന്ന ഒരു പ്രധാന സ്വഭാവമാണിത്. ഇതിനെ സർപ്പിള ദ്വിഭാ

ഷാത്വം (Spiral Bilingualism) എന്ന സിദ്ധാന്തവുമായി ബന്ധപ്പെടുത്തി ചർച്ച ചെയ്യാവുന്നതാണ് (Arokianathan, 1995:1116)

ഒരു വ്യക്തിയുടെ ഭാഷാപരിരക്ഷണ മനോഭാവത്തിൽ തലമുറകൾ കഴിയുന്തോറും കൃത്യമായ വ്യത്യാസങ്ങൾ പ്രകടമാകുന്നു എന്ന് സർപ്പിള ദ്വിഭാഷാത്വ സിദ്ധാന്തത്തെ ലളിതമായി പറയാം. ഇന്ത്യൻ ന്യൂനപക്ഷ ദ്വിഭാഷാ സാഹചര്യത്തിൽ മാതൃഭാഷാമാറ്റത്തിന് സർപ്പിളമായ (പിരിയായ – spiral) ആകൃതി കാണാൻ സാധിക്കുമെന്ന് തഞ്ചാവൂരിലെ തമിഴ്–മറാഠി ദ്വിഭാഷികർക്കിടയിൽ നടത്തിയ പഠനത്തിലൂടെ അദ്ദേഹം തെളിയിക്കുന്നു. ഇതിന് മാതൃക എന്ന നിലയിൽ ഹംഗറി–ഓസ്ട്രിയ അതിർത്തി പ്രദേശത്തിൽ സ്ഥിതിചെയ്യുന്ന ഓബർവാർട്ട് (Oberwart) വില്ലേജിലെ ദ്വിഭാഷാത്വത്തെക്കുറിച്ചുളള സൂസൻ ഗാലിന്റെ പഠനത്തെയും ന്യൂമെക്സിക്കോയിലെ 'തിവ' (Tiwa) ബഹുഭാഷകർക്കിടയിൽ റാൽഫ് ഫാസോൾഡ് നടത്തിയ പഠനത്തെയും സ്വീകരിച്ചിരിക്കുന്നു.

ഭാഷാപ്രയോഗതലങ്ങളുടെ എണ്ണത്തിൽ ഒരു വ്യക്തിയുടെ ജീവിതകാലയളവിൽ ആരംഭത്തിൽ ഒരു ന്യൂനത്വം സംഭവിക്കുകയും പിന്നീട് സാവധാനത്തിൽ പടിപടിയായി ഔന്നത്യം സംഭവിക്കുകയും ചെയ്യുന്നു. തലമുറകൾ കഴിയുന്തോറും മാതൃഭാഷാ പ്രയോഗ മേഖലകളിൽ അനുക്രമമായ വ്യതിയാനം സംഭവിക്കുന്നതായി ഇന്ത്യൻ ദ്വിഭാഷാസമുഹങ്ങളുടെ പ്രത്യേകതയായി കത്തെുന്നു.

വ്യത്യസ്ത പ്രായവിഭാഗത്തിൽപ്പെട്ടവരെ മുതിർന്നതലമുറ, പ്രായപൂർത്തിയായവർ, ഇളംതലമുറ എന്നിങ്ങനെ വിഭജിച്ച് താരതമ്യപഠനത്തിന് വിധേയമാക്കുമ്പോൾ ദ്വിഭാഷകന്റെ ഭാഷാ ശേഷിയും ഭാഷാപ്രയോഗതലങ്ങളുടെ എണ്ണവും കുറവായിരിക്കും എന്നും സ്ഥാപിക്കുന്നു. ഭാഷ സംരക്ഷിക്കുന്നതിനുള്ള താല്പര്യവും ഇളംതലമുറയിലേക്കെത്തുന്തോറും കുറഞ്ഞുവരുന്നു. ഓരോ വ്യക്തിയിലും

ഭാഷാപരിരക്ഷണത്തിലും ഭാഷാപ്രയോഗശേഷിയിലും കൃത്യമായ താഴ്ചയും ഒരു പരിധിക്കുശേഷം കൃത്യമായ ഉയർച്ചയും സംഭവിക്കുന്നതായി കാണാം. സാമുദായിക സ്വത്വത്തിന്റെ പ്രതിനിധീകരണമായി ഭാഷ മാറുകയും പ്രായം കൂടുന്തോറും എല്ലാ സാധ്യമായ അവസരങ്ങളിലും ഭാഷ പ്രയോഗിക്കപ്പെടുകയും ഭാഷയോട് അനുകൂല മനോഭാവം സംരക്ഷിക്കുകയും ചെയ്യുന്നു. ഇപ്രകാരം മുതിർന്ന തലമുറ ഭാഷയുടെ പരിരക്ഷണത്തിനായി പ്രവർത്തന സന്നദ്ധരാകുന്നു.

ദ്വിഭാഷക സമൂഹത്തിലെ വ്യക്തിയിൽ സംഭവിക്കുന്ന സർപ്പിള ദ്വിഭാഷാത്വത്തെ എസ്. ആരോക്യനാഥൻ ഇപ്രകാരം വിലയിരുത്തുന്നു.

> ദ്വിഭാഷാസമൂഹത്തിൽ ജീവിക്കുന്ന ഒരു കുട്ടി ഭാഷാർജ്ജനത്തിന്റെ ആദ്യഘട്ടത്തിൽ മാതൃഭാഷ കൂടുതലായി നേടിയെടുക്കുകയും കൂടുതൽ ഭാഷാപ്രയോഗതലങ്ങളിൽ അത് പ്രയോഗിക്കുകയും ചെയ്യുന്നു. വളർച്ചയുടെ ആദ്യഘട്ടത്തിൽ ഭൂരിപക്ഷ സമൂഹത്തിലെ കുട്ടികളുമായി കളിയിലേർപ്പെടുന്നതുമൂലവും വിദ്യാലയങ്ങളിൽനിന്ന് സമ്പർക്ക ഭാഷയുടെ എല്ലാതരം ശേഷികളും നേടിയെടുക്കുന്നതുമൂലവും മാതൃഭാഷയും സമ്പർക്കഭാഷയും മിശ്രണം ചെയ്ത് പ്രയോഗിക്കാൻ ആരംഭിക്കുന്നു. ഭൂരിപക്ഷ ഭാഷയുമായുള്ള കൂടുതൽ സമ്പർക്കംമൂലം, കുട്ടിയിൽ ഈ ഭാഷയുടെ അംശങ്ങൾ കൂടിക്കൂടി വരുന്നു. മാതൃഭാഷയുടെ ഉപയോഗം കുടുംബം എന്ന തലത്തിലെ മുതിർന്നവരോടുമാത്രമായി ചുരുങ്ങുന്നു. ന്യൂനപക്ഷ സമൂഹത്തിലുൾപ്പെടുന്ന വ്യക്തി ഭാഷാപരമായ അറിവ് ആർജ്ജിക്കുന്നത് വിവാഹശേഷമായിരിക്കും. ആ വ്യക്തിക്ക് പ്രായം കൂടുന്തോറും ഈ അറിവ് വർദ്ധിക്കുകയും ചെയ്യുന്നു. (Arokianathan, 1995:15)

ദ്വിഭാഷക സമൂഹമായ കുംഭാരന്മാർക്കിടയിലും പ്രായഭേദവും ഭാഷാമനോഭാവവും തമ്മിൽ കൃത്യമായ ഒരനുപാതം ദീക്ഷിക്കുന്നു്. ഭാഷാമനോഭാവ അപഗ്രഥനത്തിൽനിന്നും ഇളംതലമുറ ഭാഷയോട് പ്രതികൂല മനോഭാവം പുലർത്തുന്നതായും മുതിർന്ന തലമുറയിലേക്കെത്തുമ്പോഴേയ്ക്കും മനോഭാവം അനുകൂലമായി രൂപപ്പെടുന്നതായും മനസ്സിലാക്കാൻ സാധിച്ചു. കൂടാതെ ഇളംതലമുറയിലെ വ്യക്തി

കൾക്ക് ഭാഷ പ്രയോഗിക്കാനുള്ള അറിവ് ഉണ്ടെന്ന് അപഗ്രഥനത്തിൽനിന്നും നിരീക്ഷണത്തിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞു. വ്യക്തിപരമായി മാതൃഭാഷയോട് പുലർത്തുന്ന അപകർഷതാബോധം മൂലം മാതൃഭാഷ പ്രയോഗശേഷി ഇവർക്കുണ്ടെങ്കിലും ഭാഷയിൽ ആശയവിനിമയം നടത്താൻ ഇവർ പൊതുവെ മടികാണിക്കുന്നു. ഇത് വളർച്ചയുടെ ആദ്യഘട്ടത്തിൽ കുടുംബത്തിൽ നിന്നും നേടിയെടുത്ത മാതൃഭാഷാ ശേഷിയാണ്.

കൂടാതെ ഭാഷാപരിരക്ഷണ തോതിലും ഇളംതലമുറയിൽനിന്നും മുതിർന്ന തലമുറയിലെത്തുന്തോറും വർദ്ധനവ് സംഭവിക്കുന്നതായി കണ്ടെത്താൻ കഴിഞ്ഞു. ഭാഷാപ്രയോഗ ശേഷിയിലും ഇത്തരം അനുപാതം കണ്ടെത്താം. മാതൃഭാഷയുടെ ലേഖനം, വായന എന്നീ ശേഷികളുടെ അഭാവം, മാതൃഭാഷ സംസാരിക്കുന്ന യഥാർത്ഥമേഖലയുമായി വ്യക്തിപരമായോ മറ്റേതെങ്കിലും മാധ്യമങ്ങളുമായോ ഉള്ള ഏതെങ്കിലും തരത്തിലുള്ള സമ്പർക്കം ഇല്ലാതിരിക്കുക, ഭൂരിപക്ഷ ഭാഷയുടെ സമ്മർദ്ദം തുടങ്ങിയ കാരണങ്ങൾ ഇളംപ്രായത്തിൽ ഭാഷയോട് തോന്നുന്ന പ്രതികൂല മനോഭാവത്തെ ത്വരിതപ്പെടുത്തുന്നു.

ഇത്തരത്തിൽ ഒരു ദ്വിഭാഷകന്റെ ഭാഷാപ്രയോഗശേഷിയിലും ഭാഷാമനോഭാവത്തിലും ഭാഷാപരിരക്ഷണത്തിലും തലമുറകൾക്കനുസരിച്ച് വളരെ സാവധാനത്തിലുള്ളതും ഉറച്ചതും അനുക്രമമായതുമായ ഉയർച്ച താഴ്ചകൾ സംഭവിക്കുന്നു എന്ന് കാണാം. ഇതിനെ ഒരു ഗ്രാഫിലൂടെ പ്രതിനിധീകരിച്ചിരിക്കുന്നത് ഇപ്രകാരമാണ്.



(അറീുലേറ ള്യീാ ആ്യീസശമിമവേമി, 1995:16)

ഭാഷാപരിരക്ഷണത്തിന്റെ തോതിലും തലമുറകൾക്കനുസരിച്ച് സംഭവിക്കുന്ന ഉയർച്ച താഴ്ചകൾ ശ്രദ്ധേയമാണ്. ഇളംതലമുറയിലേക്കെത്തും തോറും ഭാഷാപരിരക്ഷണത്തിനു പകരം ഭാഷാമാറ്റമാണ് കാണാൻ സാധിക്കുന്നത്. മുതിർന്ന തലമുറയിലേക്കു എത്തുമ്പോഴേയ്ക്കും പരിരക്ഷണ തോത് വർദ്ധിക്കുന്നു. ഇളം തലമുറയും ഭാഷാമാറ്റവും തമ്മിൽ കൃത്യമായ ഒരനുപാതം ദീക്ഷിക്കുന്നതായി കണ്ടെത്തുന്നു. ഇന്ത്യൻ ന്യൂനപക്ഷ ദ്വിഭാഷക സമൂഹങ്ങളുടെ വളരെ പ്രധാനപ്പെട്ട സ്വഭാവമായി ഇതിനെ പരിഗണിക്കാം.

സൂസൻ ഗാലിന്റെയും റാൽഫ് ഫാസോൾഡിന്റെയും പഠനത്തിൽനിന്നും ലഭിക്കുന്ന പാശ്ചാത്യ ദ്വിഭാഷക സമൂഹങ്ങളുടെ പ്രത്യേകതയായ ഭാഷാപരിരക്ഷണ/മാറ്റ അവസ്ഥയിലെ തലമുറകൾക്കിടയിലെ ഉയർച്ച താഴ്ചകൾ ഇന്ത്യൻ പശ്ചാത്തലത്തിലെ ദ്വിഭാഷക സമൂഹങ്ങളുടെ പൊതുസ്വഭാവമണെന്നും ഉയർച്ച താഴ്ചകളോടൊപ്പം സർപ്പിളമായ ആകൃതികൂടി ഈ ദ്വിഭാഷാത്വത്തിന് കാണാൻ കഴിയുമെന്നും ഈ ലേഖനത്തിൽനിന്നും മനസ്സിലാക്കാം.

മുകളിൽ പറഞ്ഞ സിദ്ധാന്തത്തിന്റെ പശ്ചാത്തലത്തിൽ ഈ അവസ്ഥയെ വിശദീകരിക്കാവുന്നതാണ്. ഒരു വ്യക്തി ഇളംപ്രായത്തിൽ പ്രകടിപ്പിക്കുന്ന മനോഭാവമായിരിക്കില്ല പ്രായം കൂടുന്തോറും പ്രകടിപ്പിക്കുന്നത്. ചെറുപ്രായത്തിൽ മറ്റ് ബാഹ്യകാരണങ്ങൾകൊ് ഭാഷയോട് പ്രകടിപ്പിക്കുന്ന പ്രതികൂല മനോഭാവം അതേ വ്യക്തിയിൽ ഏറ്റവും പ്രായമുള്ള അവസ്ഥയിൽ അനുകൂല മനോഭാവമായി മാറ്റപ്പെടാം. അതുപോലെതന്നെ ഭാഷാപരിപക്ഷണ താല്പര്യത്തിന്റെ തോതും വർദ്ധിക്കുന്നു.

ഇത്തരത്തിലുള്ള ഭാഷാപരിരക്ഷണ/മാറ്റ അവസ്ഥയെ താഴെ പറയുന്ന സമവാക്യത്തിന്റെ രൂപത്തിൽ അടയാളപ്പെടുത്താവുന്നതാണ്.

തലമുറകളുടെ ആരോഹണക്രമം □ ഭാഷാപരിരക്ഷണം

അല്ലെങ്കിൽ

തലമുറകളുടെ അവരോഹണം □ ഭാഷാമാറ്റം

തലമുറകളുടെ ആരോഹണക്രമവും ഭാഷാപരിരക്ഷണവും തമ്മിൽ നേരിട്ടുള്ള ഒരനുപാതം (direct proportion) പാലിക്കുന്നു. അല്ലെങ്കിൽ തലമുറകളുടെ അവരോഹണക്രമവും ഭാഷാപരിരക്ഷണവും തമ്മിൽ നേരിട്ടുള്ള അനുപാതം ദീക്ഷിക്കുന്നു എന്നർത്ഥം. ഒന്ന് വർദ്ധിക്കുന്തോറും മറ്റേതും വർദ്ധിക്കുന്നു. പ്രായം വർദ്ധിക്കുന്തോറും ഭാഷാപരിരക്ഷണ തോത് വർദ്ധിക്കുന്നു. പ്രായം കുറയുന്തോറും ഭാഷാപരിരക്ഷണ തോത് കുറയുന്നു. അതായത് ഭാഷാ മാറ്റം പ്രോത്സാഹിപ്പിക്കപ്പെടുന്നു.

5.3. ഭാഷാപുനരുദ്ധാരണ പ്രവർത്തനങ്ങൾ

നിലവിലുള്ള അവസ്ഥയോട് പ്രതിഷേധിച്ചുകൊാണ് പുതിയ പ്രസ്ഥാനങ്ങൾ രൂപപ്പെടുന്നത്. സാമൂഹികമോ രാഷ്ട്രീയമോ സാംസ്കാരികമോ ആയ

നൂതന പ്രവർത്തനങ്ങൾ വളർന്നുവരുന്നത് ഇത്തരം സാഹചര്യത്തിലാണ്. അതു വരെ തുടർന്നുപോന്നിരുന്ന വ്യവസ്ഥിതിയുള്ള താല്പര്യം നശിക്കുന്നതുമൂലമോ ഉള്ളതിനെത്തന്നെ കാര്യമായ മാറ്റങ്ങൾ വരുത്തണമെന്ന ആശയത്തിൽനിന്നോ ഒക്കെയാണ് ഇവ രൂപം പ്രാപിക്കുന്നത്.

ഭാഷയുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ട പ്രശ്നങ്ങൾക്കു പരി ഹാരം കാണുക എന്ന ഉദ്ദേശ്യത്തെ മുൻനിർത്തിയായിരിക്കും ഭാഷാപ്രസ്ഥാന ങ്ങൾ രൂപംകൊള്ളുന്നത്. കേരളത്തിലെ മറ്റു സമൂഹങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാ സപരമായും തൊഴൽപരമായും സാമ്പത്തികമായും വളരെ താഴ്ന്ന നിലവാരം പ ുലർത്തുന്നവരാണ് കുംഭാരസമുദായം. ഭൂരിപക്ഷ ഭാഷയായ മലയാളവുമായുള്ള സമ്പർക്കംമൂലം ഇവരുടെ മാതൃഭാഷയ്ക്ക് കാലക്രമേണ മാറ്റങ്ങൾ സംഭവിക്കു കയും അത് അതിജീവനത്തിനുള്ള മാർഗ്ഗങ്ങൾ തേടുകയുമാണ്.

ഇവരുടെ മാതൃഭാഷ തെലുഗുവിന്റെ ഭാഷാഭേദമാണെങ്കിലും ഭാഷയുടെ പ്ര ധാനപ്പെട്ട ശേഷിയായ എഴുത്ത് ഇവർക്ക് നഷ്ടമായിരിക്കുന്നു. വാമൊഴിയിൽ മാത്ര മാണ് ഭാഷ നിലനിൽക്കുന്നത്. തമിഴ്നാട്ടിലെത്തിയ ഇവർ വാമൊഴിയിൽ മാത്ര മായി ഭാഷയെ സംരക്ഷിക്കുകയും ലേഖനപാരമ്പര്യം ഇവർക്ക് നഷ്ടമാവുകയും ചെയ്തു. കേരളത്തിലെത്തിയതിനുശേഷവും വാമൊഴി പാരമ്പര്യം ഇവർ സംരക്ഷി ച്ചുകൊിരിക്കുന്നു. സ്വഭാഷയിലെ എഴുത്തുമാധ്യമങ്ങളുമായി ഇവർക്ക് ബന്ധമൊ ന്നുമില്ല.

കേരളത്തിലെത്തിയതിനുശേഷം ഭൂരിപക്ഷ മലയാളത്തിന്റെ ലിപിയും ഭാഷയും ഇവർ സ്വായത്തമാക്കാൻ തുടങ്ങി. അതോടെ മാതൃഭാഷ വെറും പ്രയോ ഗത്തിൽ മാത്രം ഒതുങ്ങി. പൊതുവെ ഇന്ത്യയിലെ ന്യൂനപക്ഷഭാഷകളെല്ലാം ഇത്തരം അവസ്ഥയിൽ നിലനിൽക്കുന്നവയാണ്. കേരളത്തിലെ മറ്റു സമൂഹ

ങ്ങൾക്ക് ഈ സമുദായക്കാർ ഒരു പ്രത്യേകഭാഷ, അതായത് മലയാളത്തിൽ നിന്നും വ്യത്യസ്തമായ ഭാഷ സംസാരിക്കുന്നവരാണ് എന്നതിൽ കവിഞ്ഞ് ഇവർ തെലുഗു ഭാഷ സംസാരിക്കുന്നവരാണെന്നോ തെലുഗുവുമായി ഇവർക്ക് ബന്ധമുണ്ടോ ഉള്ള സാമാന്യജ്ഞാനംപോലും ഇല്ലാത്തവരാണ്. അതിനാൽ സ്വഭാഷ നിലനിർത്തുന്നതിനാവശ്യമായ അടിസ്ഥാന സാഹചര്യങ്ങൾ കുംഭാരന്മാർക്ക് ലഭിക്കുന്നില്ല.

ലിപി ഇവർക്കിടയിൽ നിലവിലില്ലാത്തതുകൊ് പത്രമാധ്യമങ്ങൾ സ്വഭാഷയിൽ നല്കുക എന്ന ആശയം പ്രായേഗികമല്ല. ടി.വി, റേഡിയോ തുടങ്ങിയ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ തെലുഗു പരിപാടികൾ കേരളത്തിലെ ടി.വി. ചാനലുകളും റേഡിയോ മാധ്യമവും നൽകുന്നുങ്കെിലും അത് കേൾക്കാൻ സാധിക്കുന്ന വളരെ കുറച്ചുപേരേ ഉള്ളൂ. കേൾക്കാൻ താല്പര്യം പ്രകടിപ്പിക്കുന്നവരുടെ എണ്ണവും ചുരുക്കമാണ്.

ഇത്തരത്തിൽ ഭാഷയുടെ പ്രയോഗശേഷിയിൽ മാത്രം ഊന്നിനിന്നുകൊാണ് കുംഭാരന്മാരുടെ ഭാഷ ഇന്നുകാണുന്ന തരത്തിൽ പരിരക്ഷിച്ചുകൊിരിക്കുന്നത്. സമൂഹത്തിനകത്തുതന്നെയുള്ള ചില പരോക്ഷമായ പരസ്പരബന്ധിത പ്രവണതകൾ കൊാണ് ഇവരുടെ ഭാഷ ഇപ്പോഴും നിലനിൽക്കുന്നത്.

കുംഭാരന്മാരുടെ പരമ്പരാഗതതൊഴിൽ, ഭാഷ എന്നിവയുടെ സംരക്ഷണാർത്ഥം ഇവർക്കിടയിൽ നിന്നുതന്നെ പുനരുദ്ധാരണശ്രമങ്ങൾ നടന്നുവരുന്നു്. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയ്ക്കു കാരണം തൊഴിലും ഭാഷയും ആണെന്ന പുതിയ തലമുറയുടെ അഭിപ്രായത്തെ അവഗണിച്ചുകൊ് ഇവയെ പരിരക്ഷിക്കാൻ മൂന്നാം തലമുറയിലെ ഭാഷകർ ശ്രമിക്കുന്നു്. മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ പ്രവർത്തിക്കുന്ന 'ഹെൽപിങ്ങ് ഹാൻഡ്സ്'' എന്ന സംഘടന ഇത്തരം ഒരു

പുനരുദ്ധാരണ പ്രസ്ഥാനമാണ്. 1991 ജൂൺ മാസത്തിൽ രൂപമെടുത്ത ഈ സംഘ ടന സാമൂഹ്യപുരോഗതിക്കുതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നു്.

കുംഭാരസമുദായത്തെ വിദ്യാഭ്യാസപരമായ പുരോഗതിയിലേക്കു നയി ക്കാൻ വേ നടപടിക്രമങ്ങളെടുക്കുകയാണ് ഈ സംഘടന ആദ്യം ചെയ്തത്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ താഴ്ന്ന നിലവാരം പുലർത്തുന്ന ഈ സമുദായ ത്തിലെ മുതിർന്നവരെ അതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവാന്മാരാക്കു കയും കുട്ടികൾക്ക് പഠനസൗകര്യം ഏർപ്പെടുത്തുകയും ചെയ്തു. ഇതോടൊപ്പം ആരോഗ്യപരമായ ശുചിത്വബോധം കുംഭാരന്മാർക്കിടയിൽ സൃഷ്ടിക്കാൻവേ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുകയുായി.

മൺപാത്രനിർമ്മാണ മേഖലയെ കൂടുതൽ വിപണിവൽകൃതമാക്കാൻവേ സംരംഭങ്ങൾ ഇവർ ചെയ്തുകൊിരിക്കുന്നു. വീട്ടാവശ്യങ്ങൾക്കുവേ പാത്രങ്ങൾ നിർമ്മിക്കുക എന്നതിൽ നിന്നും വ്യത്യസ്തമായി മണ്ണുകൊ് നിർമ്മിച്ച ടൈലുകൾ, ചുമർചിത്രങ്ങൾ, അലങ്കാരവസ്തുക്കൾ തുടങ്ങി ആധുനിക വിപണിക്കുവേ തര ത്തിൽ ഈ തൊഴിൽ സാധ്യതയെ ഉപയോഗിക്കാനുള്ള പ്രവർത്തനങ്ങൾ ഈ സംഘടനയുടെ നേതൃത്വത്തിൽ നടക്കുന്നു്.

സാമൂഹികവും തൊഴിൽപരവുമായ ഉന്നമനത്തോടൊപ്പം ഭാഷാസംരക്ഷ ണത്തിനുവേ പ്രവർത്തനങ്ങളും ഇവരുടെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. ഇളം തല മുറയിൽ ഭാഷാശോഷണം സംഭവിക്കുന്നു് എന്ന് തിരിച്ചറിഞ്ഞ് ഭാഷ സംരക്ഷിക്കേ തു് എന്ന മനോഭാവത്തിന്റെ ഭാഗമായി 'കുമ്മറസെട്ട്' (കുംഭാരന്മാരുടെ ശബ്ദം) – എന്ന പേരിൽ ഒരു മാസിക പ്രസിദ്ധീകരിക്കുന്നു്. മലയാള അക്ഷരമാല ഉപയോ ഗിച്ച് ഭാഷയിലെ വാക്കുകളെ അടയാളപ്പെടുത്തുന്ന രീതിയാണ് സ്വീകരിച്ചിരിക്കു ന്നത്. കുംഭാരന്മാർക്ക് അവരുടെ സാഹിത്യസൃഷ്ടികൾ ആവിഷ്കരിക്കാനുള്ള അവ

സരം നൽകുകയാണ് ഈ മാസിക ചെയ്യുന്നത്. കൈയെഴുത്തു പ്രതിയായിട്ടാണ് ആദ്യകാലത്ത് മാസിക ഇറക്കിയിരുന്നത്. ഇപ്പോൾ ഒരു പേജിന്റെ രു പുറങ്ങളിലായി സൃഷ്ടികൾ സജ്ജീകരിക്കുന്ന പത്രികയുടെ രൂപത്തിലാണ് 'കുമ്മറസെദ്ദി'ന്റെ ഘടന. ഓരോ പതിപ്പിലും കുംഭാരന്മാരുടെ ഭാഷയിൽ എഴുതപ്പെട്ട സൃഷ്ടികൾക്കു പുറമെ മലയാളഭാഷയിലെ സൃഷ്ടികൾ കൂടി ഉൾപ്പെടുത്തിയിരിക്കുന്നു.

വളരെ ലളിതമായ രീതിയിൽ മാതൃഭാഷയിൽ ചിന്തിക്കുക, അവ ആവിഷ്കരിക്കുക എന്നീ ലക്ഷ്യങ്ങളെ മുൻനിർത്തിയാണ് ഈ സംരംഭം ആരംഭിച്ചതെന്ന് പത്രാധിപർ പറയുകയുായി. ഭാഷയിലെ പല വാക്കുകളും ഇന്ന് നഷ്ടപ്പെട്ടുപോവുകയാണെന്നും അവ സംരക്ഷിക്കേതു് എന്നും ഇവർ ബോധവാന്മാരാണ്. കാലികപ്രസക്തമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ലേഖനങ്ങൾ, കുട്ടിക്കവിതകൾ, കുട്ടിക്കഥകൾ, വായനക്കാരുടെ പ്രതികരണം തുടങ്ങിയ ഉള്ളടക്കങ്ങളുള്ളതാണ് പത്രികയുടെ രൂപം. പുതിയ തലമുറയ്ക്ക് ഭാഷയോടുള്ള പ്രതികൂലമനോഭാവത്തെ മാറ്റിയെടുക്കേതു് എന്ന ചിന്താഗതി കൂടി ഈ പ്രവർത്തത്തിന് പിറകിലു്. പുതിയ ലക്കങ്ങളിൽ മലയാളത്തിലുള്ള അർത്ഥങ്ങൾ കൂടി നൽകിക്കൊ് ഒരു മലയാളിക്കു കൂടി അതിലെ കൃതികൾ വായിച്ചു മനസ്സിലാക്കാനാവശ്യമായ ഘടകങ്ങൾ കൂടി ഉൾച്ചേർത്തുകൊ് പത്രികയുടെ നിർമ്മാണം നടത്തിയിരിക്കുന്നത്.

കുംഭാരന്മാരുടെ ഭാഷാപരിരക്ഷണത്തിനായി അവർ നടത്തുന്ന ശ്രമത്തിന്റെ പ്രധാനപ്പെട്ട തെളിവാണ് മാസികാ നിർമ്മാണം. കുംഭാരന്മാർക്കിടയിൽനിന്നുള്ള ചെറിയസംഘം ആളുകൾ ചേർന്ന് ഇവരുടെ ഭാഷാപരമായ പുനരുദ്ധാരണത്തിനു ശ്രമിക്കുന്നതിന്റെ ഭാഗമാണ് 'കുമ്മറസെദ്ദ്' എന്ന പത്രിക. ഏതൊരു സമൂഹത്തിലും ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത് ഒരു ചെറിയവിഭാഗം ആളുകളാണ്. ലിപിയുടെ അഭാവം, ഭൂരിപക്ഷഭാഷാ സമ്മർദ്ദം, മറ്റു സമുദായങ്ങൾ പ്രക

ടിപ്പിക്കുന്ന അവഗണന മുതലായവ ഭാഷാപരിരക്ഷണത്തിന് തടസ്സമായി നിൽക്കുമ്പോൾ ഇത്തരത്തിലുള്ള പ്രതിപ്രവർത്തനങ്ങളിലൂടെ ഭാഷാസ്വത്വം നിലനിർത്താൻ കുംഭാരന്മാർ ശ്രമിക്കുന്നു. കുംഭാരന്മാരുടെ ഭാഷാപരിരക്ഷണ/മാറ്റ മനോഭാവപഠനത്തിൽനിന്നും ഭാഷാപുനരുദ്ധാരണശ്രമത്തിൽനിന്നും ഭാഷാസ്വത്വും സാമുദായിക സ്വത്വവും സംരക്ഷിക്കാൻ താല്പര്യപ്പെടുന്നവരാണ് ഇവർ എന്നു മനസ്സിലാക്കാം.

ഉപസംഹാരം

ജനതയുടെ സാമൂഹിക – സാംസ്കാരിക പരിതസ്ഥിതിയുമായി ബന്ധപ്പെടുത്തിക്കൊുള്ള ഭാഷാപഠനത്തിന് പ്രാമുഖ്യം നൽകുന്ന സാമൂഹിക ഭാഷാശാസ്ത്രത്തിന്റെ രീതിശാസ്ത്രമുപയോഗിച്ച് നിർവ്വഹിച്ചിട്ടുള്ളതാണ് ഈ പഠനം.

രോ അതിലധികമോ ഭാഷകസമൂഹങ്ങൾ പരസ്പരം സമ്പർക്കത്തിലാകുന്ന ഭാഷാസമ്പർക്ക സാഹചര്യത്തിന്റെ അനന്തരഫലമാണ് ഭാഷാപരിരക്ഷണ/മാറ്റ അവസ്ഥകൾ. സാമൂഹികമോ രാഷ്ട്രീയമോ സാമ്പത്തികമോ ഭൂമിശാസ്ത്രപരമോ ആയ കാരണങ്ങൾകൊ് ഒരു ഭാഷകസമൂഹത്തിൽ ഭാഷാപരിരക്ഷണ/മാറ്റ അവസ്ഥകൾ സൃഷ്ടിക്കപ്പെടാം. ഭാഷാപരിരക്ഷണ/മാറ്റ തോതിനെ നിർണയിക്കുന്ന ഘടകങ്ങളാണ് ഭാഷകസമൂഹത്തിലെ ഭാഷകരുടെ മനോഭാവവും ഭാഷാസ്വത്വബോധവും. കേരളത്തിലെ ഒരു ന്യൂനപക്ഷ ഭാഷകസമൂഹം എന്ന നിലയിൽ കുംഭാരസമുദായത്തെ പരിഗണിക്കുകയും ഭാഷാസമ്പർക്കഫലമായുള്ള ഇവരുടെ ഭാഷാപരിരക്ഷണ/മാറ്റ അവസ്ഥകളെ അപഗ്രഥിക്കുകയും ചെയ്യാനാണ് പഠനത്തിലൂടെ ശ്രമിച്ചിരിക്കുന്നത്. പഠനത്തിൽനിന്നും ഉരുത്തിരിഞ്ഞ നിഗമനങ്ങൾ താഴെ നൽകുന്നു.

കേരളത്തിലെ മറ്റു മൺപാത്ര നിർമ്മാതാക്കളിൽനിന്നും ഭാഷ, ആചാരാനുഷ്ഠാനങ്ങൾ, സാമുദായികസ്വത്വം തുടങ്ങിയവയിൽ വ്യത്യാസങ്ങൾ പ്രകടമാ

ക്കുന്ന ഒരു ന്യൂനപക്ഷ ജനതയാണ് കുംഭാരന്മാർ. പതിനെട്ടാം നൂറ്റാു മുതലാണ് കുംഭാരന്മാരെക്കുറിച്ചുള്ള പരാമർശങ്ങൾ ലഭിക്കുന്നത്. ഇവരുടെ ആന്ധ്ര യിൽനിന്നുള്ള കുടിയേറ്റത്തെ രു ഘട്ടമായി തിരിക്കാം. ആന്ധ്രപ്രദേശിൽ നിന്നും തമിഴ്നാട്ടിലേക്കും അവിടെനിന്ന് കേരളത്തിലേക്കും. തമിഴ്നാട്ടിൽനിന്നും കേരള ത്തിലേക്കുള്ള രാംഘട്ട കുടിയേറ്റം നടന്നത് പതിനെട്ടാം നൂറ്റാിനു മുമ്പാണ്.

ഇവരുടെ മാരിയമ്മൻ ആരാധനയും, തമിഴ്കലർന്ന മാരിയമ്മൻ പാട്ടുകളും ഭാഷയിലെ തമിഴ്പദങ്ങളുടെ സാന്നിധ്യവും തമിഴ് സംസ്കാരവുമായുള്ള ബന്ധ ത്തിന് തെളിവു നൽകുന്നു. ആന്ധ്രപ്രദേശിൽ മാരിയമ്മയെ ആരാധിക്കുന്ന സമ്പ്ര ദായം ഇല്ല. തമിഴ്നാട്ടിലെത്തിയതിനുശേഷം ഇവരുടെ ദേവതാ സങ്കല്പത്തെ പരി ഷ്കരിച്ചതാണെന്നു കരുതാം.

ആന്ധപ്രദേശിൽ നിലനിൽക്കുന്ന ഹനുമാൻ ആരാധന അവിടെനിന്നും കുടിയേറിയവരായ കുംഭാരന്മാർ പിന്തുടരുന്നു്.

പത്ത് സ്വരസ്വനിമങ്ങളും ഇരുപത്തിമൂന്ന് വ്യഞ്ജന സ്വനിമങ്ങളും ഉൾപ്പെ ടുന്ന അക്ഷരമാലയാണ് കുംഭാരന്മാരുടെ ഭാഷയ്ക്ക് ഉള്ളത്. അ,എ,ഇ,ഉ,ഒ എന്നീ ഹ്രസ്വസ്വരങ്ങളും അവയുടെ ദീർഘങ്ങളും സ്വരസ്വനിമങ്ങളിൽ ഉൾപ്പെടുന്നു.

വർഗ്ഗാക്ഷരങ്ങളിൽ ക,ച,ട,ത,പയും 'ച'കാരത്തിന്റെ ഒഴികെ മറ്റെല്ലാ വർഗ്ഗ ത്തിന്റെയും മൃദു രൂപങ്ങളും പ്രയോഗിക്കുന്നു. അതിഖര ഘോഷങ്ങൾ പ്രയോഗ ത്തിലില്ല.

അനുനാസികങ്ങളിൽ 'ങ'കാര 'ഞ'കാരങ്ങൾ കാണപ്പെടുന്നില്ല. ട,ത,പക ളുടെ അനുനാസികങ്ങളായ ണ,ന,മ,കൾ പ്രയോഗത്തിലു്. 'ന'കാരത്തിന്റെ ഉച്ചാര ണത്തിൽ ദന്ത്യ–വർത്സ്യ ഭേദങ്ങൾ പ്രകടമാണ്.

വർത്സ്യഖരം, 'ഴ'കാരം എന്നിവ ഇവരുടെ ഭാഷയിൽ ഉപയോഗത്തിലില്ല.

സ്ഫുരിതങ്ങളായ ര, റ എന്നിവയും ഘർഷങ്ങളായ സ, ശ,ഷ,ഹ എന്നി വയും പാർശ്വികങ്ങളായ ല, ള കളും പ്രവാഹികളായ വ,യ കളും ഭാഷയിൽ കാണപ്പെടുന്നു്.

കുംഭാരന്മാരുടെ ഭാഷയിലെ സർവ്വനാമങ്ങൾ പുരുഷപ്രത്യയ സഹിതരൂപ ങ്ങളാണ്.

ബഹുമാന സൂചകസർവ്വനാമളുടെ അഭാവമാണ് കാണപ്പെടുന്നത്.

പുല്ലിംഗം, പുല്ലിംഗേതരം എന്നീ രു വിഭാഗത്തിൽ ഉൾപ്പെടുന്ന ലിംഗവ്യ വസ്ഥ നിലനിൽക്കുന്നു.

വചനപ്രത്യയം ചേർത്തും ചേർക്കാതെയും നാമങ്ങൾ പ്രയോഗിക്കുന്നു.

നിർദ്ദേശിക – പ്രത്യയമില്ല, പ്രതിഗ്രാഹിക – ത (അ), ഉദ്ദേശിക – കി,യ് പ്രയോജിക – കോനി, സംയോജിക – ഊട, ആധാരിക – ന, സംബന്ധിക – നി. ഇപ്രകാരമുള്ള വിഭക്തി ഘടനയാണ് കുംഭാരന്മാരുടെ ഭാഷയ്ക്കുള്ളത്.

ഒകടി (ഒവിട്ടി), റെ്, മൂു, നാല്ഹ, ഐത്, ആറു, ഏടു, എനിമിതി, തൊമ്മിതി, പതി എന്നിങ്ങനെയുള്ള സംഖ്യാനാമങ്ങളുടെ പ്രയോഗം

നി, വല(അല), ച്ചു എന്നീ പ്രത്യയങ്ങൾ യഥാക്രമം നിയോജകം, വിധായകം, അനുജ്ഞായകം എന്നീ പ്രകാരങ്ങളെ സൂചിപ്പിക്കുന്നു.

നിഷേധപ്രത്യയങ്ങളായി തെലുഗുവിലുള്ള കാദു, ലേദു, ഒദ്ദു എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ കാണപ്പെടുന്നു.

തെലുഗുവുമായി സാജാത്യങ്ങളും വൈജാത്യങ്ങളും ഇവരുടെ ഭാഷ നിലനിർത്തുന്നു.

കുംഭാരന്മാരുടെ ഭാഷ ആന്ധ്രപ്രദേശിലെ ഭൂരിപക്ഷഭാഷയായ തെലുഗുവിന്റെ ഒരു ഭാഷാഭേദമാണ്.

മലയാളവുമായുള്ള സമ്പർക്കഫലമായി കുംഭാരന്മാർ മലയാള പദങ്ങൾ മൊഴിമിശ്രണം ചെയ്ത് പ്രയോഗിക്കുന്നു.

മലയാളഭാഷയിൽനിന്നും പല പദങ്ങളും ആദാനം നടത്തിയിട്ടുള്ളതായും കാണുന്നു.

കുംഭാരന്മാരുടെ ഭാഷയിലെ ഭാഷാസംവ്രജന ഘടകങ്ങളാണ് 'കാന' എന്ന സഹായകക്രിയയും 'കെട്ട്' എന്ന ക്രിയയും.

സാമൂഹികചരങ്ങളായ പ്രായഭേദം, ലിംഗഭേദം, വിദ്യാഭ്യാസം, തൊഴിൽ, പ്രാദേശികമേഖല എന്നിവയ്ക്കനുസരിച്ച് ഭാഷാപരിരക്ഷണ/മാറ്റ അവസ്ഥയിൽ സൃഷ്ടിക്കപ്പെടുന്ന വ്യതിയാനങ്ങൾ സ്ഥിതിവിവരക്കണക്കനുസരിച്ച് അപഗ്രഥിച്ചതിൽനിന്നും ലിംഗഭേദം ഭാഷാപരിരക്ഷണ/മാറ്റങ്ങളെ സ്വാധീനിക്കുന്നില്ലെന്ന് വ്യക്തമായി. ഉയർന്ന വിദ്യാഭ്യാസ നിലവാരം ഉള്ളവർ ഭാഷാമാറ്റത്തിന് താല്പര്യ

പ്പെടുന്നതായും വിദ്യാഭ്യാസ നിലവാരം കുറഞ്ഞവർ ഭാഷ പരിരക്ഷിക്കാൻ താല്പ ര്യപ്പെടുന്നതായും അപഗ്രഥനത്തിൽനിന്നും മനസ്സിലാക്കാൻ സാധിച്ചു.

വിവിധ തൊഴിൽ മേഖലകൾ ഭാഷാപ്രയോഗത്തെ സ്വാധീനിക്കുന്നു്. കൂലി വേല ചെയ്യുന്ന ആവേദകർ ഭാഷാമാറ്റത്തോട് ആഭിമുഖ്യം പ്രകടിപ്പിക്കുകയും മറ്റു തൊഴിൽ രംഗങ്ങളിലുള്ളവർ ഭാഷ പരിരക്ഷിക്കാൻ താല്പര്യപ്പെടുകയും ചെയ്യു ന്നു.

പ്രാദേശിക മേഖല എന്ന സാമൂഹിക ചരത്തിനനുസരിച്ച് ഭാഷാപരിര ക്ഷണ/മാറ്റ തോതിൽ വ്യതിയാനങ്ങൾ സംഭവിക്കുന്നില്ല.

36–60, 60 നു മുകളിൽ എന്നിങ്ങനെയുള്ള രുപ്രായവിഭാഗങ്ങളിലാണ് ഭാഷാപരിരക്ഷണതോത് കൂടുതലായി കാണപ്പെടുന്നത്.

20 വയസ്സുവരെ പ്രായപരിധിയിൽപെട്ട ഇളംതലമുറയും മുതിർന്ന തലമു റയും തമ്മിൽ ഭാഷാപരിരക്ഷണത്തിലും ഭാഷാമനോഭാവത്തിലും നിർണ്ണായക വ്യത്യാസം പ്രകടമാക്കുന്നു.

ഭാഷാസ്വത്വവും സാംസ്കാരിക സ്വത്വവും സംരക്ഷിക്കാൻ താല്പര്യപ്പെടു ന്നവരാണ് കുംഭാരന്മാർ.

ഇളം തലമുറയിൽ നിന്നും മുതിർന്ന തലമുറയിലേക്കെത്തുന്തോറും ഭാഷാ മനോഭാവത്തിൽ അനുകൂലാംശം കൂടുതലായി പ്രകടമാകുന്നു. 20 വയസ്സുവരെ പ്രായമുള്ളവർ ഭാഷയോട് കൂടുതൽ പ്രതികൂല മനോഭാവം പ്രകടിപ്പിക്കുന്നു.

പ്രായഭേദത്തിനനുസൃതമായി ഭാഷാമനോഭാവത്തിൽ നിർണായക വ്യത്യാ സങ്ങൾ കാണപ്പെടുന്നു.

ഭാഷകരുടെ ലിംഗഭേദം ഭാഷാമനോഭാവത്തെ ബാധിക്കുന്നില്ല.

വിദ്യാഭ്യാസനിലവാരം കൂടുന്നതിനനുസരിച്ച് ഭാഷാമനോഭാവത്തിൽ പ്രതികൂലാംശം കടന്നുവരുന്നു.

കുലത്തൊഴിൽ ചെയ്യുന്ന ആവേദകരും കൂലിവേല ചെയ്യുന്ന ആവേദകരും മനോഭാവത്തിൽ നിർണായക വ്യത്യാസങ്ങൾ പ്രകടമാക്കുന്നു.

പ്രാദേശികമേഖലയ്ക്കനുസരിച്ച് ഭാഷാമനോഭാവത്തിൽ വ്യത്യാസങ്ങൾ കാണപ്പെടുന്നു. പാലക്കാട് പ്രദേശത്ത് ഭാഷയോട് പ്രതികൂലമനോഭാവവും കോഴിക്കോട് പ്രദേശത്ത് അനുകൂല മനോഭാവവും നിലനിൽക്കുന്നു.

പ്രായഭേദം എന്ന സാമൂഹികചരത്തിന് അനുസരിച്ച് ഭാഷാപരിരക്ഷണ/മാറ്റതോതിലും ഭാഷാമനോഭാവത്തിലും മാറ്റങ്ങൾ കാണപ്പെടുന്നു.

സ്ഥിതിവിവരക്കണക്കുകളുടെ അപഗ്രഥനത്തിന്റെ അടിസ്ഥാനത്തിൽ എത്തിച്ചേർന്ന നിഗമനങ്ങൾ ക്രോഡീകരിക്കുമ്പോൾ തലമുറകളുടെ ആരോഹണ അവരോഹണ ക്രമങ്ങളും ഭാഷാപരിരക്ഷണ/മാറ്റങ്ങളും തമ്മിൽ നേരിട്ടുള്ള ഒരനുപാതം (direct proportion) ദീക്ഷിക്കുന്നതായി മനസ്സിലാക്കാം.

ഈ വിഷയവുമായി ബന്ധപ്പെട്ട് നിരവധി പഠനങ്ങൾ ഇനിയും നടത്തേണ്ടതു്. ഒന്നാമതായി, കേരളത്തിലെ ആന്ധ്ര–കുംഭാരന്മാരുടെ വിവരണാത്മക പഠനം നടത്തുന്നതിന് സാധ്യതയു്. അതോടൊപ്പംതന്നെ തെലുഗു ഭാഷയുമായുള്ള താരതമ്യാത്മകപഠനത്തിനും ഭാവിയിൽ സാധ്യത കാണുന്നു.

ഗ്രന്ഥസൂചി

ഉഷാ നമ്പൂതിരിപ്പാട്. 1994. *സാമൂഹികഭാഷാവിജ്ഞാനീയം.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

കുറുപ്പ്, കെ.കെ. എൻ. 2005. *നവാബ് ടിപ്പുസുൽത്താൻ – ഒരു പഠനം.* കോഴിക്കോട്: മാതൃഭൂമി ബുക്സ്.

ജോർജ്ജ്, സി.ജെ. 1998. *വാക്കിന്റെ സാമൂഹികശാസ്ത്രം*, തൃശൂർ: കറന്റ് ബുക്സ്.

ധനലക്ഷ്മി, കെ. 2006. *ചിറ്റൂരിലെ തെലുങ്കരുടെ ഭാഷ – സാമൂഹികഭാഷാശാസ്ത്ര ദൃഷ്ടിയിലൂടെ.* അപ്രകാശിത പി.എച്ച്.ഡി. പ്രബന്ധം, ഗവേഷണ കേന്ദ്രം, എറണാകുളം: മഹാരാജാസ് കോളേജ്.

പ്രദീപൻ, പാമ്പിരിക്കുന്ന്. 2009. ''വ്യക്തി,സ്വത്വം,കർതൃത്വം: ഒരു ദലിത് വിചാരം.'' മാർക്കോസ് വി.പി. (എഡി) 2009. *ദലിത് തിരിച്ചറിയലുകൾ.* ഭൂമി മലയാളം, ആലുവ: യു.സി.കോളേജ്.

പ്രമോദ്, ഇരുമ്പുഴി. 2008. കുംഭാരന്മാർ. *വിജ്ഞാന കൈരളി.* വാല്യം 39 ലക്കം 3. പുറം 58–60.

പ്രേമരാജൻ, എം.കെ. 2004. ''മൺപാത്ര നിർമ്മാണം–കൈവേലയിലെ ഭാവഗീതം.'' ദിലീപ്കുമാർ,കെ.പി. (എഡി) 2004. *നാടോടിക്കൈവേല.* കോട്ടയം: ഡി.സി.ബുക്സ്.

--------------- 2006. *മലബാറിലെ കുംഭാരന്മാരുടെ നാട്ടറിവുകൾ.* അപ്രകാശിത ഗവേഷണപ്രബന്ധം. ഗവേഷണകേന്ദ്രം, തൃശൂർ: കേരളവർമ്മ കോളേജ്.

ബാബുരാജ്, കെ.കെ. 2005. *കേരളത്തിലെ രഹസ്യഭാഷ – ഒരു സാമൂഹിക ഭാഷാശാസ്ത്രപഠനം.* അപ്രകാശിത പി.എച്ച്.ഡി. പ്രബന്ധം, കാലിക്കറ്റ് സർവ്വകലാശാല.

ബിജുരാജ് & ബിനു ഇടനാട് (വിവ.) 2007. *മനസിന്റെ അപകോളനീകരണം – ആഫ്രിക്കൻ സാഹിത്യത്തിലെ ഭാഷയുടെ രാഷ്ട്രീയം.* ഗുഗീ വാ തിങാംഗോ. ഗ്രാംഷി ബുക്സ്: കൊല്ലം.

മാർക്കോസ്, വി.പി. 1992. *കോഴിക്കോട് നഗരത്തിലെ തമിഴ് ബ്രാഹ്മണരുടെ ഭാഷാപരിരക്ഷണവും ഭാഷാമാറ്റവും.* അപ്രകാശിത എം.ഫിൽ പ്രബന്ധം, കാലിക്കറ്റ് സർവ്വകലാശാല.

മുരുകേശൻ, എസ്. എസ്. 2007. *കേരളത്തിലെ തമിഴ്ചെട്ടികളുടെ ഭാഷ– ആദേശവും ഭാഷാസംരക്ഷണവും.* പി.എച്ച്.ഡി. ഗവേഷണ പ്രബന്ധം, മലയാളവിഭാഗം, കാലിക്കറ്റ് സർവ്വകലാശാല.

രാജ, പി.സി.എം. 2007. *സാമൂതിരിമാർ.* കോഴിക്കോട്: പൂർണ പബ്ലിക്കേഷൻസ്.

ലോഗൻ, വില്യം. 2004/1887. ലോഗന്റെ മലബാർ മാന്വൽ. ടി.വി.കൃഷ്ണൻ (വിവ). കോഴിക്കോട്: മാതൃഭൂമി ബുക്സ്.

വിഷ്ണുനമ്പൂതിരി, എം.വി. 2000/1989. *ഫോക്‌ലോർ നിഘണ്ടു.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

സുകുമാരൻ നായർ, പി.കെ (എഡി). 1994. *സമുദായ നിർണ്ണയ പഠനങ്ങൾ.* കോഴിക്കോട്: നോർമ്മൻ പ്രിന്റിംഗ് ബ്യൂറോ.

ENGLISH

Annamalai, E. 2001. Managing MultiLingualism in India Political and Linguistic Manifestation in *Language and Development* Vol 1-8. New Delhi: Sage Publication, India Ltd.

Arokianathan, S. 1995. ‘Spiral Bilingualism - An Unique Indian situation’ in *PILC Journal of Dravidic Studies*. Pondichery: Pondichery Institute of Linguistics and Culture.

Balasubramanian, G. 1995. ‘Criteria for Distinguishing Language and Dialect: Lakshadweep situation - A cse study’. Paper presented in the National Seminar on Dimentions of Dialectology. *Memeograph* Pondichery: PILC.

Bayer, Jennifer Marie. 1980. *A Sociolinguistic Investigation of the English spoken by the Anglo Indians in Mysore City*. Mysore: CIIL.

------------- 1986. *Dynamics of Language Maintenance and Linguistic Minorities - A Sociolinguistic Investigation of the Tamil communities in Bangalore*. Mysore: CIIL.

--------------- 1990. “Language and Social Identity”. Debi Prasanna Pattanayak (Ed.) Multilingualism in India, *Multilingual Matters 61*. Philadelphia: Multilingual Matters Ltc.

Bradley, David & Maya Bradley (Ed). 2002. *Language Endangerment and Language Maintenance*. London: Routledge Curzen.

Buchanan, Francis. First published 1988/1807. *A Journey from Madras through the countries of Mysore, Canara and Malabar*. New Delhi: Asian Educational Services.

Bhuvaneswari, C.V. 1984. *Bilingual Behaviour of the Naikan Community in Kerala*. Unpublished Ph.D Thesis. New Delhi:JNU.

Casimir, Ignatius. 1990. *The Sociology of Bi/Multilingualism A case study of the Ethnic Tamil Bi/Multilinguals in Delhi*. Un published Ph.D Thesis. JNU: Centre of Linguistics and English School of Languages.

Coulmas, Florian. 2005. *Socio-linguistics. The Study of Speakers choice*. Cambridge: University Press.

Emeneau, M.B. T. Burrow. 1961. *Dravidian Etymological Dictionary*. Part III. Delhi: Parimal Publications.

Fasold, Ralph. 1987/1984 *The Sociolinguistics of Society*. Oxford: Basil Blackwel

Field, Frederic W. 2002. Linguistic Borrowing in Bilingual Contexts. *Studies in Language comparison series*. Library of Congress Cataloging in Publication data.

Gopal Sharma, P. & Suresh Kumar (Ed.) 1977. *Indian Bilingualism*. Agra: Kendriya Hindi Sansthan.

Gumperz John, J & Robert Wislon. 1971. "Convergence and Creolization: a Case study from the Indo-Aryan/Dravidian border" in Dell Hymes (Ed.) 1971. *Pidgnization and Creolisation of Languages*. Cambridge University Press.

Iyer, L.K.A. 1981/1912. *The Tribes and Castes of Cochin*, Vol II. Delhi:Cosmo Publications.

………………..2005/1998. *The Mysore Castes and Tribes* Vol IV, New Delhi: Mittal Publications.

Kamala Devi Chattopadhyay. 1975. *Handicrafts of India*. New Delhi: Indian Council for Cultural Relations.

Logan, William. 2000/1887. *Malabar Manual* Vol II. New Delhi: Asian Educational Services.

Madhava Menon, T (Ed.) 2002. *A Handbook of Kerala* Vol II. Trivandrum: The International School of Dravidian Linguistics.

Mohanty, Ajith.K. 1994. *Bilingualism in a Multilingual Society: Psycho-Social and Pedagogical Implications*. Mysore: CIIL.

Mesthrie, Rajend, et al 2000. *Introducing socio linguistics*. Edinburg: University Press.

Ramamoorthy, L. 2000. *Language Loyalty and Displacement among Telugu Minorities in Pondicherry*. Pondicherry: PILC.

Romaine, Susanne.1994. *Language in Society: An Introduction to Sociolinguistics*. Oxford: Oxford University Press.

SamMohan Lal. 1986. *Convergence and Language Shift in a Linguistic Minority - A Sociolinguistic Study of Tamils in Bangalore City*. Mysore: CIIL.

Singh, K.S. 1996. “Communities, Segments, Synonyms, Surnames, and Title” Vol VIII. *People of India* - An Anthropological survey of India. New Delhi: Oxford University Press.

Singh, K.S. 1998. “Indian Communities” Vol 5. *People of India*. Anthropological Survey of India. New Delhi: Oxford University Press.

--------------. 2002. *People of India/ Kerala* Vol XXVII Part III. New Delhi: Anthropological Survey of India.

Southworth, F.C. 1980. Functional Aspects of Bilingualism. *International Journal of Dravidian Linguistics* IX (1), 74-108.

Sreedevi, B. 1991. *Syntactic Patterns of Malayalam and Telugu.* Trivandrum: Vivek Publications.

Sreevalsan, T. 1999. *Linguistic Convergence: Konkani Malayalam contact situations*. Unpublished Ph.D Thesis.Calicut: Calicut University.

Subrahmanyan,P.S. 1974. *An Introduction to Modern Telugu*. Mnnamalainagau: Annamalai University.

Subramoniam, V.I. (Ed.) 1993. *Dravidian Encyclopaedia* Vol II. People and Culture. International School of Dravidian Linguistics.

Thomason, Sarah. G. 2001. *Language Contact - An Introduction*. Edinburg: University Press.

Thurston, E. 1975/1909. *Castes and Tribes of Southern India*. Delhi: Cosmo Publications.

Trudgil, Peter. 1975/1974. *Sociolinguistics An Introduction*. Harmond Worth: Penguin Books Ltd.

Vijayakrishnan, B. 1991. *A Sociological Enquiry into the Educational Problems of the Telugu Potters in Kerala*. Unpublished M.Phil dissertation, Pune: University of Pune.

Weinrich, Uriel. 1974. *Languages in Contact- Findings and Problems*. Paris: The Hague.

Wilks, Mark. 1989. *History of Mysore*. Vol I, Delhi: Asian Educational Services.

അനുബന്ധം കക
ആവേദകസൂചി

നമ്പർ	പേര്	സ്ത്രീ/ പുരുഷൻ	വിലാസം	വയസ്സ്	വിദ്യാഭ്യാസം	തൊഴിൽ
1.	അജിത	സ്ത്രീ	അരുവാക്കോട്, നിലമ്പൂർ	19	10	--
2.	അനിത	സ്ത്രീ	ചെമ്പകപ്പാടി, ബത്തേരി, വയനാട്	20	10	--
3.	അപ്പു	പു	കിളിനിക്കടവ്, പഴയന്നൂർ, പാലക്കാട്	67	4	കുലത്തൊഴിൽ
4.	അപ്പുട്ടിസ്വാമി	പു	അരുവാക്കോട്, നിലമ്പൂർ, മലപ്പുറം	69	നിരക്ഷരൻ	കുലത്തൊഴിൽ
5.	അമ്മാളു	സ്ത്രീ	കൊട്ടോി, മലപ്പുറം	56	നിരക്ഷരൻ	കുലത്തൊഴിൽ
6.	അമ്മാളു	സ്ത്രീ	പെരുമ്പറമ്പ്, ഉഗ്രപുരം, മലപ്പുറം	50	3	കുലത്തൊഴിൽ
7.	അമ്മിണി	സ്ത്രീ	പൊന്നാനി, മലപ്പുറം	55	നിരക്ഷരൻ	കുലത്തൊഴിൽ
8.	അമ്മിണി	സ്ത്രീ	മങ്ങാട്, തൃശ്ശൂർ	50	നിരക്ഷരൻ	കുലത്തൊഴിൽ
9.	അമ്മിണി	സ്ത്രീ	അരുവാക്കോട്, നിലമ്പൂർ, മലപ്പുറം	48	8	മറ്റുള്ളവ
10.	അമ്മിണി	സ്ത്രീ	കൊഴൂർ, കോട്ടക്കൽ, മലപ്പുറം	48	3	---
11.	അമ്മിണി	സ്ത്രീ	കിളിനിക്കടവ്, പഴയന്നൂർ, പാലക്കാട്	48	1	കുലത്തൊഴിൽ
12.	അമ്മിണി	സ്ത്രീ	കൊടകര, തൃശ്ശൂർ	45	നിരക്ഷരൻ	മറ്റുള്ളവ

13.	അമ്മു	സ്ത്രീ	വെസ്റ്റ് മാമ്പറ്റ, മുക്കം, കോഴിക്കോട്	55	നിരക്ഷരൻ	---
14.	അമ്മു	സ്ത്രീ	മങ്ങാട്, തൃശ്ശൂർ	50	നിരക്ഷരൻ	കുലത്തൊഴിൽ
15.	അമ്മു	സ്ത്രീ	ബത്തേരി, വയനാട്	46	നിരക്ഷരൻ	---
16.	അളഗിരി	പു	കല്ലൂർ, പാലക്കാട്	72	1	---
17.	അളഗിരി	പു	പെരുമ്പറമ്പ്, ഉഗ്രപുരം, മലപ്പുറം	61	5	കുലത്തൊഴിൽ
18.	അളഗിരി	പു	പെരുമ്പറമ്പ്, ഉഗ്രപുരം, മലപ്പുറം	58	1	കുലത്തൊഴിൽ
19.	ഉത്തൻ	പു	മങ്ങാട്, തൃശ്ശൂർ	82	2	കുലത്തൊഴിൽ
20.	ഉത്തൻ	പു	മങ്ങാട്, തൃശ്ശൂർ	62	നിരക്ഷരൻ	കുലത്തൊഴിൽ
21.	ഉത്തമൻ	പു	അരുവാക്കോട്, നിലമ്പൂർ	65	3	കുലത്തൊഴിൽ
22.	ഉണ്ണി	പു	മങ്ങാട്, തൃശ്ശൂർ	65	3	കുലത്തൊഴിൽ
23.	ഉണ്ണിക്കുട്ടൻ	പു	മങ്ങാട്, തൃശ്ശൂർ	25	7	മറ്റുള്ളവ
24.	ഉണ്ണികൃഷ്ണൻ	പു	ആലക്കണി, വയനാട്	29	കോളേജ്	കൂലിവേല
25.	ഉണ്ണികൃഷ്ണൻ	പു	മങ്ങാട്, തൃശ്ശൂർ	23	8	കൂലിവേല
26.	ഉണ്ണിമോൾ	സ്ത്രീ	ഷൊർണ്ണൂർ, പാലക്കാട്	18	7	--
27.	ഉമേഷ്	പു	കൊടകര, തൃശ്ശൂർ	19	10	കുലത്തൊഴിൽ
28.	ഉഷ	സ്ത്രീ	കൊടകര, തൃശ്ശൂർ	17	10	മറ്റുള്ളവ

29.	ഓമന	സ്ത്രീ	പാത്രമംഗലം, തൃശ്ശൂർ	22	8	--
30.	കണ്ണൻ	പു	ഷൊർണ്ണൂർ, പാലക്കാട്	19	10	--
31.	കണ്ണൻ	പു	കിളിനിക്കടവ്, പഴയന്നൂർ, പാലക്കാട്	25	7	കുലത്തൊ ഴിൽ
32.	കമലാക്ഷി	സ്ത്രീ	മങ്ങാട്, തൃശ്ശൂർ	61	--	--
33.	കമലാക്ഷി	സ്ത്രീ	മങ്ങാട്, തൃശ്ശൂർ	48	നിരക്ഷരൻ	--
34.	കമല	സ്ത്രീ	കല്ലൂർ, പാലക്കാട്	48	1	കുലത്തൊ ഴിൽ
35.	കമലു	സ്ത്രീ	പൊന്നാനി, മലപ്പുറം	65	നിരക്ഷരൻ	---
36.	കുഞ്ഞിമ്മു	സ്ത്രീ	പൊന്നാനി, മലപ്പുറം	45	4	---
37.	കുഞ്ഞൻ	പു	മുട്ടിൽ, വയനാട്	49	4	കുലത്തൊ ഴിൽ
38.	കുഞ്ഞുകുട്ടൻ	പു	മങ്ങാട്, തൃശ്ശൂർ	49	നിരക്ഷരൻ	കുലത്തൊ ഴിൽ
39.	കുഞ്ഞുകുട്ടൻ	പു	ഫറോക്ക്, കോഴിക്കോട്	30	6	മറ്റുള്ളവ
40.	കുഞ്ഞുലക്ഷ്മി	സ്ത്രീ	കല്ലോട്, പാലക്കാട്	31	നിരക്ഷരൻ	കുലത്തൊ ഴിൽ
41.	കുട്ടൻ	പു	കൊട്ടോട്ടി, മലപ്പുറം	57	കോളേജ്	സർക്കാർ ജോലി
42.	കുട്ടൻ	പു	മങ്ങാട്, തൃശ്ശൂർ	56	നിരക്ഷരൻ	കുലത്തൊ ഴിൽ
43.	കുട്ടൻ	പു	മങ്ങാട്, തൃശ്ശൂർ	54	നിരക്ഷരൻ	കുലത്തൊ ഴിൽ
44.	കുട്ടൻ	പു	മുട്ടിൽ, വയനാട്	37	3	കൂലിവേല
45.	കുട്ടൻ	പു	ചുഡുവല ത്തൂർ, ഷൊർണ്ണൂർ	34	5	കുലത്തൊ ഴിൽ

			പാലക്കാട്			
46.	കുട്ടൻ	പു	കൊഴൂർ, കോട്ടക്കൽ, മലപ്പുറം	27	7	മറ്റുള്ളവ
47.	കുട്ടൻ	പു	പൊന്നാനി, മലപ്പുറം	72	3	കുലത്തൊ ഴിൽ
48.	കുട്ടിമാളു	സ്ത്രീ	കൊഴൂർ, കോട്ടക്കൽ, മലപ്പുറം	37	3	---
49.	കൃഷ്ണൻ	പു	ബത്തേരി, വയനാട്	48	നിരക്ഷരൻ	--
50.	ഗിരീഷ്	പു	കൊാട്ടി, മലപ്പുറം	30	8	കൂലിവേല
51.	ഗോപൻ	പു	മുത്തിക്കോട് തൃശ്ശൂർ	54	2	കുലത്തൊ ഴിൽ
52.	ഗോവിന്ദൻ	പു	മൂരികുത്തി, പേരാമ്പ്ര, കോഴിക്കോട്	44	നിരക്ഷരൻ	കുലത്തൊ ഴിൽ
53.	ചാമി	പു	മങ്ങാട്, തൃശ്ശൂർ	80	--	കുലത്തൊ ഴിൽ
54.	ചാമി	പു	അരുവാക്കോട്, നിലമ്പൂർ	46	4	കുലത്തൊ ഴിൽ
55.	ചാമിക്കുട്ടി	പു	അരുവാക്കോട്, നിലമ്പൂർ, മലപ്പുറം	65	നിരക്ഷരൻ	കുലത്തൊ ഴിൽ
56.	ചിന്നൻ	പു	കിളിനിക്കടവ്, പഴയന്നൂർ, പാലക്കാട്	47	നിര	കുലത്തൊ ഴിൽ
57.	ചിന്നമ്മ	സ്ത്രീ	തെക്കേമലയിൽ ചോറോട്, വടകര	80	--	--
58.	ചിന്നമ്മ	സ്ത്രീ	പാത്രമംഗലം, തൃശ്ശൂർ	45	3	കുലത്തൊ ഴിൽ
59.	ചിന്നമ്മാളു	സ്ത്രീ	അരുവാക്കോട്, നിലമ്പൂർ	70	നിരക്ഷരൻ	--
60.	ചിന്നമ്മു	സ്ത്രീ	ഫറോക്ക്,	50	1	കുലത്തൊ

			ചുള്ളിപ്പറമ്പ് കോഴിക്കോട്			ഴിൽ
61.	ചിന്നമ്മു	സ്ത്രീ	മങ്ങാട്, തൃശ്ശൂർ	35	--	കുലത്തൊഴിൽ
62.	ചിന്നപ്പൻ	പു	ഉഗ്രുപുരം, മലപ്പുറം	55	6	കുലത്തൊഴിൽ
63.	ജിജി	സ്ത്രീ	വെസ്റ്റ് മാമ്പറ്റ, മുക്കം, കോഴിക്കോട്	22	+2	--
64.	ജിനി	സ്ത്രീ	വെസ്റ്റ് മാമ്പറ്റ, മുക്കം, കോഴിക്കോട്	20	+2	--
65.	ജ്യോതി	സ്ത്രീ	പെരുമ്പറമ്പ്, ഉഗ്രപുരം, മലപ്പുറം	22	7	--
66.	തങ്കമണി	സ്ത്രീ	മുത്തിക്കോട് തൃശ്ശൂർ	52	നിരക്ഷരൻ	കുലത്തൊഴിൽ
67.	തങ്കമ്മ	സ്ത്രീ	പുളിനെല്ലി, പാലക്കാട്	42	നിരക്ഷരൻ	കുലത്തൊഴിൽ
68.	തങ്കമ്മ	സ്ത്രീ	പുൽപ്പള്ളി, വയനാട്	65	--	---
69.	തങ്കക്കുട്ടൻ	പു	പാത്രമംഗലം, തൃശ്ശൂർ	56	5	കുലത്തൊഴിൽ
70.	തങ്കൻ	പു	മുത്തിക്കോട് തൃശ്ശൂർ	49	10	കുലത്തൊഴിൽ
71.	ദേവി	സ്ത്രീ	മുട്ടിൽ, വയനാട്	32	4	കുലത്തൊഴിൽ
72.	നീതു	സ്ത്രീ	പയ്യനാട് മലപ്പുറം	15	10	--
73.	ധന്യ	പു	ചുഡുവലത്തൂർ, ഷൊർണ്ണൂർ പാലക്കാട്	21	+2	മറ്റുള്ളവ
74.	നടരാജ്	പു	അരുവാക്കോട്, നിലമ്പൂർ, മലപ്പുറം	70	2	കുലത്തൊഴിൽ

75.	നല്ലൻ	പു	ഫറോക്ക്, ചുള്ളിപ്പറമ്പ് കോഴിക്കോട്	55	5	കുലത്തൊഴിൽ
76.	നല്ലവീരൻ	പു	ആളൂർ, തൃശ്ശൂർ	51	5	കുലത്തൊഴിൽ
77.	നാരായണി	സ്ത്രീ	മങ്ങാട്, തൃശ്ശൂർ	75	നിരക്ഷരൻ	--
78.	നാരായണൻ	പു	കൊഴൂർ, കോട്ടക്കൽ, മലപ്പുറം	35	4	കുലത്തൊഴിൽ
79.	നാരായണൻകുട്ടി	പു	വെസ്റ്റ് മാമ്പറ്റ, മുക്കം, കോഴിക്കോട്	43	3	കൂലിവേല
80.	നിത്യ	സ്ത്രീ	പെരുമ്പറമ്പ്, ഉഗ്രപുരം, മലപ്പുറം	19	9	--
81.	നിഷ	സ്ത്രീ	കണിയാൻകുന്ന്, ചോറോട്, വടകര	20	10	---
82.	നീതു	സ്ത്രീ	പയ്യനാട്, മലപ്പുറം	15	10	--
83.	പുഷ്പലത	സ്ത്രീ	പയ്യനാട്, മലപ്പുറം	33	കോളേജ്	സർക്കാർ ജോലി
84.	പെത്തൻ	പു	അരുവാക്കോട്, നിലമ്പൂർ, മലപ്പുറം	50	3	കുലത്തൊഴിൽ
85.	പൊന്നു	സ്ത്രീ	പെരുമ്പറമ്പ്, ഉഗ്രപുരം, മലപ്പുറം	42	2	കുലത്തൊഴിൽ
86.	പൊന്നു	സ്ത്രീ	മങ്ങാട്, തൃശ്ശൂർ	25	--	കൂലിവേല
87.	പ്രസന്ന	സ്ത്രീ	അരുവാക്കോട്, നിലമ്പൂർ, മലപ്പുറം	19	10	---
88.	പ്രസാദ്	പു	പാത്രമംഗലം, തൃശ്ശൂർ	28	9	കുലത്തൊഴിൽ

89.	ബാബു	പു	പൊന്നാനി, മലപ്പുറം	28	7	കുലത്തൊഴിൽ
90.	ബാബു	പു	മങ്ങാട്, തൃശ്ശൂർ	25	10	കുലത്തൊഴിൽ
91.	ബാലസുബ്രഹ്മണ്യൻ	പു	മലയച്ചംകൊല്ലി മേപ്പാടി, വയനാട്	30	9	മറ്റുള്ളവ
92.	ബിനു	സ്ത്രീ	പൊന്നാനി, മലപ്പുറം	23	10	മറ്റുള്ളവ
93.	ബിനു	പു	ആളൂർ, തൃശ്ശൂർ	22	കോളേജ്	മറ്റുള്ളവ
94.	ബിന്ദു	സ്ത്രീ	ഫറോക്ക്, കോഴിക്കോട്	30	9	--
95.	ബിന്ദു	സ്ത്രീ	കല്ലൂർ, പാലക്കാട്	20	7	മറ്റുള്ളവ
96.	ബിന്ദു	സ്ത്രീ	അരുവാക്കോട്, നിലമ്പൂർ	26	നിരക്ഷരൻ	കുലത്തൊഴിൽ
97.	ബേബി	സ്ത്രീ	വെസ്റ്റ് മാമ്പറ്റ, മുക്കം, കോഴിക്കോട്	40	7	---
98.	ബേബി	സ്ത്രീ	കൊഴൂർ, കോട്ടക്കൽ, മലപ്പുറം	30	4	കുലത്തൊഴിൽ
99.	ബേബി	സ്ത്രീ	കൊഠോട്ടി, മലപ്പുറം	24	10	---
100.	ഭായി	സ്ത്രീ	ആളൂർ, തൃശ്ശൂർ	24	+2	മറ്റുള്ളവ
101.	മണി	പു	പുൽപ്പള്ളി, വയനാട്	55	കോളേജ്	കുലത്തൊഴിൽ
102.	മണി	പു	കാട്ടിക്കുളം, ഇടയൂർകുന്ന്, വയനാട്	39	10	കൂലിവേല
103.	മണി	സ്ത്രീ	കണിയാൻകുന്ന്, ചോറോട്, വടകര	33	3	കുലത്തൊഴിൽ
10	മണി	സ്ത്രീ	മൊകേരി,	37	4	കുലത്തൊ

			കോഴിക്കോട്			ഴിൽ
105.	മണി	പു	വെസ്റ്റ് മാമ്പറ്റ, മുക്കം, കോഴിക്കോട്	41	5	കൂലിവേല
106.	മണി	പു	കല്ലോട്, പാലക്കാട്	56	നിരക്ഷരൻ	കുലത്തൊഴിൽ
107.	മണികണ്ഠൻ	പു	പുളിനെല്ലി, പാലക്കാട്	30	9	കുലത്തൊഴിൽ
108.	മനോജ്	പു	കിളിനിക്കടവ്, പഴയന്നൂർ, പാലക്കാട്	19	8	കുലത്തൊഴിൽ
109.	മനോജ്	പു	അരുവാക്കോട്, നിലമ്പൂർ, മലപ്പുറം	28	കോളേജ്	--
110.	മനു	പു	തെക്കേമലയിൽ ചോറോട്, വടകര	20	10	മറ്റുള്ളവ
111.	മാളു	സ്ത്രീ	വെസ്റ്റ് മാമ്പറ്റ, മുക്കം, കോഴിക്കോട്	46	നിരക്ഷരൻ	---
112.	മാളു	സ്ത്രീ	കൊഴൂർ, കോട്ടക്കൽ, മലപ്പുറം	39	4	മറ്റുള്ളവ
113.	മാളുകുട്ടി	സ്ത്രീ	കൊട്ടോട്ടി, മലപ്പുറം	53	10	--
114.	മിനി	സ്ത്രീ	വെസ്റ്റ് മാമ്പറ്റ, മുക്കം, കോഴിക്കോട്	19	10	മറ്റുള്ളവ
115.	മിനി	സ്ത്രീ	അരുവാക്കോട്, നിലമ്പൂർ, മലപ്പുറം	28	4	മറ്റുള്ളവ
116.	മിനി	സ്ത്രീ	അരുവാക്കോട്, നിലമ്പൂർ മലപ്പുറം	28	10	--
117.	മുത്താലു	പു	പുളിനെല്ലി, പാലക്കാട്	67	10	സർക്കാർ

118.	മുദ്രി	സ്ത്രീ	അരുവാക്കോട്, നിലമ്പൂർ, മലപ്പുറം	80	നിരക്ഷരൻ	--
119.	മുകേഷ്	പു	പാത്രമംഗലം, തൃശ്ശൂർ	18	+2	കുലത്തൊഴിൽ
120.	മോഹനൻ	പു	ചുങ്കത്തറ, നിലമ്പൂർ മലപ്പുറം	38	കോളേജ്	സർക്കാർ ജോലി
121.	യശോദ	സ്ത്രീ	പുളിനെല്ലി, പാലക്കാട്	22	6	കുലത്തൊഴിൽ
122.	രജിത	സ്ത്രീ	ചുഡുവല ത്തൂർ, ഷൊർണ്ണൂർ പാലക്കാട്	19	+2	---
123.	രമ	സ്ത്രീ	അരുവാക്കോട്, നിലമ്പൂർ, മലപ്പുറം	24	കോളേജ്	---
124.	രവികുമാർ	പു	അരുവാക്കോട്, നിലമ്പൂർ, മലപ്പുറം	32	7	മറ്റുള്ളവ
125.	രാധാകൃഷ്ണൻ	പു	കിളിനിക്കടവ്, പഴയന്നൂർ, പാലക്കാട്	25	7	കുലത്തൊഴിൽ
126.	രാമചന്ദ്രൻ	പു	പുളിനെല്ലി, പാലക്കാട്	37	5	കുലത്തൊഴിൽ
127.	രാമചന്ദ്രൻ	പു	മലയച്ചംകൊല്ലി മേപ്പാടി, വയനാട്	36	8	കുലത്തൊഴിൽ
128.	രാമൻ	പു	മൊകേരി, കോഴിക്കോട്	62	2	കുലത്തൊഴിൽ
129.	രാമൻ	പു	മങ്ങാട്, തൃശ്ശൂർ	48	നിരക്ഷരൻ	കുലത്തൊഴിൽ
130.	രാജൻ	പു	കൊടകര, തൃശ്ശൂർ	33	10	കുലത്തൊഴിൽ
131.	രാജൻ	പു	പാടൂക്കാട്, തൃശ്ശൂർ	53	കോളേജ്	മറ്റുള്ളവ
132.	രാജൻ	പു	മങ്ങാട്, തൃശ്ശൂർ	39	4	കുലത്തൊഴിൽ

133.	വിനീത	സ്ത്രീ	മങ്ങാട്, തൃശ്ശൂർ	22	7	--
134.	വിജയപ്രസാദ്	പു	കൊടകര, തൃശ്ശൂർ	26	കോളേജ്	മറ്റുള്ളവ
135.	വീരമ്മ	സ്ത്രീ	തെക്കേമലയിൽ ചോറോട്, കോഴിക്കോട്	52	നിരക്ഷരൻ	കുലത്തൊഴിൽ
136.	വേലായുധൻ	പു	കൊട്ടോട്ടി, മലപ്പുറം	65	നിരക്ഷരൻ	കുലത്തൊഴിൽ
137.	വേലായുധൻ	പു	മൊകേരി, കോഴിക്കോട്	38	3	കുലത്തൊഴിൽ
138.	ശാന്ത	സ്ത്രീ	പെരുമ്പറമ്പ്, ഉഗ്രപുരം, മലപ്പുറം	45	നിരക്ഷരൻ	കുലത്തൊഴിൽ
139.	ഷജിത	സ്ത്രീ	കൊട്ടോട്ടി, മലപ്പുറം	26	കോളേജ്	മറ്റുള്ളവ
140.	ഷീജ	സ്ത്രീ	തെക്കേമലയിൽ ചോറോട്, വടകര	34	4	മറ്റുള്ളവ
141.	ഷീജ	സ്ത്രീ	പെരുമ്പറമ്പ്, ഉഗ്രപുരം, മലപ്പുറം	24	8	--
142.	സന്തോഷ്	പു	മൊകേരി, കോഴിക്കോട്	20	10	കൂലിവേല
143.	സന്തോഷ്	പു	ഫറോക്ക്, കോഴിക്കോട്	34	7	കൂലിവേല
144.	സ്മിത	സ്ത്രീ	പാടൂക്കാട്, തൃശ്ശൂർ	21	+2	---
145.	സിന്ധു	സ്ത്രീ	അരുവാക്കോട്, നിലമ്പൂർ, മലപ്പുറം	30	9	--
146.	സുബ്രഹ്മണ്യൻ	പു	പുളിനെല്ലി, പാലക്കാട്	18	+2	--
147.	സുബ്രഹ്മണ്യൻ	പു	പുൽപ്പള്ളി, വയനാട്	35	കോളേജ്	കുലത്തൊഴിൽ

148.	സുധ	സ്ത്രീ	കൊയ്ലേരി, വയനാട്	40	4	കുലത്തൊഴിൽ
149.	സുരേഷ്	പു	മുത്തിക്കോട് തൃശ്ശൂർ	20	10	---
150.	സുരേഷ്	പു	മങ്ങാട്, തൃശ്ശൂർ	23	10	കുലത്തൊഴിൽ